ജനകീയ ആസൂത്രണ പദ്ധതി

# കടകംപള്ളി ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട്

1996





"ഒരുപിടി ആളുകൾക്ക് അധികാരം കൈയാളാൻ അവസരം ലഭിക്കുമ്പോഴല്ല, മറിച്ച് ആ അധികാരം തെറ്റായി ഉപയോഗിക്കുന്നതിനെ നേരിടാൻ ജനങ്ങൾ ശക്തി സംഭരിക്കുമ്പോഴാണ് യഥാർത്ഥ സ്വരാജ്യം കരഗതമാകുന്നത്."

*മഹാത്മാഗാന്ധിജി*

# മുൻപഞ്ചായത്തു പ്രസിഡന്റുമാർ



Late വേളി കൃഷ്ണൻനായർ
1953-1979



കെ. സുധാകരൻ
1979-1994

കടകംപള്ളി ഗ്രാമ പഞ്ചായത്ത്

# ഭൂപ്രകൃതി





# പഞ്ചായത്ത് ഭരണസമിതി



**പി.കെ. ഗോപകുമാർ**
വൈസ് പ്രസിഡന്റ്



**പി.എൽ. ജീവൻ**
പ്രസിഡന്റ്



**കരിയ്ക്കകം സുരേഷ്**
ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി

# മെമ്പർമാർ



**ബി. നിർമ്മലാമ്മ**



**വി. തുളസീധരൻ**



**എസ്. ഉഷാകുമാരി**



**കെ. സത്യവതി**



**ബി. മോഹനചന്ദ്രൻ**



**എം.വി. ശ്യാമള**



**എസ്. സുദർശനൻ**



**ഡി. സുധാകരൻ**

## ജില്ലാ ഡിവിഷൻ മെമ്പർ



**ബി. സത്യൻ**

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

## തിരുവനന്തപുരം റൂറൽ ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ



**കെ. ജയചന്ദ്രൻനായർ**



**എ. ചന്ദ്രിക**



**എസ്. രമേഷ്**

സെക്രട്ടറി

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 9 |
| പഞ്ചായത്ത് സമിതി | 11 |
| പഞ്ചായത്ത് പൊതുവിവരം | 12 |
| സാമൂഹിക സാംസ്കാരിക ചരിത്രം | 13 |
| ഭൂപ്രകൃതി, ജനപ്രകൃതി ജലവിഭവം | 25 |
| വികസന മേഖലകൾ | |
| 1. കൃഷിയും ജലസേചനവും | 20 |
| 2. മൃഗസംരക്ഷണം മത്സ്യബന്ധനം | 33 |
| 3. വിദ്യാഭ്യാസം | 39 |
| 4. ആരോഗ്യം പരിസര സുചിത്വം കുടിവെള്ളം | 46 |
| 5. വ്യവസായം | 51 |
| 6. ഗതാഗതവും ഊർജ്ജവും | 57 |
| 7. പാർപ്പിടം - സാമൂഹികക്ഷേമം | 63 |
| 8. സംസ്കാരം | 68 |
| 9. വനിത | 72 |
| 10. സഹകരണം | 76 |
| 11. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം | 79 |
| 12. വിഭവ സമാഹരണം | 84 |
| ഉപസംഹാരം | 88 |


❖❖❖

## കടകംപള്ളി ഗ്രാമപഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| ജൂനിയർ സൂപ്രണ്ട് | - | S. ശങ്കരലിംഗം ചെട്ടിയാർ |
| യു.ഡി. ക്ലാർക്ക് | - | 1. എൻ. വിജയകുമാർ |
| | | 2. കെ. വേണുഗോപാൽ |
| | | 3. കെ. നവനീതകുമാരി |
| എൽ.ഡി.ക്ലാർക്ക് | - | 1. സി.വി. മാഗ്ലിൻ |
| | | 2. ഡി. സൗദമ്മ |
| | | 3. ബി. ബാലഗോപാൽ |
| പ്യൂൺ | | 1. എസ്സ്. ബ്രിജിറ്റ് |
| | | 2. എം. സുലൈമാൻ |
| ലൈബ്രേറിയൻ | | 1. എസ് സുരേന്ദ്രൻ നായർ |
| പാർട്ട്ടൈം ജീവനക്കാർ | | 1. കെ.സി. സരോജം |
| | | 2. ജെ. റസീന |
| | | 3. ആർ അജന്തകുമാരി |

# ആമുഖം

സാമൂഹ്യ സാംസ്കാരിക മേഖലയിൽ പല ലോക മാതൃകകളും സൃഷ്ടിച്ചിട്ടുണ്ടെങ്കിലും ഇന്ന് നമ്മുടെ സംസ്ഥാനം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടിലേറെയായി നമ്മുടെ വികസനത്തിന്റെ അടിസ്ഥാനശിലകൾ ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം തുടങ്ങിയവയുൾക്കൊള്ളുന്ന സേവനമേഖലയുടെ വളർച്ചയും ഇതിന്റെ ഫലമായി ജീവിത നിലവാരത്തിലുണ്ടായ വമ്പിച്ച മുന്നേറ്റവുമായിരുന്നു. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി. മാതൃമരണനിരക്കും, ശിശുമരണ നിരക്കും, ഗണ്യമായി കുറഞ്ഞു. ആയുർദൈർഘ്യം വർദ്ധിച്ചു. സ്ക്കൂൾ വിദ്യാഭ്യാസം സാർവത്രികമായി. എന്നാൽ കൃഷിയിലും വ്യവസായത്തിലും തുടർന്നുവന്ന വളർച്ചാമുരടിപ്പു മൂലം തൊഴിലവസരങ്ങൾ വർദ്ധിച്ചില്ല. കാർഷികോല്പാദനം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. അടിസ്ഥാന വ്യവസായങ്ങൾ ഇല്ല. ഉള്ളവ തന്നെപലതും പൂട്ടിയിടപ്പെടുന്നു. സ്വകാര്യ വ്യവസായങ്ങളും പ്രതിസന്ധി നേരിടുന്നു. വൈദ്യുത പ്രതിസന്ധി കാര്യങ്ങൾ കൂടുതൽ വഷളാക്കി. തൊഴിൽ ചെയ്യാൻ കഴിവുള്ളവരിൽ നാലിലൊന്നും തൊഴിലില്ലാത്തവരാണ്. ഇതിൽ ഭൂരിഭാഗവും അഭ്യസ്തവിദ്യരും.

സേവന മേഖലയിലെ നിലവാരത്തകർച്ച ജനജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിലെ നേട്ടം പഴങ്കഥയായിരിക്കുന്നു. ചികിത്സ ചിലവ് ഉയർന്നു. പകർച്ച വ്യാധികൾ പലതും തിരിച്ചു വരുന്നു. സാംസ്കാരിക വൈകൃതങ്ങളുടെ കുറ്റമറ്റകൃത്യങ്ങളും സ്ത്രീപീഡനവും വർദ്ധിക്കുന്നു.

സാമ്പത്തിക രംഗത്ത് മൂലധന നിക്ഷേപം വർഷങ്ങളായി കുറഞ്ഞു വരികയാണ്. ഈ മേഖലയിൽ സംസ്ഥാന സർക്കാരിന് ഇടപെടാനുള്ള കഴിവു പരിമിതമാണ്. നികുതി സാധ്യതകളെ ഉപയോഗപ്പെടുത്തുന്നത് തടസ്സങ്ങൾ ഏറെയുണ്ട്. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കാൾ കൂടുതലാണ്. സാമ്പത്തിക രംഗത്തെ അപകടകരമായ ഈ സ്ഥിതി വിശേഷം പ്രകടമാവാത്തതിന് മുഖ്യകാരണം ഗൾഫുമലയാളികളിൽ നിന്നുള്ള വരുമാനമാണ്. പ്രതിവർഷം 3000 കോടി രൂപയുടെ വിദേശപണം ബാങ്കുകൾ വഴി വരുന്നുണ്ട്. അതിനെക്കാൾ പതിന്മടങ്ങ് കള്ളപ്പണം പല മാർഗ്ഗങ്ങളിലൂടെയും ഇവിടെ വരുന്നുണ്ട്. ഭൂവില, ഭൂമിയുടെ ഉപയോഗം ജലവിനിയോഗം, കെട്ടിട നിർമ്മാണം, പരിമിത വിഭവങ്ങളിലെ ഉപഭോഗം ഇവയൊന്നും ആസൂത്രിതമായോ ദൂരക്കാഴ്ചയോടെ നിർവഹിക്കാൻ കഴിയുന്നില്ല.

ഈ പ്രശ്നങ്ങളെ മറികടക്കാൻ അനുയോജ്യമായ വികസന നയം രൂപീകരിക്കുമ്പോൾ ഉല്പാദന വർദ്ധന, തുടർ നിലനിൽപ്പ്, സാമൂഹ്യ നീതിയുടെ ആസൂത്രണം വികേന്ദ്രീകരണം, ജനപങ്കാളിത്തം ഇവ ഉറപ്പാക്കേണ്ടതുണ്ട്. സന്നദ്ധ മനുഷ്യാധ്വാനവും പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമായ വിഭവവും പദ്ധതി വിഹിതവും കൂടിച്ചേർത്തുപയോഗിച്ച് വികസന പ്രക്രിയക്ക് ആക്കം കൂട്ടാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി ആസൂത്രണം ചെയ്യുവാൻ തുടക്കമിട്ടിരിക്കുന്നത്.

96 ജൂലൈ 14 ന് ചേർന്ന സംസ്ഥാന തല പ്ലാനിംഗ് ബോർഡാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത്. ഈ പദ്ധതിക്കു ഉപദേശ നിർദ്ദേശങ്ങൾ നൽകാനായി ശ്രീ. ഇ.എം.എസ്സ്. ചെയർമാനായി ഉന്നത മാർഗ്ഗ നിർദ്ദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് 17 ന് ഈ പരിപാടി ഉദ്ഘടാനം ചെയ്യപ്പെട്ടു. 96 സെപ്തംബർ 3 ന് ചേർന്ന പഞ്ചായത്തു കമ്മിറ്റി വികേന്ദ്രീകൃത ആസൂത്രണ പരിപാടികളിൽ സജീവമായി പങ്കെടുക്കാൻ തീരുമാനിച്ചു. പഞ്ചായത്തിൽ നിന്ന് 2 പേർ കീ റിസൊഴ്സ് പേഴ്സൻമാരായും 6 പേർ ജില്ലാ റിസോഴ്സ് പേഴ്സൻമാരായും ഉണ്ട്. KRP പരിശീലനത്തിനുശേഷം സെപ്തംബർ 8,9,10 തീയതികളിൽ IMG യിൽ വച്ച് ജില്ലാതല പരിശീലനം നടന്നു. 16-9-96 ന് പഞ്ചായത്തു തല ശില്പശാല നടന്നത്. 83പേർ ഇതിൽ പങ്കെടുത്തു. ദ്വതീയ വിവരശേഖരണത്തിനുള്ള പരിപാടി ശില്പശാലയിൽ ആവിഷ്കരിച്ചു.

പഞ്ചായത്തിലെ 11 വാർഡുകളിലും ഗ്രാമസ്ഭ സാമാന്യം ഭംഗിയായി നടന്നു. ആദ്യ ഗ്രാമ സഭ 21-9-96 ന് 2-ാം വാർഡിൽ നടന്നു, അവസാനം നടന്ന ഗ്രാമസഭ 13-10-96 ൽ 7-ാം വാർഡിലാണ് ശരാശരി 137 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഏറ്റവും കൂടുതൽ ജനങ്ങൾ പങ്കെടുത്തത് 8-ാം വാർഡിലാണ്. ശരാശരി 49 സ്ത്രീകൾ ഗ്രാമസഭയിൽ പങ്കെടുത്തു. ചർച്ചകൾ ഏറെ സജീവമായിരുന്നു. 5 മുതൽ 8 വരെ ഗ്രൂപ്പുകളായാണ് ചർച്ചകൾ നടന്നത്. ഗ്രൂപ്പുകളിൽ നിന്നും സ്ത്രീകളും പുരുഷന്മാരുമടങ്ങിയ കൺവീനർമാരെ സെമിനാറിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

രണ്ടാംഘട്ട ജില്ലാതല പരിശീലനം നവംബർ 5 മുതൽ 7 വരെ നടന്നു. പഞ്ചായത്ത് ശില്പശാല 12-11-96 ന് നടക്കുകയുണ്ടായി. 106 പേർ ശില്പശാലയിൽ പങ്കെടുത്തു. 15-11-96 ന് പഠനപര്യടനം നടത്തി. ചെന്നിലോട് മുതൽ കരിയ്ക്കകം വരെയായിരുന്നു യാത്ര.

1996 ഡിസംബർ 9-ാം തീയതിയാണ് വികസന സെമിനാർ നടക്കുന്നത്.

# പഞ്ചായത്തു സമിതി

1953 ജൂലൈ മാസം 6-ാം തീയതിയാണ് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു ഭരണസമിതി ആദ്യമായി രൂപകൊണ്ട് അധികാരമേറ്റെടുത്തത്. യശ:ശരീരനായ ശ്രീ വേളി കൃഷ്ണൻനായരുടെ നേതൃത്വത്തിലുള്ളതായിരുന്നു ആ ഭരണസമിതി. ആരംഭകാലത്ത് പഞ്ചായത്തിന്റെ സ്ഥിതി വളരെ ദയനീയമായിരുന്നു. ആനയറ ജംഗ്ഷനിൽ പൊളിഞ്ഞ വാതിലോടു കൂടിയ ഒരു കൊച്ചു വാടക മുറിയായിരുന്നു ആദ്യത്തെ പഞ്ചായത്താഫീസ്. അന്ന് പഞ്ചായത്ത് പ്രദേശം ഒരു കുഗ്രാമം തന്നെയായിരുന്നു. അഞ്ചു ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടായിരുന്ന പഞ്ചായത്തിൽ വൈദ്യുതി, പൈപ്പ് വെള്ളം, ബസ് സർവീസ്, അതിന് പറ്റിയ റോഡുകൾ എന്നിവയൊന്നുമുണ്ടായിരുന്നില്ല.

പഞ്ചായത്തു സമിതിയുടെ ആവിർഭാവത്തോടെ എല്ലാ രംഗത്തും മാറ്റങ്ങൾ വന്നു തുടങ്ങി. ജനങ്ങളുടെ പങ്കാളിത്തം വേണ്ടത്ര ലഭിച്ചിരുന്നു. 1963 ൽ വേളി കൃഷ്ണൻ നായരുടെ തന്നെ നേതൃത്വത്തിലുള്ള രണ്ടാമത്തെ കമ്മറ്റി രൂപീകൃതമായി. 1979 ലും 1987 ലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തു സമിതികൾ ശ്രീ. കെ. സുധാരന്റെ നേതൃത്വത്തിലുള്ളവയായിരുന്നു. 1996 ലെ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്നത് ശ്രീ. ജീവന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ്.

പഞ്ചായത്തു പ്രദേശത്ത് ഇന്ന് കാണുന്ന റോഡുകൾ പഞ്ചായത്തു സമിതി രൂപീകൃതമായ ശേഷം പുതുതായി നിർമ്മിച്ചവയോ വീതി കൂട്ടി നന്നാക്കിയെടുത്തവയോ ആണ്. അതുപൊലെ തന്നെയാണ് വൈദ്യുതി വിളക്കുകളുടെ കാര്യവും. ശുദ്ധജലവിതരണവും ഏറെക്കുറെ എല്ലാ ഭാഗത്തും ഉണ്ടായിട്ടുണ്ട്. ഇതൊന്നും പൂർണ്ണമാണെന്ന് പറഞ്ഞുകൂടാ. ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. നിരന്തരമായി നടന്ന വികസന പ്രവർത്തനങ്ങളിലൂടെയാണ് ഈ പഞ്ചായത്ത് പട്ടണത്തിന്റെ പരിവേഷത്തിൽ ഇന്നെത്തി നിൽക്കുന്നത്.

ആനയറ ജംഗ്ഷനിൽ വില്ലേജ് ആഫീസിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സ്, കേന്ദ്ര ഗ്രന്ഥശാല, കരിക്കകം റിക്രിയേഷൻ സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ (വേളി കൃഷ്ണൻ നായർ സ്മാരക ആശുപത്രി), പഞ്ചായത്താഫീസ് മന്ദിരം എന്നിവ എടുത്തുപറയത്തക്ക പഞ്ചായത്തു വക സ്ഥാപനങ്ങളാണ്.

സൗത്ത് ഇന്ത്യൻ ബാങ്ക്, കടകംപള്ളി സർവ്വീസ് സഹകരണ ബാങ്ക്, കടകം പള്ളി കയർ വ്യവസായ സഹകരണസംഘം കടകംപള്ളി വില്ലേജാഫീസ് കൃഷിഭവൻ , മൃഗാശുപത്രി, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേഫാക്ടറി വെൽഫയർ സെന്റർ ഖാദി ബോർഡിന്റെ കീഴിലുള്ള സ്പിന്നിംഗ് യൂണിറ്റ്, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ശ്രീ നാരായണ വനിതാ സാംസ്കാരിക സമിതി, അംഗൻവാടി മന്ദിരങ്ങൾ, മൃഗസംരക്ഷണ ഉപകേന്ദ്രങ്ങൾ എന്നിവയാണ് ഈ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ചില പ്രധാന സ്ഥാപനങ്ങൾ. സതേൺ എയർ കമാന്റിന്റെ ആഫീസ് സമുച്ചയങ്ങളുടെ ഒരു ഭാഗം പഞ്ചായത്തു പ്രദേശത്താണ്.

പഞ്ചായത്തിന്റെ സമയോചിതവും നിശ്ചയദാർഢ്യതേ:താടെയുമുള്ള ഇടപെടലിന്റെയും പ്രവർത്തനത്തിന്റേയും ഫലമായിട്ടാണ് ഈ പഞ്ചായത്തിന്റെ മുഖഛായക്ക് വലിയൊരു മാറ്റം വരുത്താനുതകുന്ന അഗ്രികൾച്ചറൽ വേൾഡ് മാർക്കറ്റിംഗ് ഇവിടെ സ്ഥാപിതമാകുന്നത്. സ്ഥലം എം.എൽ.എ. ശ്രീ എം. വിജയകുമാറിന്റെയും മുൻ കൃഷി ഡയറക്ടറും അന്നത്തെ കൃഷിവകുപ്പ് അഡിഷണൽ സെക്രട്ടറിയുമായിരുന്ന ശ്രീ. പി. സുശീലന്റെയും തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയായിരുന്ന ശ്രീ. പി.ഗോപിയുടെയും വെട്ടൂർ പി.രാജന്റെയും ഒത്താശകളും കൃഷിമന്ത്രിയായിരുന്ന ശ്രീ. വി.വി. രാഘവന്റെയും സന്മനോഭാവവും ഇല്ലായിരുന്നില്ലെങ്കിൽ ഒരു പക്ഷേ പഞ്ചായത്തിന്റെ ശ്രമം വൃഥാവിലാകുമായിരുന്നു. 1994 ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ ഈ കോംപ്ലക്സിന്റെ തറക്കല്ലിട്ടു. അതിന്റെ പണി പുരോഗമിച്ചു വരുന്നു.

# പഞ്ചായത്ത് - പൊതു വിവരം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | കടകംപള്ളി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | കടകംപള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | - | തിരുവനന്തപുരം റൂറൽ ബ്ലോക്ക് |
| താലൂക്ക് | - | തിരുവനന്തപുരം |
| ജില്ല | - | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | - | തിരുവനന്തപുരം നോർത്ത് |
| പാർലമെ മണ്ഡലം | - | തിരുവനന്തപുരം |
| വിസ്തീർണ്ണം | - | 8.14 ച.കി.മീ |

അതിരുകൾ : വടക്ക് ആറ്റിപ്ര പഞ്ചായത്ത്

കിഴക്ക് - തിരുവനന്തപുരം കോർപ്പറേഷ
നിലെ മെഡിക്കൽകോളേജ്, കണ്ണമ്മൂല, വാർഡുകൾ

തെക്ക് . - തിരുവനന്തപുരം കോർപ്പറേ
ഷനിലെ പേട്ട ചാക്ക വാർഡുകൾ

പടിഞ്ഞാറ് - തിരുവനന്തപുരം കോർപ്പറേഷ
നിലെ ചാക്ക, വെട്ടുകാട് വാർ ഡുകൾ

| | |
|---|---|
| ജനസംഖ്യ (1991 ലെ സെൻസസ് കണക്കുപ്രകാരം) | : 24,541 |
| പുരുഷന്മാർ | : 12, 025 |
| സ്ത്രീകൾ | : 12516 |
| സാക്ഷരർ | : 20215 |
| വാർഡുകൾ | : 11 |
| പ്രസിഡന്റ് | : ശ്രീ പി.എൽ.ജീവൻ |

വൈസ് പ്രസിഡന്റ് : ശ്രീ. പികെ. ഗോപകുമാർ

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ : ശ്രീ കരിക്കകം സുരേഷ്

# സാമൂഹ്യ സാംസ്കാരിക ചരിത്രം

തിരുവനന്തപുരം പട്ടണത്തോട് ചേർന്നു കിടക്കുന്ന ഒരു ചെറിയ പഞ്ചായത്താണ് കടകംപള്ളി . പട്ടണത്തിന്റെ കെട്ടും മട്ടുമുണ്ട്. അപരിചിതർ ഇതിനെ പട്ടണമായേ കാണൂ. ആരംഭത്തിൽ കടകംപള്ളി പഞ്ചായത്തിന്റേയും കടകംപള്ളി വില്ലേജിന്റേയും അതിർ വരമ്പുൾ ഒന്നുതന്നെയായിരുന്നു. പ്രകൃതി തന്നെ കടലും കായലുകളും കുന്നുകളും കൊണ്ട് അതിരുകൾ നിശ്ചയിച്ചിരുന്നു. മനോഹരമായ കേരളത്തിന്റെ ഒരു കൊച്ചു പകർപ്പ്. എന്നാൽ പിൽക്കാലത്ത്, 1961-ൽ വേളി,. വെട്ടുകാട്, പള്ളിമുക്കിനും കടകംപള്ളി മുടുക്കിനും ഇടയിലുള്ള ഭാഗങ്ങൾ , ഭഗത് സിംഗ് ലെയിനും അതിന് വടക്കായി സിറ്റിയുടെ ഭാഗമായിക്കഴിഞ്ഞിട്ടുള്ള ഭാഗങ്ങൾ ഇവയെല്ലാം ഈ പഞ്ചായത്തിൽ നിന്ന് വിഛേദിച്ച് തിരുവനന്തപുരം സിറ്റിയോട് ചേർത്തു.

പുരാതനമായ ചരിത്ര പശ്ചാത്തലമുണ്ട് ഈ ഗ്രാമത്തിന്. കടകംപള്ളിയെന്ന പേരിൽ തന്നെയുണ്ട് ഇതിഹാസ പ്രൗഢിയുടെ സന്നിവേശം. പണ്ടുകാലത്ത് കേരളതതിന്റെ വീരപുത്രന്മാർ വിവിധ കരകളിൽ വച്ച് കടകം, ഓതിരം തുടങ്ങിയ കായിക ആയുധ അഭ്യാസങ്ങൾ പഠിപ്പിച്ചിരുന്നു. അക്കൂട്ടത്തിൽ ഇവിടെയും കടകം പഠിപ്പിച്ചിരുന്ന ഒരു പള്ളി (പള്ളിക്കൂടം) സ്ഥാപിതമായിരുന്നു. അങ്ങനെയാണ് കടകംപള്ളി എന്ന പേര് ഈ പ്രദേശത്തിനുണ്ടായത്.

ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾക്കും ഇതുപോലുള്ള ചരിത്ര പശ്ചാത്തലമുണ്ട്. തൊട്ടുചേർന്നുള്ള പുലയനാർകോട്ടയോട് ബന്ധപ്പെട്ടവയാണ് അധികവും. " പൊഴിചൂഴും" എന്ന ഒരു കൊച്ചു രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു പുലയനാർ കോട്ട. ദേശീംഗനാടിന്റെ ആക്രമണം ഭയന്ന് ആ തലസ്ഥാനത്തിന് ചുറ്റും കിടങ്ങുകൾ തീർത്തിരുന്നു : ഒരു വാതിൽമാത്രം അവശേഷിപ്പിച്ചുകൊണ്ട് . അതാണ് ഈ പഞ്ചായത്തിന്റെ വടക്കു ഭാഗത്തുള്ള ഒരു വാതിൽക്കോട്ട. അവരുടെ ആനക്കൊട്ടിലിരുന്ന സ്ഥലമാണ് ആനയറ. കുറ്റവാളികളെ തൂക്കിലിടുന്ന കഴുകുമരം നാട്ടിയിരുന്ന സ്ഥലം കഴുകിൻമൂട്- എന്നിങ്ങനെ പോകുന്നു സ്ഥലനാമങ്ങൾ. പിന്നെ ദളവാക്കുന്നുണ്ട്. വേലുത്തമ്പി ദളവായുടെ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ച സ്ഥലമാണ് അതെന്നാണ് കേട്ടുകേഴ്വി. കൊല്ലപ്പെരു വഴി എന്ന സ്ഥലത്തിന് മറ്റൊരു കേട്ടുകേഴ്വിയുണ്ട്. എട്ടു വീടന്മാരിൽ കഴക്കൂട്ടത്തുപിള്ള കൊല്ലപ്പെട്ടത് ഈ പെരുവഴിയിൽ വച്ചത്രേ. കൊല്ലൻപെരുവഴി കൊല്ലപ്പെരുവഴിയായി. കരിനിലങ്ങൾ നികത്തപ്പെട്ട സ്ഥലം കരിക്കകം ആയി.

സ്വാതന്ത്ര്യ സമരവുമായി തികഞ്ഞ ബന്ധമുള്ളവരുടെ എണ്ണം കടകംപള്ളിയിൽ പരിമിതമാണ്. സമരസേനാനി എന്നുപറയാൻ ശ്രീ. ഉള്ളൂർ ഗോപി മാത്രം. പിന്നെ സമര സേനാനികൾക്ക് ഒളിവ് സങ്കേതങ്ങൾ നൽകിയത് യശ:ശരീരനായ ശ്രീ. വേളി കൃഷ്ണൻനായരും. പേട്ട വെടിവെയ്പിൽ ഒരു കാല് നഷ്ടപ്പെട്ട ശ്രീ. സ്വർണ്ണപ്പൻ ഇപ്പോൾ അവശനായി മറ്റൊരിടത്തു വസിക്കുന്നു. പേട്ട വെടിവെയ്പ് രംഗത്ത് പ്രത്യക്ഷപ്പെട്ട സാഹസിക രംഗങ്ങൾ സൃഷ്ടിച്ച ശ്രീ. നരേന്ദ്രപണിക്കർ അന്ന് കടകംപള്ളിയിൽ താമസക്കാരനായിരുന്നില്ല. സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമഘട്ടത്തിൽ സർ. സി.പി. രാമസ്വാമി അയ്യരുടെ സ്വതന്ത്ര തിരുവിതാംകൂർ വാദത്തിന് അനുകൂലിച്ച പ്രമേയം പാസ്സാക്കാൻ കൂടിയ യോഗ സ്ഥലത്ത് പേട്ടയിൽ നിന്ന് ശ്രീ. സദാനന്ദ ശാസ്ത്രിയുടേയും ആനയറ- ഒരുവാതിൽ കോട്ട ഭാഗത്തു നിന്ന് ശ്രീ. കെ. സുധാകരന്റെയും (മുൻപഞ്ചായത്തു പ്രസിഡന്റ്) നേതൃത്വത്തിൽ പ്രതിഷേധ പ്രകടനവുമായി വന്ന യുവാക്കൾ ആ യോഗം സംഘാടകരെ തുരത്തി വിട്ട സംഭവം ശ്രദ്ധേയമാണ്. അതുപോലെ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് ഹിന്ദി പ്രചാരണ പ്രവർത്തന

ങ്ങൾ ഗ്രാമോദ്ധാരണ സംഘത്തിന്റെ ആഭിമുഖ്യ ത്തിൽ നടന്നിരുന്നു.

സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമ കാലഘ ട്ടങ്ങളിലുണ്ടായിരുന്ന താരതമ്യേന മെച്ചപ്പെട്ട സാംസ്കാരിക പ്രവർത്തനമാണ് കടകംപള്ളി യുടെ രാഷ്ട്രീയ പ്രബുദ്ധതയ്ക്ക് നിദാനം. കടകം പള്ളി ഗ്രാമോദ്ധാരണ സംഘം, കടകം പള്ളി അത് ലാറ്റിക് അസോസിയേഷൻ, കടകംപള്ളി വിദ്യാ ർത്ഥി സംഘടന, ദേശസേവാ സമിതി, യുവജന സമാജം, കൈരളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, ഗ്രാമോദ്ധാരണ വായനശാല, ദേശവർ ദ്ധിനി ഗ്രന്ഥശാല, ശ്രീനാരായണ സ്പോർട്സ് ആന്റ് ആർട്സ് ക്ലബ് , ജിംനേഷ്യങ്ങൾ എന്നീ ബഹുജന സംഘടനകളും സ്ഥാപനങ്ങളും സ്ഥലത്ത് സാംസ്കാരികവും കായികവുമായ വിലപ്പെട്ട പ്രവർത്തനങ്ങൾ നടത്തിപ്പോന്നിരുന്ന വയാണ്. പിൽക്കാലത്ത് ഇടതുപക്ഷ ചിന്താഗതി വളർന്നു വരുന്നതിന് ഈ പ്രവർത്തനങ്ങളാണ് കാരണമായത്.

സാമുദായിക മൈത്രി ഊട്ടി ഉറപ്പിക്കുന്ന കാര്യത്തിൽ സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം ഫലവത്തായിരുന്നു. നാടാകെ സാമുദായിക വിദ്വേഷം പരത്തിക്കൊണ്ട് കുതിച്ചു വന്ന ഹിന്ദുമണ്ഡലത്തിന്റെ യാഗാശ്വത്തെ ആദ്യ മായി തളച്ചത് കടകംപള്ളിയിലെ യുവജനങ്ങളാ യിരുന്നു. ഇവിടെ പ്രവർത്തനം സംഘടിപ്പിക്കാൻ വന്ന ഹിന്ദുമണ്ഡലത്തിന്റെ നേതാക്കൾക്ക് തെറ്റ് ഏറ്റുപറഞ്ഞ് മടങ്ങേണ്ടിവന്നു. വർഗ്ഗീയ കലാപ ത്തിന്റെ അലകൾ ഒരിക്കൽപോലും കടകംപള്ളി യിലെത്തിയില്ല.

പള്ളിയമ്മൻ ക്ഷേത്രം, മുല്ലൂർക്ഷേത്രം, വലിയ ഉദേശ്വരം ക്ഷേത്രം, കിഴക്കതിൽ ക്ഷേത്രം, വെൺപാലവട്ടം ക്ഷേത്രം. ഒരു വാതിൽകോട്ട ഭഗവതി ക്ഷേത്രം, കരിക്കകം ചാമുണ്ഡിക്ഷേത്രം, പണിക്കക്കുടി ക്ഷേത്രം, അറപ്പുര വിളാകം (ഇല ങ്കം) ക്ഷേത്രം, കാവിൻകുളങ്ങര ക്ഷേത്രം എന്നിവ ഈ പഞ്ചായത്തതിർത്തിയിൽപ്പെട്ട ചില പ്രധാന ക്ഷേത്രങ്ങളാണ്. നാടിന്റെ സാംസ്കാരികത്തനി മയിൽ ഈ ക്ഷേത്രങ്ങൾക്കും പങ്കുണ്ട്.

# ഭൂപ്രകൃതി ജനപ്രകൃതി ജലവിഭവം

**ഭൂപ്രകൃതി**

(അവലംബം : വിഭവഭൂപടങ്ങൾ, റവന്യൂരേഖകൾ, പഠനപര്യടനം)

അക്ഷാംശം $8^0$29'നും $8^0$ 32' N നും രേഖാംശം 760 53' നും 760 57' E ഉം ഇടയിൽ തിരുവനന്തപുരം ജില്ലയുടെ മദ്ധ്യഭാഗത്ത് പടിഞ്ഞാറായിട്ടാണ് കടകംപള്ളി പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പൊതുവായി കിഴക്കുനിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞാണ് പഞ്ചായത്തിന്റെ കിടപ്പ്. മൂന്നുവശവും തിരുവനന്തപുരം നഗരത്തിന്റെ ഭാഗങ്ങളും വടക്കുവശം ആക്കുളം കായലും ആയുള്ള പഞ്ചായത്തിന്റെ വിസ്തീർണ്ണം 8.14 ചതുരശ്രീ കിലോമീറ്റർ ആണ്.

ഭൂപ്രകൃതി അനുസരിച്ച് കടകംപള്ളി പഞ്ചായത്തു പ്രദേശങ്ങളെ അഞ്ചു പ്രധാന മേഖലകളായി തിരിക്കാം

1 ഉയർന്ന സമതലം
2. ചരിവു പ്രദേശങ്ങൾ
3. താഴ്വരകൾ
4. സമതലപ്രദേശങ്ങൾ
5. ചതിപ്പു നിലങ്ങൾ

ഇവയിലോരോന്നിന്റേയും ഏകദേശ വിസ്തീർണ്ണശതമാനം പട്ടിക 1 ൽ കൊടുക്കുന്നു.

| ക്രമ നമ്പർ | തരം | ശതമാനം |
|---|---|---|
| 1. | ഉയർന്ന സമതലം | 8 |
| 2. | ചരിവുകൾ | 5 |
| 3. | താഴ്വരകൾ | 5 |
| 4. | സമതലപ്രദേശങ്ങൾ | 75 |
| 5. | ചതുപ്പുനിലങ്ങൾ | 7 |
| | ആകെ | 100 |

**1. ഉയർന്ന സമതലം**

പഞ്ചായത്തിലെ 6,9,10,11 എന്നീവാർഡുകളിൽ ഉൾപ്പെടുന്ന ഈ റോഡ്കുന്ന്, ചെന്നിലോട് കുന്ന്, ചെട്ടിക്കുന്ന് എന്നീ പ്രദേശങ്ങളാണ് ഈ വിഭാഗത്തിൽ വരുന്നത് . ഉയർന്ന സമതലം ലാറ്ററൈറ്റ് പ്രദേശമാണ്. തെങ്ങ്, വാഴ, മാവ് പ്ലാവ് മുതലായവ കൃഷി ചെയ്യുന്നു. ചെറിയതോതിലുള്ള മണ്ണൊലിപ്പ് പ്രശ്നമുണ്ട്. ഈ പ്രദേശങ്ങൾ തിരുവനന്തപുരം നഗരത്തോട് ചേർന്നു കിടക്കുന്നതിനാൽ ധാരാളം വീടുകളും, ജനവാസവും ഉണ്ട്.

**2. ചരിവു പ്രദേശങ്ങൾ**

ഉയർന്ന സമതലത്തെ താഴ്വരകളുമായി ബന്ധിപ്പിക്കുന്നതാണ് ചരിവുപ്രദേശങ്ങൾ. ചരിവുകൾ രണ്ടുതരത്തിലുണ്ട്. ചെറിയ ചരിവുകളും കുത്തനെയുള്ള ചരിവുകളും. ചരൽ കലർന്ന പശമണ്ണാണ് ഈ പ്രദേശത്തുള്ളത്. മരച്ചീനി, മലക്കറി തുടങ്ങിയ കൃഷികൾക്ക് അനുയോജ്യമാണ് ഈ മണ്ണ്. തെങ്ങ് കൂടാതെ മാവ്, പ്ലാവ്, കമുക് എന്നിവയും ഇവിടെ കൃഷി ചെയ്യുന്നു. കൃഷി ചെയ്യാത്ത ഭൂമി ഈ പ്രദേശത്ത് ഇല്ല എന്നു തന്നെ പറയാം. ധാരാളം വീടുകളും ജനവാസവും ഉണ്ട്.

**3. താഴ്വര**

ചരിവുപ്രദേശങ്ങളോടു ചേർന്ന് സമതലപ്രദേശങ്ങളോട് അടുത്തുകിടക്കുന്ന ഭാഗമാണ് താഴ്വര. പഞ്ചായത്തിലെ താഴ്വര പ്രദേശങ്ങൾ 1980 വരെ പ്രധാനമായും ആനയറ ഏലാ എന്ന പ്രസിദ്ധമായ നെൽപ്പാടങ്ങളായിരുന്നു. നെൽപ്പാടങ്ങൾ മുഴുവനും നികത്തി കെട്ടിടനിർമ്മാണവും മറ്റു കൃഷികളും നടത്തുകയാണ് ഇപ്പോൾ. തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകി വരുന്ന ആമയിഴഞ്ചാൻ തോട് ഒഴുകുന്നത് ഈ ഭാഗത്തു കൂടിയാണ്. ഉയർന്ന പ്രദേശങ്ങളിൽ നിന്നും

ഒഴുകി വരുന്ന ജലവും ഈ തോട്ടിലേക്കാണ് പ്രവഹിക്കുന്നത്. വർഷം തോറും മഴ മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ ഒഴുകി വരുന്ന എക്കൽ അടിയുന്നതാണ് ഈ പ്രദേശത്തെ പഞ്ചായത്തിലെ ഏറ്റവും ഫലഭൂയിഷ്ഠമായ ഭാഗമാക്കി മാറ്റുന്നത്.

**4. സമതല പ്രദേശങ്ങൾ**

പഞ്ചായത്തിന്റെ വിസ്തൃതി 75 ശതമാനം വരുന്ന സമതലപ്രദേശങ്ങളിലാണ് 6-ാം വാർഡിലെ കുന്നിൻ പ്രദേശം ഒഴികെ 1 മുതൽ 8 വരെയുള്ള വാർഡുകളും . മണൽ മണ്ണാണ് ഈ പ്രദേശങ്ങളിൽ പൊതുവേ കാണുന്നത്. ആളുകൾ കൂടുതലും തിങ്ങിപ്പാർക്കുന്നത് ഈ ഭാഗങ്ങളിലാണ്. മിക്ക വീടുകളിലും കിണറുണ്ട്. എന്നാൽ ചതുപ്പു പ്രദേശത്തേയ്ക്കും വയൽ നികത്തി വീടുവച്ച പ്രദേശത്തേയും കിണറുകളിൽ നിന്നും ലഭിക്കുന്ന ജലം ശുദ്ധമല്ല. നിർവാർച്ച കൂടുതലുള്ള പ്രദേശമുണ്ട്. തെങ്ങു തന്നെ പ്രധാന കൃഷി. വാഴ, മാവ്, പ്ലാവ് മുതലായവയും കൃഷി ചെയ്യുന്നുണ്ട്. കരിക്കകം പ്രദേശമായ 1,2,3 എന്നീ വാർഡുകളിൽ മുൻകാലത്ത് നെൽകൃഷി നടത്തിയിരുന്നു. ആ ഭാഗങ്ങളും ഇപ്പോൾ നികത്തിക്കഴിഞ്ഞു. 1 മുതൽ 5 വരെ വാർഡുകളുടെ അതിർത്തിയിൽ കൂടിയാണ് പാർവതീപുത്തനാർ (TS കനാൽ) ഒഴുകുന്നത്. ജലമലിനീകരണത്തിന്റെ മൂർത്തീഭാവമാണ് പാർവതീപുത്തനാർ. ട്രാവൻകൂർ ടൈറ്റാനിയം, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ എന്നീ ഫാക്ടറികളിൽ നിന്നുമുള്ള പുകയിൽ നിന്നുമുള്ള പരിസര മലിനീകരണവും ഈ പ്രദേശങ്ങളിലെ ഒരു പ്രശ്നമാണ്. തിരുവനന്തപുരം-കൊല്ലം റെയിൽപ്പാത പഞ്ചായത്തിന്റെ 1,2,3 എന്നീ വാർഡുകളിൽക്കൂടി കടന്നുപോകുന്നു.

**5. ചതുപ്പുനിലങ്ങൾ**

ആമയിഴഞ്ചാൻ തോടിന്റെ ഇരുകരകളോടും ചേർന്നു കിടക്കുന്ന ഭാഗങ്ങളും പാർവതീ പുത്തനാറിന്റെ കിഴക്കുവശം നാലും അഞ്ചും വാർഡുകളുടെ ഭാഗങ്ങളും ചേർന്നതാണ്. ഈ ഭൂപ്രദേശം. ഇവിടെയും ഇപ്പോൾ മണ്ണിട്ടു നികത്തുകയും വാസയോഗ്യവും കൃഷിക്ക് ഉപയുക്തമാക്കുകയും ചെയ്യുന്നുണ്ട്.

നാഷണൽ ഹൈവേ ബൈപാസ് റോഡ് പണി പൂർത്തിയാകുന്ന തോടെ നാലും അഞ്ചും വാർഡിലുള്ള ചതുപ്പുനിലങ്ങളുടെ അവസ്ഥ പൂർണ്ണമായും മാറുമെന്നാണ് പ്രതീക്ഷ. മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നതിനാലാണ് ആമയിഴഞ്ചാൻ തോടിന്റെ കരകളിൽ ചതുപ്പുനിലങ്ങൾ ഉണ്ടാകുന്നത്. തോടിന്റെ കരയിലുള്ള ബണ്ടുകൾ ബലവത്താക്കുകയും ഉയരം കൂട്ടുകയും ചെയ്ത് ഈ പ്രദേശങ്ങളിൽ കാർഷിക സൗകര്യങ്ങൾ കൂട്ടാവുന്നതാണ്.

**ജലലഭ്യത**

സാധാരണ ഗതിയിൽ ആവശ്യത്തിനു മഴ ഈ പഞ്ചായത്തില ലഭിക്കുന്നതിനാൽ വരൾച്ച അനുഭവപ്പെടാറില്ല. എന്നാൽ ശുദ്ധജലം ദുർലഭമായതിനാൽ കുടിവെള്ളത്തിന്റെ പ്രശ്നമുണ്ട്. പഞ്ചായത്തിൽ ഏഴ് കുളങ്ങളും 17 പൊതു കിണറുകളും, ആമയിഴഞ്ചാൻ തോട്, പാർവതീപുത്തനാർ എന്നീ തോടുകളുമണ്ട്. എന്നാൽ അധികം മലീമസമായതിനാൽ രണ്ടു തോട്ടിലേയും ജലം കൃഷിക്കുപോലും ഉപയോഗിക്കുവാൻ സാധിക്കുന്നില്ല. 3-ാം വാർഡിൽ ഭൂഗർഭജലം ടാങ്കിൽ ശേഖരിച്ച് പൈപ്പു മുഖേന 1മുതൽ 5 വരെയുള്ള വാർഡുകളിൽ കുറേ ഭാഗത്ത് വിതരണം നടത്തുന്നുണ്ട്.

**കാലാവസ്ഥ**

(അവലംബം : തിരുവനന്തപുരം കാലാവസ്ഥാ നിരീക്ഷണകേന്ദ്രം)

കടകംപള്ളി പഞ്ചായത്ത് കടൽത്തീര സാമീപ്യമുള്ള പ്രദേശമായതിനാൽ പൊതുവേ സമശീതോഷ്ണകാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വാർഷിക അന്തരീക്ഷ താപനില ശരാശരി ഏറ്റവും കൂടുതൽ $31.5^0$ സെൽഷ്യസും കുറവ് $23.6^0$ സെൽഷ്യസും ആണ്. 1986 മുതൽ 1995 വരെയുള്ള കണക്കുകൾ അനുസരിച്ച് ശരാ

ശരി 1745.51 മില്ലീമീറ്റർ മഴ ലഭിച്ചിട്ടുണ്ട്. ഇടവപ്പാതിയും തുലാവർഷവും ക്രമമായിത്തന്നെ ലഭിക്കുന്നു. മേയ്, ജൂൺ, ജൂലായ് മാസങ്ങളിലുള്ള ഇടവപ്പാതിയിലാണ് കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലാണ്. ഇട മഴകളും ലഭിക്കുന്നുണ്ട്. ഡിസംബർ , ജനുവരി ശൈത്യകാലവും മാർച്ച്, ഏപ്രിൽ , മേയ് മാസങ്ങൾ വേനൽക്കാലവുമായിട്ടാണ് അനുഭവപ്പെടുന്നത്.

**ഭൂവിനിയോഗം**

പഞ്ചായത്തിലെ മൊത്തം വിസ്തീർണ്ണത്തിൽ 60-65 ശതമാനത്തോളം ഭൂമി കൃഷിക്കായി ഉപയോഗിക്കുന്നു. 10 ശതമാനം ഭൂമിയാതൊരു കൃഷിയും ചെയ്യാത്ത സ്ഥലങ്ങളാണ്. റോഡുകൾ 44.39 കി.മീറ്ററോളം വരും. ക്ഷേത്രങ്ങളോടനുബന്ധിച്ച് ചെറിയ കാവുകളും കുളങ്ങളും ഉണ്ട്. മുഖ്യവിളയായ തെങ്ങ് കൃഷിക്കാണ് കൃഷിഭൂമിയിൽ ഭൂരിഭാഗവും ഉപയോഗിക്കുന്നത്. തിരുവനന്തപുരം നഗരത്തോട് ചേർന്നു കിടക്കുന്ന പ്രദേശമായതിനാൽ കൂടുതൽ സ്ഥലങ്ങൾ വീടുവയ്ക്കുന്നതിനായി ഉപയോഗിക്കുന്ന പ്രവണതയാണ് ഇപ്പോൾ ദൃശ്യമായിക്കൊണ്ടിരിക്കുന്നത്. അതിനാൽ കൂടുതൽ വ്യവസായ സ്ഥാപനങ്ങളോ മറ്റ് സ്ഥാപനങ്ങളോ സ്ഥാപിക്കുവാൻ സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ടുണ്ട്.

**ജനപ്രകൃതി**

(അവലംബം : സെൻസസ്സ് റിപ്പോരട്ട് 1991)

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം കടകം പള്ളി പഞ്ചായത്തിലെ ജനസംഖ്യ 24541 ആണ്. 12025 പുരുഷന്മാരും 12516 സ്ത്രീകളും. മൊത്തം 5005 വീടുകളുള്ളതിൽ 4842 എണ്ണത്തിൽ താമസക്കാരുമുണ്ട്. ശരാശരി വീടൊന്നിന് 5.07 ആളുകൾ താമസിക്കുന്നു. സംസ്ഥാന ശരാശരി 5.6 ആണ്.

**പട്ടിക**

| വാർഡ് | ജനസംഖ്യ | | | 6വയസ്സിൽ താഴെ യുള്ള കുട്ടികൾ | | | പട്ടികജാതി | | | വീടുകൾ | | സാക്ഷരത | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആകെ | താമസ്സ മുള്ളവ | ആൺ | പെൺ |
| 1 | 926 | 969 | 1895 | 116 | 115 | 231 | 121 | 119 | 240 | 360 | 338 | 797 | 799 |
| 2 | 828 | 862 | 1690 | 81 | 94 | 175 | 129 | 146 | 275 | 348 | 348 | 721 | 696 |
| 3 | 1169 | 1164 | 2333 | 160 | 148 | 308 | 390 | 369 | 759 | 487 | 474 | 977 | 919 |
| 4 | 1183 | 1273 | 2456 | 152 | 155 | 307 | 73 | 98 | 171 | 488 | 488 | 1010 | 1036 |
| 5 | 888 | 982 | 1870 | 115 | 118 | 233 | 145 | 173 | 318 | 387 | 385 | 737 | 737 |
| 6 | 1176 | 1196 | 2372 | 146 | 128 | 274 | 407 | 391 | 798 | 479 | 469 | 973 | 920 |
| 7 | 1213 | 1236 | 2449 | 171 | 145 | 316 | 101 | 107 | 208 | 485 | 476 | 1016 | 1025 |
| 8 | 1616 | 1679 | 3295 | 222 | 199 | 421 | 162 | 153 | 315 | 652 | 629 | 1365 | 1373 |
| 9 | 1513 | 1644 | 3157 | 188 | 158 | 346 | 543 | 567 | 1110 | 668 | 621 | 1273 | 1303 |
| 10 | 1513 | 1511 | 3024 | 179 | 175 | 354 | 340 | 319 | 659 | 651 | 614 | 1297 | 1241 |
| ആകെ | 12025 | 12516 | 24541 | 1530 | 1435 | 2965 | 2411 | 2442 | 4853 | 5005 | 4842 | 10166 | 10049 |

☆ 9,10 എന്നി വാർഡുകൾ പുനർവിഭജനം നടത്തി ഇപ്പോൾ 9,10,11 എന്നീ മൂന്നു വാർഡുകളാക്കിയിട്ടുണ്ട്.

വാർഡുതല ജനസംഖ്യാ വിവരം പട്ടിക 2ൽ കൊടുക്കുന്നു.

രേഖകൾ അനുസരിച്ച് കുട്ടികളെ ഒഴിവാക്കിയാൽ പഞ്ചായത്തിൽ ഇപ്പോഴും 1361 ആളുകൾ നിരക്ഷരരായിട്ടുണ്ടെന്നാണ് കാണിക്കുന്നത്.

**തൊഴിൽമേഖല**

(അവലംബർ : സെൻസസ്സ് റിപ്പോർട്ട് 1991)

മുഖ്യതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷന്മാരാണ്. സ്ത്രീകളേക്കാൾ കൂടുതൽ. ഭാഗിക തൊഴിലുകൾ പ്രധാനമായി കൃഷിപ്പണി, കന്നുകാലി വളർത്തൽ, നിർമ്മാണ പ്രവർത്തനങ്ങൾ, കച്ചവടം തുടങ്ങിയവയാണ്. തൊഴിലെടുക്കുന്നവരുടെ എണ്ണം പട്ടിക 3 ൽ ചേർക്കുന്നു

**പട്ടിക 3**

തൊഴിലെടുക്കുന്നവർ

| ഇനം | പുരുഷന്മാർ | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 5573 | 1358 | 6931 |
| ഭാഗിക തൊഴിലുകൾ | 5712 | 1395 | 7107 |
| ആകെ | 11285 | 2753 | 14038 |

നഗരത്തോട് ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശമായതിനാൽ കൂടുതൽ ആളുകളും നഗരത്തിലുള്ള തൊഴിൽ ശാലകളിലും വ്യവസായ വ്യാപാര സ്ഥാപനങ്ങളിലുമാണ് ജോലി ചെയ്യുന്നത്. തൊഴിലില്ലാഴ്മ സ്ത്രീകളിലാണ് ഏറ്റവും രൂക്ഷമായിരിക്കുന്നത്.

ചുരുക്കിപ്പറഞ്ഞാൽ കടകംപള്ളി പഞ്ചായത്തിനെ തിരുവനന്തപുരം നഗരത്തിന്റെ ഒരു ഭാഗമായി മാത്രമേ കാണക്കാക്കാൻ സാധിക്കുകയുള്ളൂ. ഗതാഗതസൗകര്യങ്ങളായാലും കുടിവെള്ളമായാലും വിദ്യുച്ഛക്തി വിതരണത്തിന്റെ കാര്യമായാലും എല്ലാം തിരുവനന്തപുരം നഗരത്തിലുള്ള സൗകര്യങ്ങൾ പഞ്ചായത്തു നിവാസികൾക്കും ഒരു പരിധിവരെ ലഭ്യമാകുന്നുണ്ട്. എന്നാൽ തലസ്ഥാനനഗരി എന്ന പരിഗണനയാൽ സർക്കാർ ഓഫീസുകളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ബാഹുല്യം ഉണ്ടെന്നല്ലാതെ സാങ്കേതിക വിദ്യാഭ്യാസം നേടിയവർക്കോ, മറ്റു തൊഴിൽ വിദഗ്ദ്ധർക്കോ തൊഴിൽ ലഭിക്കാനുള്ള തൊഴിൽ സ്ഥാപനങ്ങളോ, വ്യവസായ സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ തൊഴിലില്ലായ്മ ഒരു പ്രശ്നം തന്നെയാണ്. ആ പ്രശ്നം പഞ്ചായത്തു നിവാസികളേയും ബാധിക്കുന്നുണ്ട്.

# സാമൂഹിക സാമ്പത്തിക മേഖലകൾ



# കൃഷിയും ജലസേചനവും

കടകംപള്ളി പഞ്ചായത്തു പ്രദേശങ്ങൾ മുൻകാലത്തു കാർഷിക പ്രധാന പ്രദേശങ്ങളായിരുന്നു. നെല്ലും തെങ്ങും ആയിരുന്നു പ്രധാന കാർഷികവിളകൾ. തിരുവനന്തപുരം പട്ടണത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്തെന്ന കാരണത്താൽ കെട്ടിലും മട്ടിലും പട്ടണമായി അതിവേഗം മാറിക്കൊണ്ടിരിക്കുന്ന പ്രദേശങ്ങളാണ് ഇവിടെയുള്ളത്. പട്ടണത്തിൽ ഭൂമിയുടെ വില ക്രമാതീതമാകുകയും സ്ഥലം വാങ്ങാൻ പ്രയാസമേറിവരുകയും ചെയ്തതിനെതുടർന്ന് വീടുവച്ച് താമസിക്കുന്നതിനായി പട്ടണത്തിന് സമീപമുള്ള പ്രദേശങ്ങളിലേക്ക് ആൾക്കാർ വന്നു തുടങ്ങി. ഈപഞ്ചായത്ത് പ്രദേശവും ഈ പ്രക്രിയയിൽ നിന്നു വ്യത്യസ്തമല്ല. ഇവിടെ ഭൂമി ചെറുതുണ്ടുകളാക്കി കൈമാറ്റം ചെയ്യപ്പെട്ടുവരുന്നു. ഭൂമിയുടെ കൈമാറ്റ വില ദിനംപ്രതി ഏറിവരികയും ചെയ്യുന്നു.ഗൃഹസാന്ദ്രത കൂടിയും കൃഷിയിടങ്ങൾ കുറഞ്ഞും വരുന്ന പ്രക്രിയയാണ് ഇപ്പോൾ ഇവിടെയുള്ളതു്.

**നെൽകൃഷി**

പഞ്ചായത്തിന്റെ തെക്കുകിഴക്കേ ഭാഗത്തുകൂടി വടക്കുപടിഞ്ഞാറോട്ടൊഴുകി ആക്കുളം കായലിൽ പതിക്കുന്ന മൂന്നു കിലോമീറ്റർ നീളവും ശരാശരി ആറു മീറ്റർ വീതിയുമുള്ള ആമയിഴഞ്ചാൻ തോടിൻെറ വശങ്ങൾ 20-25 വർഷം മുമ്പുവരെ ഇരുപ്പൂകൃഷി ചെയ്തിരുന്ന നെൽപ്പാടങ്ങളായിരുന്നു. രണ്ടു കിലോമീറ്റർ നീളവും ശരാശരി അഞ്ചുമീറ്റർ വീതിയുമുള്ള പാർവ്വതീപുത്തനാറിന്റെ പടിഞ്ഞാറ് കരിക്കകം പ്രദേശത്ത് ചാരുംമൂട്, കൊല്ലപ്പെരുവഴി പുന്നയ്ക്കാതോപ്പ് എന്നിവിടങ്ങളിൽ മുപ്പത് വർഷങ്ങൾക്ക് മുമ്പ് ഇരുപ്പൂ കൃഷിചെയ്തുവന്ന നെൽപ്പാടങ്ങളുണ്ടായിരുന്നു. അതുപോലെ പാർവ്വതീപുത്തനാറിന്റെ കിഴക്കുഭാഗത്ത് എറുമലത്തോപ്പ്, ആനയറ, കമ്പിക്കകം എന്നിവിടങ്ങളിലും ഇരുപ്പൂ കൃഷി ചെയ്തിരുന്നു. ഈ ഭാഗങ്ങൾ പിന്നീട് നികുതി തെങ്ങ കൃഷി ചെയ്തു വരുന്നു. പഞ്ചായത്തിന്റെ ഒരു ഭാഗത്തും ഇപ്പോൾ നെൽകൃഷിയില്ല.നെൽകൃഷി നല്ല രീതിയിൽ നടത്തുന്നതിനുദ്ദേശിച്ച് നടപ്പാക്കിത്തുടങ്ങിയ ആനയറ ഏലാ വികസന പദ്ധതി ആരംഭത്തിൽ നെൽകൃഷിയിൽ അഭിവൃദ്ധി ഉണ്ടാക്കിയെങ്കിലും ആ അവസ്ഥ പിന്നീട് നിലനിർത്താൻ കഴിഞ്ഞില്ല. ആക്കുളം കായൽ റിക്ലമേഷൻ പദ്ധതി അംഗീകരിച്ചു വന്നെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല. വർഷകാലങ്ങളിൽ ആമയിഴഞ്ചാൻ തോട്ടിലും സമീപപാടങ്ങളിലും ഉണ്ടാകുന്ന വെള്ളപ്പൊക്കം കൃഷിനാശത്തിനിടയാക്കി. നെൽപ്പാടങ്ങളിൽ കുളവാഴവളർന്ന് മൂടുന്നതുകൊണ്ട് അവയെടുത്തുമാറ്റി കൃഷി ചെയ്തുപോരുന്നത് അധികച്ചെലവിനിടയാക്കി. തേങ്ങക്ക് താരതമ്യേന മെച്ചപ്പെട്ട വില ലഭിക്കുന്ന അവസ്ഥയും സംജാതമായി വന്നു. ഇവയാണ് നെൽകൃഷിചെയ്യുന്നതിൽ നിന്നും കർഷകരെ പിന്മാറ്റിയത്. ഏറെക്കാലം ഈ നെല്പാടങ്ങൾ ആകെത്തന്നെ തരിശിടുകയാണുണ്ടായത്. പിന്നീട് ചിലയിടങ്ങളിൽ

തെങ്ങിൻതൈകൾ നട്ടുവെങ്കിലും കാലാകാലങ്ങളിലെ മഴയും തുടർന്നുണ്ടാകുന്ന വെള്ളപൊക്കവും നിമിത്തം അവയ്ക്ക് യഥായോഗ്യമായ വളർച്ച കിട്ടുന്നില്ല. വളരെയധികം ഭാഗവും ഇപ്പോഴും തരിശുഭൂമിയായിത്തന്നെ തുടരുകയാണ്. ചില ഭാഗങ്ങളിൽ മണ്ണിട്ട് നികത്താൻ ശ്രമിച്ചത് കേരള ഭൂമിനിയോഗനിയമപ്രകാരം തടസ്സപ്പെടുത്തിയിട്ടുണ്ട്. കർഷകത്തൊഴിലാളികൾ എണ്ണത്തിൽ കുറഞ്ഞിട്ടുണ്ട്. മെച്ചപ്പെട്ട കൂലി ലഭിക്കുന്ന മറ്റു മേഖലകളിലേക്ക് അവർ പോയി.ഇപ്പോൾ ഇവിടെ കാർഷിക ജോലികളിൽ ഏർപ്പെടുന്ന പുരുഷതൊഴിലാളിക്ക് 125 രൂപയും സ്ത്രീ തൊഴിലാളിക്ക് 110 രൂപയും കൂലിയുണ്ട്. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകത്തൊഴിലാളികളുടെ പിൻമുറക്കാർ പരമ്പരാഗതമായ തൊഴിൽ മേഖല വിട്ട് മറ്റു തൊഴിൽ മേഖലകളിലേക്ക് മാറിക്കഴിഞ്ഞിട്ടുമുണ്ട്. ആമയിഴഞ്ചാൻ തോടിന്റെ ഇരു കരകളിലുമുള്ള നെൽപാടങ്ങളിൽ വർഷകാലങ്ങളിൽ വെള്ളപ്പൊക്കമുണ്ടായി കൃഷിനശിക്കുന്നതുകൊണ്ടും നെൽകൃഷി സാധ്യമാകാതെയായി. നെൽകൃഷി ലാഭകരമല്ലാത്തതുകൊണ്ടും, വെള്ളപ്പൊക്കനാശം, കുളവാഴശല്യം എന്നിവമൂലവും കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവ് നിമിത്തവും ഇന്നത്തെ പരിതസ്ഥിതിയിൽ നെൽകൃഷി പുനരുജ്ജിവിപ്പിക്കുകയെന്നത് ഈ പഞ്ചായത്തിൽ അപ്രായോഗികമാണ്.

**മരച്ചീനികൃഷി**

പഞ്ചായത്തിൽ 'ഈറോഡ്' ഭാഗത്ത് 25 വർഷങ്ങൾക്ക് മുമ്പ് വ്യാപകമായി മരച്ചീനി കൃഷി ചെയ്തുവന്നിരുന്നു. ലക്ഷം വീട് കോളനി, മറ്റു പാർപ്പിടസമുച്ചയങ്ങൾ എന്നിവ വന്നതോടുകൂടി അവിടെ മരച്ചീനികൃഷി നിശ്ശേഷം ഇല്ലാതായി. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിലൊന്നും ഒരു പ്രത്യേകവിളയായി മരച്ചീനി കൃഷിചെയ്യുന്നില്ല. മരച്ചീനികൃഷി വ്യാപകമായി നടത്താൻ സാദ്ധ്യതകുറവാണ്. അനുയോജ്യമായ സ്ഥലത്തിന്റെ അഭാവമാണ് അതിനുകാരണം.

**വിളസുരക്ഷിതത്വം**

പഞ്ചായത്തു പ്രദേശത്തിനുപുറത്ത് ദൂരെ സ്ഥലങ്ങളിൽ താമസിക്കുന്ന ഈ പ്രദേശത്തെ വസ്തു ഉടമസ്ഥർ യഥാവിധി കൃഷിചെയ്യുന്നതിനും വളപ്രയോഗം നടത്തുന്നതിനും ശ്രദ്ധവയ്ക്കാറില്ല. സുരക്ഷിതത്വമില്ലായ്മ അതിനൊരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. താമസ സ്ഥലത്തോടൊപ്പമല്ലാത്ത കൃഷിയിടങ്ങളിൽ ഉണ്ടാകുന്ന വിളസുരക്ഷിതത്വമില്ലായ്മ പരിഹരിക്കപ്പെടേണ്ടതുണ്ട്. വളരെയധികം തുക ചിലവുചെയ്ത് കൃഷിപ്പണി നടത്തിയശേഷം ഉൽപ്പന്നങ്ങൾ അന്യാധീനപ്പെട്ട് പോകാൻ ഇടവരുന്നത് നല്ല രീതിയിൽ കൃഷി നടത്തിക്കൊണ്ടു പോകുന്നതിൽ നിന്നും വിട്ടു നിൽക്കാൻ ചിലരെയെങ്കിലും പ്രേരിപ്പിക്കുന്നുണ്ട്.

**തെങ്ങുകൃഷി**

പാർപ്പിടങ്ങൾ വർദ്ധിച്ചുവരുന്നതോടെ പുരയിട കൃഷിയിടങ്ങൾ കുറഞ്ഞുവരുന്നു. പഞ്ചായത്തു പ്രദേശത്തെ ഉയർന്ന ഭാഗങ്ങളിലും ചരിവുകളിലും സമതലങ്ങളിലും ജലസേചനസൗകര്യമില്ലായ്മയുണ്ട്. ഇത് വേനൽക്കാലത്ത് തെങ്ങുകൃഷിയെ ദോഷകരമായി ബാധിക്കുന്നുണ്ട്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളൊന്നും ഈ പഞ്ചായത്തിലില്ല. കിണർ കുഴിച്ച് പമ്പ് സെറ്റ് വച്ച് കൃഷിക്ക് ജലം ലഭ്യമാക്കുന്നതിന് 30 സെന്റിനും അതിനുമുകളിലും ഭൂമിയുള്ളവർക്കുമാത്രമെ പമ്പ് സെറ്റ് വയ്ക്കുന്നതിനുള്ള സൗജന്യസഹായങ്ങൾ ലഭ്യമാകൂ എന്ന നിബന്ധന തടസ്സമാകുന്നുണ്ട്. ചതുപ്പു പ്രദേശങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് തെങ്ങുകൃഷിയെ ദോഷകരമായി ബാധിക്കുകയും ഉൽപ്പാദനം കുറയുകയും ചെയ്യുന്നുണ്ട്. താഴ്ന്ന പ്രദേശങ്ങളിലുള്ള വലിയതെങ്ങിൻതോപ്പുകളിൽ ശരിയായ കൃഷി മാർഗ്ഗങ്ങൾ അവലംബിക്കുകയോ യഥാവിധിയുള്ള വളപ്രയോഗം നടത്തുകയോ ചെയ്യാതിരിക്കുന്നതു മൂലം ഉൽപ്പാദനം കുറഞ്ഞുവരുന്നു. ഇതിനുപുറമെ പത്തു സെൻറിന്

ഏഴ് തെങ്ങ് എന്ന ശാസ്ത്രീയക്രമം തെറ്റിച്ച് പതിനഞ്ചും അതിലധികവും തെങ്ങുകൃഷി ചെയ്തു വരുന്നതും ഉൽപ്പാദനം കുറയാൻ ഒരു പ്രധാനകാരണമാണ്. തെങ്ങുകൃഷിയെ സംബന്ധിച്ച്. ഈ ക്രമം തെറ്റിയ കൃഷിസമ്പ്രദായം ഒരു പൊതുസ്വഭാവമായി തുടരുന്നു.

പഞ്ചായത്തിന്റെ ഭൂപ്രകൃതിയും മണ്ണും കാലാവസ്ഥയും തെങ്ങു കൃഷിക്ക് അനുയോജ്യമാണ്. ഈ പ്രദേശത്തെ കർഷകർ തെങ്ങുകൃഷിയിൽ ഊന്നിനിൽക്കുന്നതും അതുകൊണ്ടാണ്. ചെളിയും മണലും ചേർന്നതും, എക്കൽമണ്ണും പശിമരാശിമണ്ണും കൊണ്ട് സമൃദ്ധമാണ് ഈ പഞ്ചായത്തുപ്രദേശം. എന്നാൽ അധികരിച്ച മഴ നിമിത്തം മേൽമണ്ണ് ഒലിച്ചു പോവുകയും തൽഫലമായി മണ്ണിന് പുളിപ്പുരസം ഉണ്ടാവുകയും ചെയ്യുന്നു. ഉൽപ്പാദനക്കുറവിന് ഇത് ഇടയാകുന്നു. കുമ്മായ പ്രയോഗമാണ് ഇതിന് ഒരു പോംവഴി. പഞ്ചായത്തിൻെറ പടിഞ്ഞാറെ അതിർത്തി പ്രദേശത്ത് ചൊരിമണലാണെങ്കിലും. അവിടെയും തെങ്ങ് കൃഷിയുണ്ട്. അവിടത്തെ മണ്ണ് ഫല ഭൂയിഷ്ടമാകണമെങ്കിൽ ജൈവവളപ്രയോഗവും ചെളിമണ്ണ് കലർത്തി മണ്ണ് പരിവർത്തനം നടത്തലും വേണം. അതുപോലെ ചെളി പ്രദേശങ്ങളിൽ പൂഴിമണ്ണ് ചേർത്തുള്ള മണ്ണ് പരിവർത്തനവും വേണ്ടതാണ്. ഉൽപ്പാദന വർദ്ധനവിന് ഇത് അനിവാര്യമാണ്.

**രോഗ, കീടബാധ**

കൂമ്പ് ചീയൽ, കൊച്ചങ്ങ കൊഴിച്ചിൽ, ഓല മഞ്ഞളിപ്പ്, വേരുചീയൽ, ചെന്നീരൊലിപ്പ് എന്നീ തെങ്ങുരോഗങ്ങൾ ഈ പഞ്ചായത്തു പ്രദേശത്ത് വ്യാപകമാണ്. കോറാഡ്ബഗ്ഗ് (പൂങ്കുലച്ചാഴി) എന്ന കീടബാധ വളരെയധികം തെങ്ങുകളെ ബാധിച്ചിട്ടുണ്ട്. കൊച്ചൻചെല്ലി, ചുമന്നചല്ലി, ഓലപ്പുഴു എന്നീ കീടങ്ങളുടെ ആക്രമണവും കണ്ടു വരുന്നു. രോഗബാധസംബന്ധിച്ച വിവരങ്ങൾ കൃഷിഭവനിൽ നിന്നും ലഭിച്ചത് ഈ പേജിന്റെ അവസാനം ചേർക്കുന്നു.

രോഗകീടനിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ആവില്ല. ഇതിലേക്കുള്ള രോഗകീടനാശിനി പ്രയോഗം പഞ്ചായത്തിലാകെ വാർഡ് അടിസ്ഥാനത്തിൽ ഒരുമിച്ച് നടത്തിയില്ലെങ്കിൽ കീടനാശിനി പ്രയോഗം ഫലപ്രദമാവില്ല. മാരകരോഗബാധ വന്ന തെങ്ങുകളും പ്രായമേറി കാഫലം കുറഞ്ഞ തെങ്ങുകളും മുറിച്ചുമാറ്റി പകരം നല്ലയിനം തെങ്ങിൻ തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പുതിയ തെങ്ങിൻ തൈകൾ അപ്രകാരം നട്ടു പിടിപ്പിക്കുമ്പോൾ തെങ്ങുകൾ തമ്മിലുള്ള അകലം സംബന്ധിച്ച ശാസ്ത്രീയ ക്രമം പാലിക്കാൻ ശ്രമിക്കുന്നുതും ഉൽപ്പാദനവർദ്ധനവിനെ സഹായിക്കും. രോഗകീട നാശിനി പ്രയോഗത്തിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവം ഫലപ്രദമായ രോഗകീടനാശിനി പ്രവർത്തനത്തിന് തടസ്സമാകുന്നു. ഇതിന് മാറ്റം വരുത്തേണ്ടതുണ്ട്.

**ഇറിഗേഷൻ സൗകര്യങ്ങൾ**

പഞ്ചായത്തു പ്രദേശത്തുള്ള കുന്നിൻപുറങ്ങൾ, ചരിവുകൾ, സമതലങ്ങൾ എന്നീ

| തെങ്ങ് എണ്ണം | | | രോഗം ബാധിച്ചവ(തെങ്ങ് എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് മിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സെറ്റം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 32,325 | 1,32,000 | 1,64,325 | 11 | 14,000 | 200 | 200 | 92,000 (കോറിഡ് ബഗ്ഗ്) | 1,06,411 |

ഭാഗങ്ങളിൽ വേനൽക്കാലത്ത് ജലദൗർലഭ്യം തെങ്ങുകൃഷിയെ സാരമായി ദോഷപ്പെടുത്തുന്നു. ആമയിഴഞ്ചാൻ തോടിനു സമീപമുള്ള ഇത്തരം പ്രദേശങ്ങളിൽ തോട്ടിൽ പമ്പ് സ്ഥാപിച്ച് മേൽ പറഞ്ഞ ഭാഗങ്ങളിലെ കൃഷിയിടങ്ങൾ നനക്കുന്നത് തെങ്ങുകൃഷിക്ക് സംരക്ഷണമാകും. പഞ്ചായത്തിലെ ഇതേ ഭൂപ്രകൃതിയുള്ള മറ്റു പ്രദേശങ്ങളിൽ കിണറു കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിച്ച് ഇറിഗേഷൻ സൗകര്യം ലഭ്യമാക്കണം. ഈ പദ്ധതി നടപ്പാക്കുന്നതിന് കുറഞ്ഞത് 30 സെന്റ് ഭൂമിയുള്ള കർഷകന് മാത്രമെ പമ്പ് സെറ്റ് സൗജന്യസഹായത്തോടെ നൽകൂ എന്ന നിലവിലുള്ള പരിധി മാനദണ്ഡം പതിനഞ്ച് സെന്റായി ഭേദഗതിപ്പെടുത്തിയാൽ കൂടുതൽ പ്രദേശങ്ങളിൽ ഇറിഗേഷൻ സൗകര്യം ലഭ്യമാക്കാൻ കഴിയും. കൂടാതെ അഞ്ചും പത്തും സെൻറ് ഭൂമി വീതമുള്ള ചെറിയ ഭൂവുടമകളെ കൂട്ടായി യോജിപ്പിച്ചു കൊണ്ട് ഒരു ഹെക്ടർ വരയുള്ളതോ അതിലേറെയുള്ളതോ ആയ ഒറ്റ യൂണിറ്റായും കൃഷിക്കാരെ കൂട്ടുടമകളായും പരിഗണിച്ച് സമൂഹജലസേചനപരിപാടിയിൽ (community irrigation programme) ഉൾപ്പെടുത്തുന്നത് പഞ്ചായത്തിലാകെ ജലസേചനസൗകര്യം ലഭ്യമാക്കുന്നതിന് ഉപകരിക്കും മഴക്കാലത്ത് മണ്ണൊലിപ്പ് തടയാനും വെള്ളം കെട്ടി നിർത്തി ഭൂഗർഭ ജലമാക്കി മാറ്റാനും ചരിവു ഭൂമികൾ തട്ട്തട്ടായി തിരിച്ച് ബണ്ടുകൾ നിർമ്മിച്ചും പുരയിടങ്ങളിൽ അവുടവിടെ ചെറുകുഴികൾ മഴവെള്ളം സംഭരിച്ചും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

**വളം**

കൃഷിയെ സംബന്ധിച്ചിടത്തോളം വളപ്രയോഗം അതീവ പ്രാധാന്യമുള്ളതാണല്ലോ. മണ്ണറിഞ്ഞ് വളം ചെയ്താലേ ഉല്പാദന വർദ്ധനവ് ഉണ്ടാകൂ. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാനും അതു നിലനിർത്താനും ജൈവ വളപ്രയോഗം അനുപേക്ഷണീയമാണ്. ഫലവർഗ്ഗാദികൾ വിഷ വിമുക്തമാക്കാനും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനും ഇതാവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ പച്ചിലവളലഭ്യത തീരെയില്ല. ചാണകവും വേണ്ടത്ര ലഭ്യമല്ല. ഈ കുറവ് നികത്താൻ കമ്പോസ്റ്റുല്പാദനം കൊണ്ടേ കഴിയൂ. പഞ്ചായത്തു പ്രദേശങ്ങളിലെ തോടുകളിലും ചതുപ്പു പ്രദേശങ്ങളിലും കാലാകാലങ്ങളിൽ അടിഞ്ഞു കൂടുന്ന കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവ ശേഖരിച്ചും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് ചപ്പുചവറുകൾ ശേഖരിച്ചും പഞ്ചായത്തടിസ്ഥാനത്തിൽ കമ്പോസ്റ്റുല്പാദനം നടത്തിയാൽ ഈ പ്രദേശത്തേക്കാവശ്യമായ കമ്പോസ്റ്റ് വളം ലഭ്യമാകും. പച്ചില വള ഉല്പാദനം ലക്ഷ്യമാക്കി നല്ല പച്ചിലച്ചെടി വിത്തിനങ്ങൾ നൽകുകയും അതിരുകളിലും മറ്റും അവ വളർത്താനുള്ള പ്രോത്സാഹനം നൽകുകയും വേണം. ജീവാണു വളപ്രയോഗവും മണ്ണിര കമ്പോസ്റ്റുല്പാദനവും നടത്തണമെങ്കിൽ കൃഷിക്കാർക്ക് അതിനാവശ്യമായ പരിശീലനം നൽകിയേ മതിയാകൂ. അതിനുള്ള സംവിധാനം പ്രത്യേക ശ്രദ്ധയർഹിക്കുന്നു. വളപ്രയോഗവും കൃഷിപ്പണികളും കൂട്ടായി നടപ്പിലാക്കാൻ സംവിധാനമുണ്ടാകണം.

അശാസ്ത്രീയമായ രാസവളപ്രയോഗം മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുകയും അനാവശ്യ ചെലവുകൾക്കിടവരുത്തുകയും ചെയ്യുന്നു. മണ്ണ് പരിശോധനയിലൂടെയുള്ള ശാസ്ത്രീയ വളപ്രയോഗമാണ് ഇതിന് പോംവഴി. കർഷകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാകുകയും പരിശീലനം വാർഡടിസ്ഥാനത്തിൽ ഒരു തുടർ പരിപാടിയാവുകയും വേണം. രാസവളത്തിന് വിലയേറെയാണ്. കൃഷിക്കാരന് താങ്ങാനാവില്ല. അത്യാവശ്യം സന്ദർഭങ്ങളിൽ രാസവളം ഉപയോഗിക്കേണ്ടിവരികയും ചെയ്യുമെന്നതിനാൽ സൗജന്യ നിരക്കിൽ രാസവളം ലഭ്യമാക്കുന്നത് കർഷകർക്ക് ആശ്വാസകരമാകും. രാസവള, കീടനാശിനി ഡിപ്പോകൾ ഈ പഞ്ചായത്തിൽ ഉണ്ടാകുന്നത് കർഷകർക്ക് സൗകര്യപ്രദവുമാകും.

## നാളികേര സംഭരണ വിപണനം

നാളികേര സംഭരണ വിപണനത്തിന് പഞ്ചായത്തിൽ സ്ഥിരം സംവിധാനങ്ങളൊന്നുമില്ല. തന്മൂലം കർഷകർ ചൂഷണം ചെയ്യപ്പെടുകയും കൃഷിച്ചെലവിന് ആനുപാതികമായ വരുമാനം അവർക്ക് ലഭിക്കാതെ വരികയും ചെയ്യുന്നു. പൊതുമേഖലാടിസ്ഥാനത്തിലോ സഹകരണാടിസ്ഥാനത്തിലോ നാളികേര സംഭരണ വിപണന സംവിധാനം ഏർപ്പെടുത്തുന്നതിലൂടെ മാത്രമേ വിള വരുമാനത്തിന് സ്ഥായീഭാവമുണ്ടാകൂ. കൃഷി കൂടുതൽ ലാഭകരമായി മാറ്റുന്നതിന് കൃഷിയധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കേണ്ടതുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ചെറിയ ആശ്വാസം നൽകാനും ഇതിന് കഴിയും. നാളികേര കൃഷിയെ സംബന്ധിച്ചിടത്തോളം കേരഫെഡുമായി യോജിച്ച് നാളികേരം സംഭരിച്ച് എണ്ണയാക്കി വിപണനം നടത്തുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കിയും പഞ്ചായത്തു പ്രദേശത്തു തന്നെ സഹകരണാടിസ്ഥാനത്തിൽ സംവിധാനമുണ്ടാക്കിയും ഇത് നിർവഹിക്കാനാവും. നാളികേര കർഷകർ തെങ്ങ് കൃഷിയിൽ ഉറച്ചു നിൽക്കുന്നതിന് ഇത് പ്രേരകമാകും.

## കൃഷി അനുബന്ധ വ്യവസായ സാദ്ധ്യത

പുറം നാടുകളിൽ പച്ചത്തേങ്ങയ്ക്ക് ആവശ്യക്കാർ ഏറെയാണ്. ഉരുളൻ തേങ്ങ കയറ്റി അയക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ പാപ്പനംകോട്ട് പ്രവർത്തിച്ചു വരുന്ന റീജിയണൽ റിസർച്ച് ലബോറട്ടറി വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പച്ചത്തേങ്ങാപ്പരിപ്പ് ചുരണ്ടി സംസ്കരിച്ച് പോളിത്തീൻ ബാഗുകളിലാക്കി പുറം നാടുകളിലേക്കയക്കുന്നത് കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുമെന്നത് പുറമെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. പച്ചത്തേങ്ങയിൽ നിന്ന് കിട്ടുന്ന തേങ്ങാവെള്ളം ശീതളപാനീയമായി മാറ്റി വിൽക്കാനും കഴിയും. ചിരട്ട കരിച്ച് നേർമ്മയാക്കിയ പൊടി ഉരുക്കു വ്യവസായം പോലുള്ള വൻകിട വ്യവസായങ്ങൾക്ക് ഒരു അസംസ്കൃത സാധനമാണെന്നതിനാൽ ഇത് വ്യവസായ സാദ്ധ്യതയുള്ള സംരംഭവുമാകും. ചിരട്ടയും ഉണക്കത്തൊണ്ടും ഉപയോഗിച്ചുള്ള കരകൗശല വസ്തു നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലൂടെ ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയ്ക്ക് ചെറിയ ഒരു പരിഹാരവും കൂടിയാകും. ഇതിനാവശ്യമായ പരിശീലനോപാധികൾ കൂടി കണ്ടെത്തേണ്ടതുണ്ട്.

## പച്ചക്കറി കൃഷി

പഞ്ചവത്സരപദ്ധതിയുടെ ആരംഭകാലം മുതൽ നടപ്പാക്കാൻ ശ്രമിച്ച പച്ചക്കറി കൃഷി നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യം നൽകി നടപ്പാക്കപ്പെട്ടിട്ടില്ല. ദൈനംദിന ജീവിതത്തിൽ പച്ചക്കറിയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധക്കുറവാണ് ഇതിന് കാരണം. പ്രതിവർഷം 600 കോടിയിൽപരം രൂപയുടെ പച്ചക്കറിക്ക് കേരളം അന്യസംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നതെന്നതിനാൽ നാടാകെ പച്ചക്കറി കൃഷിയിൽ ഊർജ്ജിതമായി ഏർപ്പെടേണ്ടിയിരിക്കുന്നു. അടുക്കളത്തോട്ടങ്ങളായും, ഇടവിളയായും, തരിശുഭൂമി പ്രയോജനപ്പെടുത്തി സംഘം ചേർന്ന് കൃഷി ചെയ്തും പഞ്ചായത്തിലാകെ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിലൂടെ നമ്മുടെ വീടുകളിൽ വേണ്ട പച്ചക്കറിയുടെ മുക്കാൽ ഭാഗവും ലഭ്യമാക്കാനാവുമെന്നതിന് പുറമെ മിച്ചമുള്ള പച്ചക്കറി പഞ്ചായത്തിലാകെ സഹകരണാടിസ്ഥാനത്തിൽ സംഭരിച്ച് വിപണനം ചെയ്ത് അധിക വരുമാനമുണ്ടാക്കാനും കഴിയും.

പഞ്ചായത്തിന്റെയും കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ സാമ്പത്തിക, സാങ്കേതിക നേതൃത്വം ഏറ്റെടുത്തുകൊണ്ടായിരിക്കണം പച്ചക്കറി കൃഷി പരിപാടി നടപ്പാക്കേണ്ടത്. എല്ലാ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, ബഹുജന സംഘടനകളുടേയും സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കിയാൽ മാത്രമേ ഈ പരിപാടി വിജയിപ്പിക്കാനാവൂ. നാടൻ വിത്തിനങ്ങൾ ഉപയോഗിച്ചും ജൈവ വളപ്രയോഗം

നടത്തിയും രാസകീടനാശിനികൾ ഒഴിവാക്കി സസ്യനിർമ്മിത കീടനാശിനികൾ ഉപയോഗിച്ചും കൃഷി ചെയ്താൽ ഗുണമേന്മയും വിഷവിമുക്തവും ആയ പച്ചക്കറി ഉത്പാദിപ്പിക്കാൻ കഴിയും. പച്ചക്കറി കൃഷി തുടർകൃഷിയായി കൊണ്ടുപോകുന്നതിലേക്ക് പഞ്ചായത്തിൽ കേന്ദ്രീകൃതാടിസ്ഥാനത്തിലുള്ള വിത്തുല്പാദന കേന്ദ്രങ്ങൾ അനിവാര്യമാണ്.

പച്ചക്കറി കൃഷിയും ബാക്ക് യാർഡ് സിസ്റ്റത്തിലുള്ള കോഴിക്കൃഷിയും ഒരുമിച്ച് കൊണ്ടുപോവുക ബുദ്ധിമുട്ടാണ്. വീടുകളിൽ 'ഡിപ്പ്ലിറ്റർ' സമ്പ്രദായത്തിന്റെ ചെറു യൂണിറ്റുകൾ ഉണ്ടാക്കി കോഴികളെ വളർത്തിയാൽ പച്ചക്കറി കൃഷിയെ കോഴികളിൽ നിന്നും സംരക്ഷിക്കാനാകും.

**ഇടവിള കൃഷികൾ**

പച്ചക്കറിക്ക് പുറമെ വാഴ, മുരിങ്ങ, പയറുവർഗ്ഗങ്ങൾ, ചേന, ചേമ്പ്, കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ തെങ്ങിന് ഇടവിളയായി കൃഷി ചെയ്യാവുന്നതാണ്. ഇവയിൽ നിന്ന് ഉല്പന്നങ്ങൾ എടുത്തശേഷമുള്ള സസ്യാവശിഷ്ടങ്ങൾ തെങ്ങിന് നേരിട്ട് വളമായി പ്രയോഗിക്കുന്നത് നാളികേരോല്പാദന വർദ്ധനവിന് സഹായകമാവും. കമ്പോസ്റ്റുല്പാദനത്തിനും അവ പ്രയോജനപ്പെടുത്താം. കുരുമുളക്, ജാതി, ഗ്രാമ്പ്, കമുക് എന്നിവയും ഇടവിളയായി കൃഷി ചെയ്യുന്നതിലൂടെ കാർഷിക വരുമാനം വർദ്ധിപ്പിക്കാനാകും

**പുഷ്പകൃഷി**

പച്ചക്കറിയുടെ കാര്യത്തിലെന്ന പോലെ പുഷ്പങ്ങൾക്കും കേരളം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഇതിന് പരിഹാരമായി പുഷ്പകൃഷി പരിപോഷിപ്പിക്കേണ്ടതുണ്ട്. വീട്ടമ്മമാർക്കും തൊഴിലില്ലാത്ത യുവജനങ്ങൾക്കും ഒരു ചെറിയ വരുമാനമുണ്ടാക്കാൻ കൂടി കഴിയുന്ന തരത്തിൽ പഞ്ചായത്തു പ്രദേശത്താകെ കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ് എന്നിവ ഒരു പാക്കേജടിസ്ഥാനത്തിൽ കൃഷി ചെയ്യണം. ഉല്പാദിപ്പിക്കപ്പെടുന്ന പുഷ്പങ്ങളുടെ വിപണനം ഫെഡറേഷൻ ഓഫ് ഫ്ലോറികൾച്ചർ പോലുള്ള സ്ഥാപനങ്ങൾ വഴി സാദ്ധ്യമാക്കാവുന്നതാണ്. വിപണനത്തിനുള്ള അത്തരം സ്ഥാപനങ്ങളുടെ സംഭരണയൂണിറ്റ് പഞ്ചായത്തു പ്രദേശത്ത് സ്ഥാപിച്ചോ, സഹകരണാടിസ്ഥാനത്തിലോ, കൃഷി ഭവന്റെയും പഞ്ചായത്തിന്റെയും സംയുക്ത നേതൃത്വത്തിലോ സംഭരണയൂണിറ്റ് ഉണ്ടാക്കിയോ വിപണന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിപണനം ഉറപ്പാക്കേണ്ടത് ഈ കൃഷിയുടെ പ്രോത്സാഹനത്തിന് അനുപേക്ഷണീയമാണ്. പുഷ്പകൃഷിയോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട അലങ്കാര സസ്യകൃഷിയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

**ഔഷധച്ചെടികൃഷി**

ആരോഗ്യരംഗത്ത് നാട്ടു ചികിത്സാ ക്രമത്തിന് പ്രാധാന്യം നൽകിയിരുന്ന കേരളത്തിന് വനനശീകരണവും മറ്റും മൂലം പല ഔഷധച്ചെടികളും നഷ്ടപ്പെട്ടിരിക്കുകയാണ്. ലോകമാകെ ത്തന്നെ ഔഷധച്ചെടികളിലധിഷ്ഠിതമായ ചികിത്സാ സമ്പ്രദായങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വ്യാപകമായ ഔഷധ സസ്യകൃഷിക്ക് പ്രസക്തിയേറെയുണ്ട്. പ്രാഥമിക ആരോഗ്യ സംരക്ഷണത്തിന് ഈ കൃഷി നമ്മെ ഏറെ സഹായിക്കും. വീട്ടുവളപ്പിലും പുരയിടങ്ങളിലും ഔഷധ സസ്യങ്ങൾ കൃഷി ചെയ്യുന്നതിന് പഞ്ചായത്തു പ്രദേശത്തിലെ മണ്ണും കാലാവസ്ഥയും അനുയോജ്യമാണ് എന്നതിനാൽ ഈ കൃഷി പഞ്ചായത്തിലാകെ പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇതിന് വിപണന സാദ്ധ്യതയേറെയുണ്ട്.

**കൂൺകൃഷി**

സ്വന്തമായി മണ്ണില്ലാത്തവർക്കുപോലും ചെയ്യാവുന്ന ഒന്നാണ് കൂൺകൃഷി. പോഷകഗുണസംപുഷ്ടവും ക്യാൻസർ, ഡയബെറ്റിസ്, ഹൃദ്രോഗം എന്നിവയെ വലിയൊരളവു വരെ പ്രതിരോധിക്കുന്ന ഔഷധ ഗുണവും ഉള്ള ഒന്നാണ് കൂൺ. നാട്ടുകാരുടെ ആരോഗ്യസംരക്ഷണം മുൻനിറുത്തി പച്ചക്കറിയോടൊപ്പം കൂൺകൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകേണ്ടതുണ്ട്.

പുഷ്പകൃഷി, ഔഷധസസ്യകൃഷി, കൂൺകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശങ്ങളും, ബോധവൽക്കരണവും, പരിശീലനങ്ങളും അനിവാര്യമാണ്. വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കണം. ഇക്കാര്യങ്ങളിൽ കൃഷിഭവന്റെ പ്രത്യേക ശ്രദ്ധയുണ്ടായാലേ പറ്റൂ. സംഭരണ, സംസ്ക്കരണ , വിപണന സംവിധാനങ്ങൾ ശക്തമായാൽ മാത്രമേ ഈ കൃഷികളിൽ താല്പര്യമുണ്ടാകാനും കൃഷിയിൽ ഉറച്ചു നിൽക്കാനും കർഷകർ തയ്യാറാകൂ. അഭ്യസ്ഥവിദ്യരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും ഇത് പ്രേരകമാകും.

**പുൽകൃഷി**

കാലിത്തീറ്റയ്ക്ക് വിലയേറിവരുന്നതും, ഈ പ്രദേശത്ത് നെൽകൃഷിപാടെ ഇല്ലാതായതും നിമിത്തം പുൽകൃഷി വളരെ പ്രാധാന്യം നൽകി നടത്തേണ്ടിയിരിക്കുന്നു. പുരയിടങ്ങളിൽ മണ്ണൊലിപ്പ് തടയാൻ നിർമ്മിക്കുന്ന തവാരണകളിൽ പുൽകൃഷി ചെയ്താൽ സമൃദ്ധിയായി പുല്ല് വളരുന്നതോടൊപ്പം തവാരണകൾ നശിച്ചു പോകാതിരിക്കാൻ സഹായമാകുകയും അവയ്ക്ക് വെള്ളം കെട്ടി നിർത്താനുള്ള ശേഷി വർദ്ധിക്കുകയും ചെയ്യും. തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി പുൽക്കൃഷി ചെയ്യുന്നതും ആദായകരമാണ്. ചതുപ്പുനിലങ്ങളിൽ സമൃദ്ധിയായി വളരുന്ന പാരഗ്രാസ് ഇനത്തിൽപെട്ട പുല്ല് പഞ്ചായത്തു പ്രദേശത്തുള്ള ചതുപ്പു നിലങ്ങളിൽ പുൽകൃഷിക്കായി തെരഞ്ഞെടുക്കാവുന്നതാണ്. തരിശായികിടക്കുന്ന ചതുപ്പു നിലങ്ങൾ പച്ചക്കറി കൃഷിക്കും പുൽകൃഷിക്കുമായി ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രസ്തുത ഭൂമികൾ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റിയെടുക്കുന്ന പ്രവണതയെ തടയാവുന്നതാണ്. തരിശായി ഇട്ടിരിക്കുന്ന സ്ഥലങ്ങൾ കൃഷിചെയ്യാൻ സന്നദ്ധതയുള്ളവർക്ക് ഏറ്റെടുത്ത് നൽകാൻ നടപടിയുണ്ടാകണം. ഭൂഉടമസ്ഥന് ഭൂമിസംബന്ധിച്ച് പൂർണ്ണ സംരക്ഷണം നൽകുന്ന വ്യവസ്ഥകളോട് കൂടി മാത്രമേ ഭൂമി ഏറ്റെടുത്തു കൃഷിക്ക് നൽകുന്ന നടപടിയുണ്ടാകാൻ പാടുള്ളൂ.

**വായ്പാ സംവിധാനം**

കർഷകന് കൃഷി ചെയ്യുന്നതിന് സ്വന്തമായി തുക മുടക്കാൻ കഴിയാത്തതാണ് കൃഷിയിൽ നിന്ന് വിട്ട് മറ്റു തൊഴിലുകൾ ജീവനോപാധിയാക്കാൻ പ്രേരകമാകുന്നത്. ഇന്ന് നിലവിലുള്ള വായ്പാ സമ്പ്രദായം കർക്കശമായ ജാമ്യ വ്യവസ്ഥകളിൽ അധിഷ്ഠിതമാണ്. കാർക്കശ്യം ലഘൂകരിക്കുന്നതിലൂടെ മാത്രമേ വായപാ സൗകര്യം ലഭ്യമാക്കി കൃഷിവൃത്തിയിലേക്ക് ആൾക്കാരെ മടക്കിക്കൊണ്ടുവരാനും പുതിയ സംരംഭകരെ ആകർഷിക്കാനും കഴിയൂ. ഉദാരമായ മടക്കി അയ്ക്കൽ വ്യവസ്ഥകളാണ് ഇതിനാവശ്യം. കാർഷികോല്പന്നങ്ങളുടെ സംഭരണ, വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതു കൊണ്ട് മടക്കിയടയ്ക്കൽ പ്രക്രിയ സുഗമമാക്കാൻ അത് ഇടയാക്കും. ഗ്രൂപ്പ് ഗാരണ്ടി വ്യവസ്ഥയിലും കൃഷിയിടം പണയപ്പെടുത്തിയും വായ്പകൾ ലഭ്യമാക്കാൻ ബന്ധപ്പെട്ട വ്യവസ്ഥകൾ ഉദാരവൽക്കരിക്കേണ്ടതുണ്ട്.

**ചതുപ്പു പുരയിടങ്ങളിൽ വെള്ളം വാർന്നുപോകാൻ സംവിധാനം.**

ആമയിഴഞ്ചാൻ തോടിനും പാർവ്വതീപുത്തനാറിനും വശങ്ങളിലുള്ള ചതുപ്പു ഭാഗങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് കൃഷിയെ ദോഷപ്പെടുത്തുന്നുണ്ട്. കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിക്കളഞ്ഞാൽ അത് ഉല്പാദന വർദ്ധനവിനെ സഹായിക്കും. ചതുപ്പു പുരയിടങ്ങളിൽ നിന്ന് മേൽപ്പറഞ്ഞ രണ്ടു തോടുകളിലേക്കും വെള്ളം വാർന്നു പോകുന്നതിന് ഉതകത്തക്ക വിധത്തിൽ അവിടവിടെ നിർഗ്ഗമനക്കുഴലുകൾ സ്ഥാപിച്ചാൽ കെട്ടിക്കിടക്കുന്ന വെള്ളം ഒഴുക്കിവിടാൻ കഴിഞ്ഞേക്കും. വെള്ളപ്പൊക്കമുണ്ടാകുന്ന അവസരങ്ങളിൽ ഈ കുഴലുകൾ വഴി തോടുകളിൽ നിന്ന് വെള്ളം പുരയിടങ്ങളിലേക്ക് കയറാതിരിക്കാൻ കുഴലുകളുടെ നിർഗ്ഗമന ഭാഗത്ത് ഷട്ടർ സംവിധാനം കൂടി ഏർപ്പെടുത്തേണ്ടതാണ്.

**വെള്ളപ്പൊക്ക നിയന്ത്രണം**

ആമയിഴഞ്ചാൻ തോടിന്റെ ഇരു കരകളും ആക്കുളം കായൽ വരെ പാറകെട്ടി ഉയർത്തി

ഉറപ്പിക്കുകയും അതോടൊപ്പം ഇരുകരകളും ഗതാഗതയോഗ്യമാക്കി മാറ്റുകയും ചെയ്യുന്നത് വർഷകാലത്ത് തോട് കവിഞ്ഞൊഴുകി കൃഷി നാശം ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമാണ്. ഇതേ ലക്ഷ്യത്തോടെ പാർവ്വതീപുത്തനാറിന്റെ ഇരുകരകളും ഉയർത്തിക്കെട്ടേണ്ടതാണ്.

**കൂട്ടായ്മ**

ജനകീയാടിസ്ഥാനത്തിൽ പഞ്ചായത്തിലാകെ കൃഷി വ്യാപകമായി വികസിപ്പിക്കുന്നതിന് കൂട്ടായ്മ ഒരു പ്രധാന ഘടകമാണ്. ഇവിടെ നാം കൂട്ടായ്മയെന്നുദ്ദേശിക്കുന്നത് കൂട്ടുകൃഷി സമ്പ്രദായമല്ല. കർഷകരുടെ അറിവും, പരിചയസമ്പത്തും, അനുഭവങ്ങളും പരസ്പരം പങ്കിടുന്ന കർഷകരുടെ ഭാഗത്തുള്ള കൂട്ടായ്മ ഒരു വശത്ത്. മറുഭാഗത്ത് കൃഷിക്ക് സാങ്കേതികത്വവും, സഹായവും, നേതൃത്വവും നൽകുന്നതിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഫലപ്രദമായ ഏകീകരണം സാദ്ധ്യമാകുന്ന കൂട്ടായ്മ. ഇത് രണ്ടും കൂട്ടിയിണക്കിക്കൊണ്ടു മാത്രമേ കൃഷി പരിപോഷിപ്പിക്കാനാകൂ. കർഷകന്റെ വിവിധ ആവശ്യങ്ങൾ ഒരു കുടക്കീഴിൽ പരിഹാരം കാണുന്ന സംവിധാനം ഉണ്ടാകണം.

**കൂലി ഏകീകരണം, തൊഴിൽ- തൊഴിലാളി ലഭ്യത**

നാളികേര വിളവെടുപ്പിന് പഞ്ചായത്തു പ്രദേശത്തുള്ള വിവിധ സ്ഥലങ്ങളിൽ വിവിധ കൂലി നിരക്കാണ്, തെങ്ങിന് ഒരു തേങ്ങ, അഞ്ചു രൂപാ ഒരു തെങ്ങിന് എന്നീ വിവിധ നിരക്കുകൾ ഇപ്പോൾ നിലവിലുണ്ട്. പഞ്ചായത്തു പ്രദേശത്താകെ ഇതിന് ഒരു ഏകീകരണം ഉണ്ടാകുന്നത് കർഷകർക്ക് സഹായകരമാണ്. എല്ലാവിധ കർഷകതൊഴിലാളികളുടേയും കൂലി ഏകീകരണവും തൊഴിൽ- തൊഴിലാളി ലഭ്യത ക്രമപ്പെടുത്തലും പഞ്ചായത്തടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നതിനുള്ള സംവിധാനമുണ്ടാകണം.

**കൃഷി വിദ്യാഭ്യാസം**

കർഷകർക്ക് സമൂഹത്തിൽ അർഹിക്കുന്ന മാന്യത നൽകാതെ അവരെ രണ്ടാംകിട പൗരന്മാരായി കാണുക മൂലം പുതിയ തലമുറ വൈറ്റ്കോളർ തൊഴിൽ അന്വേഷകരായി മാറുന്നു. തന്മൂലം നമ്മുടെ കാർഷിക രംഗം പരമ ദയനീയാവസ്ഥയിലേക്ക് വഴുതി വീണുകൊണ്ടിരിക്കുന്നു. ഇതിന് പരിഹാരം കണ്ടേ മതിയാകൂ. ഏത് മേഖലയിൽ വ്യാപരിക്കുന്നവർക്കും ജീവസന്ധാരണത്തിന് കർഷകന്റെ അദ്ധ്വാന ഫലം കൂടിയേ തീരൂ എന്നിരിക്കെ അവരൊക്കെത്തന്നെ കർഷകനേയും കാർഷികവൃത്തിയേയും മറക്കുന്നില്ലേയെന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് പ്രാഥമിക തലം മുതൽ തന്നെ കരിക്കുലത്തിൽ കൃഷിക്ക് പ്രാധാന്യം നൽകി ബോധവൽക്കരിക്കേണ്ടതുണ്ട്. ഇങ്ങനെ ചെയ്യുന്നത് കലാശാലയിലെത്തുമ്പോഴേക്കും കർഷകരുടേയും കാർഷികവൃത്തിയുടേയും മാന്യത യുവതലമുറയുടെ ഹൃദയങ്ങളിൽ പ്രതിഫലിപ്പിക്കുന്നതിന് ഉതകിയേക്കും.

**എട്ടാം പഞ്ചവത്സര പദ്ധതി അവലോകനം**

എട്ടാം പദ്ധതിക്കാലത്ത് കൃഷിഭവൻ മുഖാന്തിരം നടപ്പാക്കപ്പെട്ട വിവിധ പദ്ധതി പ്രവർത്തനങ്ങളിലേക്ക് കണ്ണോടിക്കുന്നത് ഒമ്പതാം പദ്ധതി രൂപീകരണത്തിന് മാർഗ്ഗദർശകമാണല്ലോ. പച്ചക്കറി കൃഷി വീട്ടുപരിസരത്ത് നടത്തുന്നതിന് സ്ക്കൂൾ കുട്ടികൾ മുഖേന 2500 പായ്ക്കറ്റ് വിത്തിനങ്ങൾ വിതരണം ചെയ്യപ്പെട്ടുവെങ്കിലും ഭൂരിഭാഗവും പ്രയോജനപ്പെടുത്തപ്പെട്ടില്ല. പച്ചില വളച്ചെടിയുടെ കാര്യത്തിൽ സൺഹെംപ് ഇനത്തിൽപെട്ട വിത്തുകൾ പ്രതിവർഷം 200 കിലോ ഗ്രാം വീതമാണ് വിതരണം ചെയ്തത്. കിലോഗ്രാമിന് 14 രൂപാവിലയുള്ള ഈ വിത്തിന് 3 രൂപയാണ് സബ്സിഡി. ഇതും പഞ്ചായത്തിലാകെ പ്രയോജനപ്പെടുതതിക്കാണുന്നില്ല. നല്ലയിനം വിത്തുകൾ സൗജന്യനിരക്കിൽ കൂടുതലായി നൽകുകയും വ്യാപകമായ ബോധവൽക്കരണം നടത്തുകയും സന്നദ്ധസംഘങ്ങളുടെ സഹകരണത്തോടുകൂടി പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെയല്ലാതെ ഇവയൊന്നും പ്രയോജനപ്പെട്ടുവരാനിടയില്ല.

ഓരോവർഷവും മണ്ണിന്റെ 300 സാമ്പിളുകൾ ശേഖരിച്ച് പരിശോധിപ്പിച്ച് മണ്ണ് പരിപോ

ഷിപ്പിക്കുന്നതിന് ആവശ്യമായ വളപ്രയോഗം നിർദ്ദേശിക്കുന്നുണ്ടെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. നാളികേര കൃഷിപ്പാടങ്ങളിൽ 50 ശതമാനം സബ്സിഡിയോടെ നടപ്പാക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി ഈ പഞ്ചായത്തിൽ 50 സെന്റ് സ്ഥലമുള്ള ഒരു പ്ലോട്ടിൽ മാത്രമാണ് നടത്താനായത്. കേന്ദ്രഗവൺമെന്റിന്റെ സഹായമുള്ള ഈ പദ്ധതി പഞ്ചായത്തിലാകെ കൃഷിയാവശ്യത്തിന് ജലം ലഭ്യമാക്കുന്നതിന് ഉപകരിക്കുന്നില്ല എന്ന് വ്യക്തമാകുന്നു.

പച്ചക്കറികൃഷി ചെയ്യുന്ന മഹിളാ സമാജങ്ങൾക്ക് വിത്ത് സൗജന്യമായും വളം സബ്സിഡി നിരക്കിലും നൽകുന്ന പദ്ധതിപ്രകാരം നിശ്ചിത 10 സെന്റ് ഭൂമി വീതമുള്ള 14 യൂണിറ്റുകൾ ആരംഭിച്ചതായി പറയുന്നുവെങ്കിലും പല മഹിളാ സംഘടനകളും ഇതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നില്ല.

ചേമ്പ്, മധുരക്കിഴങ്ങ്, കൂർക്ക തുടങ്ങിയവയുടെ വിത്തിന കിറ്റുകൾ സൗജന്യമായി നൽകുന്ന പദ്ധതി പ്രകാരം ഏഴ് കിറ്റുകളാണ് പദ്ധതി കാലത്ത് വിതരണം ചെയ്തത്. 25 സെന്റ് ഭൂമിയുള്ളവർക്കേ ഈ സൗജന്യകിറ്റുകൾ നൽകൂ എന്ന നിബന്ധനയാണ് ഫലപ്രദമായി ഈ പദ്ധതി നടത്തുന്നതിന് തടസ്സമായി നിൽക്കുന്നത്. കിഴങ്ങു വർഗ്ഗങ്ങളായ ചേന, ചേമ്പ്, മധുരക്കിഴങ്ങ്, കാച്ചിൽ തുടങ്ങിയവ ഇടവിളയായി വ്യാപകമായ തോതിൽ കൃഷി ചെയ്യുന്നതിന് 25 സെന്റ് ഭൂമി വേണമെന്നത് 10 സെന്റായി ഭേദഗതിപ്പെടുത്തുന്നത് ഈ പദ്ധതി കുറച്ചുകൂടി വ്യാപകമാക്കുന്നതിന് സഹായിക്കും.

എട്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പച്ചക്കറികളുടേയും പഴവർഗ്ഗങ്ങളുടേയും കൃഷി വികസനത്തിനായി വിവിധ തരങ്ങളിലുള്ള പച്ചക്കറി സസ്യങ്ങളുടേയും പഴവർഗ്ഗ സസ്യങ്ങളുടേയും നടീൽ വസ്തുക്കൾ സൗജന്യമായും സബ്സിഡി നൽകിയും വിതരണം ചെയ്തു.

അവ സംബന്ധിച്ച ഏതാനും വിവരങ്ങൾ 29-ാം പേജിൽ പട്ടികയായി കൊടുത്തിരിക്കുന്നു.

കമ്പോസ്റ്റുല്പാദനം നടത്തുന്നതിന് ഒരു കുഴിക്ക് 25 രൂപാനിരക്കിൽ 100 കർഷകർക്ക് സബ്സിഡി നൽകുകയും അഞ്ചു കേന്ദ്രങ്ങളിൽ പരിശീലനം നൽകുകയും ചെയ്തു. സബ്സിഡി നിരക്ക് 100 രൂപയായി ഉയർത്തുന്നത് കമ്പോസ്റ്റുല്പാദനം വ്യാപകമാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

തെങ്ങിൻ തോട്ടത്തിലെ മണ്ണ് പരിവർത്തനത്തിനായി പദ്ധതിക്കാലത്ത് വണ്ടൽ കോരിയിട്ട വകയിൽ 35000 രൂപ ചെലവാക്കി. ഇത് ആവശ്യവുമായി തട്ടിച്ചാൽ ഒട്ടും പര്യാപ്തമല്ല. പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തി പ്രദേശത്താകെ ഈ രീതിയിൽ മണ്ണ് പരിവർത്തനം നടത്തേണ്ടതുണ്ടെന്നതിനാൽ കൂടുതൽ ബൃഹത്തായ പദ്ധതിയായി ഇത് രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

1993-94 ലെ പ്രധാനമന്ത്രിയുടെ പ്രോഗ്രാം അനുസരിച്ച് ഒരു കിണറിന് 1800 രൂപയും ഒരു പമ്പ് സെറ്റിന് 1000 രൂപയും സബ്സിഡി നൽകിക്കൊണ്ട് ആറ് കിണറുകൾ നിർമ്മിക്കുകയും 2 പമ്പ് സെറ്റുകൾ നൽകുകയും ചെയ്തു.

പട്ടികജാതി- പട്ടികവർഗ്ഗങ്ങൾക്കായി പദ്ധതിക്കാലത്ത് 50,000 രൂപ മൊത്തം സബ്സിഡി നൽകി 24 കിണറുകളും, 1,62, 500 രൂപ ചെലവ് ചെയ്ത 13 ഫാം ഹൗസുകളും നിർമ്മിക്കുകയും 50 കുറ്റിമുല്ലയൂണിറ്റുകൾക്കായി 20,000 രൂപയും 10 പച്ചക്കറി യൂണിറ്റുകൾക്കായി 2,000 രൂപയും 3 ഏത്തവാഴ യൂണിറ്റുകൾക്കായി 11,250 രൂപയും നാളികേര കൃഷിക്കായി 120 രൂപയും നൽകുകയുണ്ടായി.

കുരുമുളക് കൃഷിക്കായി 50% സൗജന്യത്തോടെ 1000 നടീൽ വസ്തു വിതരണം ചെയ്തു. പുഷ്പകൃഷിയ്ക്ക് വിത്ത്, വളം എന്നിവയായി രണ്ട് യൂണിറ്റുകൾക്ക് തെങ്ങിൻതോപ്പുകളിൽ ഇടവിളയായി വാഴ കൃഷി ചെയ്യുന്നതിന് പദ്ധതിക്കാലത്ത് 10,200 രൂപ ചെലവഴിച്ചു. വളരെ ജനപ്രീതി പിടിച്ചുപറ്റിയ ഒരു പരിപാടിയെന്നതിനാലും ഇടവിളകൃഷി പരിപോഷിപ്പിക്കേണ്ട ഒന്നായതിനാലും വാഴക്കൃഷി സൗജന്യനിരക്കിൽ നടീൽ വസ്തുവും വളവും നൽകി

എട്ടാം പദ്ധതിക്കാലത്ത് നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | 1993-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങിൻ തൈ | 450 എണ്ണം (WCT)<br>50 (T X D) | 100 എണ്ണം | 700 എണ്ണം ( WCT)<br>65 ,, (T X D)<br>35 ,, (DXT)<br>150 ,, (S.C.Pസ്കീം) |
| കുരുമുളക് വള്ളി | 1000 ,, | 1800 ,, | 1875 ,, |
| വാഴക്കന്ന് | 200 ,, | | |
| മാവിൻതൈ | 50 ,, | | 10 ,, |
| കശുമാവിൻതൈ | | 32 ,, | |
| ജാതിതൈ | 100 ,, | | |
| പ്ലാവിൻതൈ | 25 ,, | 10 ,, | 15 ,, |
| ഗ്രാമ്പൂതൈ | 30 ,, | 25 ,, | 50 ,, |
| ജാംബതൈ | | 55 ,, | 30 ,, |
| പേരതൈ | 50 ,, | 10 ,, | |
| കറുകപ്പട്ടതൈ | | 3 ,, | 10 ,, |
| വെണ്ടവിത്ത് | 90 പാക്കറ്റ് | | |
| പയറുവിത്ത് | 30 ,, | 100. കി.ഗ്രാം. | 92 കി.ഗ്രാം |
| പടവലം,. പാവൽവിത്ത് | 68 ,, | | |
| പച്ചക്കറി വിത്ത് | 600 ,, (വിദ്യാർത്ഥികൾക്ക്)<br>8,, (മഹിളാ സമാജം) | 10 പായ്ക്കറ്റ് (പച്ചക്കറികിറ്റ്) | 500 പാക്കറ്റ് (വിദ്യാർത്ഥികൾക്ക്) |
| ഉഴുന്നു വിത്ത് | 112 കി.ഗ്രാം | | |
| ചീരവിത്ത് | 80 പായ്ക്കറ്റ് | | |
| ഡേൻചവിത്ത് | | | 160 കി.ഗ്രാം |
| കത്തിരിവിത്ത് | 10 പാക്കറ്റ് | | |
| കിഴങ്ങുവർഗ്ഗ കിറ്റ് | | 7 എണ്ണം | |
| കൈതചക്ക കന്ന് | 40 എണ്ണം | | |
| പപ്പായതൈ | 10 എണ്ണം | | |
| റൈസോബ്യം കൾച്ചർ | 1.4. കി.ഗ്രാം | | |
| എള്ള് | 15 കി.ഗ്രാം | | |
| മഞ്ഞൾ | 2 പാക്കറ്റ് | | |
| ഇഞ്ചി | 4 കിറ്റ് | | |
| സപ്പോട്ടതൈ | 15 എണ്ണം | 15 എണ്ണം | 5 എണ്ണം |
| വടുകപ്പുളിതൈ | | 10 എണ്ണം | 10 എണ്ണം |
| ചെറി തൈ | 10 എണ്ണം | 12 എണ്ണം | 12 എണ്ണം |
| കൊക്കോ തൈ | | 50 എണ്ണം | |
| ബയോഫെർട്ടിലൈസർ | | | 12 കി.ഗ്രാം |

വ്യാപകമാക്കേണ്ടതാണ്.

പദ്ധതിക്കാലത്ത് തെങ്ങിൻ തോട്ടങ്ങളിൽ രാസവളപ്രയോഗത്തിനായി വളക്കിറ്റുകൾ വിതരണം ചെയ്തതിന് സബ്സിഡിയിനത്തിൽ 17,400 രൂപ ചെലവാക്കി.

പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 103 ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്തു. ഒരു എണ്ണയാട്ട് യൂണിറ്റിന് 25,000 രൂപയും ഒരു മൊബൈൽ പച്ചക്കറിയൂണിറ്റിനായി 5000 രൂപയും ചെലവാക്കി

1995-96 ലെ നടപ്പുപദ്ധതിപ്രകാരം സമഗ്ര നാളികേരവികസന പദ്ധതിയിൽ 25 കിണറും 25 പമ്പുസെറ്റും സ്ഥാപിക്കാൻ 30 സെന്റ് ഓരോ കൃഷിക്കാരനും ഉണ്ടായിരിക്കണമെന്ന നിബന്ധനയുള്ളതുകാരണം ആവശ്യത്തിന് അപേക്ഷകരില്ല.ഏരിയ 15-സെന്റായി കുറച്ചാൽ കൂടുതൽ പേർക്ക് പ്രയോജനപ്പെടുത്താനാവും.

**കൃഷിഭവൻ**

ഒരു കൃഷി ആഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരും ഒരു പാർട്ട്-ടൈം സ്വീപ്പറും അടങ്ങുന്നതാണ് കടകംപള്ളി കൃഷിഭവന്റെ ആഫീസ് സംവിധാനം. കടകംപള്ളി പഞ്ചായത്തതിർത്തിയാണ് കൃഷിഭവന്റെയും അധികാരാതിർത്തിയും, പ്രവർത്തനമേഖലയും. മുൻകാലങ്ങളിൽ ചില പ്രത്യേക പദ്ധതികളുടെ ഭാഗമായി മാതൃകാ കൃഷിത്തോട്ടങ്ങളും മറ്റും ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ അത്തരം ഒരു കേന്ദ്രവും കൃഷിഭവന്റെ കീഴിൽ നിലവിലില്ല. കൃഷിഭവന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. കൃഷിഭവന് സ്വന്തമായ കെട്ടിടവും മാതൃകാ കൃഷിക്കാവശ്യമായ സ്ഥലവും ലഭ്യമാക്കണം. 50% സബ്സിഡി നൽകിയ വകയിൽ 2000 രൂപ ചെലവായി. ഓർക്കിഡ്, ആന്തൂറിയം എന്നീ പുഷ്പചെടികൃഷിക്കായുള്ള ഗ്രീൻ ഹൗസ് ഉണ്ടാക്കാൻ ഒരു ചതുരശ്ര മീറ്ററിന് 62 രൂപ 50 പൈസ നിരക്കിൽ 20,250 രൂപ പദ്ധതിക്കാലത്ത് സബ്സിഡിയിനത്തിൽ ചെലവാക്കി.

കൊക്കോ കൃഷി ചെയ്യുന്നതിന് 1500 രൂപ സബ്സിഡി നൽകി പമ്പ് സെറ്റ് നൽകുന്ന ഒരു പദ്ധതിയുണ്ട്. കൊക്കോ കൃഷി ഈ പഞ്ചായത്തിന് അനുയോജ്യമല്ലാത്തതിനാൽ ഈ പദ്ധതി ഇവിടെ തുടരേണ്ടതില്ല.

പദ്ധതിക്കാലത്ത് സൗജന്യനിരക്കിൽ ജീവാണു വള പ്രയോഗത്തിനായി 900 രൂപാ ചെലവാക്കി മൂന്നുപേർക്ക് വളം നൽകിയിട്ടുണ്ട്. നമുക്ക് നേടേണ്ട കാർഷിക പുരോഗതിയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇത് വളരെ പരിമിതമാണ്.

20 സെന്റുള്ള ഒരു യൂണിറ്റിന് 5000 രൂപ പച്ചക്കറി കൃഷിക്കായി ചെലവഴിച്ചു. ഇതിന് കുറഞ്ഞത് 20 സെന്റ് ഭൂമിവേണം എന്ന നിബന്ധന 10 സെന്റായി ഭേദഗതിപ്പെടുത്തിയാൽ ആനുകൂല്യം വ്യാപകമാക്കി പച്ചക്കറി കൃഷി വികസിപ്പിക്കാനാവും.

സമഗ്രനാളികേര വികസന പദ്ധതിപ്രകാരം എട്ടാം പദ്ധതിക്കാലത്ത് 63,220 രൂപ സബ്സിഡി നൽകി 27 കിണറുകളും 1,02, 500 രൂപ സബ്സിഡി നൽകി 41 പമ്പു സെറ്റുകൾ സ്ഥാപികക്കുകയും , പട്ടികജാതിക്കാർക്കായി 30 സെന്റുള്ള തെങ്ങിൻ പുരയിടങ്ങളിൽ കിണറ് കുഴിക്കാനായി 7500 രൂപയും പച്ചിലവളച്ചെടി വിത്ത് നൽകിയതിന് 500 രൂപ സബ്സിഡിയും റോക്കർ സ്പെയർ വാങ്ങാൻ വേണ്ടി രണ്ടുപേർക്കായി 2000 രൂപയും രണ്ട് തേങ്ങപൊതിക്കൽ യന്ത്രത്തിന് 1000 രൂപയും 4 തെങ്ങ് കയറ്റ യന്ത്രത്തിന് 1000 രൂപയും ചെലവഴിക്കുകയും ചെയ്തു.

**പ്രശ്നങ്ങൾ**

- ❑ കൃഷിയിടങ്ങൾ കുറഞ്ഞു വരുന്നു. (പട്ടണവൽക്കരണം മൂലം)
- ❑ വെള്ളപ്പൊക്കം, കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവ മൂലമുള്ള കൃഷിനാശം
- ❑ കർഷകതൊഴിലാളികളുടേയും തെങ്ങുകയറ്റ തൊഴിലാളികളുടേയും ലഭ്യത കുറഞ്ഞുവരുന്നു.

- ❑ തെങ്ങിന്റെ ഇടയകലം അസാധാരണമാം വിധം കുറവ്.
- ❑ ഉല്പന്നങ്ങൾക്ക് സുരക്ഷിതത്വമില്ലായ്മ.
- ❑ മണ്ണിലെ അമ്ലത്വം
- ❑ ജൈവവള ലഭ്യതക്കുറവ്.
- ❑ തെങ്ങുകൾക്ക് രോഗ, കീടബാധ, കീടനാശിനി പ്രയോഗത്തിന് വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്
- ❑ വേനൽക്കാലത്ത് ജലദൗർലഭ്യം, ഇറിഗേഷൻ പദ്ധതികളില്ലായ്മ.
- ❑ ചതുപ്പു ഭാഗങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നു.
- ❑ 30 സെന്റ് ഭൂമിയില്ലാത്തവർക്ക് സബ്സിഡിയോടെ പമ്പ് സെറ്റ് വയ്ക്കാനാവുന്നില്ല.
- ❑ നല്ലയിനം വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ലഭ്യതക്കുറവ്.
- ❑ കൃഷിക്കാർക്ക് പരിശീലനക്കുറവ്.
- ❑ രാസവള, കീടനാശിനി വിതരണ സംവിധാനമില്ലായ്മ.
- ❑ ഉല്പന്നങ്ങൾക്ക് കൃഷിച്ചെലവിന് ആനുപാതികമായ വരുമാനം ലഭിക്കായ്ക.
- ❑ പച്ചക്കറികൃഷിയും കോഴിവളർത്തലും ഒരുമിച്ച് നടത്തുന്നതിലുള്ള ബുദ്ധിമുട്ട്.
- ❑ കൃഷിയിടങ്ങൾ കാർഷികേതരയാവശ്യങ്ങൾക്ക് മാറ്റിയെടുക്കൽ
- ❑ വായ്പാ സമ്പ്രദായത്തിന്റെ അപര്യാപ്തത.
- ❑ കൂട്ടായ്മയില്ലായ്മ.
- ❑ കൃഷിയിടങ്ങൾ തരിശിടുന്നു
- ❑ കൃഷി ഭവന്റെ സജീവ പങ്കാളിത്തക്കുറവ്

**സാദ്ധ്യതകൾ**

- ☆ വിഭവ ഭൂപട നിർമ്മാണം, നീരൊഴുക്കു സർവ്വേ ഒരു വർഷം കൊണ്ട് പൂർത്തിയാക്കുക
- ☆ ആമയിഴഞ്ചാൻ തോടിന്റേയും പാർവ്വതീപുത്തനാറിന്റെയും ഇരു കരകളും ഉയർത്തിക്കെട്ടി വെള്ളപ്പൊക്കം നിയന്ത്രിച്ച് കൃഷിയെ രക്ഷിക്കാം.
- ☆ ആഫ്രിക്കൻ പായലും കുളവാഴയും കമ്പോസ്റ്റ് ഉല്പാദനത്തിനുപയോഗിക്കാം.
- ☆ കൂലി ഏകീകരണത്തിനും തൊഴിൽ- തൊഴിലാളി ലഭ്യതയ്ക്കും പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം.
- ☆ മുറിച്ചുമാറ്റപ്പെടുന്ന തെങ്ങുകൾക്കു പകരം തൈകൾ നടുമ്പോഴും പുതുതായി തെങ്ങ് കൃഷി ആരംഭിക്കുമ്പോഴും തെങ്ങിന്റെ ഇടയകലം ശാസ്ത്രീയമായി ക്രമീകരിക്കാം.
- ☆ മണ്ണിലെ അമ്ലത്വം ഇല്ലാതാക്കാൻ കുമ്മായ പ്രയോഗവും ജൈവ വളപ്രയോഗവും നടത്താം.
- ☆ കേന്ദ്രീകൃത കമ്പോസ്റ്റുല്പാദനം, ഇടവിള കൃഷി, വീടുകൾ തോറും കമ്പോസ്റ്റു കുഴി എന്നിവയിലൂടെ ജൈവവള സിദ്ധി കൈവരുത്താം.
- ☆ പഞ്ചായത്തിലാകെ ഒറ്റയടിക്ക് വാർഡ് അടിസ്ഥാനത്തിൽ കീടനാശിനി പ്രയോഗം
- ☆ ജലസംരക്ഷണത്തിനുള്ള പദ്ധതികൾ, സമൂഹ ജലസേചന പദ്ധതി, വ്യക്തി ഗത ജലസേചന പദ്ധതി എന്നിവയിലൂടെ ജലദൗർലഭ്യം ഒഴിവാക്കൽ.
- ☆ ചതുപ്പു ഭാഗങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം വാർന്നു പോകാൻ തോടുകളിലേക്ക് നിർഗ്ഗമനക്കുഴലുകൾ സ്ഥാപിക്കുന്ന സംവിധാനം.
- ☆ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള മിനിമം ഭൂമി നിബന്ധന ലഘൂകരിക്കൽ
- ☆ കേന്ദ്രീകൃതാടിസ്ഥാനത്തിൽ പഞ്ചായത്തിൽ വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കാം.
- ☆ കൃഷി പരിശീലനത്തിന് വാർഡടിസ്ഥാന ത്തിൽ തുടർ പരിപാടി ഏർപ്പെടുത്തൽ

☆ പഞ്ചായത്തു പ്രദേശത്ത് രാസവള, കീടനാശിനി ഡിപ്പോ സ്ഥാപിക്കൽ

☆ പൊതുമേഖലയിലോ സഹകരണമേഖലയിലോ സംഭരണ, വിപണന സംവിധാനം.

☆ കൃഷിയുല്പന്നങ്ങളുടെ അടിസ്ഥാനത്തിലുള്ള വ്യവസായ സംരംഭങ്ങൾ

☆ സംഭരണ , വിപണന സംവിധാനത്തോടെ പച്ചക്കറി കൃഷി വികസനം- കൃഷി ഭവന്റെയും പഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ.

☆ ബാക്ക് യാർഡ് സിസ്റ്റത്തിലുള്ള കോഴികൃഷിക്ക് ചെറുയൂണിറ്റുകൾ സ്ഥാപിച്ച് കോഴികൃഷി ചെയ്യുന്നതിലൂടെ കൃഷിനാശം ഒഴിവാക്കാം.

☆ പുഷ്പകൃഷി, ഔഷധച്ചെടി കൃഷി, കൂൺകൃഷി

☆ മഴവെള്ളം സംരക്ഷിക്കാൻ തവാരണകൾ - തവാരണകളിൽ പുൽകൃഷി

☆ ഗ്രൂപ്പ് ഗാരണ്ടി സിസ്റ്റത്തിലും കൃഷി ഭൂമി പണയപ്പെടുത്തിയും സഹകരണമേഖലാ ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കാൻ ആവശ്യമായ ഉദാരവ്യവസ്ഥകൾ

☆ കർഷകന്റെ വിവിധ കാർഷിക ആവശ്യങ്ങൾ ഒരു കുടക്കീഴിൽ പരിഹാരം കാണുന്നതിന് സംവിധാനം

☆ കൃഷി സംബന്ധമായ ബോധവൽക്കരണം, മേൽനോട്ടം, സന്നദ്ധപ്രവർത്തനം

☆ തരിശ് കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യാൻ സംവിധാനം.

☆ മണ്ണ് പരിവർത്തനം.

☆ വ്യാപകമായ ഇടവിളകൃഷി

☆ വിദ്യാർത്ഥികൾക്ക് സ്ക്കൂൾ തലം മുതൽ കരിക്കുലത്തിൽ കൃഷിക്ക് പ്രാധാന്യം നൽകി ബോധവൽക്കരണവും പരിശീലനവും .

☆ കൃഷിഭവന്റെ സജീവത

☆ പട്ടികജാതി വിഭാഗങ്ങൾക്ക് സ്പെഷ്യൽ കംപോണന്റ് പദ്ധതി പ്രകാരം പുരയിടകൃഷിക്ക് പ്രത്യേക സൗജന്യങ്ങൾ ലഭ്യമാക്കുക.

❄





# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

തിരുവനന്തപുരം കോർപ്പറേഷനോട് ചേർന്നു കിടക്കുന്ന കാർഷിക ഗ്രാമമാണ് കടകംപള്ളി പഞ്ചായത്ത്. കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലി വളർത്തൽ. നിലം ഉഴുന്നതിനും വണ്ടിവലിക്കുന്നതിനും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു.

പാടങ്ങൾ നികത്തി അതിൽ കെട്ടിടപണിയും തെങ്ങുകൃഷിയും വ്യാപകമായതോടെ നെൽകൃഷി ഇല്ലാതായിതീർന്നു. തൻനിമിത്തം കാള, പോത്ത് മുതലായ ഉഴവു മാടുകളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞു പോയി.

ഈ പഞ്ചായത്തിൽ ഇപ്പോൾ പ്രധാനമായി വളർത്തി വരുന്നത് പശു, എരുമ, ആട് എന്നിവയാണ്. മൃഗസംരക്ഷണ മേഖലയിൽ ഉല്പാദനവും, ഉല്പാദനക്ഷതയും വർദ്ധിപ്പിച്ച് ജനപങ്കാളിത്തത്തോടുകൂടി സമഗ്രമായ ഒരു വികസന പദ്ധതി രൂപപ്പെടുത്തിയാൽ ഗ്രാമീണ ജനങ്ങൾക്ക് തൊഴിലവസരവും സാമ്പത്തിക നേട്ടവും ഉണ്ടാകും.

മുപ്പതു വർഷം മുമ്പ് വീട്ടാവശ്യം മാത്രം നിറവേറ്റിക്കൊണ്ടിരുന്ന നാടൻ പശുക്കൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. വണ്ടിക്കാളകളും നിലം ഉഴുന്നതിനുള്ള പോത്തുകളും ഇവിടെ ധാരാളം ഉണ്ടായിരുന്നു. കുളമ്പുരോഗം, കാലിപ്ലേഗ് , അടപ്പൻ, കുരലടപ്പൻ എന്നീ മാരക രോഗങ്ങൾ ഇവിടത്തെ കാലികൾക്ക് ഒരു തീരാശാപമായിരുന്നു. അന്ന് നാട്ടു ചികിത്സാ സമ്പ്രദായങ്ങൾ കുറഞ്ഞ അളവിൽ ആശ്വാസം നൽകിയിരുന്നു.

ഇന്ന് ഈ പഞ്ചായത്തിലെ ചെറുകിട കർഷകർക്കും, ഭൂരഹിത കർഷകർകക്കും നല്ല ഇനം സങ്കര വർഗ്ഗ പശുക്കളും എരുമകളും നല്ല വരുമാന മാർഗ്ഗമായി തീർന്നിട്ടുണ്ട്. കടകംപള്ളി പഞ്ചായത്തിൽ ഏകദേശം 13.40 ലക്ഷം ലിറ്റർ പാൽ, പശു, എരുമ എന്നിവയിൽ നിന്നും വാർഷിക ഉല്പാദനമായി ലഭിക്കുന്നുണ്ട്. ഇതിന്റെ മൂല്യം ലിറ്ററിന് 10 രൂപ ക്രമത്തിൽ 1.34 കോടി രൂപയാണ്. ജൈവ വളത്തിന്റെ ലഭ്യത പ്രതിവർഷം 1.70 കോടി കിലോഗ്രാമാണ്. ഇതിന്റെ മൂല്യം 30 ലക്ഷം രൂപയാണ്. അടുത്ത കാലത്തായി പശുക്കളുടെയും എരുമകളുടെയും എണ്ണം വളരെ കുറഞ്ഞുകാണുന്നു. ഇതിനുള്ള ഫ്രധാനകാരണം കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധന, കിട്ടുന്ന തീറ്റയുടെ ഗുണനിലവാരക്കുറവ് നല്ല ഇനം പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം, ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതകുറവ്, ക്ഷീര സഹകരണ സംഘത്തിന്റെ പ്രവർത്തനരാഹിത്യം എന്നിവയാണ്.

കടകം പള്ളി പഞ്ചായത്തിൽ മൃഗാശുപത്രി തുടങ്ങിയിട്ട് 8 മാസമേ ആയിട്ടുള്ളൂ. ഈ ആശുപത്രിയിൽ ഒരു വെറ്റിനറി സർജനും ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അറ്റന്ററും ഒരു പാർടൈം തൂപ്പുകാരനും ആണുള്ളത്. ഒരു സ്വകാര്യ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഒരു ആശുപത്രിക്കുവേണ്ട സൗകര്യങ്ങളൊന്നുമില്ല. ഇപ്പോൾ പ്രതിദിനം ഒൻപത് മൃഗങ്ങളെ ചികിത്സക്കായി കൊണ്ടു വരുന്നുണ്ട്. ഇതിനുപരി കർഷക ഗൃഹങ്ങളിൽ പോയി വേണ്ട ചികിത്സ അതാതു സമയം ചെയ്തു കൊടുക്കുന്നുണ്ട്. കന്നുകാലികൾക്കും നായ്ക്കൾക്കുമുള്ള പ്രതിരോധ കുത്തിവെപ്പുകൾ നടത്തുന്നുണ്ട്. മൃഗസംരക്ഷണത്തിനുള്ള പ്രശ്നപരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും സമയാസമയങ്ങളിൽ

നടത്തുന്നുണ്ട്. 1986 മുതൽ കരിക്കകത്തുള്ള മാധവപുരം ഉപകേന്ദ്രം പ്രവർത്തിച്ചു വരുന്നു. ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു പാർട്ടൈം തൂപ്പുകാരനും അവിടെ പ്രവർത്തിച്ചു വരുന്നു. ഈ ഉപകേന്ദ്രത്തിൽ കൃത്രിമ ബീജദാനം കോഴിക്കുള്ള കുത്തിവെപ്പ്, പ്രഥമ ശുശ്രൂഷ എന്നീ സേവനങ്ങൾ കർഷകർക്ക് ലഭിച്ചുവരുന്നു. ഇപ്പോഴുള്ള ആശുപത്രിയിൽ സേവന സാമഗ്രികൾ എത്തിച്ച് ഇതിന്റെ പ്രവർത്തന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

കഴിഞ്ഞ പഞ്ചവത്സരപദ്ധതി കാലത്ത് നടപ്പിലാക്കിയ പദ്ധതികളെപ്പറ്റിയുള്ള സ്ഥിതി വിവരക്കണക്കുകൾ താഴെ ചേർക്കുന്നു.

1991-92 കാലയളവിൽ SCP സ്ക്കീം അനുസരിച്ച് നെല്ലിക്കുഴി ഭാഗത്ത് പതിനഞ്ചു കുടുംബങ്ങൾക്ക് കോഴികളും തീറ്റയും വിതരണം ചെയ്തിട്ടുണ്ട്. (1 യൂണിറ്റിന് 10 പിടക്കോഴിയും 1 പൂവനും 14 കിലോഗ്രാം തീറ്റയും)

ഒരു യൂണിറ്റിന് ഒരു കറവയുള്ള ആടു വീതം 10 യൂണിറ്റിന് കമ്പിക്കകം ഭാഗത്ത് കൊടുത്തിട്ടുണ്ട്.

92-93 ൽ ഗുഡ്സ് യാർഡ് കോളനിയിൽ 10 യൂണിറ്റ് ആട്ടിൻ കുട്ടികളെ വിതരണം ചെയ്യാൻ ഒരു സ്ക്കീം ഉണ്ടായിരുന്നു. ഒരു ആട്ടിൻ കുട്ടിക്ക് 300 രൂപയും ആട്ടിൻ കൂടിന് 300 രൂപയുമായിരുന്നു പദ്ധതി തുക. ഇതിൽ 5 യൂണിറ്റിനു മാത്രമേ ആവശ്യക്കാർ ഉണ്ടായിരുന്നുള്ളൂ. 93-94, 94-95, 95-96 ഈ കാലയളവിൽ ഒരു സ്ക്കീമും നടപ്പിലാക്കിയിട്ടില്ല.

നടപ്പു വർഷത്തിൽ 240 പേർക്ക് കോഴി വിതരണം ചെയ്യുന്നതിനും ഈറോഡ് കോളനിയിലുള്ള 10 കുടുംബങ്ങൾക്ക് ആടു വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

**ഈ സ്ക്കീമിലെ പാളിച്ചകൾ**

1. കർഷകർക്ക് അനുയോജ്യമായ ഒരു സ്കീമും ഇതിലില്ല.
2. ഗുണഭോക്താക്കൾക്ക് പരിശീലനം ലഭിക്കുന്നില്ല.
3. സ്കീമുകൾ കർഷകർക്ക് പ്രയോജനമുള്ളതല്ല.
4. ബാങ്കിൽ നിന്നും സഹായം ലഭിക്കുന്നില്ല.

**തൊഴിൽ സാദ്ധ്യത**

ഈ പഞ്ചായത്ത് തിരുവനന്തപുരം നഗരത്തോടു ചേർന്നു കിടക്കുന്നതിനാൽ ക്ഷീരവ്യവസായത്തിന് വളരെയധികം സാദ്ധ്യതയുണ്ട്. ഈ യജ്ഞം നിറവേറ്റണമെന്നുണ്ടെങ്കിൽ കന്നുകാലി സംരക്ഷണം, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, വിതരണ സമ്പ്രദായം മെച്ചപ്പെടുത്തുക APCOS സൊസൈറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നീ വസ്തുതകൾ വളരെ ശ്രദ്ധാപൂർവ്വം ചെയ്തു തീർക്കേണ്ടതുണ്ട്. വനിതകൾക്ക് പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്നതിൽ ഒരു വലിയ പങ്ക് വഹിക്കാൻ കഴിയും.

ക്ഷീരോല്പാദന രംഗത്ത് കാലികൾക്കുണ്ടാകുന്ന മുഖ്യമായ മൂന്നുരോഗങ്ങളാണ് ഗർഭാശയരോഗം, അകിടു വീക്കം, വന്ധ്യത. ഈ രോഗങ്ങൾ പിടിപെട്ടാൽ ക്ഷീരകർഷകന് വളരെയധികം സാമ്പത്തിക നഷ്ടം ഉണ്ടാകും. ഈ നഷ്ടത്തിൽ നിന്നും ക്ഷീരകർഷകരെ രക്ഷിക്കാനായി സമഗ്രമായ ഗ്രൂപ്പ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക. കാലിത്തീറ്റ സബ്സിഡി പ്രഖ്യാപിച്ച് തീറ്റ വിതരണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ഷീരകർഷകന് ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

**മാംസോല്പാദനം**

ഈ പഞ്ചായത്തിന് മാംസോല്പാദനരംഗത്ത് വിപ്ലവകരമായ പുരോഗതി ഉണ്ടാക്കാൻ സാധിക്കും. പ്രതിവർഷം 1.03 ലക്ഷം കിലോഗ്രാം മാംസം ഉല്പാദിപ്പിക്കുന്നു. ഇതിന്റെ മൂല്യം 43.35 ലക്ഷം രൂപയാണ്. ഇത് നമ്മുടെ ആവശ്യത്തിന്റെ 25% മാത്രമാണ്. ബാക്കിയുള്ള 75% മാംസവും അയൽ സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന കന്നുകാലികളിൽ നിന്നും കോഴികളിൽ നിന്നു

മാണ് ലഭിക്കുന്നത് . തൊഴിലവസരങ്ങൾക്ക് വളരെയധികം സാദ്ധ്യതകൾ ഉണ്ടാക്കുന്നതിനായി ശാസ്ത്രീയമായി അട്, പന്നി, പോത്ത്, കാള, മുയൽ, കാട, ടർക്കി, താറാവ് എന്നിവ വളർത്തി മാംസോല്പാദനം വർദ്ധിപ്പിക്കാം. ഇതിനായി ബ്ലോക്കു ലവലിൽ മാംസോല്പാദന സഹകരണ സംഘം സ്ഥാപിച്ച് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ചെയ്തു കൊടുക്കുക, ഉപോല്പന്നങ്ങളായ തോൽ, രക്തം, എല്ല് മുതലായവ സംസ്ക്കരിച്ച് സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ സാധിക്കും.

മാംസോല്പാദനരംഗത്ത് അസംഘടിതവും അശാസ്ത്രീയവുമായ പ്രവർത്തനം തുടരുന്നു. ഇടനിലക്കാർ കൂടുതൽ ആദായം എടുക്കുന്നതിനാൽ കർഷകന് അതിന്റെ പൂർണ്ണ പ്രയോജനം ലഭിക്കുന്നില്ല. ഭുമിയുടെ ദൗർലഭ്യം ആടുകളെ മേയ്ക്കാൻ പ്രയാസമായി വരുന്നു. എങ്കിലും കുറഞ്ഞ അളവിൽ വീടുകളിൽ ആടുവളർത്താൻ സാധിക്കും. അതിനായി നല്ലയിനം ആടുകൾ ലഭ്യമാക്കുക, സൗജന്യ നിരക്കിൽ തീറ്റ ലഭ്യമാക്കുക, വീടിനടുത്ത് പ്ലാവ്, സുഖാബുൾ എന്നീ മരങ്ങൾ വച്ചുപിടിപ്പിക്കുക.

**പന്നിയിറച്ചി ഉല്പാദനം**

ഈ പഞ്ചായത്തില രണ്ടു പന്നി വളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. പൊതുജനങ്ങളുടെ അറിവില്ലായ്മയാണ് ഈ മേഖലയിൽ വലിയൊരു ശാപം. പിഗ്ഗറി വേസ്റ്റ് വളമായി പ്രയോജനപ്പെടുത്താം. പൊതുജനങ്ങളെ ബോധവാന്മാരാക്കി താല്പര്യമുള്ളവർക്ക് നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

**മാട്ടിറച്ചി**

കാളക്കുട്ടികൾ, പോത്തുകുട്ടികൾ ഇവ വളർത്തുന്നതിന് കർഷകന് ശാസ്ത്രീയമായ ബോധവൽക്കരണം നടത്തുക. ഇപ്പോൾ 70% മുതൽ 90% വരെ കന്നുകുട്ടികൾ ശുശ്രൂഷയില്ലാതെ മരിച്ചു പോകുന്നു. കർഷകന് ഇത് ഒരു വലിയ നഷ്ടവുമാണ്. കന്നുകുട്ടി പരിപാലനം അശാസ്ത്രീയവും അസംഘടിതവുമായ ഒരു മേഖലയായി മാറിയിരിക്കുകയാണ്. പഞ്ചായത്തു തലത്തിൽ കർഷകന് ബോധവൽക്കരണം നടത്തുകയും കന്നുകുട്ടികളെ വളർത്താൻ ഫാം ഉണ്ടാക്കുകയും വേണം.

**ഇറച്ചിക്കോഴി**

ഈ പഞ്ചയത്തിൽ വളരെ കുറച്ചു ഫാമുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. കാലാകാലങ്ങളിൽ മാത്രം പ്രവർത്തിക്കുന്നവയാണ് ഇവകൾ. അനിയന്ത്രിതമായ തീറ്റ വിലയും നല്ല നിലവാരവുമുള്ള കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യവും വിപണന മേഖലയിലെ സ്തംഭനവും ഇതിന്റെ പുരോഗതിക്ക് തടസ്സമായിരിക്കുന്നു.

**മുട്ട ഉല്പാദനം**

മിക്കവാറും എല്ലാ വീടുകളിലും അടുക്കളമുറ്റത്തെ കോഴിവളർത്തൽ ഉണ്ട്. ഇത് അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവും ഭൂമിയുടെ അപര്യാപ്തതയും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള മുട്ടയുടെ ഇറക്കുമതിയും നമ്മുടെ മുട്ടിക്കോഴി വളർത്തലിന്റെ പുരോഗതിക്ക് തടസ്സം നിൽക്കുന്നവയാണ്.

**താറാവു വളർത്തൽ**

പാർവതി പൂത്തനാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും തീരപ്രദേശങ്ങളിൽ ചതുപ്പു നിലങ്ങൾ ഉണ്ട്. ഇതിനടുത്തുള്ള വീടുകളിൽ അടുക്കളമുറ്റത്തെ കോഴിവളർത്തൽ പോലെ താറാവിനെ വളർത്താം. അതോടൊപ്പം താറാവു ഫാം നിർമ്മിച്ച് താറാവു കുഞ്ഞുങ്ങളെ വിതരണം ചെയ്യാം.

**പ്രശ്നങ്ങൾ**

- ❑ കാലിവളർത്തൽ ലാഭകരമല്ല
- ❑ ക്ഷീര വ്യവസായ സഹകരണസംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
- ❑ കാലി വളർത്തുന്നവർക്ക് ബാങ്കു വായ്പ സൗകര്യമില്ല.

- ശാസ്ത്രീയമായ രീതിയിൽ പാൽ ഉല്പാദിപ്പിക്കാനുള്ള അറിവ് ബഹുഭൂരിപക്ഷം കർഷകർക്കും ഇല്ല.
- അനിയന്ത്രിതമായ തീറ്റവില
- ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യം
- പാൽ ഉല്പാദകന് ന്യായമായ വില ലഭിക്കുന്നില്ല.
- വിപണന രംഗത്തെ അപര്യാപ്തത
- ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത
- ഗുണമേന്മയുള്ള മാടുകൾ, കോഴി, താറാവ്, തുടങ്ങിയവയുടെ ദൗർലഭ്യം.
- വനിതാ പങ്കാളിത്തക്കുറവ്
- മൃഗാശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
- കലർപ്പില്ലാത്ത പാൽ പൊതു ജനങ്ങൾക്ക് ലഭ്യമല്ലാത്ത അവസ്ഥ.
- തൊഴിൽ സാദ്ധ്യത കുറഞ്ഞുകൊണ്ടിരിക്കുന്നു.
- കാലിത്തീറ്റ നിർമമാണ യൂണിറ്റിന്റെ അഭാവം
- എഗ്ഗർനേഴ്സറി ബ്രോയിലർ ഫാം ഡയറി ഫാം ഇവ ഈ പഞ്ചായത്തിലില്ല.
- അടുക്കള മുറ്റത്തെ കോഴിവളർത്തൽ ലാഭകരമല്ല.
- നല്ലയിനം മുട്ടക്കോഴികളുടെ ലഭ്യതക്കുറവ്.
- കോഴിക്കുഞ്ഞുങ്ങളും തീറ്റയും സൗജന്യ വിലക്ക് ലഭിക്കുന്നില്ല.
- നല്ലയിനം ആട്ടിൻ കുട്ടികളും പന്നിക്കുട്ടികളും ലഭ്യമല്ല.
- കർഷകർക്ക് വിദഗ്ദ്ധ പരിശീലനം ലഭിക്കുന്നില്ല.
- പേവിഷ നിയന്ത്രണ തുടർ പരിപാടിയുടെ അഭാവം
- അശാസ്ത്രീയമായ മാംസോല്പാദന വിപണന രീതികൾ
- അനധികൃത അറവുശാലകൾ
- പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ
- ശാസ്ത്രീയമായ പാൽ ഉല്പാദന രീതിയും ഉല്പാദന ക്ഷമതയും കർഷകന് മനസ്സിലാക്കിക്കൊടുക്കുക.
- കുറഞ്ഞ വിലക്ക് കാലിത്തീറ്റയും പുല്ലും വിതരണം ചെയ്യുക.
- കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക
- ഭക്ഷ്യപൊതുവിതരണം സൗജന്യ നിരക്കിൽ കർഷകന് ലഭ്യമാക്കുക.
- പുൽകൃഷി നടത്തി കാലികൾക്കു കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
- ഈ പഞ്ചായത്തിലെ പാൽ സൊസൈറ്റിയുടെ ഭരണ സംവിധാനം മെച്ചപ്പെടുത്തി കർഷകർക്ക് അതിലുള്ള വിശ്വാസം വീണ്ടെടുക്കുക.
- ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിച്ച് കർഷകർക്ക് പ്രയോജന പ്രദമാക്കുക
- മൃഗസംരക്ഷണമേഖലയുമായി ബന്ധപ്പെട്ട് എഗ്ഗ്ർ നേഴ്സറി, ബ്രോയിലർ ഫാം, ഡയറി ഫാം, പന്നിവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുക
- കറവ രംഗത്ത് വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുക,
- സമഗ്ര മൃഗപരിപാലന പദ്ധതി ആസൂത്രണം ചെയ്യുക.
- പാൽ ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വനിതകൾക്ക് പരിശീലനം നൽകുക.
- വലിയതുറ സ്വീവേജ് ഫാമിലെ പുല്ല് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ എത്തിക്കുക.
- മേൽത്തരം പുല്ല് ഉല്പാദിപ്പിക്കാൻ കൃഷിഭവനുമായി യോജിച്ച് പുൽകൃഷി നടപ്പിലാക്കുക.
- LMTC മുഖാന്തിരം കർഷകർക്ക് പരിശീലനം കൊടുക്കുക
- കന്നുകുട്ടി പരിപാലന പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമായി കേന്ദ്രീകരിച്ചിരിക്കുന്നു. പഞ്ചായത്തുതലത്തിൽ ഇതിന്റെ ആനുകൂല്യം താല്പര്യമുള്ള എല്ലാ കർഷകർക്കും ലഭ്യമാക്കുക.
- പേവിഷ നിയന്ത്രണ കുത്തിവയ്പ് നിർബന്ധമാക്കണം. ഇതിനുള്ള വാക്സിൻ സൗജന്യമായി നൽകണം

- കാലി രോഗ നിയന്ത്രണ പദ്ധതി പഞ്ചായത്തിലെ എല്ലാ കർഷകർക്കും പ്രയോജനപ്പെടത്തക്ക വിധത്തിൽ കാലികളെ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കണം.
- ഊർജ്ജിത പന്നി വളർത്തൽ പദ്ധതിക്ക് പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.
- നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമാക്കുക.
- ഇറച്ചിക്കോഴി വളർത്തലിനു വേണ്ടി കോഴിക്കുഞ്ഞും തീറ്റയും ന്യായമായ വിലക്ക് പഞ്ചായത്തിൽ ലഭ്യമാക്കണം.
- മുട്ടക്കോഴി വളർത്തൽ ത്വരിതപ്പെടുത്താൻ നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.
- പട്ടികജാതിക്കാർക്ക് സ്പെഷ്യൽ കാംപൊണന്റ് പ്ലാൻ വിഹിതം ഉപയോഗിച്ച് കൂടുതൽ സൗജന്യങ്ങളോടെ പ്രത്യേകം മൃഗപരിപാലന പരിപാടി നടപ്പാക്കുക.

## മത്സ്യബന്ധനം

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും മത്സ്യവും മാംസവും ഭക്ഷിക്കുന്നവരാണ്. ദിവസത്തിൽ ഒരു പ്രാവശ്യമെങ്കിലും മത്സ്യം ഉപയോഗിക്കാത്തവർ ചുരുക്കമാണ്. അറബിക്കടൽ ഈ പഞ്ചായത്തിനടുത്തായതിനാൽ കടൽ മത്സ്യത്തിന് ഒട്ടും ക്ഷാമമില്ല. എന്നാൽ വില പണ്ടത്തേക്കാളും വളരെ കൂടുതലാണ്. ശുദ്ധജലമത്സ്യങ്ങൾ പണ്ട് ധാരാളം ഇവിടെയുള്ള തോടുകളിൽ നിന്നും ലഭിച്ചിരുന്നു. ഇപ്പോൾ അത് ഒരു അപൂർവ വസ്തുവായി മാറിയിരിക്കുകയാണ്.

കടകംപള്ളി പഞ്ചായത്തിൽ രണ്ടു തോടുകളാണുള്ളത്. തെക്കു കിഴക്കു ഭാഗത്തു നിന്നും വടക്കു പടിഞ്ഞാറോട്ടൊഴുകി വേളി കായലിൽ പതിക്കുന്ന പാർവതീ പുത്തനാറും അതുപോലെ ആക്കുളം കായലിൽ പതിക്കുന്ന ആമയിഴഞ്ചാൻ തോടും. കൂടാതെ വലുതും ചെറുതുമായ 7 കുളങ്ങളുണ്ട്.

മുമ്പ് ഈ തോടുകളിൽ ആറ്റുകൊഞ്ച്, വരാൽ, ചിപ്പി എന്നീ മത്സ്യങ്ങൾ ധാരാളം ഉണ്ടായിരുന്നു. ഈ പഞ്ചായത്തിന്റെ വടക്കേ അതിരിൽ കിടക്കുന്ന ആക്കുളം, വേളി കായലുകളിൽ ധാരാളം മത്സ്യങ്ങളും ഉണ്ടായിരുന്നു. മത്സ്യം പിടിച്ചു വിറ്റ് ഉപജീവനം നടത്തുന്ന മത്സ്യതൊഴിലാളികളും ധാരാളം ഉണ്ടായിരുന്നു. തിരുവനന്തപുരം കോർപ്പറേഷൻ ഭാഗത്തു നിന്നും ഒഴുകി വരുന്ന ആമയിഴഞ്ചാൻ തോടിന്റെയും പാർവതീ പുത്തനാറിന്റെയും ജലമലിനീകരണംമൂലം മത്സ്യങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ കായലിൽ പോയി മത്സ്യം പിടിച്ചു വിൽക്കുന്ന അപൂർവ്വം ചില തൊഴിലാളികളേയുള്ളൂ. ജലമലിനീകരണം മൂലം രണ്ടു പുഴകളിലേയും മത്സ്യസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കുളങ്ങൾ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു. ചെളിയും മണ്ണും പായലും നിറഞ്ഞ് ഈ കുളങ്ങൾ ഉപയോഗശൂന്യമായി കിടക്കുകയാണ്. മണ്ണും ചെളിയും മാറ്റി വൃത്തിയാക്കിയാൽ ഈ കുളങ്ങളിൽ മത്സ്യകൃഷി നടത്താൻ വ്യക്തികൾക്കോ സഹകരണസംഘങ്ങൾക്കോ പാട്ടത്തിനുകൊടുക്കാവുന്നതാണ്. പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗവുമാകും.

പട്ടിക -1 കുളങ്ങൾ

| വാർഡ് | പേര് | വിസ്തീർണ്ണം |
|---|---|---|
| II | പുന്നയ്ക്കാത്തോപ്പുകുളം | 36 സെന്റ് |
| III | നാരായണൻ കുളം | 7 സെന്റ് |
| IV | ആനയറകുളം | 10 സെന്റ് |
| IV | കക്കോട്ടുനട കുളം | 4 സെന്റ് |
| V | എറുമലതോപ്പുകുളം | 12 സെന്റ് |
| VIII | ചെറിയകുളം | 6 സെന്റ് |
| X | പൈങ്ങാച്ചിറ കുളം | 2 ഏക്കർ - 6 സെന്റ് |

### പ്രശ്നങ്ങൾ

- പാർവതീ പുത്തനാറിന്റെയും ആമയിഴഞ്ചാൻ തോടിന്റെയും ജലമലിനീകരണം.
- പഞ്ചായത്ത് കുളങ്ങൾ ചെളിയും മണ്ണും നിറഞ്ഞു കിടക്കുന്നു.

- മത്സ്യം പിടിക്കാനുള്ള തൊഴിലുപകരണങ്ങൾ ഇല്ല.
- ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റ് ഇല്ല

**പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ**

- ☆ മത്സ്യം വളർത്താൻ സന്നദ്ധതയുള്ളവർക്ക് മത്സ്യകർഷക വികസന ഏജൻസി, അടാക്ക് എന്നിവ മുഖേന പരിശീലനം നൽകുകയും നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക.
- ☆ കായലിൽ നിന്നും മത്സ്യം പിടിക്കുന്നവർക്ക് തൊഴിലുപകരണങ്ങൾ വാങ്ങാൻ സബ്സിഡിയോടുകൂടിയ ലോൺ കൊടുക്കുക
- ☆ പഞ്ചായത്തു കുളങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ താല്പര്യമുള്ളവർക്ക് കുളങ്ങൾ പാട്ടത്തിനു നൽകുക.
- ☆ ആധുനിക രീതിയിൽ ഒരു പൊതു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.
- ☆ സ്വകാര്യ കുളങ്ങളിൽ വീട്ടാവശ്യത്തിന് മത്സ്യകൃഷി നടത്താൻ സ്ത്രീകൾക്ക് പ്രത്യേക പ്രോജക്ട് തയ്യാറാക്കുക.



# വിദ്യാഭ്യാസം

സാർവത്രിക വിദ്യാഭ്യാസ കാര്യത്തിൽ കേരളം വളരെ മുമ്പുതന്നെ ഖ്യാതി നേടിയിട്ടുണ്ട്. ഐക്യകേരള രൂപീകരണത്തിനുശേഷം വിദ്യാഭ്യാസം ഒരു സാമൂഹിക ബാദ്ധ്യതയായി സർക്കാർ ഏറ്റെടുത്തു. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളർന്നു. സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള പൊതുവിദ്യാലയങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക സാംസ്കാരിക വളർച്ചയ്ക്ക് കളമൊരുക്കി. എന്നാൽ വിദ്യാഭ്യാസമേഖലയിൽ എണ്ണത്തിലുള്ള മികവ് ഗുണപരമായ കാര്യത്തിൽ കാണാൻ കഴിയുന്നില്ല. സംസ്ഥാന ബഡ്ജറ്റിന്റെ 31 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുമ്പോൾ അതനുസരിച്ചുള്ള പ്രയോജനം സമൂഹത്തിനു ലഭിക്കണം. അസൗകര്യങ്ങളും ഇല്ലായ്മകളും അധ്യയന നിലവാരം കുറയുവാൻ കാരണമായിട്ടുണ്ട്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആർക്കും വേണ്ടാത്ത നിലയിലായിരിക്കുന്നു. നല്ല റിസൾട്ടുള്ള അംഗീകൃതവിദ്യാലയങ്ങൾ നേടുന്ന തിരക്കിൽ അവിടെയും ഗുണനിലവാരം കുറവാണെന്ന വസ്തുത പലരും കാണുന്നില്ല. നമ്മുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മറ്റു നിരവധി സംസ്ഥാനങ്ങളിലേതിനേക്കാൾ കുറവാണ്. നഗരത്തിലെ വിദ്യാലയങ്ങളോടും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുമാണ് എല്ലാ രക്ഷിതാക്കൾക്കും ഭ്രമം.

വിദ്യാഭ്യാസം ഒരു വികസന പ്രവർത്തനം കൂടിയാണ്. ഒരു പ്രദേശത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാഭ്യാസ പ്രക്രിയയ്ക്കു കഴിയണം. സമൂഹത്തിന്റെ സർവ്വതോമുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ ഒരു തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ എക്കാലത്തേയും ലക്ഷ്യം. അതിനുവേണ്ടി വിദ്യാലയങ്ങളിൽ നല്ല അധ്യയന അന്തരീക്ഷം ഉണ്ടാക്കുകയാണ് ആദ്യം വേണ്ടത്. ഒരു പ്രദേശത്തെ വിദ്യാലയം നിലനിർത്തുകയും നല്ലരീതിയിൽ നടത്തുകയും ചെയ്യണമെങ്കിൽ ആ പ്രദേശത്തെ സമൂഹം തന്നെ മുൻകൈ എടുക്കണം.

കടകംപള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ചില പ്രത്യേകതകളുണ്ട്. തിരുവനന്തപുരം നഗരത്താൽ ചുറ്റപ്പെട്ട ഒരു പഞ്ചായത്താണിത്. പഞ്ചായത്ത് നിവാസികൾക്ക് ഏകദേശം അഞ്ചു കിലോമീറ്റർ ദൂരം സഞ്ചരിച്ചാൽ നഗരത്തിലെ ഹൈസ്ക്കൂൾ വരെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടി ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ട്. എന്നാൽ എല്ലാ ഭൗതിക സാഹചര്യങ്ങളും ഉള്ള നഗരത്തിലെ സ്കൂളുകൾ ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്തു നിവാസികളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു സാധിക്കുന്നില്ല. അവർക്ക് പഞ്ചായത്തിലെ സ്കൂളുകൾ തന്നെയാണ് അഭയം. പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചാൽ ഹൈസ്കൂൾ വരെയുള്ള വിദ്യാഭ്യാസം, പഞ്ചായത്തിൽ തന്നെ കൂടുതൽ കുട്ടികൾക്കു നടത്തുവാൻ കഴിയുമെന്നാണ് ഗ്രമസഭകളിൽ നിന്നും ഉണ്ടായ പൊതുവായ അഭിപ്രായം.

പഞ്ചായത്തിൽ മൂന്നു സ്കൂളുകൾ മാത്രമാണ് ഇപ്പോഴുള്ളത്. സ്വകാര്യ മാനേജ്മെന്റിന്റെ കീഴിൽ ആരംഭിച്ച് സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുള്ളതാണ് മൂന്നു സ്കൂളുകളും. ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന കരിക്കകം ഹൈസ്ക്കൂൾ, ആറാം വാർഡിലുള്ള ഒരു വാതിൽകോട്ട ദേവയാനീ മെമ്മോറിയൽ എൽ.പി.സ്കൂൾ, എട്ടാം വാർഡിലുള്ള വലിയ ഉദേശ്വരം എൽ.പി.സ്ക്കൂൾ എന്നിവയാണ് സ്കൂളുകൾ. കരിക്കകം ഹൈസ്ക്കൂളിൽ ഒന്നുമുതൽ പത്തു വരെയുള്ള ക്ലാസ്സുകളും ഒരു വാതിൽകോട്ട എൽ.പി.എസ്സിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളും വലിയ ഉദേശ്വരം എൽ.പി.എസ്സിൽ പ്രീ-പ്രൈമറി മുതൽ നാലു വരെയുള്ള ക്ലാസ്സുകളും പ്രവർത്തിക്കുന്നു. വിവിധ വിഭാഗങ്ങളിലുള്ള കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു. ഇതിനും പുറമേ ധാരാളം കുട്ടികൾ പഞ്ചായത്തിനു വെളിയിലുള്ള സ്കൂളുകളിൽ പഠനം നടത്തുന്നുണ്ട്.

സ്ക്കൂളിൽ ചേർന്നിട്ട് പഠനം നിർത്തിയവർ താരതമ്യേന വളരെ കുറച്ചു മാത്രമേ ഉള്ളൂ. മൂന്ന് സ്ക്കൂളിൽ നിന്നുമായി 22 പേർ മാത്രം. കോളേജുകളോ, സാങ്കേതിക വിദ്യാഭ്യാസ്ഥാപനങ്ങളോ ഒന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

അദ്ധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. 58-ൽ 46 പേർ. അദ്ധ്യാപകരെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 2 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 1**

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST | | | തോറ്റു പഠിക്കുന്നവർ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST | | മറ്റുള്ളവർ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആൺ | പെൺ | ആകെ |
| കരിക്കകം ഹൈസ്ക്കൂൾ | 634 | 566 | 1200 | 187 | 179 | 366 | 16 | 17 | 31 | 14 | 78 |
| ഒരുവാതിൽക്കോട്ട എൽ.പി.എസ്സ് | 50 | 70 | 120 | 14 | 17 | 31 | 0 | 1 | 2 | 1 | 4 |
| വലിയ ഉദേശ്വരം എൽ.പി.എസ്സ് | 208 | 145 | 353 | 50 | 22 | 72 | 9 | 0 | 6 | 2 | 17 |
| ആകെ | 892 | 781 | 1673 | 251 | 218 | 469 | 25 | 18 | 39 | 17 | 99 |

**പട്ടിക 2**

| സ്ക്കൂൾ | അദ്ധ്യാപകർ | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ |
| കരിക്കകം H.S | 10 | 32 | 42 |
| ഒരുവാതിൽക്കോട്ട L.P.S | 0 | 5 | 5 |
| വലിയ ഉദേശ്വരം L.P.S | 2 | 9 | 11 |
| ആകെ | 12 | 46 | 58 |

കഴിഞ്ഞ കുറേ വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ വിദ്യാർത്ഥികളുടെ എണ്ണം ഒരു സ്ക്കൂളിലും കുറയുന്നതായി കാണുന്നില്ല. ആയതിനാൽ സ്ക്കൂളുകളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചാൽ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുവാൻ സാദ്ധ്യതയുണ്ടെന്നാണ് ഗ്രാമ സഭാ റിപ്പോർട്ടുകൾ കാണിക്കുന്നത്. മെച്ചപ്പെട്ട പി. ടി. എ. പ്രവർത്തനം, മാതൃ സംഗമം തുടങ്ങിയവയും സഹായകരമായിരിക്കും. പാഠ്യാനുബന്ധ പ്രവർ

ത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നവയാണ്.

കടകംപള്ളി പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളാണ് കരിക്കകം ഗവ: ഹൈസ്ക്കൂൾ. 1925 -ാമാണ്ട് ശ്രീ. ശങ്കുവൈദ്യരുടെ മാനേജ്മെന്റിൽ, പാർവ്വതീപുത്തനാറിന്റെ തീരത്തുള്ള ഒരു ഷെഡ്ഡിലാണ് സ്കൂൾ ആരംഭിച്ചത്. തുടക്കത്തിൽ ഒന്നും രണ്ടും ക്ലാസ്സുകൾ മാത്രമാണ് ഉണ്ടായിരുന്നത്. പിന്നീട് മൂന്നും നാലും ക്ലാസ്സുകൾ ആരംഭിച്ചു. സ്കൂൾ തുടങ്ങുമ്പോൾ അദ്ധ്യാപകനും പിന്നീട് ഹെഡ്മാസ്റ്ററുമായ ശ്രീ. ശിവശങ്കരൻ നായർ ഈ സ്കൂളിന്റെ ഉന്നതിയിൽ പങ്കുവഹിച്ചയാളാണ്. 1946-ൽ സർ. സി.പി.യുടെ ഭരണ പരിഷ്കാര പ്രകാരം സ്ക്കൂൾ സർക്കാർ ഏറ്റെടുക്കുകയും 1950 ൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്കു മാറ്റുകയും ചെയ്തു. 1977 -ൽ യു.പി. സ്കൂളാകുകയും 1981 ൽ ഹൈസ്ക്കൂളായി ഉയർത്തുകയും ചെയ്തു.

1200 കുട്ടികൾ പഠിക്കുന്ന കരിക്കകം ഹൈസ്ക്കൂൾ കെട്ടിടവും കളിസ്ഥലവും ഉൾപ്പെടെ 70 സെൻറ് സ്ഥലത്താണ് പ്രവർത്തിക്കുന്നത്. 1 1/4 ഏക്കർ സ്ഥലം കൂടി സ്കൂളിനോട് ചേർക്കാനുള്ള നടപടികൾ ആരംഭിച്ചു എന്നു മാത്രം. ബഹു : നിയമസഭാ സ്പീക്കർ, തിരുവനന്തപുരം പാർലമെന്റ് മെമ്പർ, മറ്റു ജനപ്രതിനിധികൾ ഉൾപ്പെട്ട ഒരു വികസന സമിതിയും സ്കൂളിന്റെ പുരോഗമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും ഉണ്ട്. സ്ക്കൂൾ ലൈബ്രറിയിലും ലാബറട്ടറിയിലും ശരിയായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാഹചര്യങ്ങൾ ഇല്ല എന്നു തന്നെ പറയാം. എങ്കിലും ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികളുടെ സാമൂഹിക സാമ്പത്തിക പരിതസ്ഥിതി വച്ചുനോക്കുമ്പോൾ S.S.L.C വിജയശതമാനം മോശമല്ല. പ്രതീക്ഷാനുസരണം ഉയർത്താൻ കഴിയുന്നില്ല എന്നാണ് ഗ്രാമ സഭാ റിപ്പോർട്ട്. 1990 മുതൽ 1996 വരെയുള്ള S.S.L.C വിജയശതമാനം പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക - 3**

| വർഷം | ശതമാനം |
|---|---|
| 1990 | 48.9 |
| 1991 | 47.6 |
| 1192 | 40.5 |
| 1993 | 54.8 |
| 1994 | 49.1 |
| 1995 | 56.1 |
| 1996 | 47.5 |

നല്ലരീതിയിലുള്ള പി.ടി.എ. പ്രവർത്തനവും അദ്ധ്യാപക സഹകരണവും കൊണ്ട് വിദ്യാലയ അന്തരീക്ഷം മെച്ചപ്പെടുത്താനാകുമെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് കരിക്കകം ഹൈസ്ക്കൂൾ. സമരങ്ങൾ നിമിത്തം അദ്ധ്യയന ദിവസങ്ങൾ ഒന്നും തന്നെ ഈ സ്ക്കൂളില നഷ്ടപ്പെടാറില്ല. ഗ്രാമസഭകളിൽ നടന്ന ചർച്ചയുടെ അടിസ്ഥാനതതിൽ കരിക്കകം ഹൈസ്ക്കൂളിനെ സംബന്ധിച്ചിടത്തോളം പ്രധാനമായി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ ഇവയാണ്.

1. സ്ക്കൂളിലെ എൽ.പി. വിഭാഗം വേർപ്പെടുത്തി പ്രത്യേക സ്കൂളാക്കുക

2. 5-ാം ക്ലാസ്സു മുതൽ എല്ലാ ക്ലാസ്സുകളിലേയും ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുക.

3. ഇപ്പോഴുള്ള ഭാഷകൾ കൂടാതെ സംസ്കൃതവും പഠിക്കാനുള്ള സൗകര്യം സ്ക്കൂളിൽ ലഭ്യമാക്കുക.

4. കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.

5. കരിക്കകം ഹൈസ്ക്കൂൾ ഒരു വൊക്കേഷണൽ ഹയ്യർ സെക്കന്ററി സ്ക്കൂളായി ഉയർത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക.

ഈ സ്ക്കൂളിന്റെ വികസനത്തിനായി സമീപത്തുള്ള ട്രാവൻകൂർ ടൈറ്റാനിയം, ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ മുതലായ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തികം ഉൾപ്പെടെയുള്ള സഹായങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷ.

ഒരുവാതിൽകോട്ട എൽ.പി.എസ്സ്. 1925-ൽ കുന്നത്തുവിളാകത്തു വീട്ടിൽ ശ്രീ. കൃഷ്ണന്റെ മാനേജ്മെന്റിൽ ആരംഭിച്ചതാണ്. 1946 - ൽ ഈ സ്ക്കൂളും സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി. സറണ്ടർ ചെയ്ത സമയത്ത് സ്ക്കൂൾ മാനേജരായിരുന്ന ശ്രീ.പത്മനാഭന്റെ ഭാര്യ ശ്രീമതി ദേവയാനിയുടെ സ്മാരകമായിട്ടാണ് ഈ സ്ക്കൂളിന് ദേവയാനി മെമ്മോറിയൽ എൽ.പി.എസ്സ്. എന്ന് നാമധേയം സിദ്ധിച്ചത്.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ കുട്ടികൾ ഏറ്റവും കുറവ് ഈ സ്ക്കൂളിലാണ്. ആവശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ടെങ്കിലും ഉപകരണങ്ങളുടേയും, പഠനോപകരണങ്ങളുടേയും അഭാവം ഈ സ്കൂളിന്റെ പുരോഗതിയേയും ബാധിക്കുന്നു. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും നടത്താനുണ്ട്. പൊതുജന സഹകരണം കുറവായതിനാൽ പി.ടി.എ. പ്രവർത്തനം കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല എന്നാണ് ഗ്രാമസഭാറിപ്പോർട്ട്.

വലിയ ഉദേശ്വരം എൽ.പി.എസ്സ്. പത്മവിലാസത്തിൽ ശ്രീ.പത്മനാഭൻ 1904 - ൽ സ്ഥാപിച്ച വലിയ ഉദേശ്വരം യു.പി.എസ്സിന്റെ ഭാഗമായിരുന്നു. 1946 -ൽ എൽ.പി. വിഭാഗം സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും കുറച്ചുനാളുകൾക്കുശേഷം ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു.

ഇപ്പോൾ തിരുവനന്തപുരം നഗരത്തിന്റേയും കടകംപള്ളി പഞ്ചായത്തിന്റേയും അതിർത്തിയിലാണ് സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. സ്ക്കൂളിനോടനുബന്ധിച്ച് പ്രീ-പ്രൈമറി വിഭാഗവും ഉണ്ട്. സ്ക്കൂളിന്റെ പുരോഗതി ലക്ഷ്യമാക്കി ഒരു ഉപദേശക സമിതിയും രൂപീകരിച്ചിട്ടുണ്ട്. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാണ്. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം ഈ സ്ക്കുളിനെ ഒരു യു.പി.സ്ക്കൂളായി ഉയർത്തണമെന്ന നിർദ്ദേശവും ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിൽ ഒരു സുപ്രധാന പങ്കുവഹിക്കുന്നുണ്ട്. കടകംപള്ളി പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ബാലവേദി, ശാസ്ത്ര പോഷണ ക്ലാസ്സുകൾ, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള ബോധനക്ലാസ്സുകൾ, സ്കോളർഷിപ്പ് പരീക്ഷക്ക് ആവശ്യമായ സഹായ ക്ലാസ്സുകൾ എന്നിവ പരിഷത്തിന്റെ ആനയറ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നുണ്ട്. കൂടാതെ പുതിയ മൂല്യ നിർണ്ണയ രീതി ആവിഷ്കരിച്ചുകൊണ്ട് എഴുത്തുപരീക്ഷയോടൊപ്പം വാചാപരീക്ഷക്കും പരീക്ഷണ നിരീക്ഷണങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് വിജ്ഞാനനോത്സവം പഞ്ചായത്തിലെ സ്ക്കൂളുകളിൽ എല്ലാവർഷവും സംഘടിപ്പിക്കുന്നു. നമ്മുടെ സ്കൂളുകളിൽ, പ്രത്യേകിച്ച് പ്രൈമറി സ്ക്കൂളുകളിൽ 20-30 ശതമാനം കുട്ടികൾ അക്ഷര ബോധവും അക്കബോധവും ഇല്ലാത്തവരാണെന്നാണ് പരിഷത്ത് നടത്തിയിട്ടുള്ള സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്. അവർക്ക് സമയബന്ധിതമായി പരിഹാരബോധനം നടത്തേണ്ടതുണ്ട്.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമേ 4 ട്യൂഷൻ സെന്ററുകളും, ഒരു പാരലൽ കോളേജും, രണ്ടു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും, ഒരു കമ്പ്യൂട്ടർ സെന്ററും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളും സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങളും തിരുവനന്തപുരം നഗരത്തിൽ നിന്നും ലഭിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സാമൂഹ്യക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അങ്കണവാടികൾ പ്രവർത്തിക്കുന്നു. ആകെ

യുള്ള 21 എണ്ണത്തിൽ 7 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അംഗനവാടികളിലൊന്നിലും ആവശ്യമായ ഉപകരണങ്ങളോ, കളിക്കോപ്പുകളോ ഇല്ല.

ഒരു പ്രദേശത്തെ ജനതയുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് ഗ്രന്ഥശാലകൾ വലിയ പങ്കുവഹിക്കുന്നു. ടെലിവിഷന്റെ കടന്നാക്രമണം വായനാശീലത്തെ ഒരളവു വരെ കുറച്ചിട്ടുണ്ടെന്നത് ഒരു വസ്തുതയാണ്. പഞ്ചായത്തിൽ ഇപ്പോൾ മൂന്നു ഗ്രന്ഥശാലകൾ ഉണ്ട്. ആനയറയിലുള്ള പഞ്ചായത്ത് കേന്ദ്ര ഗ്രന്ഥശാല, കരിക്കകം യശോഭി വർദ്ധിനി ഗ്രന്ഥശാല, ഒരുവാതിൽകോട്ട ശ്രീനാരായണ ഗ്രന്ഥശാല എന്നിവ. മൂന്നു ഗ്രന്ഥശാലകളും പഞ്ചായത്തിലെ സ്ക്കൂളുകളുടെ സമീപത്താണ് സ്ഥിതിചെയ്യുന്നത്. ആയതിനാൽ ഗ്രന്ഥശാലകളേയും സ്ക്കൂളുകളേയും സഹകരിപ്പിച്ച്, വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കാൻ സാധിക്കുമെന്നാണ് പൊതുവായ അഭിപ്രായം.

ഒന്നാംഘട്ടം സാക്ഷരതാ പ്രവർത്തനം കടകംപള്ളി പഞ്ചായത്തിൽ വളരെ പ്രശംസനീയമായ വിധത്തിൽ നടത്തിയിരുന്നു. എന്നാൽ തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം നവസാക്ഷരരെ വീണ്ടും നിരക്ഷരരുടെ പട്ടികയിലേക്ക് മാറ്റിയിരിക്കുന്നു എന്നാണ് ഗ്രാമസഭകളുടെ അഭിപ്രായം. വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചും ഗ്രന്ഥശാലകളെ കേന്ദ്രീകരിച്ചും സാക്ഷരതാപരിപാടി പുനർജ്ജീവിപ്പിക്കണം. എല്ലാ വാർഡിലും കുറേയെങ്കിലും നിരക്ഷരരുണ്ടെന്നാണ് റിപ്പോർട്ട്.

വിദ്യാഭ്യാസമെന്നത് കുട്ടികളുടെ നാനാവിധത്തിലുമുള്ള വികാസത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതായിരിക്കണം. പാഠ്യേതര പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസത്തിൽ പ്രധാനമായ പങ്കുണ്ട്. ഇതിൽ കായിക വിദ്യാഭ്യാസം കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. എന്നാൽ പഞ്ചായത്തിൽ ഒരു സ്ക്കൂളിലും ആവശ്യമായ കളിസ്ഥലമോ, ഉപകരണങ്ങളോ ഇല്ല. കായികാദ്ധ്യാപകരുടെ സേവനം ലഭിക്കുന്നില്ല. പഞ്ചായത്തു വക പൊതുകളിസ്ഥലം ഉപയോഗപ്രദവുമല്ല.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ലഭിച്ച റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പ്രധാനപ്പെട്ട വിദ്യാഭ്യാസ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

**പ്രശ്നങ്ങൾ**

- ❑ ഭൗതിക സാഹചര്യങ്ങൾ ഒരു സ്ക്കൂളിലും തൃപ്തികരമല്ല.
- ❑ ഭൗതിക സാഹചര്യങ്ങൾ കുറവായതിനാൽ കരിക്കകം ഹൈസ്ക്കൂളിലെ S.S.L.C. വിജയശതമാനം പ്രതീക്ഷാനുസരണം ഉയർത്താൻ കഴിയുന്നില്ല.
- ❑ 3-ാം. വാർഡിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനു കൂടുതൽ യാത്ര ചെയ്യേണ്ടി വരുന്നു.
- ❑ 9,10,11 വാർഡുകളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസത്തിനുപോലും നഗരത്തിലെ സ്ക്കൂളുകളെ ആശ്രയിക്കേണ്ടി വരുന്നു.
- ❑ നിരക്ഷരരായ സ്ക്കൂൾ വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാൻ കഴിഞ്ഞു എങ്കിലും അക്ഷര അക്കബോധം സാമാന്യേന എല്ലാവർക്കും ലഭിച്ചിട്ടില്ല.
- ❑ ശിശു വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.
- ❑ നിലവിലുള്ള അംഗനവാടികളിൽ കെട്ടിട സൗകര്യമുള്ളവ കുറവാണ്.
- ❑ അംഗനവാടികളിൽ ആവശ്യത്തിന് പഠനോപകരണങ്ങൾ ഇല്ല.
- ❑ അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി ആസൂത്രണ പരിപാടികളൊന്നും നടപ്പാക്കുന്നില്ല.
- ❑ കലാകായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ പഞ്ചായത്തിൽ ഇല്ല.
- ❑ പഞ്ചായത്തിനകത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ല.

- ❑ അദ്ധ്യാപകരിൽ കൂടുതലും വനിതകളാണെന്നത് സ്ക്കൂളികളിലെ പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നു.
- ❑ പൊതു ഗ്രന്ഥശാലകൾ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകുന്നില്ല.
- ❑ സാക്ഷരതാ പ്രവർത്തനം തൃപ്തികരമല്ല.
- ❑ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം കുറവാണ്.

**സാദ്ധ്യതകൾ**

- ☆ എല്ലാ സ്ക്കൂളിലും ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ ഉണ്ടാകണം.
- ☆ 3-ാം വാർഡു കേന്ദ്രീകരിച്ച് പ്രീ-പ്രൈമറി സൗകര്യങ്ങളോടുകൂടിയ ഒരു എൽ.പി. സ്ക്കൂൾ ആരംഭിക്കുക.
- ☆ ഹരിജൻ വിഭാഗങ്ങൾ കൂടുതലുള്ള ഈറോഡ്, ചെന്നിലോട് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ നഴ്സറി സ്ക്കൂളുകൾ സ്ഥാപിക്കുക.
- ☆ ഇപ്പോൾ സർക്കാർ നേരിട്ടു നടത്തുന്ന വിദ്യാജ്യോതി , DPEP എന്നീ പരിപാടികൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക.
- ☆ സ്ക്കൂളും പരിസരവും ആകർഷകമാക്കാൻ എല്ലാ സ്ക്കൂളിലും കുട്ടികളുടെ ചുമതലയിൽ പൂന്തോട്ടങ്ങൾ ഉണ്ടാക്കുക.
- ☆ കരിക്കകം ഹൈസ്ക്കൂളിന്റെ വികസനത്തിന് ആവശ്യമായ സ്ഥലമെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുക. കെട്ടിടങ്ങൾ, കളിസ്ഥലം, ലൈബ്രറി, ലബോറട്ടറി മുതലായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- ☆ കരിക്കകം സ്ക്കൂളിലേക്ക് ഒരുവാതിൽകോട്ടയിൽ നിന്നും യാത്രാസൗകര്യം വർദ്ധിപ്പിക്കുക.
- ☆ കരിക്കകം ഹൈസ്ക്കൂളിലെ എൽ.പി. വിഭാഗം പ്രത്യേകം സ്ക്കൂളാക്കി മാറ്റുക.
- ☆ ഹൈസ്ക്കൂളിൽ ഒരു കമ്പ്യൂട്ടർ സ്ഥാപിക്കുകയും ഒരു വിദഗ്ദന്റെ പാർട്ട്- ടൈം സേവനം ലഭ്യമാക്കുകയും ചെയ്യുക. ടെലിവിഷൻ സെറ്റും സ്ഥാപിക്കുക.
- ☆ സ്ക്കൂളിൽ സംസ്കൃത ഭാഷകൂടി പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
- ☆ 5-ാം ക്ലാസ്സു മുതൽ ഓരോ ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുക
- ☆ പ്രസ്തുത സ്ക്കൂളിനെ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളാക്കി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കണം.
- ☆ ഒരുവാതിൽ കോട്ട എൽ.പി. എസ്സിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്യുകയും ഷെഡ്ഡിനെ ഭിത്തികെട്ടി അടച്ച് ക്ലാസ്സ് മുറികളാക്കുകയും വേണം.
- ☆ വലിയ ഉദേശ്വരം എൽ.പി. എസ്സിന്റെ ചുറ്റുമതിൽ പൂർത്തിയാക്കുകയും പ്രീ പ്രൈമറി വിഭാഗത്തിൽ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുകയും വേണം.
- ☆ പ്രസ്തുത സ്കൂളിനെ യു.പി. സ്ക്കൂളാക്കി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കുക.
- ☆ എല്ലാ സ്ക്കൂളുകളിലും ബഞ്ച്, ഡസ്ക്, മേശ , കസേര, അലമാര എന്നിവ ആവശ്യത്തിന് ലഭ്യമാക്കുക.
- ☆ ശ്രവ്യ- ദൃശ്യ മാധ്യമോപകരണങ്ങൾ എല്ലാ സ്ക്കൂളിലും ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകണം.
- ☆ സ്ക്കൂളിലെ വാർഷിക അറ്റകുറ്റപണികൾ യഥാസമയം നടത്തുവാൻ വേണ്ട സംവിധാനങ്ങൾ ഉണ്ടാകണം. അതിനുള്ള അധികാരം പി.ടി.എ.ക്കു നൽകുന്നത് നന്നായിരിക്കും.
- ☆ അക്ഷരബോധം, അക്കബോധം എന്നിവയില്ലാത്ത കുട്ടികളെ കണ്ടെത്തി സമയബന്ധിതമായി പരിഹാരബോധനം നടത്തണം. ഇതിനായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ സന്നദ്ധ സംഘടനകൾ, ശാസ്ത്ര സാഹിത്യ പരിഷത്ത് മുതലായവയുടെ സഹായം തേടാവുന്നതാണ്. കൂടാതെ പഞ്ചാ

യത്തിൽ താമസിക്കുന്ന റിട്ടയർ ചെയ്ത അദ്ധ്യാപകരുടെ സേവനവും പ്രയോജനപ്പെടുത്താം.

- ☆ S.S.L.C റിസൾട്ട് മെച്ചപ്പെടുത്താനുള്ള പ്രത്യേക പ്രവർത്തനങ്ങൾ ഉണ്ടാകണം.
- ☆ സ്ക്കൂളുകളിൽ പ്രതിവാര സാഹിത്യസമാജം, സയൻസ് ക്ലബ്, പരിസര ശുചീകരണം എന്നിവയും ഉൾപ്പെടുത്തണം.
- ☆ സ്ക്കൂൾ തലത്തിൽ പഠനയാത്രകൾ നടത്തുക, കൈയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക, വായനാ കോർണറുകൾ ആരംഭിക്കുക എന്നിവയ് പഞ്ചായത്ത് തലത്തിൽ പരിശീലനവും സഹായങ്ങളും നൽകണം.
- ☆ എല്ലാ അംഗനവാടികൾക്കും സ്ഥിരമായ കെട്ടിടങ്ങൾ ഉണ്ടാകണം. അവിടെയുള്ള കുട്ടികൾക്ക് ഇടയ്ക്കിടെ ആരോഗ്യപരിശോധന നടത്തണം. പഞ്ചായത്ത് സമിതിയിലെ വനിതാ അംഗങ്ങൾകൂടി ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾ ഓരോ അംഗനവാടിയോടും അനുബന്ധിച്ച് ഉണ്ടാകണം.
- ☆ പഞ്ചായത്തിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകണം. പഞ്ചായത്ത് അംഗങ്ങൾ കൂടി ഉൾപ്പെട്ട ഉപദേശക സമിതികൾ ഗ്രന്ഥശാലകൾക്ക് രൂപീകരിക്കണം. ഗ്രന്ഥശാലകളെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ കലാസാഹിത്യ വാസനകളെ പ്രോത്സാഹിക്കുന്ന വിധത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കണം. സമ്മാനങ്ങളും നൽകണം.
- ☆ പഞ്ചായത്തിലെ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും കൂടുതൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്താവുന്നതാണ്.
- ☆ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പാഠപുസ്തകങ്ങൾ, യൂണിഫോം മുതലായവ സൗജന്യമായി നൽകാനുള്ള നടപടികൾ ഉണ്ടാകണം.
- ☆ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുക.
- ☆ സാക്ഷരതാ പ്രസ്ഥാനം ജനകീയ പ്രസ്ഥാനമാക്കി പുനരുജ്ജീവിപ്പിക്കണം.
- ☆ വിദ്യാലയവും വിദ്യാഭ്യാസ അന്തരീക്ഷവും മെച്ചപ്പെടുത്താൻ ജനകീയ സമിതികൾ രൂപീകരിക്കുക. പഞ്ചായത്തിനകത്തും, സമീപത്തുമുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും, സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായങ്ങൾ ലഭിക്കുവാനുള്ള നടപടികൾ ജനകീയ സമിതികൾ മുഖാന്തിരം ഉണ്ടാക്കാൻ സാധിക്കണം.
- ☆ സമഗ്രമായ സ്ക്കൂൾ കോംപ്ലക്സ് വികസന പരിപാടി എല്ലാ സ്ക്കൂളുകളേയും ബന്ധിപ്പിച്ച് നടപ്പിലാക്കുക.
- ☆ സ്പെഷ്യൽ കാംപൊണന്റ് പ്ലാനിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ ഹരിജൻ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. ജോലിക്കായുള്ള മത്സര പരീക്ഷകൾക്ക് അപേക്ഷിച്ചവർക്ക് പരിശീലനക്ലാസ്സുകൾ ഈ പദ്ധതിയിൽ ആരംഭിക്കാവുന്നതാണ്.

# ആരോഗ്യം പരിസരശുചിത്വം, കുടിവെള്ളം



കടകംപള്ളി ഗ്രാമപഞ്ചായത്തിൽ ആതുര ശുശ്രൂഷ രംഗത്ത് എടുത്തു പറയത്തക്ക ചരിത്രമൊന്നുമില്ല. ഇവിടെ പൊതു ജനാരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു മിനി പ്രൈമറി ഹെൽത്ത് സെന്ററും ഒരു ഹോമിയോ ആശുപത്രിയുമാണ് ഉള്ളത്. ഇതിൽ പ്രൈമറി ഹെൽത്ത് സെന്റർ സ്വന്തം കെട്ടിടത്തിലും ഹോമിയോ ആശുപത്രി വാടക കെട്ടിടത്തിലുമാണ്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള കേന്ദ്രങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. പ്രൈവറ്റാശുപത്രിയോ, ആയുർവേദ ആശുപത്രിയോ ഇവിടില്ല. തൊട്ടടുത്ത മദർ പ്രൈമറി സെന്ററിലേക്ക് (പൂന്തുറ) 12 കിലോമീറ്ററിലധികം ദൂരമുണ്ട്. നിലവിലുള്ള മിനി പ്രൈമറി ഹെൽത്ത് സെന്ററിനെ 20 കിടക്കകളുള്ള ഒരു മദർ പ്രൈമറി ഹെൽത്ത് സെന്ററായി ഉയർത്തണമെന്ന ജനങ്ങളുടെ ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഒരു ആയുർവേദ ആശുപത്രിയും ഈ പഞ്ചായത്തിൽ വേണം.

കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ ഒരു കുടുംബക്ഷേമ കേന്ദ്രം മാത്രമാണുള്ളത്. മുഴുവൻ പ്രദേശങ്ങളിലും കുടുംബ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന്നാവശ്യമായ ഹെൽത്ത് വിസിറ്റർമാർ ഇവിടെ ഉണ്ട്. പ്രൈമറി ഹെൽത്ത് സെന്ററിനെ മാത്രം കേന്ദ്രമാക്കി പ്രവർത്തിക്കുന്നതിനാൽ ഇവരുടെ പൂർണ്ണമായ സേവനം എല്ലാ പ്രദേശങ്ങളിൽ ഉള്ളവർക്കും ലഭിക്കുന്നില്ല. ഹെൽത്ത് വിസിറ്റർമാർക്ക് പ്രവർത്തി വിഭജനം നടത്തി ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ അവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കണം.

അംഗണവാടി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കണം. മാതൃശിശു സംരക്ഷണം, പോഷകാഹാര പരിപാടി എന്നിവ മെച്ചപ്പെടുത്തണം. 5 വയസ്സിനു താഴെയുള്ള കുട്ടികളുടെ വിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1**

| പ്രായം | എണ്ണം |
|---|---|
| ഒരു വയസ്സിനു താഴെ | 339 |
| 1 നും 2 നും ഇടയ്ക്ക് | 250 |
| 2 നും 3 നും ഇടയ്ക്ക് | 256 |
| 3 നും 5 നും ഇടയ്ക്ക് | 805 |

പ്രതിരോധ ചികിത്സ, ആരോഗ്യ വിദ്യാഭ്യാസം ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവ പൊതുജന പങ്കാളിത്തത്തോടുകൂടി നടത്തുന്നതിലേക്കായി ഹെൽത്ത് വിസിറ്റർമാർ സന്നദ്ധ സംഘടനാ പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്നവർ തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ട് ഹെൽത്ത് ക്ലബുകൾ രൂപീകരിക്കണം. ഒരു മാസത്തിൽ ഒരു ദിവസമെങ്കിലും അമ്മമാർ ഉൾപ്പെടുന്ന ക്ലബുകൾ കൂടുകയും നടന്ന പരിപാടികൾ വിലയിരുത്തുകയും, നടക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണം.

ഈ പ്രദേശത്തെ 70% വീടുകളിൽ മാത്രമേ കക്കൂസുകൾ ഉള്ളൂ. ഇവയിൽ ഭൂരിഭാഗവും ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ളവയല്ല. ഇവയുടെ ടാങ്കുകൾ നിറയുമ്പോൾ കോരിമാറ്റുവാൻ പലർക്കും സ്ഥലസൗകര്യമില്ല. ആയതിനാൽ രണ്ട് പിറ്റുകളുള്ള കക്കൂസ് നിർമ്മിക്കുകയോ നഗരത്തിലെ ഡ്രെയിനേജ് സിസ്റ്റം

ഇവിടെ വ്യാപിപ്പിക്കുകയോ വേണം. പഞ്ചായത്തിലുള്ള മുഴുവൻ വീടുകൾക്കും കക്കൂസ് സൗകര്യം ഉണ്ടാക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ അഞ്ചു വാർഡുകളിൽ കൂടി ഒഴുകുന്ന പാർവ്വതീപുത്തനാറിന്റെയും മറ്റു വാർഡുകളിൽ കൂടി ഒഴുകുന്ന ആമയിഴഞ്ചാൻ തോടിന്റെയും മലിനീകരണം, ശാശ്വതമായി തടയണം. പഞ്ചായത്തിലെ കരിയ്ക്കകം പ്രദേശത്ത് മൂന്നു വാർഡുകളിലുള്ളവരുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന ടൈറ്റാനിയം കമ്പനിയും ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയും പുറത്തു വിടുന്ന പുക മൂലമുണ്ടാകുന്ന അന്തരീക്ഷ മലിനീകരണം തടയണം.

ഈ പ്രദേശത്തെ ആളുകളുടെ സ്വസ്തതയെ നശിപ്പിക്കുന്നതും പല രോഗങ്ങൾ പരത്തുന്നതുമായ കൊതുകുകളെ നശിപ്പിക്കണം. ഇപ്പോൾ നഗരത്തിൽ നടത്തികൊണ്ടിരിക്കുന്ന കൊതുകു നിവാരണ പരിപാടി ഇവിടെയും കൂടി വ്യാപിപ്പിക്കേണ്ടതാണ്. സിറ്റിയോടു ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനവും, ഡ്രയിനേജ് സൗകര്യങ്ങളും ഉണ്ടാകേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ അനധികൃതമായി ആടുമാടുകളെ കശാപ്പു ചെയ്യുന്നത് പൊതുജനാരോഗ്യത്തെ ബാധിക്കുന്നു. ഇതു നിറുത്തലാക്കാനുള്ള സംവിധാനം ഉണ്ടാകണം.

**കുടിവെള്ളം**

കടകംപള്ളി ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളത്തിന് ബഹുഭൂരിപക്ഷം ആളുകളും പൈപ്പുലൈനുകളെ ആശ്രയിക്കുകയാണ്. 15% ശതമാനത്തോളം ആളുകൾ മാത്രമേ കിണറ്റു ജലം ഉപയോഗിക്കുന്നുള്ളൂ. പാർവ്വതീപുത്തനാറിന്റെ മലിനീകരണം ശക്തമായതോടുകൂടി 5 വാർഡുകളിലെ 90% കിണറുകളിലേയും ജലം കുടിക്കുന്നതിന് യോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. മറ്റു വാർഡുകളിൽ അധികവും ചതുപ്പു പ്രദേശങ്ങളും കുന്നുകളുമായതിനാൽ ശുദ്ധജലം സുലഭമായി ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ കുടിവെള്ളത്തിന് പൈപ്പുജലത്തെ ആശ്രയിക്കേണ്ടി വരുന്നു. പഞ്ചായത്തിലേയ്ക്ക് രണ്ടു തരത്തിലുള്ള പൈപ്പുജലമാണ് ലഭിക്കുന്നത്. ഒന്ന് തിരുവനന്തപുരം വാട്ടർ അതോറിറ്റിയിൽ നിന്നും മറ്റൊന്ന് പമ്പു ഹൗസിൽ നിന്നും . ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു പമ്പു ഹൗസും, പ്രവർത്തന രഹിതമായ രണ്ടു പമ്പു ഹൗസുകളുമാണുള്ളത്. ആനയറയിലും, ഒരു വാതിൽ കോട്ടയിലും ഉള്ള പമ്പു ഹൗസുകളുടെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി. കൊച്ചു വേളിയിലെ പമ്പ് ഹൗസിൽ നിന്നും എല്ലായിപ്പോഴും ജലം ലഭിക്കുന്നില്ല. പഞ്ചായത്തിലെ പൊതുജല വിതരണത്തെകുറിച്ചുള്ള വിവരണം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

**പട്ടിക 2**

പൊതു വാട്ടർ ടാപ്പ്

| വാർഡ് | എണ്ണം |
|---|---|
| I | 7 |
| II | 12 |
| III | 14 |
| IV | 4 |
| V | 7 |
| VI | 6 |
| VII | 5 |
| VIII | 9 |
| IX | 11 |
| X | 8 |
| XI | 7 |
| ആകെ | 90 |

**പട്ടിക 3**

| പൊതു കിണർ | | പൊതു ടാങ്ക് | |
|---|---|---|---|
| ഉപയോഗിക്കുന്നത് | അല്ലാത്തത് | പ്രവർത്തിക്കുന്നത് | അല്ലാത്തത് |
| 13 | 4 | 1 | 2 |

ഈ പഞ്ചായത്തിൽ ഉപയോഗ ശൂന്യമായ ഏഴ് കുളങ്ങൾ ഉണ്ട്. രണ്ടു കുളങ്ങൾ കുളിക്കാ

നും, രണ്ടു കുളങ്ങൾ വസ്ത്രമലക്കാനും ഉപയോഗിക്കുന്നു. കാലാകാലങ്ങളിൽ ശുദ്ധീകരിച്ചാൽ പൊതുജനങ്ങൾക്ക് കുളിക്കാനും തുണി അലക്കാനും സാധിക്കും. പഞ്ചായത്ത് ആഫീസിനു മുമ്പിലുള്ള ട്യൂബ് വെൽ വൃത്തിയാക്കി അതിൽ നിന്നും വെള്ളം പമ്പു ചെയ്തു സമീപപ്രദേശത്തിനു നൽകാം.

കരിയ്ക്കകത്തു പ്രവർത്തിക്കുന്ന പമ്പു ഹൗസിലെ ജലമാണ് 1,2,3, വാർഡുകളിലെ ഏക ആശ്രയം. ഈ വാർഡുകളിലെ ചില ഭാഗങ്ങളിൽ എല്ലാ സമയവും ജലം ലഭിക്കുന്നില്ല.

പഞ്ചായത്തിലെ 1,2,3, വാർഡുകളിലുള്ളവർ വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനും മറ്റു പരാതികൾ നൽകുന്നതിനും വളരെയകലെയുള്ള പോങ്ങുംമൂട്ടിൽ പോകണം. അത് ഒഴിവാക്കാനായി ഈ പ്രദേശത്തെ പാറ്റൂർ ഡിവിഷനോട് ചേർക്കണം. ആനയറ പമ്പു ഹൗസിലെ കെട്ടിടം പ്രയോജനപ്പെടുത്തി ഈ പഞ്ചായത്തിലുള്ളവർക്ക് വെള്ളക്കരം അടയ്ക്കാൻ ഒരു ഓഫീസ് പ്രവർത്തിപ്പിക്കണം.

ആൾസെയിന്റ്സ് വഴി തുമ്പയിലേക്കു പോകുന്ന പൈപ്പുലൈൻ ആൾസെയിന്റ്സ് കോളേജിനു തെക്കേ അറ്റത്തുള്ള റെയിൽവേ ലൈനിന്റെ അടിയിൽ കൂടി കരിയ്ക്കകം പമ്പിന്റെ തെക്കേ അറ്റത്തുള്ള ലൈനുമായി ബന്ധിപ്പിച്ചാൽ പമ്പ് പ്രവർത്തിക്കാത്ത സമയത്തും ജലം ലഭ്യമാകും. ചെട്ടിക്കുന്ന് ഭാഗത്ത് ഒരു പമ്പ് ഹൗസ് സ്ഥാപിച്ച് ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കണം.

ഈ റോഡു ഭാഗത്ത് കുടിവെള്ളം ലഭിക്കുന്നതിനായി പൈപ്പുലൈൻ നീട്ടണം.

**പ്രശ്നങ്ങൾ**

- ❑ സമഗ്ര ആരോഗ്യ സർവ്വേ ഒരു വർഷത്തിനകം സന്നദ്ധ പ്രവർത്തകരും ആരോഗ്യപ്രവർത്തകരും ചേർന്ന് നടത്തുക. വ്യക്തികൾക്ക് ഹെർത്ത് കാർഡ് നൽകുക.
- ❑ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല.
- ❑ ആശുപത്രിയിൽ അത്യാഹിത വിഭാഗം ഇല്ല
- ❑ PHC മുഴുവൻ സമയവും പ്രവർത്തിക്കുന്നില്ല.
- ❑ ക്ലിനിക്കൽ ലാബ് ഇല്ല.
- ❑ ഈ പഞ്ചായത്തിൽ ആയൂർവേദ ആശുപത്രി ഇല്ല
- ❑ കുടുംബക്ഷേമപ്രവർത്തനങ്ങളുടെ പ്രയോജനം എല്ലാ സ്ഥലത്തും എത്തുന്നില്ല.
- ❑ ആശുപത്രി വികസന സമിതികൾ ഇല്ല
- ❑ ഹെൽത്തു ക്ലബുകൾ ഇല്ല
- ❑ എല്ലാ വീടുകൾക്കും കക്കൂസില്ല
- ❑ പാർവ്വതീ പുത്തനാറിന്റെ മലിനീകരണം ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്നു.
- ❑ TTP യിൽ നിന്നും വരുന്ന പുകയുടെ അന്തരീക്ഷമലിനീകരണം
- ❑ ഒരു പൊതു ശ്മശാനം ഇല്ല
- ❑ ഹോട്ടലുകളിലെ ആഹാര സാധനങ്ങളുടെ ശുചിത്വവും, ഗുണനിലവാരവും കുറയുന്നു.
- ❑ റോഡുകളിൽ വലിച്ചെറിയുന്ന അവശിഷ്ടങ്ങൾ പരിസരമലിനീകരണം സൃഷ്ടിക്കുന്നു.
- ❑ അനധികൃത അറവുശാലകളും മലിനീകരണം സൃഷ്ടിക്കുന്നു.
- ❑ പൈപ്പുവെള്ളം ആവശ്യത്തിനു ലഭിക്കുന്നില്ല.
- ❑ പാർവ്വതീപുത്തനാറിന്റെ സമീപപ്രദേശങ്ങളിലുള്ള കിണറ്റു വെള്ളം ഉപയോഗയോഗ്യമല്ല.
- ❑ എല്ലാ പമ്പുകളും പ്രവർത്തിക്കുന്നില്ല.
- ❑ ചെട്ടിക്കുന്നു ഭാഗത്ത് പൈപ്പു ലൈനില്ല.
- ❑ വ്യാജ മദ്യ വില്പന നടക്കുന്നു.

**നിർദ്ദേശങ്ങൾ**

- ☆ നിലവിലുള്ള PHC യെ കുറഞ്ഞത് 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.
- ☆ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരത്യാഹിത വിഭാഗവും ഉണ്ടാകണം
- ☆ PHC മുഴുവൻ സമയവും പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

☆ ഈ ആശുപത്രിയോടനുബന്ധിച്ച് ക്ലിനിക്കൽ ലാബ് ആരംഭിക്കണം.

☆ ഈ പഞ്ചായത്തിനകത്ത് ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കാൻ സത്വര നടപടി സ്വീകരിക്കണം.

☆ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കുടുംബക്ഷേമകേന്ദ്രങ്ങൾ തുറന്ന് ജീവനക്കാരെ വികേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. സൗകര്യമുള്ള അംഗണവാടികളിൽ അതിനോടു ചേർന്ന് കുടുംബക്ഷേമകേന്ദ്രങ്ങൾ ആരംഭിക്കാം.

☆ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി വികസന സമിതികൾ ഉണ്ടാക്കണം. ആശുപത്രി വികസന സമിതികളുടെ സഹായത്തോടു കൂടി വേണ്ടത്ര മരുന്നുകളും ഉപകരണങ്ങളും ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാം.

☆ എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

☆ പാർവ്വതീപുത്തനാറിന്റെ മലിനീകരണം ഗുരുതരമാണ്. അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

☆ സിറ്റിയോടു ചേർന്നു കിടക്കുന്ന പ്രദേശമാകയാൽ ഒരു പൊതു ശ്മശാനം ഈ പഞ്ചായത്തിൽ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണ്.

☆ ശീതള പാനീയ കടകളും ഹോട്ടലുകളും കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കി ആഹാരസാധനങ്ങളുടെ ഗുണനിലവാരവും ശുചിത്വവും ഉറപ്പുവരുത്തേണ്ടതാണ്.

☆ റോഡുകളിൽ അവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ് പരിസരമലിനീകരണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

☆ അനധികൃത അറവുശാലകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുക.

☆ ആനയറയിലും ഒരുവാതിൽക്കോട്ടയിലും ഉള്ള പമ്പു ഹൗസുകൾ നന്നാക്കുക. എല്ലാ പമ്പുകളും മൂന്നു ഷിഫ്റ്റും പ്രവർത്തിപ്പിക്കുക.

☆ ചെട്ടിക്കുന്നു ഭാഗത്തേയ്ക്ക് പൈപ്പു ലൈൻ നീട്ടുക.

☆ വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും വില്പനക്കെതിരെ നിയമനടപടിയും സ്വീകരിക്കണം.

☆ ആക്കുളം കായലിന്റെ കിഴക്കു ഭാഗത്തായി ക്ലേ ഫാക്റ്ററിക്കുവേണ്ടി മൈൻ ചെയ്ത ഭാഗത്ത് (ആറ്റിപ്ര പഞ്ചായത്ത്) ഈ പഞ്ചായത്തിന് മുഴുവൻ നൽകാനുള്ള ജലം ലഭ്യമാണ്. അത് ബ്ലോക്ക് പരിപാടിയിലോ ജില്ലാ പരിപാടിയിലോ ചേർക്കാവുന്നതാണ്.

☆ ഇപ്പോൾ പുലയനാർകോട്ട ടാങ്കിൽ നിറച്ച് ആഭാഗത്ത് നൽകുന്ന ജലം കടകംപള്ളി പഞ്ചായത്തിനു കൂടി നൽകാൻ കഴിയത്തക്കവണ്ണം ആസൂത്രണം ചെയ്താൽ ഇന്നു ആനയറ റോഡിന്റെ ഇടതുഭാഗത്ത് അനുഭവിക്കുന്ന ജല ദൗർലഭ്യം പരിഹരിക്കാനാകും. ഇക്കാര്യത്തെ കുറിച്ചു നടത്തിയ ഒരു പഠന റിപ്പോർട്ട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആഫീസിലുണ്ട്.

☆ സൂര്യൻകുളത്തിൽ വേണ്ടവണ്ണം ജലസംഭരണം നടത്തിയാൽ അവിടെ നിന്നു ആനയറ പമ്പ് ഹൗസിൽ വെള്ളം പമ്പു ചെയ്യാം. രണ്ടു മൂന്നു വാർഡുകളിലെങ്കിലും ഈ ജലം നൽകാം. എന്നും നമുക്ക് വാട്ടർ അതോറിറ്റി ഒരു അത്താണി (വെല്ലിംഗ്ടൺ വാട്ടർ വർക്സ്) ആവില്ലെന്നു ഓർക്കണം.

☆ പഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനം നമ്മുടെ ആരോഗ്യത്തെ സംബന്ധിച്ച് ഒരു പ്രധാനാഘാതമാണ്. ഓരോ വീട്ടിലും അവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന രണ്ടുതരം ബക്കറ്റുകൾ നൽകണം. ഒന്നിൽ ഖര വസ്തുവും, മറ്റേതിൽ ജൈവവസ്തുക്കളും ഇടണമെന്ന് നിഷ്കർഷിക്കണം. ഇപ്രകാരം സൂക്ഷിക്കുന്ന അഴുക്കുകൾ മാറ്റാൻ പഞ്ചായത്തു തലത്തിൽ ഏർപ്പാടുകൾ ഉണ്ടാവണം. ഇപ്രകാരം എടുത്തു മാറ്റുന്നതിന്, ഒരു നിശ്ചിത തുക വീട്ടുകാരിൽ നിന്നും ഈടാക്കണം.

☆ കത്തിച്ചു കളയാൻ കഴിയുന്ന ചപ്പുചവറുകൾ ഓരോ വീട്ടിലും സൗകര്യമായ സ്ഥലത്തു വെച്ചു കത്തിച്ചു കളയേണ്ടതാണെന്നു പ്രത്യേകം നിഷ്കർഷിക്കണം.

☆ ഓരോ വീട്ടിലും അഴുക്കുകൾ ശേഖരിച്ച് കമ്പോസ്റ്റു കുഴികൾ ഉണ്ടാക്കാനുള്ള പ്രേരണ ചെലുത്താൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

☆ കൊച്ചു കുട്ടികളിലാണ് ശുചിത്വബോധം ആദ്യം വളർത്തേണ്ടത്. നേഴ്സറി മുതൽ ഇതു തുടങ്ങാം. ക്ലാസ്സുമുറി വൃത്തിയാക്കുക, സ്ക്കൂളും പരിസരവും വൃത്തിയാക്കുക എന്നിവ കുട്ടികളെ കൊണ്ടു ചെയ്യിക്കണം.

☆ ഓരോ കുട്ടിയും കുളിച്ചിട്ടാണോ ക്ലാസ്സിൽ വരുന്നത്, അവർ ചപ്പുചവറുകൾ റോഡിലും, ക്ലാസ്സിലും വലിച്ചെറിയാറുണ്ടോ, നഖം വെട്ടാറുണ്ടോ എന്നു ക്ലാസ്സ് ടീച്ചർ ശ്രദ്ധിക്കണം. ക്ലാസ്സ് മോണിറ്റർ കുട്ടികൾ വരുത്തുന്ന വീഴ്ചകൾ ടീച്ചറിനു റിപ്പോർട്ടു ചെയ്യണം.

☆ ഓരോ (ലെയിൻ റോഡുകൾ ) റോഡുകളും വൃത്തിയായി സൂക്ഷിക്കാൻ റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികളെ പഞ്ചായത്ത് തലത്തിൽ വിളിച്ചു വരുത്തി സംസാരിക്കണം.

☆ മാസത്തിൽ ഒരു ദിവസം റോഡ്ക്ലീൻ ഡേ ആയി പ്രഖ്യാപിക്കുകയും പൊതുജനങ്ങളും പഞ്ചായത്ത് അധികൃതരും , സന്നദ്ധ സംഘടനകളും ചേർന്ന് ഒരു കിലോമീറ്റർ ദൂരം വീതം വൃത്തിയാക്കുകയും വേണം.



# വ്യവസായം

രാജ്യത്തിന്റെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളം വ്യവസായികമായി വളരെ പിന്നിലാണ്. കുറച്ചൊക്കെ പുരോഗതി ഈ രംഗത്ത് കൈവന്നിട്ടുണ്ടെങ്കിലും രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് തെല്ലെങ്കിലും പരിഹാരം കാണുന്നതിനുതകുന്ന വ്യവസായങ്ങളൊന്നും നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. വൈദ്യുതി ക്ഷാമമാണ് ആധുനിക വൻകിട വ്യവസായ സ്ഥാപനങ്ങൾ ഇവിടെ സ്ഥാപിക്കുന്നതിന് തടസ്സമായിട്ടുള്ളത്. നിലവിലുള്ള വ്യവസായങ്ങൾക്കുപോലും ഇത് ഭീഷണിയാണ്. തലസ്ഥാന നഗരത്തോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്തു പ്രദേശത്തിന് ഗ്രാമമെന്നതിലുപരി ഒരു പട്ടണത്തിന്റെ സ്വഭാവമാണുള്ളത്. തലസ്ഥാന നഗരിയിലെ ഓഫീസുകളിൽ ജോലിചെയ്യുന്നവരുടെ ഒരു വാസസ്ഥലമാണിവിടമെന്ന് പറയാം. കാർഷിക പ്രധാന മേഖലയായിരുന്ന നമ്മുടെ പഞ്ചായത്തു പ്രദേശത്ത് തെങ്ങ് കൃഷി മാത്രമാണ് ഇപ്പോൾ ഉള്ളത്. ഇവടത്തുകാർ കൃഷി ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ളവരല്ല. വ്യവസായ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. ആകെ എടുത്തു പറയാവുന്ന സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലുള്ള ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയും സഹകരണ മേഖലയിലുള്ള കയർ ഫാക്ടറിയുമാണ്.

പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും വികസന സാദ്ധ്യതകളെയും ചുരുക്കി പ്രതിപാദിച്ചശേഷം പുതിയ വ്യവസായ സ്ഥാപനങ്ങൾക്കുള്ള സാദ്ധ്യത പരിശോധിക്കാം.

### ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി

സ്വകാര്യ മേഖലയിലുള്ള ഒരു ഇടത്തരം വ്യവസായ സ്ഥാപനമാണ് ഇത്. പഞ്ചായത്തു പ്രദേശത്തുള്ള കൊച്ചുവേളി റെയിൽവേ ഗുഡ്സ് യാർഡിന് സമീപമാണ് ഈ ഫാക്ടറി സ്ഥിതിചെയ്യുന്നത്. 1966-ൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ വാർഷിക ടേണോവർ 24,64,22,000 രൂപയാണ്. 294 തൊഴിലാളികളാണ് ഇവിടെ പണിയെടുക്കുന്നത്. മൺപാത്രങ്ങൾ, പെയിന്റ്, ചെരുപ്പ്, പൗഡർ തുടങ്ങിയ വസ്തുക്കൾ നിർമ്മിക്കുന്നതിന് ഉപയോഗിക്കപ്പെടുന്ന ഒരു അസംസ്കൃത സാധനമാണ് ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ക്ലേയ്ക്ക് ഇത് ഉല്പാദിപ്പിക്കുന്നതിനാവശ്യമായ മണ്ണ് ഈ പ്രദേശത്തോട് ചേർന്ന ആക്കുളത്തു നിന്നും, അല്പം അകലെയുള്ള മംഗലാപുരത്ത് (വേങ്ങോട്) നിന്നുമാണ് ശേഖരിക്കുന്നത്. ഇവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ക്ലേയ്ക്ക് ഡിമാന്റ് ഏറെ ഉണ്ടെന്നതിനാൽ കൂടുതൽ വികസനത്തിന് ഈ വ്യവസായത്തിന് സാദ്ധ്യതയുണ്ട്. അവിദഗ്ദ്ധതൊഴിലാളികളുടെ നിയമനത്തിൽ പഞ്ചായത്തു പ്രദേശത്തുള്ളവർക്ക് ഈ ഫാക്ടറിയിൽ മുൻഗണന നല്കുന്നില്ല എന്ന ആക്ഷേപമുണ്ട്. ഇതു പരിഹരിക്കപ്പെടേണ്ടതുണ്ട്. ഈ വ്യവസായ സ്ഥാപനം അന്തരീക്ഷത്തിൽ പടർത്തുന്ന പൊടി സമീപ വാസികൾക്ക് ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ഇടയാക്കുന്നുണ്ട്. അന്തരീക്ഷമലിനീകരണത്തിനെതിരെയുള്ള നടപടികൾ ശക്തമാക്കേണ്ടതുണ്ട്.

**കടകംപള്ളി കയർ വ്യവസായ സഹകരണ സംഘം**

ഈ പഞ്ചായത്തു പ്രദേശത്തിൻെറ വടക്കേ അറ്റത്തുള്ളള ഒരു വാതിൽ കോട്ട എന്ന സ്ഥലത്താണ് ഈ സഹകരണ സംഘവും അതിനോടനുബന്ധിച്ചുള്ള കയർഫാക്ടറിയും പ്രവർത്തിക്കുന്നത്. 1973-ൽ ശ്രീ. അനിരുദ്ധൻ സ്വന്തം ഉടമയിൽ ആറുപേർ പണിയെടുക്കുന്ന ഒരു റാട്ട് കയർ പിരിയിൽ ആരംഭിച്ച ഈ ചെറിയ യൂണിറ്റ് 1980 മാർച്ചോടുകൂടി ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടു. വളരെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ 170 തൊഴിലാളികൾ പണിയെടുക്കുന്ന 5 റാട്ടുള്ള യന്ത്ര വത്കൃത കയർപിരി യൂണിറ്റായി ഇതു വളർന്നു. ഇവിടെ പണിയെടുക്കുന്നവരിൽ 95 ശതമാനവും സ്ത്രീകളാണ്. ഒരു കയർ പിരിതൊഴിലാളിക്ക് 40 രൂപയാണ് കൂലി. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ വാർഷിക ടേണോവർ45,64,201 രൂപയാണ്. ഇത് ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനമാണ്. ഈ വ്യവസായത്തിനാവശ്യമായ പച്ചത്തൊണ്ട് ഇവിടെ നിന്ന് ലഭിക്കുന്നില്ല. പഞ്ചായത്തു പ്രദേശത്തുള്ള പച്ചത്തൊണ്ട് പഞ്ചായത്തിന് പുറത്തേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിനാവശ്യമായ ചകിരി തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ നിന്നും, തൃശൂരിൽ നിന്നുമാണ് കൊണ്ടു വരുന്നത്. ഈ പഞ്ചായത്തു പ്രദേശത്തെ പച്ചത്തൊണ്ടാകെ ഇവിടെ സംഭരിച്ച് ആധുനിക സമ്പ്രദായത്തിലൂടെ അവ ചകിരിയാക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽ ഈ വ്യവസായത്തിൻെറ ഉപ യൂണിറ്റുകൾ പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ സ്ഥാപിച്ചുകൊണ്ട് ഈ വ്യവസായം വികസിപ്പിക്കാനാകും.

**കയർമാറ്റ്സ് ആൻറ് മാറ്റിംഗ്സ് സഹകരണ സംഘം**

വിവിധ തരം കയറ്റുമെത്തകളും മറ്റും നിർമ്മിക്കുന്ന ഒരു യൂണിറ്റാണ് ഇത്. ഒരുവാതിൽ കോട്ടയിൽ വാടക കെട്ടിടത്തിലാണ് ഈ സംഘം. 1989-ൽ സ്ഥാപിതമായെങ്കിലും ഈ യൂണിറ്റിൻെറ പ്രവർത്തനം ആരംഭിച്ചിട്ട് ഒരു വർഷമായിട്ടില്ല. ഒരുവാതിൽകോട്ടയിലെ കടകംപള്ളി കയർ വ്യവസായ സഹകരണസംഘം ഉല്പാദിപ്പിക്കുന്ന കയർ, കയറ്റുമെത്തയും മറ്റും നിർമ്മിക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ കൊല്ലത്തു നിന്നും ആലപ്പുഴ നിന്നും കയർ വാങ്ങിയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റിന് ആവശ്യമായ ഇനം കയർ കടകംപള്ളി കയർ വ്യവസായ സഹകരണ സംഘത്തിന് ഉല്പാദിപ്പിച്ച് നാൽകാൻ കഴിഞ്ഞാൽ ഈ യൂണിറ്റിൻെറ പ്രവർത്തനത്തിന് അത് സഹായകമാകും. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാകേണ്ടതുണ്ട്. മൂലധന നിക്ഷേപം വർദ്ധിപ്പിക്കുകയും ആധുനിക യന്ത്രങ്ങളുടെ സഹായത്തോടെ ഈ യൂണിറ്റിൻെറ പ്രവർത്തനം വികസിപ്പിക്കുകയും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. വളരെ വികസന സാദ്ധ്യതയുള്ള ഒരു വ്യവസായമാണിത്.

**കടകംപള്ളി ക്ഷീര വ്യവസായ സഹകരണ സംഘം**

1976-ൽ ഒരു വാതിൽ കോട്ടയിൽ ആരംഭിച്ച ഒരു സ്ഥാപനമാണ് കടകംപള്ളി ക്ഷീര വ്യവസായ സഹകരണ സംഘം. ആറ് തൊഴിലാളികൾ പണിയെടുക്കുന്ന ഈ സ്ഥാപനം ഇന്ന് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആവശ്യത്തിന് പാൽ ലഭ്യമല്ലാത്ത അവസ്ഥയുണ്ട്. പാൽ നേരിട്ട് വില്ക്കുന്നതിലൂടെ കൂടുതൽ വില ലഭ്യമാകുന്നതിനാലാണ് കന്നുകാലി കർഷകർ ഈ സംഘത്തിന് പാൽ വില്ക്കാൻ തയ്യാറാകാത്തത്. കർഷകർക്ക് കൂടുതൽ വില നൽകാൻ കഴിയില്ലെങ്കിൽ ഈ സംഘം ലാഭകരമായി പ്രവർത്തിച്ചു കൊണ്ടുപോകാൻ കഴിയുകയില്ല. മിൽമ വിതരണം ചെയ്യുന്ന പാലാണ് പഞ്ചായത്തുകളിൽ 90 ശതമാനവും അവരുടെ ദൈനം ദിനാവശ്യത്തിനുപയോഗിക്കുന്നത്. ഒരു ലിറ്ററിന് 11 രൂപയാണ് മിൽമാ പാലിൻെറ വില. ക്ഷീര വ്യവസായ സഹകരണ സംഘം മിൽമായ്ക്ക് പാൽ വിറ്റാൽ ലിറ്ററിന് 8 രൂപയേ ലഭിയ്ക്കു. ഈ സംഘത്തിൻെറ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് ഗ്രാമസഭകളിൽ വന്ന അഭിപ്രായം. പഞ്ചായത്തു പ്രദേശത്താകെ ശുദ്ധമായ പാൽ നേരിട്ട് വിതരണം നടത്താൻ കഴിയത്തക്ക വിധത്തിൽ ഈ സംഘത്തിൻെറ പ്രവർത്തനം

കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. പാൽജന്യ ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള ശ്രമവും നടത്തേണ്ടതുണ്ട്.

### റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ്

1993 -94 ൽ ചെന്നിലോട്ട് പ്രവർത്തനം ആരംഭിച്ച ഈ സ്വകാര്യ ചെറുകിട യൂണിറ്റുകൾ ആരംഭകാലത്ത് 10 തൊഴിലാളികൾ പണിയെടുത്തിരുന്നെങ്കിലും ഇപ്പോൾ 6 തൊഴിലാളികളേ ഉള്ളൂ. ലാഭത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. എന്നാൽ ഈ യൂണിറ്റിൻെറ വികസനത്തിന് ആവശയമായ മൂലധനം സ്വരൂപിക്കാൻ കഴിയാത്തതിനാലാണ് ഇതിൻെറ വികസനം വഴിമുട്ടിനില്ക്കുന്നത്. ചെറുകിട വ്യവസായങ്ങൾക്കും വ്യവസായ സംരംഭകർക്കും മൂലധനം കണ്ടെത്താനും വർദ്ധിപ്പിക്കാനും ഉതകുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ അതുപകരിക്കും.

### വുഡ് ടേണിംഗ് യൂണിറ്റ്

കരിക്കകം പ്രദേശത്ത് എറുമലക്ഷേത്രത്തിന് സമീപം പ്രവർത്തിക്കുന്ന ഈ സ്വകാര്യ സ്ഥാപനത്തിൽ ഇപ്പോൾ ഒരു തൊഴിലാളി മാത്രമാണ് പണിയെടുക്കുന്നത്. 1993-94 ലാണ് ഇത് ആരംഭിച്ചത്. ഫർണിച്ചറുകൾക്കാവശ്യമായുള്ള തടികടഞ്ഞെടുക്കുന്ന പ്രവർത്തിയാണ് ഈ ചെറുകിടയൂണിറ്റിൽ ചെയ്യുന്നത്. പ്രവർത്തന മൂലധനത്തിൻെറ അപര്യാപ്തതയാണ് ഇതിൻെറ വികസനത്തിനും തടസ്സമായി നിൽക്കുന്നത്.

### പാരഗൺ പാക്സ്

17 ലക്ഷം രൂപ കെ.എഫ്.സി.യിൽ നിന്ന് ലോൺ എടുത്ത് പാക്കിംഗ് ബോർഡ്, കാർഡ് ബോർഡ് ബോക്സ് നിർമ്മാണത്തിനായി ചെന്നിലോട്ട് ആരംഭിച്ച ഈ സ്ഥാപനം ഒരു വർഷം പ്രവർത്തിച്ചു. ഈ സ്വകാര്യ വ്യവസായ സ്ഥാപനം പൂട്ടികിടക്കുകയാണ്. മാനേജുമെൻറിൻെറ പിടിപ്പുകേടാണ് കാരണമായി പറഞ്ഞു കേൾക്കുന്നത്. ഈ സ്ഥാപനം പൂട്ടിയിടാൻ ഇടയാക്കിയ കാരണങ്ങളെക്കുറിച്ച് വസ്തു നിഷ്ഠമായ അന്വേഷണം നടത്തി ഇത് പുന:പ്രവർത്തിപ്പിക്കാനാകുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

### ആത്മസ് പൈസസ് കറിപൗഡർ നിർമ്മാണ യൂണിറ്റ്

എല്ലാ കറിപൗഡറുകളും മറ്റു ധാന്യപ്പൊടികളും നിർമിച്ചു വില്പന നടത്തുന്ന ചെന്നിലോടു പ്രദേശത്തുള്ള ഒരു സ്വകാര്യ വ്യവസായ സ്ഥാപനമാണിത്. 40 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നു. ഇത് ലാഭകരമായി പ്രവർത്തിക്കുന്നു.

### മഹാലക്ഷ്മി കറിപൗഡർ നിർമ്മാണ യൂണിറ്റ്

ലാഭകരമായി പ്രവർത്തിക്കുന്ന ഈസ്ഥാപനത്തിലും എല്ലാ കറി പൗഡറുകളും ധാന്യപ്പൊടികളും നിർമ്മിച്ച് വില്പന നടത്തുന്നു. ഇതും ഒരു സ്വകാര്യ വ്യവസായ സ്ഥാപനമാണ്.

### പുതിയ വ്യവസായ സംരംഭങ്ങൾ

അഭ്യസ്തവിദ്യരും സാങ്കേതിക യോഗ്യതയുള്ളവരും ആയ തൊഴിൽ രഹിതർ ഈ പഞ്ചായത്തു പ്രദേശത്ത് ഏറെയുണ്ട്. ഇത്തരക്കാർക്ക് ജീവിക്കാനാവശ്യമായ തൊഴിൽ കണ്ടെത്തുക അടിയന്തിര ശ്രദ്ധ വേണ്ട സംഗതിയാണ്. വൻകിട വ്യവസായങ്ങൾ ആരംഭിക്കാനാവശ്യമായ ഗതാഗതസൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്. നിർമ്മാണത്തിലിരിക്കുന്ന നാഷണൽ ഹൈവെ ഈ പഞ്ചായത്തിലുടെ കടന്നു പോകുന്നു. ഇത് പുതിയ വ്യവസായ സംരംഭത്തിന് അനുകൂലമായ സാഹചര്യമാണ്. ഒരു മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. അണമുഖം പാലത്തിനു സമീപമുള്ള സ്ഥലംഅക്വയർ ചെയ്ത് നബാഡിൽ നിന്നും മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം സ്വീകരിച്ച് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാനാവുമോ എന്നും പരിശോധിക്കാവുന്നതാണ്.

ഇടത്തരം ചെറുകിട കുടിൽ വ്യവസായങ്ങൾ തുടങ്ങാനാവശ്യമായ അനുകൂല സാഹചര്യങ്ങൾ ഒരുക്കിക്കൊടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തു തലത്തിൽ ഇതിനാവശ്യ

മായ സംവിധാനം ഉണ്ടാകണം. വ്യവസായ സാദ്ധ്യതകൾ ബോദ്ധ്യപ്പെടുത്തി വ്യവസായ സംരംഭകരെ കണ്ടെത്തി കർമ്മരംഗത്തേക്ക് കൊണ്ടു വരാനും അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കാനും ആസംവിധാനത്തിനു കഴിയണം.

ഒരു കാർഷിക പ്രധാന പ്രദേശമായ ഈ പഞ്ചായത്തിൽ കാർഷിക അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനാകുമോ എന്ന പരിശോധനയ്ക്കാണ് പ്രഥമ പരിഗണന നല്കേണ്ടത്. തെങ്ങു കൃഷിയാണ് ഈ പഞ്ചായത്തിലെ മുഖ്യ കൃഷിയെന്നതിനാൽ തെങ്ങു കൃഷിയേയും നാളികേരോല്പന്നങ്ങളേയും അടിസ്ഥാനപ്പെടുത്തി തുടങ്ങാനാവുന്ന ചെറുകിട വ്യവസായങ്ങളെക്കുറിച്ച് പരിശോധിക്കാവുന്നതാണ്.

### എണ്ണയാട്ടു വ്യവസായം

പഞ്ചായത്തതിർത്തിയിൽ സ്വകാര്യമേഖലയിൽ ഏഴ് എണ്ണയാട്ടു മില്ലുകൾ ഉണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ നാളികേരം സംഭരിച്ച് എണ്ണയാക്കി വിപണനം ചെയ്യും കൂലിയാട്ട് നടത്തിയുമാണ് ഇവ പ്രവർത്തിക്കുന്നത്. ഇവയെല്ലാം ലാഭകരമായി പ്രവർത്തിക്കുന്ന സ്വകാര്യസ്ഥാപനങ്ങളാണ്. തദ്ദേശീയമായി നാളികേരം സംഭരിച്ച് എണ്ണയാക്കി വിതരണം ചെയ്യുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ എണ്ണയാട്ടു വ്യവസായ സംവിധാനമുണ്ടാക്കുകയാണെങ്കിൽ നാളികേര കർഷകർക്ക് ഉല്പന്നത്തിന് കൂടുതൽ വില ഉറപ്പാക്കാനും തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാനും കഴിയും.

### പച്ചത്തേങ്ങ സംരണ വ്യവസായം.

പാപ്പനം കോട്ടുള്ള റീജണൽ റിസർച്ച് ലാബറട്ടറി വികസിപ്പിച്ചെടുത്ത ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി പച്ചത്തേങ്ങാപ്പരിപ്പ് ചുരണ്ടി സംസ്കരിച്ച് പോളിത്തീൻ ബാഗുകളിലാക്കി പുറം നാടുകളിലേക്കയക്കുന്നതിനുള്ള ഒരു വ്യവസായ സ്ഥാപനം തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്. ഇതിന് അനുബന്ധമായി പച്ചത്തേങ്ങയിൽ നിന്ന് ലഭ്യമാകുന്ന തേങ്ങാവെള്ളം ശീതള പാനീയമായി വിൽക്കാനും സംവിധാനംഉണ്ടാക്കാം. കൂടാതെ ചിരട്ട കരിച്ച് നേർമ്മയാക്കിയ പൊടി ഉരുക്കു വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത സാധനമാണെന്നതിനാൽ ചിരട്ടക്കരി നിർമ്മാണവും അനുബന്ധ സാദ്ധ്യതയായി പരിഗണിക്കാവുന്നതാണ്.

### റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം

തയ്യൽ പരിശീലനം സിദ്ധിച്ച ധാരാളം വനിതകൾ പഞ്ചായത്തിലുണ്ട്. സ്വന്തമായി തയ്യൽ മെഷീൻ ഉള്ളവരും ഇവരിൽ ഉണ്ട്. ഔട്ട് വർക്കർ സമ്പ്രദായമനുസരിച്ച് ഒരു റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം രുടങ്ങുന്നതിന് ഈ പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

### ഇലക്ട്രോണിക്ക് സ്പെയർ പാർട്സ് നിർമ്മാണം

തുമ്പയിലെ വി.എസ്സ്.എസ്സ്.സി.യ്ക്കും വെള്ളയമ്പലം ഇലക്ട്രോണിക് സ്ഥാപനങ്ങൾക്കും ആവശ്യമായസ്പെയർ പാർട്സ് നിർമ്മാണം കുടിൽ വ്യവസായാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. പഞ്ചായത്തു പ്രദേശത്തുള്ള യുവതീ യുവാക്കൾക്ക് അതിനുള്ള പ്രത്യേക പരിശീലനം നൽകി ഇലക്ട്രോണിക് സ്പെയർ പാർട്സ് നിർമ്മാണം കുടിൽ വ്യവസായാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

### ഫർണിച്ചർ നിർമ്മാണ യൂണിറ്റ്

ഫർണിച്ചർ നിർമ്മാണ തൊഴിലാളികൾ ധാരാളം ഈ പഞ്ചായത്തിലുണ്ട്. വൈദഗ്ദ്ധ്യക്കുറവാണ് വ്യവസായികാടിസ്ഥാനത്തിൽ ഈ തൊഴിലിൽ ഏർപ്പെടുന്നതിൽ നിന്നും അവരെ മാറ്റി നിർത്തുന്നത്. ഫർണിച്ചർ നിർമ്മാണ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ ഏർപ്പെടുതത്തുകയും സഹകരണാടിസ്ഥാനത്തിൽ പർണിച്ചർ വ്യവസായ യൂണിറ്റ് ആരംഭിക്കുകയും ചെയ്യാവുന്നതാണ്.

## കരകൗശല വസ്തു നിർമ്മാണ യൂണിറ്റ്

വാഴനാര്, തെങ്ങിൻെറ ഓല, തടി, ചിരട്ട, ചകിരി തുടങ്ങിയവ ചന്ദനം, ഈട്ടി, കുമ്പിൾ എന്നീ തടികൾ മുതലായവ ഉപയോഗിച്ച് വളരെ മനോഹരമായ കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ കഴിവുള്ള വിദഗ്ദ്ധരായ തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. കരകൗശല വികസന കോർപ്പറേഷൻെറ സഹായം തേടിയും വില്പന സൗകര്യം പ്രയോജനപ്പെടുത്തിയും ഒരു കരകൗശലവസ്തു നിർമ്മാണയൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്. ഈ യൂണിറ്റിനോടൊപ്പം കരകൗശല തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനവും ഏർപ്പടുത്താവുന്നതാണ്.

## സോപ്പ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്

നിത്യോപയോഗ സാധനങ്ങളായ സോപ്പ് മെഴുകുതിരി, എന്നിവ ഗ്രാമതലത്തിൽ ഉല്പാദിപ്പിക്കുന്നതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. പഞ്ചായത്തു തലത്തിൽ ഇവ ഉല്പാദിപ്പിക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

## തേനീച്ച വളർത്തൽ

ഇത് നല്ലൊരു കുടിൽ വ്യവസായമാണ്. ഇടവിളയായി വാഴ കൃഷിചെയ്യുന്നതിലൂടെയും പുഷ്പകൃഷി വ്യാപകമാക്കുന്നതിലൂടെയും തേൻ ലഭിക്കാനുള്ളസാദ്ധ്യത വർദ്ധിക്കും. തേനീച്ച വളർത്തലിന് ഇത് സഹായകരമാകും. തേനീച്ച വളർത്തലിന് ഖാദിബോർഡിന് സഹായ പദ്ധതിയുണ്ട്. ആവശ്യമായ പരിശീലനവും തേനീച്ചയും തേനീച്ചക്കൂടും ഖാദിബോർഡ് മുഖേന സൗജന്യ സഹായത്തോടെ ലഭ്യമാക്കിയാൽ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആദായകരമായ ഒരു കുടിൽ വ്യവസായമായി തേനീച്ച വളർത്തൽ നടത്താനാവും.

## വനിതകൾക്കുള്ള വ്യവസായ സാദ്ധ്യത

സ്മാൾഇന്റസ്ട്രീസ് ഡെവലപ്പ്മെൻറ് ബാങ്ക് ഓഫ് ഇന്ത്യയുടെ പദ്ധതിയായ മഹിളാ ഉദ്യംനിധിയിൽ നിന്നുള്ള ലോൺ പ്രയോജനപ്പെടുത്തലും വനിതാ വ്യവസായ കോർപ്പറേഷനിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തിയും സ്വകാര്യ വ്യവസായങ്ങൾക്കും സഹകരണാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്ന വ്യവസായങ്ങൾക്കും, പത്തു ലക്ഷം രൂപ വരെയുള്ള പ്രോജക്ട്കൾക്ക് രൂപം കൊടുക്കാവുന്നതാണ്.

## പട്ടിക ജാതിക്കാർക്ക് വ്യവസായ സാദ്ധ്യത

സ്പെഷ്യൽ കംപൊണൻെറ് പ്ലാൻ പ്രകാരമുള്ള സാമ്പത്തിക സഹായം പ്രയോജനപ്പെടുത്തി തൊഴിൽ പരിശീലനവും ചെറുകിട യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

## മറ്റു സ്വകാര്യ വ്യവസായ സംരംഭങ്ങൾ

സ്മാൾഇന്റസ്ട്രീസ് ഡെവലപ്മെൻറ് ബാങ്ക് ഓഫ് ഇന്ത്യയുടെ നാഷണൽ ഇക്വറ്റി ഫണ്ട് പ്രകാരമുള്ള ലോൺ ഉപയോഗിച്ചും, ബാങ്കുകളുടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളുടെയും സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ തരം വ്യവസായങ്ങൾ (പത്തുലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾ) ആരംഭിക്കുന്നതിന് സഹായം ലഭ്യമാക്കുന്നതിന് സംവിധാനം പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതാണ്.

## പ്രശ്നങ്ങൾ

- ❑ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയിൽ അവിദഗ്ദ്ധ തൊഴിലാളികളുടെ നിയമനത്തിൽ പഞ്ചായത്തു നിവാസികൾക്ക് മുൻഗണന ലഭിക്കുന്നില്ല.
- ❑ ക്ലേ ഫാക്ടറിയിൽ അന്തരീക്ഷ മലിനീകരണത്തിനെതിരെയുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
- ❑ കയർ വ്യവസായ സഹകരണ സംഘത്തിന് പ്രവർത്തനത്തിനാവശ്യമായ പച്ചത്തൊണ്ട് തദ്ദേശീയമായി ലഭിക്കുന്നില്ല.
- ❑ പച്ചത്തൊണ്ട് സംസ്കരണത്തിനുള്ള ആധുനിക സംവിധാനമില്ല.
- ❑ കയർമാറ്റ്സ് ആൻറ് മാറ്റിംഗ്സ് യൂണിറ്റിന് കയർ നിർമ്മാണത്തിനുപയോഗിക്കാവുന്ന തരം കയർ തദ്ദേശീയമായി ലഭ്യമല്ല.
- ❑ കയർമാറ്റ്സ് ആൻറ് മാറ്റിംഗ്സ് യൂണിറ്റിന് മൂലധന നിക്ഷേപക്കുറവ് വികസനത്തിനു തടസ്സമാകുന്നു.

- ❑ കയർമാറ്റ്സ് ആൻറ് മാറ്റിംഗ്സ് യൂണിറ്റിന് സ്ഥലവും കെട്ടിടവും ഇല്ല.
- ❑ ക്ഷീരവ്യവസായത്തിനാവശ്യമായ പാൽ ലഭിക്കുന്നില്ല.
- ❑ ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. നഷ്ടത്തിലാണ് അത് പ്രവർത്തിക്കുന്നത്.
- ❑ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് മൂലധനം കണ്ടെത്താൻ കഴിയുന്നില്ല.
- ❑ പാരഗൺ വാക്സ് എന്നസ്ഥാപനം പൂട്ടിക്കിടക്കുന്നു.
- ❑ വ്യവസായത്തിനുള്ള പശ്ചാത്തല സൗകര്യമില്ല.
- ❑ കൃഷി അനുബന്ധ വ്യവസായങ്ങൾ ഒന്നുമില്ല.
- ❑ പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടായിട്ടില്ല.

**സാദ്ധ്യതകൾ**

- ☆ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറിയിൽ പഞ്ചായത്തു നിവാസികൾക്ക് മുൻഗണന ഉറപ്പാക്കാൻ പഞ്ചായത്തു തലത്തിൽ സംവിധാനം.
- ☆ ക്ലേ ഫാക്ടറിയിൽ നിന്നുള്ള അനന്തരീക്ഷ മലിനീകരണം തടയാൻ നടപടികൾ
- ☆ പഞ്ചായത്തു പ്രദേശത്തു നിന്ന് പച്ചത്തൊണ്ട് സംഭരിക്കാൻ സംവിധാനം.
- ☆ പച്ചത്തൊണ്ട് സംസ്ക്കരണത്തിനുള്ള ആധുനിക സംവിധാനം
- ☆ കയർ മെത്ത നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതരം കയർ കടകംപള്ളി കയർ വ്യവസായ സഹകരണസംഘം ഫാക്ടറിയിൽ ഉല്പാദിപ്പിച്ച് കയർ മാറ്റ്സ് ആൻറ് മാറ്റിംഗ്സ് യൂണിറ്റിനു നൽകാൻ സംവിധാനം.
- ☆ കയർ മാറ്റ്സ് ആൻറ് മാറ്റിംഗ്സ് യൂണിറ്റിനു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ വാങ്ങി മൂലധന നിക്ഷേപം വർദ്ധിപ്പിക്കാം
- ☆ കയർ മാറ്റ്സ് ആൻറ് മാറ്റിംഗ്സ് യൂണിറ്റിനു സ്ഥലവും കെട്ടിടവും വാങ്ങാൻ പ്രത്യേക ഫണ്ട് രൂപീകരണം.
- ☆ ക്ഷീരവ്യവസായ സഹകരണസംഘം നേരിട്ട് പഞ്ചായത്തു പ്രദേശത്ത് പാൽ വിതരണം ചെയ്യാൻ സംവിധാനം.
- ☆ ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
- ☆ ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്കും പുതിയ വ്യവസായ സംരംഭങ്ങൾക്കും ലഘുവായ വ്യവസ്ഥകളിൽ മൂലധന നിക്ഷേപത്തിന് കൂടുതൽ തുക ലഭ്യമാക്കാൻ സംവിധാനം.
- ☆ പാരഗൺ വാക്സ് പൂട്ടാനിടയായ സാഹചര്യം തിട്ടപ്പെടുത്തി പുനഃപ്രവർത്തനത്തിന് സാദ്ധ്യത ആരായണം.
- ☆ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കാവുന്നതാണ്.
- ☆ വ്യവസായ സംരംഭകരെ കണ്ടെത്തി കർമ്മരംഗത്തേക്ക് കൊണ്ടുവരാൻ സംവിധാനം.
- ☆ കൃഷി അനുബന്ധ വ്യവസായങ്ങൾ ആയി എണ്ണയാട്ടു വ്യവസായം, തേങ്ങ സംസ്കരണ വ്യവസായം എന്നിവയാരംഭിക്കാം.
- ☆ താഴെ പറയുന്ന പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാനാവുമോ എന്ന് പരിശോധിക്കാവുന്നതാണ്.

(1) റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ കേന്ദ്രം

(2) ഇലക്ട്രോണിക്സ് സ്പെയർ പാർട്സ് നിർമ്മാണം

(3) ഫർണിച്ചർ നിർമ്മാണയൂണിറ്റ്.

(4) കരകൗശലവസ്തു നിർമ്മാണ യൂണിറ്റ്

(5) സോപ്പ്, മെഴുകുതിരി നിർമ്മാണം

16 ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്ത് വ്യവസായം നടത്താൻ വനിതകൾക്കും, പട്ടിക ജാതിക്കാർക്കും ഇതര സ്വകാര്യ വ്യവസായ സംരംഭങ്ങൾക്കും ഉള്ള സാധ്യത പ്രയോജനപ്പെടുത്താൻ സംവിധാനം.

❑



# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

തിരുവനന്തപുരം സിറ്റിയോട് ചേർന്നു കിടക്കുന്ന പഞ്ചായത്ത് പ്രദേശമാണ് കടകംപള്ളി. ഇത് ഗ്രാമപ്രദേശമാണെങ്കിലും സിറ്റിയുടെ പരിവേഷമുണ്ട്. ഒറ്റനോട്ടത്തിൽ നഗരപ്രദേശമാണെന്നേ തോന്നൂ. സാമൂഹിക സാംസ്കാരിക കാര്യങ്ങൾ നഗരത്തിന്റേതായ എല്ലാ പ്രത്യേകതകളും കടകംപള്ളി പഞ്ചായത്തിനുണ്ട്. എന്നാൽ ഗതാഗതകാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്നു.

പഞ്ചായത്തിന്റെ പ്രധാന ഗതാഗത മാർഗ്ഗം റോഡു ഗതാഗതമാണ്. പഞ്ചായത്തിന്റെ മധ്യഭാഗത്തു കൂടി തെക്കു വടക്കായുള്ള പേട്ട-ഒരുവാതിൽകോട്ട റോഡാണ് (ടാർ ചെയ്തത്) പ്രധാന ബസ് സർവീസ് റോഡ്. ഇത് ഈ പഞ്ചായത്തിലെ പ്രധാന റോഡായിട്ടുപോലും ഇതിന് വേണ്ടത്ര വീതിയോ വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ഓട സംവിധാനമോ ഇല്ല. ഈ റോഡിന്റെ ഉപറോഡുകളായ വെൺപാലവട്ടം- ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി റോഡിന്റെയും , വെൺപാലവട്ടം കരിക്കകം റോഡിന്റെയും സ്ഥിതി കൂടുതൽ പരിതാപകരമാണ്. പഞ്ചായത്ത് റിക്കോർഡിൽ കരിയ്ക്കകം റോഡിന്റെ വീതി 10 മീറ്റർ എന്നു പറയുന്നുണ്ടെങ്കിലും പല ഭാഗങ്ങളിലും വീതി 5 ഉം 6 ഉം മീറ്റർ ആയി കുറഞ്ഞ അവസ്ഥയിലാണ്.

ബസ് സർവീസിന്റെ കാര്യത്തിൽ കിഴക്കേക്കോട്ട-ഒരുവാതിൽകോട്ട, കിഴക്കേകോട്ട-കരിയ്ക്കകം എന്നീ റൂട്ടുകളിൽ ട്രാൻസ്പോർട്ടു ബസ്സും, കിഴക്കേക്കോട്ട, പേട്ട വഴി വെൺപാലവട്ടം വരെ പ്രൈവറ്റ് ബസ് സർവീസും ഉണ്ട്. പലപ്പോഴും ബസ്സുകൾ ഷെഡ്യൂളുകൾ അനുസരിച്ച് കൃത്യമായി വരാറില്ല. ചില സമയങ്ങളിൽ രണ്ടും, മൂന്നും ബസ്സുകൾ ഒന്നിനു പിറകെ ഒന്നായി ഒരുമിച്ച് വരുന്ന അവസ്ഥ ഒഴിവാക്കാനായി ഷെഡ്യൂളുകൾ യുക്തിസഹമായി ക്രമപ്പെടുത്തേണ്ടതുണ്ട്. കരിയ്ക്കകം ഭാഗത്തേയ്ക്ക് ബസ് സർവീസ് കുറവാണ്. യഥാസമയങ്ങളിൽ ക്രമമായി ഓടാറുമില്ല. ഇതും ക്രമപ്പെടുത്തേണ്ടതുണ്ട്.

കടകംപള്ളി ഗ്രാമ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തി വാർഡുകളായ ഒന്നും, രണ്ടും മൂന്നും വാർഡുകളെ കോർപ്പറേഷൻ വാർഡായ ചാക്കയുമായി റെയിവേ ലൈൻ വേർതിരിക്കുന്നു. അക്കാരണത്താൽ ഈ പഞ്ചായത്തു വാർഡുകളിൽ നിന്നും ആൾസെയിൻസ് കോളേജിലോ, ശംഖുംമുഖം ദേവീ ക്ഷേത്രത്തിലോ, തുമ്പയിലോ, ആൾസെയിന്റ്സ് ജംഗ്ഷൻ വഴി കിഴക്കേക്കോട്ടയിലേക്കുമുള്ള ഗതാഗതം വളരെ ബുദ്ധിമുട്ടിലാണ്. ഇത് പരിഹരിക്കുന്നതിന് രണ്ടു പ്രദേശങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വാഹന സഞ്ചാരമുള്ള ലവൽക്രോസ് സ്ഥാപിക്കേണ്ടതുണ്ട്.

കരിയ്ക്കകത്തെ മൂന്നു വാർഡുകളെയും പഞ്ചായത്തിന്റെ 4 ഉം 5 ഉം വാർഡുകളുമായി പാർവ്വതീ പുത്തനാർ വേർതിരിക്കുന്നു. പാർവ്വതീ പുത്തനാറിന് കുറുകെ ഒന്നും രണ്ടും വാർഡുകളെ 4 ഉം 5 ഉം വാർഡുകളുമായി ബന്ധിപ്പിച്ചിരിക്കുന്ന സിമന്റ് പാലങ്ങളാണ് പരസ്പരം ബന്ധിപ്പിക്കുന്ന കാൽനടയാത്രാമാർഗ്ഗം. ഈ പാലങ്ങൾ ഇന്ന്

അപകടാവസ്ഥയിലാണ് അവ പുതുക്കി പണിയേണ്ടതുണ്ട്.

പഞ്ചായത്തിൽ 7-ാം വാർഡിൽ ആമയിഴഞ്ചാൻ തോടിന് കുറുകെ സ്ഥിതി ചെയ്യുന്ന ഇടത്തറപാലം അപകടാവസ്ഥയിലാണ്. കൂടാതെ വീതിയും കുറവാണ്. ഓട്ടോറിക്ഷയ്ക്കു പോലും പോകാനുള്ള വീതയില്ല. ഇതുവഴി ദിനം പ്രതി കുമാരപുരത്തേയ്ക്കും മെഡിക്കൽകോളേജ് ആശുപത്രിയിലേക്കും ധാരാളം പേർ ടൂ വീലറിലും കാൽ നടയായും യാത്ര ചെയ്യുന്നു. ഇവിടത്തെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കാൻ ഈ പാലത്തിന്റെ വീതി കൂട്ടി പുതുക്കി പണി ചെയ്യേണ്ടതുണ്ട്.

ചെന്നിലോടു വാർഡുകളെ 8-ാം വാർഡിലെ കാക്കോട് പ്രദേശങ്ങളുമായി ബന്ധിപ്പിച്ച് ആമയിഴഞ്ചാൻ തോടിന് കുറുകെ കാൽനടയാത്ര ചെയ്യാനുള്ള ചെന്നിലോട്- കാക്കോട് സിമന്റ് പാലം, തോടിന്റെ വീതി കൂട്ടിയതിന്റെ ഫലമായി ഇരുകരകളുമായി ബന്ധമില്ലാതെ നിൽക്കുന്നു. ഇരുകരകളേയും ബന്ധിപ്പിക്കത്തക്ക രീതിയിൽ പാലം പുതുക്കി പണിയേണ്ടതുണ്ട്.

ഗതാഗത സംബന്ധമായി വളരെ ബുദ്ധിമുട്ടുന്നത് ചെന്നിലോട് നിവാസികളാണ്. ഇവിടുത്തുകാർക്ക് ബസ്സ്യാത്ര ചെയ്യണമെങ്കിൽ ഒന്നും രണ്ടും കിലോമീറ്റർ യാത്ര ചെയ്ത് കുമാരപുരത്തോ, കണ്ണമ്മൂലയിലോ വരണം. ഇവരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ചെന്നിലോടു പ്രദേശത്തേയ്ക്കുള്ള റോഡുകൾ ക്രമപ്പെടുത്തി ട്രാൻസ്പോർട്ട് ബസ് സർവീസ് ആരംഭിക്കേണ്ടതുണ്ട്.

കടകംപള്ളി പഞ്ചായത്തിൽ ടാർ ചെയ്തതും ടാർ ചെയ്യാത്തതുമായി 36.740 കി. മീറ്റർ റോഡുണ്ട്. ഇവയിൽ ടാർ ചെയ്തവ 9.640 കി.മീറ്ററും , ടാർ ചെയ്യാത്തവ 27.100 കി.മീറ്ററും ആണ്.

പ്രസ്തുത റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക -1**

| ഇനം | നീളം കി. മീറ്റർ |
|---|---|
| ടാർ ചെയ്തവ | 9.640 |
| മെറ്റൽ റോഡ് | 0.500 |
| ഗ്രാവൽ റോഡ് | 14.800 |
| മണ്ണിട്ടറോഡ് | 11.800 |
| മൊത്തം | 36. 740 |

റോഡുകളുടെ കാര്യത്തിൽ വളരെ പിന്നോക്കസ്ഥിതിയാണ് ഈ പഞ്ചായത്തിനുള്ളത്. നിലവിലുള്ള റോഡുകളുടെ സ്ഥിതിയും വളരെ പരിതാപകരമാണ്.

**പ്രശ്നങ്ങൾ**

- ❑ പഞ്ചായത്തിലെ പ്രധാനപ്പെട്ട ടാർ ചെയ്ത റോഡുകൾക്ക് ആവശ്യമായ വീതിയോ, വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ഓട സംവിധാനമോ ഇല്ല
- ❑ ബസ് സർവീസുള്ള ടാർ ചെയ്ത റോഡിന്റെ ഇരുഭാഗവും പല സ്ഥലങ്ങളിലായി ജനങ്ങൾ കയ്യേറിയതുകൊണ്ട് വീതി കുറഞ്ഞ് കാൽനടയാത്രക്കാർക്കും ബസ് യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാകുന്നു.
- ❑ നിശ്ചിത ഷെഡ്യൂൾ അനുസരിച്ച് ബസ്സുകൾ കൃത്യമായി വരുന്നില്ല. വരുമ്പോൾ രണ്ടു മൂന്നും ബസ്സുകൾ ഒന്നിച്ചു വരുന്നു . ഇതുമൂലം മണിക്കൂറുകളോളം ബസ് ഇല്ലാത്ത അവസ്ഥ സംജാതമാകുന്നു.
- ❑ വെൺപാലവട്ടം- ക്ലേ ഫാക്ടറി റൂട്ടിലേയ്ക്കും വെൺപാലവട്ടം - കരിയ്ക്കകം റൂട്ടിലേയ്ക്കും ആവശ്യത്തിന് ബസ്സ് ഇല്ല.
- ❑ പഞ്ചായത്തിന്റെ ഒന്നും രണ്ടും മൂന്നും വാർഡുകളെ പടിഞ്ഞാറ് ചാക്ക കോർപ്പറേഷൻ വാർഡുമായി ബന്ധിപ്പിക്കുന്നതിന് ലവൽ ക്രോസ് ഇല്ല, അതിനാൽ യാത്രക്കാർ ബുദ്ധിമുട്ടുന്നു.
- ❑ ഒന്നും രണ്ടും വാർഡുകളിലായി പാർവ്വതീ പുത്തനാറിന് കുറുകെയുള്ള സിമന്റ് പാല

ങ്ങൾ അപകടത്തിലാണ് തകർന്നു വീഴാറായി.

- ❑ ഏഴാം വാർഡിൽ ആമയിഴഞ്ചാൻ തോടിന് കുറുകെ സ്ഥിതിചെയ്യുന്ന ഇടത്തറ പാലം അപകടാവസ്ഥയിലും വീതി കുറഞ്ഞ നിലയിലുമാണ്. ഇതുമൂലം യാത്രക്കാർ ബുദ്ധിമുട്ടുന്നു.
- ❑ ആമയിഴഞ്ചാൻ തോടിന്റെ കുറുകെയുളള ചെന്നിലോട് - കാക്കോട് പാലം തോടിന് വീതി കൂട്ടിയതിനാൽ ഇരുകരകളുമായി ബന്ധമില്ലാതെ ഉപയോഗശൂന്യമായി കിടക്കുന്നു. അതുമൂലം അവിടത്തെ കാൽനടയാത്രക്കാർ ബുദ്ധിമുട്ടുന്നു.
- ❑ ചെന്നിലോട് പ്രദേശത്ത് ബസ്സ് സർവീസ് ഇല്ലാത്തതിനാൽ അവിടത്തെ യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുന്നു.
- ❑ കടകംപള്ളി ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ഇടറോഡുകൾ മിക്കതും വയൽ നികത്തി റോഡാക്കിയവയാണ്. അതിനാൽ ഇവ എപ്പോഴും ഈർപ്പമുള്ളവയും, മഴക്കാലങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നതിനാൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ടുണ്ടാക്കുന്നവയുമാണ്.
- ❑ പഞ്ചായത്തിലെ മിക്ക റോഡുകളും ചെളിമണ്ണിട്ടവയും വീതി കുറഞ്ഞതുമാണ്.
- ❑ മഴക്കാലമായാൽ ടാർ ചെയ്ത റോഡുകളിൽ പോലും വെള്ളം കെട്ടി നിൽക്കുന്ന രീതിയിലാണ് റോഡുകൾ നിർമ്മിച്ചിരിക്കുന്നത്.
- ❑ പ്രധാന റോഡുകളുടെ ഇരുവശത്തും, ഓടകൾ ഇല്ലാത്തതിനാൽ റോഡുകൾ വേഗം ഉപയോഗശൂന്യമാകുന്നു.
- ❑ ചതുപ്പു പ്രദേശത്തും വയൽ പ്രദേശത്തും ഉള്ള റോഡുകൾക്ക് സൈഡ്‌വാൾ ഇല്ലാത്തതുകൊണ്ട് റോഡുകൾ വളരെ വേഗം ഉപയോഗശൂന്യമാകുന്നു.
- ❑ പഞ്ചായത്തിലെ പല വാർഡുകളിലും ഉൾപ്രദേശത്ത് താമസിക്കുന്നവർക്ക് ഇടവഴികളോ റോഡുകളോ ഇല്ല.
- ❑ കരിയ്ക്കകം ഹൈസ്ക്കൂളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും സ്കൂൾ പരിസരം വരെ ബസ്സ് റൂട്ട് ഇല്ലാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടുന്നു.

**സാധ്യതകൾ**

- ☆ ടാർ ചെയ്ത റോഡുകൾക്ക് ഇരുവശത്തും ഓടകൾ പണിത് വെള്ളക്കെട്ട് ഒഴിവാക്കുക.
- ☆ കയ്യേറിയിട്ടുള്ള റോഡിന്റെ ഇരുഭാഗവും കയ്യേറിയവരിൽ നിന്നും മോചിപ്പിച്ച് യഥാർത്ഥ വീതി വീണ്ടെടുക്കുക.
- ☆ നിശ്ചിത ഷെഡ്യൂൾ അനുസരിച്ച് ബസ്സ് സർവീസ് കൃത്യമായി നടത്തുക. ഷെഡ്യൂളുകൾ യുക്തി സഹമായി ക്രമപ്പെടുത്തുക.
- ☆ ക്ലേ ഫാക്ടറി റൂട്ടിലേയ്ക്കും കരിയ്ക്കകം റൂട്ടിലേയ്ക്കും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുക.
- ☆ കരിയ്ക്കകം വാർഡുകളെ പടിഞ്ഞാറ് ചാക്ക കോർപ്പറേഷൻ വാർഡുമായി ബന്ധിപ്പിക്കുന്നതിന് വാഹന സഞ്ചാരമുള്ള ഒരു ലെവൽ ക്രോസ് സ്ഥാപിക്കുക.
- ☆ പാർവ്വതി പുത്തനാറിന് കുറുകെയുള്ള സിമന്റ് പാലങ്ങൾ പുതുക്കി പണിഞ്ഞ് സഞ്ചാരയോഗ്യമാക്കുക.
- ☆ ഏഴാം വാർഡിൽ ആമയിഴഞ്ചാൻ തോടിന് കുറുകെയുള്ള ഇടത്തറപ്പാലം വീതി കൂട്ടി പുതുക്കി പണിയുക.
- ☆ ചെന്നിലോട് - കാക്കോട് പാലം ഉടൻ പുതുക്കി പണിയുക.
- ☆ ചെന്നിലോട് വാർഡുകളിലേക്ക് ബസ് സർവീസ് ആരംഭിക്കുക.
- ☆ പഞ്ചായത്തിന്റെ എല്ലാ ഇട റോഡുകളുടെയും വയൽ നികത്തി റോഡാക്കിയവയുടേയും സംരക്ഷണത്തിന് സൈഡ് വാൾ കെട്ടി മെറ്റൽ, ടാർ ഇവ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.
- ☆ വീതകുറഞ്ഞ റോഡുകളുടെയും ഇടവഴികളുടെയും വിതി കൂട്ടി മെറ്റൽ, ടാർ ഇവ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

☆ വെള്ളക്കെട്ട് ഒഴിവാക്കാൻ റോഡ് പുന:സംവിധാനം ചെയ്യുക.

☆ പ്രധാന റോഡുകളുടെ ഇരുവശത്തും ഓടകൾ പണിയുക.

☆ ഇടവഴികളും റോഡുകളും ഇല്ലാത്ത ഉൾപ്രദേശങ്ങളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കുക.

☆ പഞ്ചായത്തിലെ ഏക H.S ആയ കരിക്കകം H.S പരിസരം വരെ ബസ് സർവീസ് നീട്ടുക.

☆ സാമ്പത്തിക ലഭ്യതയനുസരിച്ച് മുൻഗണനാക്രമം നൽകി നിർമ്മാണ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

☆ പഞ്ചായത്തു റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണി ചെയ്യുന്നതിലും അവ സംബന്ധിച്ച ചെലവ് പഞ്ചായത്തും ഗുണഭോക്താക്കളും പങ്കിടാവുന്നതാണ്. ഗുണഭോക്താക്കളുടെ പങ്ക് മനുഷ്യാദ്ധ്വാനമായി നൽകാവുന്നതാണ്.

## ഊർജ്ജം

കേരളം ഇന്ന് ശക്തമായ ഊർജ്ജ പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി മറ്റു പ്രദേശങ്ങളിലെന്നപോലെ കടകംപള്ളി പഞ്ചായത്തിനെയും ബാധിച്ചിരിക്കുകയാണ്. ഊർജ്ജമെന്നത് വൈദ്യുതി മാത്രമല്ല. വിറക്, ചാണകവരളി, മണ്ണെണ്ണ, പാചക വാതകം , പെട്രോൾ, സൂര്യൻ, കാറ്റ് എന്നിവയും ഊർജ്ജ സ്രോതസ്സുകളാണ്.

ഭൂരിപക്ഷം കുടുംബങ്ങളും പാചകത്തിന് വിറകാണ് കൂടുതൽ ഉപയോഗിക്കുന്നത്. വനനശീകരണം മൂലം വിറകിന്റെ ലഭ്യത വളരെയധികം കുറഞ്ഞു. ഇത് പരിഹരിക്കാൻ സാമൂഹ്യ വനവൽക്കരണം സാർവത്രികമാക്കേണ്ടതുണ്ട്. വിറകടുപ്പിൽ നിന്നുള്ള പുക അനാരോഗ്യകരമെന്നതിന് പുറമെ വിറകടുപ്പിന് ദക്ഷതക്കുറവുമുണ്ട്.

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത വീടുകൾ ധാരാളമുണ്ട്. ഇതു തന്നെയാണ് ഹരിജൻ കുടുംബങ്ങളുടേയും അവസ്ഥ. മണ്ണെണ്ണ വെളിച്ചമാണ് അധികം പേർക്കും ആശ്രയം. പക്ഷേ ആവശ്യത്തിന് മണ്ണെണ്ണയും ലഭിക്കുന്നില്ല. ഉയർന്ന വരുമാനമുള്ള കുടുംബങ്ങൾക്ക് മാത്രമാണ് കൂടുതൽ മണ്ണെണ്ണ അനുവദിച്ചിട്ടുള്ളത്. എന്നാൽ കുറഞ്ഞ വരുമാനക്കാരും ഗ്യാസ് കണക്ഷൻ ഇല്ലാത്തവരുമായവർക്ക് ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കാറില്ല. ഈ അസമത്വം അവസാനിപ്പിച്ച് കുറഞ്ഞ വരുമാനക്കാർക്ക് കൂടുതൽ മണ്ണെണ്ണ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

വൈദ്യുതി ഉള്ള വീടുകളിൽ തന്നെ അവർക്ക് ആവശ്യത്തിന് വോൾട്ടേജ് പലപ്പോഴും ലഭിക്കാറില്ല. പുറമേ കൂടെക്കൂടെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള അപ്രഖ്യാപിത പവർ കട്ടും. ഇതുമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നു. പലസ്ഥലത്തും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. ഉള്ളവ കത്തുന്നുമില്ല.

പാചകത്തിന് വിറകിനു പകരം ഇന്ന് പലരും ഗ്യാസ് ഉപയോഗിക്കുന്നുണ്ട്. വിറകിനേക്കാൾ ലാഭകരവുമാണ്. എന്നാൽ ആവശ്യത്തിന് ഗ്യാസ് കണക്ഷനും ലഭിക്കുന്നില്ല. മണ്ണെണ്ണ. പാചകവാതകം, പെട്രോൾ ഇവ തീർന്നു പോകാവുന്ന ഊർജ്ജസ്രോതസ്സുകളാണ്. അതുകൊണ്ട് അവയുടെ ഉപഭോഗം പരമാവധി കുറയ്ക്കുവാനുള്ള നടപടി ഉണ്ടായേ മതിയാവൂ.

ഇതിനൊക്കെ പരിഹാരമായി ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതികൾ ആവിഷ്കരിക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ദക്ഷതയേറിയ അടുപ്പുകളും ചെറുകിട ബയോഗ്യാസ് പ്ലാന്റുകളും ആരംഭിക്കേണ്ടതുണ്ട്.

സൗരോർജ്ജത്തിന്റെ കാര്യമെടുത്താൽ മുതൽ മുടക്കാതെ ലഭിക്കുന്ന ഊർജ്ജമാണ് ഇത്. സൗരോർജ്ജം ഉപയോഗിച്ച് നമുക്ക് പല ആവശ്യങ്ങളും നിറവേറ്റാനാകും. സൗരോർജ്ജ വിളക്കുകൾക്കു പുറമേ സൗരോർജ്ജത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുവാനുള്ള ചെറു പദ്ധതികളും ആലോചിക്കാവുന്നതാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള കണക്കനുസരിച്ച് 70 ശതമാനം വീടുകളും വൈദ്യുതീകരിച്ചിട്ടുള്ളതാണ്.. ഏകദേശം 30 ശതമാനത്തോളം വരുന്ന വീടുകളിൽ പാചക വാതകവും ഉപയോഗിക്കുന്നുണ്ട് .

**പ്രശ്നങ്ങൾ**

- ❑ വിറകിന്റെ ദൗർലഭ്യം നിമിത്തം വില വർദ്ധനവ് ഉണ്ടാകുന്നു.
- ❑ വിറകടുപ്പുകൾ ഉപയോഗിക്കുന്നതു മൂലം അനാരോഗ്യവും അന്തരീക്ഷ മലിനീകരണവും ഉണ്ടാക്കുന്നു.
- ❑ കുറഞ്ഞ വരുമാനക്കാർക്ക് ആവശ്യത്തിന് മണ്ണെണ്ണ ലഭിക്കുന്നില്ല.
- ❑ പഞ്ചായത്തിൽ പലസ്ഥലത്തും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ല. ഉള്ളവ കത്തുന്നുമില്ല.
- ❑ പഞ്ചായത്തിൽ ഏകദേശം 30 ശതമാനം വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.
- ❑ വോൾട്ടേജ് ക്ഷാമവും തുടരെ തുടരെയുള്ള അപ്രഖ്യാപിത പവ്വർകട്ടും ദൈനംദിന ജീവിതത്തെയും വ്യവസായത്തേയും സാരമായി ബാധിക്കുന്നു.

**സാധ്യതകൾ**

- ☆ സാമൂഹ്യ വനവൽക്കരണം വഴി വിറകുല്പാദനം വർദ്ധിപ്പിക്കാം.
- ☆ പുകമൂലമുള്ള അന്തരീക്ഷ മലിനീകരണവും, ആരോഗ്യ പ്രശ്നവും ഒഴിവാക്കാൻ അനർട്ടിന്റെ ദക്ഷത കൂടിയ അടുപ്പുകൾ സബ്സിഡി പ്രയോജനപ്പെടുത്തി ഉപയോഗിക്കാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കണം.
- ☆ മണ്ണെണ്ണയുടെ ദൗർലഭ്യം പരിഹരിക്കുക, വൈദ്യുതി കണക്ഷൻ ഇല്ലാത്ത വീടുകൾക്ക് വർദ്ധിച്ച തോതിൽ മണ്ണെണ്ണ നൽകുക.
- ☆ തെരുവു വിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുക. കത്താത്ത ബൾബുകൾ മാറ്റി പുതിയവ സ്ഥാപിച്ച് കത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം. കത്താത്ത ബൾബിന് പഞ്ചായത്തിൽ നിന്ന് പണം നൽകാതിരിക്കാം.
- ☆ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
- ☆ സൗരോർജ്ജം ഉപയോഗിച്ച് കത്തിക്കുന്ന വിളക്കുകൾ പ്രചരിപ്പിച്ച് ഉപയോഗത്തിൽ കൊണ്ടു വരുക.
- ☆ കന്നുകാലി വളർത്തൽ വ്യാപകമാക്കുന്നതിനോടൊപ്പം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ബയോഗ്യാസ് അടുപ്പുകൾ പ്രവർത്തിപ്പിക്കാവുന്നതാണ്.
- ☆ അനെർട്ടിന്റെ സഹായത്താൽ പഞ്ചായത്തുതല നിയന്ത്രണത്തിൽ പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകൾ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക. അടുത്ത അഞ്ചു വർഷം കൊണ്ട് പഞ്ചായത്തു പ്രദേശത്തെ എല്ലാ വിറകടുപ്പുകളും മാറ്റി പകരം അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക
- ☆ പാചക വാതക ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തുക.
- ☆ കാറ്റ് , സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
- ☆ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുക.
- ☆ വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികളിൽ വീടുകൾക്ക് സൗജന്യ കണക്ഷൻ നൽകുക.
- ☆ ഊർജ്ജ സർവ്വെ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തി വിറകിന്റെ ഉപഭോഗം കുറയ്ക്കണം. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം. ബൾബുകൾക്കു പകരം രണ്ടടി നീളമുള്ള ട്യൂ

ബുകൾ ഓരോ വർഷവും 1000 വീടുകളിൽ സ്ഥാപിച്ചും, പ്രതിവർഷം 500 വീടുകളിൽ ഇലക്ട്രോണിക് ചോക്കുകൾ അനർട്ടിന്റെ 50 ശതമാനം സബ്സിഡിയോടെ സ്ഥാപിച്ചും 33% സബ്സിഡിയോടെ അനർട്ടിന്റെ തന്നെ പ്രഷർ കുക്കർ സ്ഥാപിച്ചും ഊർജ്ജ ഉപഭോഗം കുറയ്ക്കാനുള്ള നടപടികൾ പഞ്ചായത്തടിസ്ഥാനത്തിൽ പഞ്ചായത്ത് ഊർജ്ജ സമിതിയുണ്ടാക്കി അതിന്റെ സഹായത്തോടെ ഫലപ്രദമായി നടപ്പാക്കുക.

☆ തെരുവു വിളക്കുകളുടെ ബൾബുകൾക്ക്പകരം രണ്ടടി നീളമുള്ള ട്യൂബുകൾ സ്ഥാപിക്കുക. ജംഗ്ഷനുകളിൽ ഫ്ലൂറസന്റ് വിളക്കുകളും സ്ഥാപിക്കാവുന്നതാണ്.



# പാർപ്പിടം - സാമൂഹ്യക്ഷേമം

മനുഷ്യൻെറ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം വസ്ത്രം, പാർപ്പിടം ഇവയിൽ പ്രമുഖസ്ഥാനമാണ് പാർപ്പിടത്തിനുള്ളത്. ഏറ്റവും സാമ്പത്തിക ബാദ്ധ്യതയും, ചെലവും വരുത്തിവയ്ക്കുന്ന ഈ ആവശ്യം ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവർക്ക് ഒരു പ്രശ്നം തന്നെയാണ്, ഒപ്പം സ്വപ്നവും.

കടകംപള്ളി ഗ്രാമപഞ്ചായത്തിലെ പാർപ്പിട സ്ഥിതി പൊതുവെ പറഞ്ഞാൽ തൃപ്തികരമല്ല. ഭൂരിഭാഗം ആളുകളും കൂലിപ്പണി ചെയ്താണ് നിത്യവൃത്തി നടത്തുന്നത്. 11 വാർഡുകൾ ഉൾപ്പെടുന്ന പ്രസ്തുത പഞ്ചായത്തിൽ മൊത്തം വീടുകളിൽ ഇരുനിലാ ഒറ്റനിലാ കോൺക്രീറ്റ് വീടുകളും ഓടുമേഞ്ഞവയും ഓലമേഞ്ഞവയും ഒഴിച്ചാൽ കുടിലുകൾ ആണ്. കുടിലുകളോളം തന്നെ താമസയോഗ്യമായ ഓലമേഞ്ഞവീടുകളിൽ താമസിക്കുന്നവരും ഉണ്ട്. കുടിലുകളിൽ താമസിക്കുന്ന ദുർബ്ബലരെയാണ് അടിയന്തിരമായി താമസയോഗമ്രായ വീടുകളിലേയ്ക്ക് മാറ്റി പാർപ്പിക്കേണ്ടത്. അനുവദിച്ച വീടുകളിൽ ഇനിയും പണിതീർക്കാൻ കഴിയാത്ത ദയനീയമായസ്ഥിതിയും ഈ പഞ്ചായത്തിലെ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ നേരിടുന്നുണ്ട്. ഇതിനുള്ള കാരണം അസംസ്കൃത സാധനങ്ങുടെ ഗുണനിലവാരമില്ലായ്മയും, ക്രമാതീതമായ വിലയും തൊഴിലാളികൾക്കുള്ള ഭാരിച്ച കൂലിയുമാണ്. മൊത്തം ഇതുവരെ നമ്മുടെ പഞ്ചായത്തിൽ 85 വീടുകൾ അനുവദിച്ചിട്ടുണ്ട്. ചുരുക്കം ചിലവ പണിതീരാനുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ കാര്യക്ഷമമായ മേൽനോട്ട സംവിധാനം ഉണ്ടാകണം.

**പ്രശ്നങ്ങൾ**

- ❑ സ്വന്തം പേരിൽ സ്ഥലം ഇല്ല.
- ❑ ചെലവു കുറഞ്ഞതും, പുകയില്ലാത്ത അടുപ്പുകളുടെയും അഭാവം
- ❑ സാനിറ്ററി കക്കൂസിനുള്ള താല്പര്യക്കുറവ്
- ❑ ദരിദ്രവിഭാഗങ്ങൾക്ക് ലഭിക്കുന്ന പദ്ധതിതുക വളരെ കുറവാണ്.
- ❑ തീരെ ഇടുങ്ങിയ വഴികൾ
- ❑ വർഷം തോറും അനുവദിക്കുന്ന വീടുകളുടെ എണ്ണം കുറവാണ്.
- ❑ വലിയവീടുകളുടെ നിരർത്ഥകതയെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.
- ❑ ഗുണനിലവാരമുള്ള സാധനങ്ങളുടെ ലഭ്യതക്കുറവ്.
- ❑ പദ്ധതി വീടുകളെ തിരിച്ചറിയൽ
- ❑ വെള്ളക്കെട്ടുകളും, ചതുപ്പ് പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ഏറെയുള്ളത്.

- ❑ ലക്ഷം വീടുകളുടെയും പദ്ധതി വീടുകളുടെയും ശോചനിയാവസ്ഥ.
- ❑ താമസയോഗ്യമായതും ഓടുമേഞ്ഞതുമായ വീടുകളുടെ അറ്റകുറ്റപണികൾ ചെയ്യാത്തത്
- ❑ കൃത്യസമയത്ത് ഗുണഭോക്താക്കൾ പണി തീർക്കുന്നില്ല.
- ❑ വിദഗ്ദരായ തൊഴിലാളികളുടെ സേവനം കിട്ടാറില്ല. ഒപ്പം ഇവർക്കു നല്കേണ്ടി വരുന്ന ഭാരിച്ച കൂലി.
- ❑ അർഹതയുള്ള ധാരാളം പട്ടികജാതി വിഭാഗത്തിലല്ലാത്തവർക്ക് ഭവന നിർമ്മാണ സഹായം ലഭ്യമാകുന്നില്ല.
- ❑ അപേക്ഷനല്കുന്നവർക്കെല്ലാം വീടുകൾ നൽകുന്നില്ല.
- ❑ സ്വന്തമായി ഭൂമിയില്ലാത്തവർ.

**നിർദ്ദേശങ്ങൾ**

- ☆ ചെലവു കുറഞ്ഞ വീടുകൾ പണിയുകയും ഒപ്പം പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണം നടത്തുകയും ചെയ്യുക.
- ☆ ഗ്രാമീണ ശുചിത്വത്തെക്കുറിച്ചുള്ള ബോധവല്കരണ പ്രവർത്തനങ്ങൾ നടത്തുക.
- ☆ വീടുകൾക്കുള്ള ഇന്നത്തെ തുക കൊണ്ട് ദുർബ്ബലർക്ക് വീടുപണി നടത്തുന്നതിന് അസാദ്ധ്യമാകയാൽ തുക 35,000 രൂപയായി ഉയർത്തണം.
- ☆ റോഡുകളുടെ വീതികൂട്ടിയാൽ വളരെപെട്ടന്ന് സൗകര്യപ്രദമായി വീടു പണി നടത്താവുന്നതാണ്.
- ☆ അർഹതയുള്ള അപേക്ഷകരെ ഓരോ വർഷവും തെരഞ്ഞെടുക്കുമ്പോൾ അതുവരെ ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകരെയും പരിഗണിക്കുക.
- ☆ ഗുണനിലവാരമുള്ള അസംസ്കൃത സാധനങ്ങൾ വാങ്ങണമെങ്കിൽ ഇന്നനുവദിക്കുന്ന തുക വർദ്ധിപ്പിക്കേണം. അതു വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
- ☆ മുൻകാലങ്ങളിൽ അനുവദിച്ചവീടുകളുടെ അറ്റകുറ്റ പണികൾക്കായി അതിനർഹരെ കണ്ടെത്തി സഹായധനം അനുവദിക്കുക.
- ☆ സ്വന്തമായി വീടുവയ്ക്കാൻ താല്പര്യമുള്ളവരും, ഭൂമിയില്ലാത്തവരുമായ ഗുണഭോക്താക്കൾക്ക് സൗജന്യമായോ തുച്ഛമായ വിലയ്ക്കോ ഭൂമി നല്കി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുക.
- ☆ പദ്ധതി വീടുകളെ മറ്റു വീടുകളിൽ നിന്നും തിരിച്ചറിയുന്നതിന് പ്രത്യേക നമ്പരിടുക.

**സാമൂഹ്യക്ഷേമം**

I സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി)

ദാരിദ്ര്യം ഒരു രോഗമാണ്. ഈ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യ തോതിൽ ചെലവു പങ്കിടുന്ന ഒരു കേന്ദ്രധിഷ്ഠിതപ്പദ്ധതിയാണ് ഐ.ആർ.ഡി.പി. വാർഷിക വരുമാനം 11,000 രൂപയ്ക്കു താഴെയുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. അത്തരം കുടുംബങ്ങളെ സഹായിക്കുകയാണ് ലക്ഷ്യം. ഇക്കഴിഞ്ഞ ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം നമ്മുടെ പഞ്ചായത്തിൽ 1526 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 368 ഉം പട്ടികജാതിക്കാരാണ്. ഇവരിൽ 185 പട്ടിജാതിക്കാരുൾപ്പടെ 358 കുടുംബങ്ങൾക്ക് ഐ.ആർ.ഡി.പി. സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഓരോ വർഷവും മൊത്തം സഹായിക്കേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കണം. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളെ സൗജന്യമായി ഇൻഷർ ചെയ്യുന്ന പദ്ധതിയും നിലവിലുണ്ട്.

പ്രശ്നങ്ങൾ

- ❑ ഐ.ആർ.ഡി.പി ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സാദ്ധ്യതക്കുറവ്
- ❑ ഐ.ആർ.ഡി.പി. സഹായം കുറച്ചുപേർക്കേ ലഭിക്കുന്നുള്ളൂ.

- ❑ ബാങ്കിലേയ്ക്കടക്കുന്ന തുക തവണകുടിശ്ശി കയിടുന്നു.
- ❑ ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുടെ എണ്ണം വർദ്ധിക്കുന്നു.

**നിർദ്ദേശങ്ങൾ**

- ☆ ഉല്പാദന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ തോറും വിപണന കേന്ദ്രങ്ങൾ തുറക്കുകയും വർഷത്തിൽ മുന്നു പ്രാവശ്യം വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്യുക.
- ☆ ആസ്തി ദുരുപയോഗം ചെയ്യുന്നത് തടയാൻ പഞ്ചായത്തു തലത്തിൽ കമ്മിറ്റി രൂപീകരിച്ച് മേൽനോട്ടം നടത്തുക.
- ☆ തവണകുടിശ്ശിക വരുത്തുന്നവർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുക.
- ☆ ഓരോ വർഷവും സഹായം നൽകേണ്ടവരുടെ എണ്ണം വർദ്ധിപ്പിക്കുക.
- ☆ ബ്ലോക്കുകൾ തോറും ഐ.ആർ.ഡി.പി വായ്പ വിതരണം ചെയ്യുന്നതിനായി ഒരു റൂറൽ ഡവലപ്മെൻറ് ബാങ്ക് തുറന്ന് ആ ബാങ്കു വഴി വായ്പ വിതരണം ചെയ്യുന്നതായാൽ സാധാരണ ബാങ്കു വഴി സഹായം ലഭിക്കുന്നതിന് വരുന്ന കാല താമസവും മറ്റ് പ്രയാസങ്ങളും ദൂരീകരിക്കാം.

II ഗ്രാമീണ വനിതാ, ശിശു വികസന പരിപാടി (DWCRA)

ഐ.ആർ.ഡി.പി. യുടെ തന്നെ ഒരനുബന്ധ പരിപാടിയാണ് ഇത്. ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം ലക്ഷ്യമാക്കിയുള്ള പ്രസ്തുത പദ്ധതിയിൻ കീഴിൽ നമ്മുടെ പഞ്ചായത്തിൽ രണ്ട് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഒന്ന് ഒരുവാതിൽകോട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന ശ്രീ ദുർഗ്ഗാ കയർ മേക്കിംഗ് യുണിറ്റും, മറ്റൊന്ന് ചെന്നിലോട് കേന്ദ്രമായി പ്രവർത്തിക്കുന്ന കൃപാ ഗാർമെൻറസും ആണ്. രണ്ട് ബേക്കറി യൂണിറ്റുകളുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. വനിതകളുടെ കൂട്ടായ സംരംഭങ്ങൾക്ക് വായ്പയും സബ്സിഡിയും നല്കുന്നു. 25,000 രൂപ വരെ റിവോൾവിംഗ് ഫണ്ടായും നൽകുന്നു. കൂടാതെ സ്ത്രീകളുടെ ചെറുകിട സമ്പാദ്യ വായ്പാ ഗ്രൂപ്പുകളും രൂപീകരിച്ചു പ്രവർത്തിക്കുന്നുണ്ട്. 18നും 35 നും മദ്ധ്യേ പ്രായമുള്ളവർക്കാണ് ഇതിൻെറ പ്രയോജനം ലഭിക്കുക.

**പ്രശ്നങ്ങൾ**

- ❑ ഗ്രൂപ്പടിസ്ഥാനത്തിൽ നടത്തുന്നതിന് താല്പര്യം പ്രകടപ്പിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

- ☆ പദ്ധതിയെക്കുറിച്ചുള്ള ബോധവല്കരണം ശക്തമാക്കുക.

III ട്രൈസം

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ നല്കി അവർക്ക് ഐ.ആർ.ഡി.പി. യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാനുദ്ദേശിക്കുന്നതാണ് ഈ പരിപാടി. പരിശീലനാനന്തരം സ്വയം തൊഴിൽ ചെയ്യുന്നതിനു വായ്പയും സബ്സിഡിയും നല്കി നിശ്ചിത തൊഴിൽ മേഖലകളിൽ അവരെ കുടിയിരുത്തുന്നതിന് ഈ പരിപാടി സഹായിക്കുന്നു. 18 നും 35നും മദ്ധ്യേ പ്രായമുള്ളവർക്കാണ് ഇതിൻെറ പ്രയോജനം ലഭിക്കുക. ഏകദേശം 100 ഓളം ട്രേഡുകൾ നിലവിലുള്ളതിൽ നിന്ന് നാളിതുവരെ 69 ഓളം പരിശീലകരെ കുടിയിരുത്തിയിട്ടുണ്ട്.

**പ്രശ്നങ്ങൾ**

- ❑ യുവജനങ്ങൾ തല്പരരല്ല.
- ❑ പ്രതിമാസസ്റ്റൈപ്പൻറ് കുറവാണ്.

**നിർദ്ദേശങ്ങൾ**

- ☆ യുവജനങ്ങളിൽ ഭൂരിഭാഗവും മറ്റ് തൊഴിലുകൾ ചെയ്തു ജീവിക്കുന്നവരും മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നവരുമാണ്. ആയതിനാൽ

മെച്ചപ്പെട്ട പ്രതിമാസ സ്റ്റൈപ്പൻറും, ബസ് കൺസഷൻ സംവിധാനവും ഏർപ്പെടുത്തുക.

☆ പദ്ധതിയുടെ ഗുണത്തെക്കുറിച്ച് പ്രചരിപ്പിക്കുക.

IV കൈത്തൊഴിലുപകരണ വിതരണ പരിപാടി.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് അവരുടെ പ്രവർത്തന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി നവീന തൊഴിലുപകരണങ്ങൾ നല്കുന്നതാണ്. ഈ പരിപാടി ഐ.ആർ.ഡി.പി. യുടെ ഒരനുബന്ധ പരിപാടിയാണിത്. ഈ പദ്ധതി പ്രകാരം 15-ഓളം പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. ഇനിയും ലഭിക്കേണ്ടവരുണ്ട്.

**പ്രശ്നങ്ങൾ**

❑ വേണ്ടത്ര പ്രചരണം നൽകാറില്ല.

❑ മരപ്പണി, ഇരുമ്പു പണി, സ്വർണ്ണപ്പണി, പോട്ടറി നിർമ്മാണം, ചെരുപ്പു നിർമ്മാണം എന്നീ തൊഴിലുകാർക്കു മാത്രമേ നല്കുന്നുള്ളു.

**നിർദ്ദേശങ്ങൾ**

☆ സെമിനാറുകളും മറ്റും സംഘടിപ്പിച്ച് ഈ പദ്ധതി പ്രചരിപ്പിക്കുക.

☆ സൈക്കിൾ റിപ്പയറിംഗ്, ഓട്ടോ ടൂവീലേഴ്സ് റിപ്പയറിംഗ്, ബാർബർ ഷോപ്പ് എന്നിവ നടത്തുന്നവർക്കു കൂടി ഇതിന്റെ പ്രയോജനം ലഭ്യമാക്കുക.

V സെൻട്രൽ റൂറൽ സാനിറ്റേഷൻ പ്രോഗ്രാം. (സി.ആർ.എസ്.പി)

ഗ്രാമീണ ശുചിത്വം ലക്ഷ്യമാക്കി കൊണ്ട് ദാരിദ്ര്യരേഖക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് കക്കൂസ് നല്കുന്ന പദ്ധതിയാണിത്. 25,000 ചിലവ് വരുന്ന പ്രസ്തുത പദ്ധതിക്ക് 2,000 രൂപ സർക്കാർ ഗ്രാൻറ് നല്കുന്നു. ഇതു വരെ നമ്മുടെ പഞ്ചായതത്തിൽ 45 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

**പ്രശ്നങ്ങൾ**

❑ എല്ലാ ഗുണഭോക്താക്കൾക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

❑ ഗുണഭോക്താക്കളിൽ എല്ലാ വിഭാഗങ്ങൾക്കും ഗുണം ലഭിക്കാനാവും വിധം സംവിധാനം മെച്ചപ്പെടുത്തുക.

VI സമുഹാധിഷ്ഠിത സമന്വയ സേവനങ്ങൾ (സ.ബി.സി.എസ്)

1994ൽ ഒരു പൈലറ്റ് പ്രോജക്ട് ആയി ഭാരത സർക്കാർ തുടങ്ങിയതാണ് ഈ പദ്ധതി. ഈ പദ്ധതിക്ക് യൂണിസെഫ് സഹായം നല്കും. നമ്മുടെ പഞ്ചായത്തിൽ ഓരോ റസിഡൻറ് കമ്മ്യൂണിറ്റി വോളൻറിയർ (ആർ.സി.വി) മാരെ തെരഞ്ഞെടുത്ത് 2 പദ്ധതികൾക്ക് തുടക്കം കുറിച്ചു.

VII ദേശീയ സമ്പാദ്യ പദ്ധതി

വികസന പദ്ധതിയിൻ കീഴിൽ അദ്വിതീയ സ്ഥാനം സമ്പാദ്യത്തിനുണ്ട്. ധനിക-ദരിദ്രഭേദമെന്യെ സമ്പാദ്യശീലം വളർത്തുന്ന പദ്ധതിയാണിത്. ഇതിനായി ബി.ഡി.ഒ മാരുടെ നിയന്ത്രണത്തിൽ കേരളത്തിൽ നടത്തുന്ന പ്രസ്തുത പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിൽ 4 പേർ പ്രവർത്തിക്കുന്നു.

**പ്രശ്നങ്ങൾ**

വേണ്ടത്ര എം.പി.കെ.ബി.വൈ (മഹിളാപ്രധാൻക്ഷേത്രീയ ബജത് യോജന) ഏജൻറുമാർ ഈ പഞ്ചായത്തിലില്ല.

**നിർദ്ദേശങ്ങൾ**

☆ എല്ലാ കുടുംബംങ്ങളെയും പ്രസ്തുത പദ്ധതിയിൽ കൊണ്ടു വരുന്നതിനായി എം.പി.കെ. ബി.വൈ ഏജൻറുമാരെ നിയമിക്കുകയും പ്രചരണം നടത്തുകയും വേണം.

VIII മില്ല്യൻ വെൽ സ്കീം

ഐ.ആർ.ഡി.പി. സർവ്വെപ്രകാരം തെരഞ്ഞെടുത്തിട്ടുള്ള ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ചെറുകിട നാമമാത്ര കർഷകരാണ് ഈ സ്കീമിൻ കീഴിൽ വരിക.

IX വാർദ്ധക്യകാല പെൻഷൻ

നമ്മുടെ പഞ്ചായത്തു വഴി ഇപ്പോൾ വാർദ്ധക്യകാല പെൻഷൻ 54 പേർക്ക് ലഭിക്കുന്നു. ഇനിയും അർഹരായവർ ഏറെയുണ്ട്.

**പ്രശ്നങ്ങൾ**

- വാർദ്ധക്യകാല പെൻഷന് ഇപ്പോൾ 65 വയസ്സ് തികഞ്ഞിരിക്കണമെന്ന നിബന്ധന.
- ആൺമക്കളോ, അവരുടെ മക്കളോ ഉള്ളവർക്ക് പെൻഷൻ കിട്ടുന്നില്ല.

**നിർദ്ദേശങ്ങൾ**

- ☆ നിർദ്ധനരും സഹായത്തിനാരും ഇല്ല എന്നു ബോദ്ധ്യമായാൽ 60 വയസ്സ് കഴിഞ്ഞ എല്ലാ പേർക്കും വാർദ്ധക്യകാല പെൻഷൻ ലഭ്യമാക്കുക.
- ☆ മൊത്തത്തിൽ വിവിധയിനം പദ്ധതികളുടെ നടത്തിപ്പിനും, ഫലപ്രദമായ ലക്ഷ്യപ്രാപ്തിക്കും പദ്ധതികളുടെ നിയന്ത്രണ-നിർവ്വഹണ സമിതി, നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തു തലത്തിൽ ജനകീയ സമിതികൾ ഉണ്ടാക്കി പദ്ധതികൾ വിജയിപ്പിക്കാവുന്നതാണ്.



# സംസ്കാരം

**അവലോകനം**

സംസ്കാരമെന്നാൽ സാഹിത്യവും കലയും മാത്രമല്ല, മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരങ്ങളും എല്ലാം അതിൽപ്പെടും. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ച് നിർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. മനുഷ്യസമൂഹത്തിന്റെ അനാദികാലം മുതൽക്കുതന്നെ സംസ്കാരം അതിന്റെ ഘടനയ്ക്ക് പ്രേരകമായും പോഷണമായും വർത്തിച്ചിരുന്നു. സംസ്കാരത്തിന്റെ വാഹനം കമ്മ്യൂണിക്കേഷൻ മാധ്യമങ്ങളാണ്. സംവേദനത്തിന് മൂന്നു രൂപങ്ങൾ ഉണ്ട്. വാമൊഴി, വരമൊഴി, ബിംബം അഥവാ ഇമേജ്. റേഡിയോ, ടെലിവിഷൻ, വീഡിയോ തുടങ്ങിയ ഇലക്ട്രോണിക് മാധ്യമങ്ങൾ പ്രചാരത്തിലെത്തിയതോടെ ഇന്ന് സംവേദനത്തിന്റെ സാധ്യതകളും വ്യാപ്തിയും വളരെ വർദ്ധിച്ചു.

സാംസ്കാരിക പ്രവർത്തനങ്ങളുടെ വേദികളായി നമുക്കുള്ളത് വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ, പ്രൊഫഷണലും അമചറുമായ നൃത്തനാട്യ സംഘങ്ങൾ മുതലായവയാണ്. ഈ സാംസ്കാരിക സ്ഥാപനങ്ങളെ പുരോഗാമികളായി വളർത്തുന്നതിനുതകുന്ന സാംസ്കാരികനയം ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

ഒരു സമൂഹത്തിലെ വ്യക്തികളുടെ സമഗ്രവും സർവ്വതോമുഖവുമായ പുരോഗതിയായിരിക്കും ആ സമൂഹത്തിന്റെ വളർച്ചയുടെ ചൂണ്ടുപലക. കായിക പരിശീലനവും പ്രവർത്തനവും മനുഷ്യന്റെ സമഗ്രവികസനത്തിന്റെ ഒരു പ്രധാന ഘടകവും വിദ്യാഭ്യാസപ്രക്രിയയുടെ അവിഭാജ്യഘടകവുമാണ്.

സംസ്കാരത്തെ ഉയർത്തിപ്പിടിക്കുന്ന നാടൻ കലാരൂപങ്ങളായ കാക്കാരശി നാടകം, കോൽക്കളി, കളരിപ്പയറ്റ്, ഓട്ടംതുള്ളൽ, കഥകളി, തുടങ്ങിയവ കടകംപള്ളി പഞ്ചായത്തിൽ നിലനിന്നിരുന്നു. കടകംപള്ളി എന്ന പേരുതന്നെ കളരിപ്പയറ്റുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഹിന്ദുക്കൾ, കൃസ്ത്യാനികൾ, മുസ്ലീങ്ങൾ തുടങ്ങിയ നാനാജാതിമതസ്തർ ഉൾക്കൊള്ളുന്ന ഒരു പഞ്ചായത്താണ് കടകംപള്ളി. അതുകൊണ്ട് തന്നെ വിവിധ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇവിടെ നിലനിൽക്കുന്നു. ക്ഷേത്രങ്ങളിൽ ഉത്സവങ്ങളും കൃസ്ത്യൻ ദേവാലയങ്ങളിൽ പെരുനാളും മുസ്ലീങ്ങൾ ബക്രീദ്, റംസാൻ, നബിദിനം തുടങ്ങിയ പെരുനാളുകളും വർഷംതോറും ആഘോഷിക്കുന്നു.

മുഖ്യദിനപത്രങ്ങളായ കേരളകൗമുദി, മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി തുടങ്ങിയവ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

പഞ്ചായത്തിൽ ഇന്ന് മൂന്നു ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നു. ഇവയിൽ പ്രധാനമായുള്ളത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടകംപള്ളി പഞ്ചായത്ത് കേന്ദ്ര ഗ്രന്ഥശാലയാണ്. ഈ ഗ്രന്ഥശാലയുടെ ചരിത്രം പരിശോധിച്ചതിൽ, അരനൂറ്റാണ്ടിനുമുമ്പ് നാട്ടുകാരുടെ സഹായസഹകരണത്തോടുകൂടി സ്ഥാപിതമായ ഉദ്ധാരക വായനശാലയാണ് പിൽക്കാലത്ത് P.K.N. ഉദ്ധാരക ഗ്രന്ഥശാലയായി ഉയർന്നത് എന്നു

കാണുന്നു. 21-1-1977 മുതൽ ഈ ഗ്രന്ഥശാല പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്നു. അടുത്തത് ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ദേശാഭിവർദ്ധിനി ഗ്രന്ഥശാലയാണ്. കൊല്ലവർഷം 1109 ൽ ആണ് ഈ ഗ്രനഥശാല രൂപം കൊണ്ടത്. മൂന്നാമത്തേത് അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീ നാരായണ ഗ്രന്ഥശാലയാണ്.

ഈ ഗ്രന്ഥശാലകളുടെ വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. ഈ ഗ്രന്ഥശാലകൾക്ക് പുറമേ പഞ്ചായത്തിൽ കലാകായികക്ലബുകളും പ്രവർത്തിക്കുന്നുണ്ട്.

താഴെ ചേർക്കുന്നവ അവയിൽ ചിലതാണ്.

1. അംബേദ്കർ സാംസ്കാരിക സമിതി
2. ശ്രീരാഗം സ്പോർട്സ് ക്ലബ്
3. ബാലരമ സ്പോർട്സ് ക്ലബ്
4. യുവക്-ആർട്സ് & സ്പോർട്സ് ക്ലബ്
5. ശ്രീനാരായണ വനിതാ സാംസ്കാരിക സമിതി
6. യങ്മെൻസ് ജിംനേഷ്യം
7. പുരോഗമന കലാസാംസ്കാരിക ജിംനേഷ്യം
8. എസ്.എൻ.ജിംനേഷ്യം. കരിക്കകം

**പ്രശ്നങ്ങൾ**

❑ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ഗ്രന്ഥശാലകളെല്ലാം തന്നെ ജനങ്ങളുടെ വായനാശീലം വളർത്തുന്നതിന് അപര്യാപ്തമാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാല തികച്ചും ആഫീസ് സമയത്താണ് പ്രവർത്തിക്കുന്നത്. അതു കൊണ്ടുതന്നെ പലർക്കും ആ ഗ്രന്ഥശാലയുമായി ബന്ധപ്പെടാൻ കഴിയുന്നില്ല. പ്രധാനമായും നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് എന്നീ വാർഡുകളിലെ താമസക്കാർക്കാണ് ഇതുകൊണ്ട് പ്രയോജനം ലഭിക്കുന്നത്.

❑ മൂന്നു ടി.വി. പാർക്കുകൾ പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

❑ ടെലിവിഷൻ സെറ്റുകളുടെ പ്രവർത്തനം കേബിൾ ടി.വി. സെന്റുകളുടെ പ്രചാരം തുടങ്ങിയവ കുട്ടികളുടെ വായനാശീലത്തെയും സ്വഭാവരൂപീകരണത്തെയും സാരമായി ബാധിക്കുന്നു. കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് ആവശ്യമായ പ്രോത്സാഹനങ്ങൾ ഒന്നും തന്നെ ഇപ്പോൾ ലഭ്യമല്ല.

❑ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള മൂന്നു ജിംനേഷ്യങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമല്ല. ഇവയിൽ ആധുനിക ഉപകരണങ്ങളോ വിദഗ്ധ പരിശീലകരോ ഇല്ല. ഇത് കായിക സംസ്കാരം മുരടിക്കുന്നതിന് കാരണമാകുന്നു.

❑ പഞ്ചായത്തു വക കളിസ്ഥലം കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുകയാണ്. കളിസ്ഥലത്തിന് വേണ്ടത്ര വീതി ഇല്ല.

**പരിഹാര നിർദ്ദേശങ്ങൾ**

☆ 4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കടകംപള്ളി

| | പേര് | സ്ഥാപക വർഷം | അംഗങ്ങൾ | ഗ്രന്ഥങ്ങളുടെ എണ്ണം | ഗ്രേഡ് | പ്രതിദിന വിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | കടകംപള്ളി പഞ്ചായത്ത് കേന്ദ്രഗ്രന്ഥശാല | 1977 | 463 | 5501 | ബി | 50 | ഇല്ല |
| 2 | ദേശാഭിവർദ്ധിനി ഗ്രന്ഥശാല | M.E 1109 | 236 | 5831 | സി | ശരാശരി 30 | ഇല്ല |
| 3 | ശ്രീനാരായണ ലൈബ്രറി | | 210 | 350 | സി | ശരാശരി 25 | ഇല്ല |

പഞ്ചായത്ത് കേന്ദ്ര ഗ്രന്ഥശാലയുടെ സമയത്തിൽ ചെറിയ മാറ്റം വരുത്തണം. ഉച്ചയ്ക്ക് രണ്ടു മണി മുതൽ രാത്രി 7 മണി വരെയുള്ള സമയത്താണെങ്കിൽ കുട്ടികൾക്കും ആഫീസ് ജീവനക്കാർക്കും വളരെ പ്രയോജനകരമായിരിക്കും. പഞ്ചായത്തു ഗ്രന്ഥശാല സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ താഴ്‌വശത്ത് ഒരു റീഡിംഗ് റൂം സ്ഥാപിച്ചാൽ അതു പത്രവായന വളർത്തുന്നതിന് സഹായമാകും.

☆ നിലവിലുള്ള മറ്റു രണ്ടു ഗ്രന്ഥശാലകളും, അതായത്, ഒന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന ദേശാഭിവർദ്ധിനി വായനശാലയും 5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ശ്രീനാരായണ ഗ്രന്ഥശാലയും ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിപ്പിക്കണം. കൂടുതൽ പുസ്തകങ്ങൾ ലഭ്യമാക്കുവാനും ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുവാനും ഉള്ള സംവിധാനം ഉണ്ടാക്കണം. ദേശാഭിവർദ്ധിനി ഗ്രന്ഥശാല വിപുലീകരിച്ച് ഒന്ന്, രണ്ട്, മൂന്ന് എന്നീ വാർഡുകളിലെ താമസക്കാർക്ക് പ്രയോജനയോഗ്യമാക്കണം.

☆ പതിനൊന്നാം വാർഡിൽ നിലവിലുള്ള വായനശാലയെ ഗ്രന്ഥശാലയാക്കി ഉയർത്തി ഒൻപത്, പത്ത്, പതിനൊന്ന് എന്നീ വാർഡുകൾക്ക് പ്രയോജനപ്പെടുത്തുക.

☆ വായനശാലകളിലെ നിലവിലുള്ള അംഗത്വ ഫീസും വരിസംഖ്യയും ഉയർത്തുക.

☆ എല്ലാ വാർഡുകളിലും വായനശാലകൾ ഉണ്ടാകണം.

☆ കുട്ടികളിലെ വായനാശീലം വളർത്തുന്നതിന് പുസ്തക പ്രദർശനം നടത്തേണ്ടതാണ്. ആയതിലേക്ക് പുസ്തക പ്രകാശകരുമായി ബന്ധപ്പെട്ട് പ്രദർശനം സംഘടിപ്പിക്കണം. അതിലൂടെ ലഭിക്കുന്ന കമ്മീഷൻ പഞ്ചായത്തിന് മുതൽകൂട്ടായിരിക്കും.

☆ വനിതകളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിന് സഞ്ചരിക്കുന്ന ഗ്രന്ഥശാല പ്രയോജനകരമായിരിക്കും. ഇതുവഴി സ്ത്രീകളിൽ വിജ്ഞാനം വളർത്തുകയും അതോടൊപ്പം ഇതുമായി പ്രവർത്തിക്കുന്നവർക്ക് അവരുടെ പ്രാഥമിക ആവശ്യങ്ങൾക്ക് വേണ്ട ചെറിയ ഒരു വരുമാനമാർഗ്ഗവും ഉണ്ടാകുന്നു. ഇതിന്റെ ചിലവിലേക്കായി അംഗങ്ങളിൽ നിന്ന് ചെറിയ ഫീസ് ഈടാക്കാം. എല്ലാ വാർഡുകളിലും ഈ സംവിധാനം ഏർപ്പെടുത്തണം.

☆ ടി.വി. റേഡിയോ പാർക്കുകൾ വാർഡ് തലത്തിൽ ഉണ്ടാക്കണമെന്ന ആവശ്യം പൊതുവായി ഉയർന്നു വന്നിട്ടുണ്ട്. ഗുഡ്സ്യാർഡ്, ഈറോഡ്, ചെന്നിലോട് എന്നീ ഹരിജൻ കോളനികളിൽ ഇത് അത്യാവശ്യമാണ്. ഈ ടി.വി. സെറ്റുകളിൽ എല്ലാം തന്നെ കാസറ്റ് പ്രദർശനത്തിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്.

☆ കുട്ടികളുടെ സ്വഭാവ രൂപീകരണവും വിദ്യാഭ്യാസവും മെച്ചപ്പെടത്തക്ക രീതിയിൽ ഉത്തമനിലവാരമുള്ള സീരിയലുകളും പരസ്യങ്ങളും മാത്രം പ്രക്ഷേപണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം

☆ ജിംനേഷ്യങ്ങളിൽ ആധുനിക ഉപകരണങ്ങളും വിദഗ്ദ്ധ പരിശീലകരും ഉണ്ടാകണം. ജിംനേഷ്യങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാവശ്യമായ പ്രേരണ ജനങ്ങളിലുണ്ടാക്കാൻ കഴിയണം.

☆ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കളിസ്ഥലത്തിന്റെ പോരായ്മകൾ പരിഹരിച്ച് ഉപയോഗപ്രദമാക്കണം.

☆ കലാകായിക പ്രതിഭകളെ കുഞ്ഞുന്നാളിലേ കണ്ടെത്തി ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന് പഞ്ചായത്തിന്റെയും ജനങ്ങളുടേയും സഹകരണത്തോടുകൂടി ഒരു കലാസാംസ്കാരിക പഠനകേന്ദ്രം കടകംപള്ളി പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായിവരുന്ന ആനയറയിൽ സ്ഥാപിക്കണം. ഇതിനായി നാലാം വാർഡിലുള്ള ഭജനമഠം പഞ്ചായത്ത് ഏറ്റെടുത്ത് സാംസ്കാരിക

പഠനകേന്ദ്രവും കമ്മ്യൂണിറ്റിഹാളും പണിയിക്കണം. കലാഭ്യാസനത്തിനായി വിദഗ്ധരായ അദ്ധ്യാപകരെ കണ്ടെത്തുകയും നിലവിലുള്ള കലകൾക്ക് പ്രോത്സാഹനം നൽകുകയും വേണം. ചർച്ചാക്ലാസ്സുകൾ, ചിത്രരചനാ മത്സരങ്ങൾ , വിവിധകലകളുടെ വർക്ക്ഷോപ്പ് ഇവ സംഘടിപ്പിക്കാം.

☆ സിനിമാ ആസ്വാദകർക്കായി ഫിലിംക്ലബ് രൂപീകരിക്കുക.

☆ മദ്യം, മയക്കുമരുന്ന്, അനാചാരങ്ങൾ ഇവക്കെതിരെ ബോധവൽക്കരണത്തിന് സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് ഫിലിംഷോകൾ സംഘടിപ്പിക്കണം .

☆ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കൊത്തുപണികൾ ചെയ്യുന്നവരുണ്ട്. അവർക്കുവേണ്ട പ്രോത്സാഹനവും ധനസഹായവും ചെയ്തുകൊടുക്കണം.

☆ പരമ്പരാഗതകലകൾ (കാക്കാരശിനാടകം, ഓട്ടംതുള്ളൽ, കോൽക്കളി തുടങ്ങിയവ) പരിപോഷിപ്പിക്കണം.



# വനിത

## വനിതാക്ഷേമം

ഒരു തകർന്ന മാടമ്പി തറവാടിന്റെ പാരമ്പര്യമുള്ള വനിതകൾ. അവർക്കുവേണ്ടി വിതയ്ക്കാനും, കൊയ്യാനും, കറ്റചുമക്കാനും, അടിക്കാനും അടിയത്തിമാർ. ഇതിൽ രണ്ടിലും പെടാത്ത ഇടത്തരക്കാർ. ഇവരായിരുന്നു കടംകള്ളിയിലെ ഇരുപതാം നൂറ്റാണ്ടിലെ ആദ്യ വനിതാ തലമുറ– സമ്പത്തിന്റെ കൂമ്പാരം കുറഞ്ഞപ്പോൾ അവർ നഗരങ്ങളിലെ സ്ക്കൂളുകളിലും കോളേജുകളിലുമൊക്കെ പോയി തുടങ്ങി. അടിയാൻമാർ ശ്രീനാരായണപ്രസ്ഥാനപ്രഭവാത്തിൽ വിദ്യാലയങ്ങളിലേക്ക് കടന്നുകയറി. അങ്ങനെ നഗരം കരകയറിയതിന്റെ ഭാഗമായി നാഗരികതയുടെ പുറം പൂച്ചുകൾ അനുകരിക്കാൻ ഇവിടത്തെ പണമില്ലാത്ത സ്ത്രീകളും പണമുള്ളവരും തുടങ്ങി.

മൂന്നാമതൊരു വിഭാഗം നഗരത്തിൽ പണി എടുക്കാൻ വേണ്ടി വിലകുറഞ്ഞ വീടുകൾ വാടകയ്ക്ക് എടുത്തും ഇവിടെ സ്ഥിരതാമസക്കാരികൾ ആയവരാണവർ.

നാലാമത്തെ വിഭാഗം ഇവിടെതന്നെ പണ്ടെ ഉണ്ടായിരുന്ന കർഷക തൊഴിലാളി സ്ത്രീകൾ. സാക്ഷരതാ പ്രസ്ഥാനത്തിന്റെ ഭാഗമായി അല്പം അക്ഷരം പഠിച്ച് മറന്നുപോയവർ. അവരിന്ന് കർഷക തൊഴിലാളികൾ അല്ല. ഇവിടെ കർഷക മേഖല ആകെ തകർന്നപ്പോൾ ഗൾഫ് പണത്തിന്റെ ഹുങ്കു കാണിക്കാൻ പണിയുന്ന രമ്യഹർമ്യങ്ങൾക്കും പഞ്ചായത്തിലെ റോഡു പണിക്കും കല്ലുംകട്ടയും മണ്ണും ചുമക്കുന്നവർ. ഇവർക്കു വേണ്ടി ഇന്ന് സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും സ്ത്രീ ക്ഷേമത്തിന്റെ പേരിൽ നടത്തുന്ന പരിപാടികൾ വിരളമാണ്.

കേരള വികസന മാതൃകയുടെ ദൗർബല്യങ്ങളിൽ ഒന്നായി ചൂണ്ടി കാണിച്ചിട്ടുള്ളത്. വികസന പ്രക്രിയയിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തമാണ്. ഇതു മറികടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേശീക ആസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിക്കേണ്ടതുണ്ട്. സ്ത്രീകളുടെ സാമൂഹിക പദവിക്ക് എതിരായി നിലനിൽക്കുന്ന ഘടകങ്ങളെ സൂക്ഷ്മമായി തിരിച്ച് അറിയുകയും അവ പരിഹരിക്കാനുള്ള മൂർത്തമായ പരിപാടികൾ ആവിഷ്കരിക്കുകയുമാണ് പ്രധാനം.

സമ്പത്ത് ഉല്പാദനവുമായി സ്ത്രീകളെ ബന്ധപ്പെടുത്തിയാലെ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പുവരുത്താനാവൂ. ഇതിനു പഞ്ചായത്തിലെ സ്ത്രീകളുടെ മൊത്തം തൊഴിലിൽ ശക്തി കണക്കാക്കേണ്ടത് ആവശ്യമാണ്. മിക്കവാറും എല്ലാ പഞ്ചായത്തുകളിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുതലാണ്.

രോഗാതുരയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവേ മോശമാണ്. വിദ്യാഭ്യാസം ഉണ്ടായിട്ടും ചെറിയ കുടുംബം ആയിട്ടും വരുമാനം ഉണ്ടാക്കുന്ന പണികളിൽ ഏർപ്പെടുന്ന സ്ത്രീകൾ വളരെ കുറവാണ്.

## അങ്കണവാടികൾ

കടകംപള്ളി പഞ്ചായതത്തിൽ മൊത്തം 21 അങ്കണവാടികൾ ഉണ്ട്. ഇവയിൽ 7 എണ്ണം ഒഴികെ 14 എണ്ണവും സ്വന്തമായി കെട്ടിടം ഇല്ലാത്തവയാണ്. ഇടുങ്ങിയവയും കുഞ്ഞുങ്ങളുടെ

ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായകമായ അങ്കണം, കളികോപ്പുകൾ ഇവ ഇല്ലാത്തതുമാണ്. കൂടാതെ ഗതാഗത സൗകര്യകുറവുമൂലം പ്രവർത്തിക്കാൻ കഴിയാത്തതും ഉണ്ട്. ആയതിനാൽ പഞ്ചായത്തിെ നേതൃത്വത്തിൽ കെട്ടിടവും കുട്ടികൾക്ക് ആരോഗ്യകരമായ വളർച്ചയ്ക്ക് ഉതകുന്ന കളിക്കോപ്പുകളും ഇപ്പോൾ നിലവിലുള്ള ആഹാരത്തിനു പുറമേ ഓരോ ഗ്ലാസ്സ് പാലും ഓരോ മുട്ടയും ആഴ്ചയിൽ ഒരു ദിവസമെങ്കിലും വിഭവസമൃദ്ധമായ ആഹാരവും നൽകേണ്ടതാണ്. ഈ വക കാര്യങ്ങൾ കുട്ടികൾക്ക് ലഭ്യമാണോ എന്നുള്ള പരിശോധനയും പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.

സ്ത്രീകൾ ഗൃഹനാഥകളായിട്ടുള്ള അനവധി വീടുകൾ ഉണ്ട്. വീട്ടുകാര്യങ്ങൾ നോക്കി നടത്തുന്നതിന് ഇവർക്ക് വളരെയേറെ കഷ്ടപ്പെടുന്നു. ഇവരിൽ അഭ്യസ്ത വിദ്യരായിട്ടുള്ളവരും കരകൗശലവസ്തുക്കൾ നിർമ്മിക്കുവാൻ കഴിവുള്ളവരും കൃഷിപ്പണിയിൽ താല്പര്യം ഉള്ളവരും ഉണ്ട്.

കടകംപള്ളി പഞ്ചായത്തിൽ വാഴനാര് കൊണ്ട് കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്ന അക്ഷയ വനിതാ തൊഴിൽകേന്ദ്രം കടകംപള്ളി പഞ്ചായത്തു സാക്ഷരതാ സമിതിയുടെ നിർദ്ദേശപ്രകാരം റോട്ടറിക്ലബിന്റെയും ഇന്നർവിൻ ക്ലബിന്റെയും സഹായത്തോടെ സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റവും അത് അനുസരിച്ചുള്ള വിപണനവും ഇല്ലാത്തതിനാൽ സ്ഥാപനം പ്രവർത്തനരഹിതമായി. ഇത് ഉല്പന്നങ്ങളുടെ വൈകല്യവൽക്കരണത്തിലൂടെ ഗുണമേന്മ ഉറപ്പാക്കി വിപണന സൗകര്യം മെച്ചപ്പെടുത്തി വനിതാ വ്യവസായ സംരംഭമായി ഇതിനെ മാറ്റാവുന്നതാണ്.

കൂടാതെ വനിതാ വ്യവസായം ഖാദി ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന നൂൽനൂൽപ്പ് കേന്ദ്രം ഇപ്പോൾ പ്രവർത്തനരഹിതമാണ്. അത് പുന:പ്രവർത്തിപ്പിച്ചാൽ ഏതാനും കുടുംബങ്ങളിലെ വനിതകൾക്ക് വരുമാനമാർഗ്ഗമാകും. പ്രധാന ആഫീസുകളായ സെക്രട്ടറിയേറ്റ്, അക്കൗണ്ട്സ് ആഫീസ്, പബ്ലിക്കാഫീസ് തുടങ്ങിയ ഒട്ടനവധി ആഫീസുകൾ ഈ പഞ്ചായത്തുമായി വളരെ സമീപത്താണ്. ഉച്ചഭക്ഷണം പാകം ചെയ്ത് ഈ സ്ഥാപനങ്ങളിൽ എത്തിക്കുന്നതും സ്ത്രീകൾക്ക് വരുമാന മാർഗ്ഗം ഉണ്ടാക്കാവുന്ന തൊഴിലാണ്. 1000 (ആയിരം) ആളുകൾക്ക് എത്തിക്കുവാൻ വേണ്ട ആഹാരം പാചകം ചെയ്യാനുള്ള പാത്രം വാഹനസൗകര്യം ഇവ ലഭിച്ചാൽ ഏതാണ്ട് 25 കുടുംബത്തിലെ വനിതകൾക്ക് വരുമാന മാർഗ്ഗം ആകും. ഒരു പരീക്ഷണം എന്ന നിലയിൽ 100 പേർക്ക് ഏതെങ്കിലും ഒരു ഓഫീസിൽ നൽകണം. ഭക്ഷണം ഓരോ വീട്ടിലും വച്ച് പാകം ചെയ്ത് ഒരു സ്ഥലത്ത് എത്തിച്ച് അവിടെ നിന്നും കൊണ്ടു കൊടുക്കാൻ കഴിഞ്ഞാൽ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കുറയും. കൂടാതെ കറി പൗഡർ യൂണിറ്റ്, തയ്യൽ സ്ക്കൂൾ , കൂൺകൃഷി, വസ്ത്ര നിർമ്മാണം അച്ചാർ നിർമ്മാണം, കുട നിർമ്മാണം, ബുക്ക് ബയന്റിംഗ് എന്നിവയിൽ നിപുണരായ വനിതകൾ ഉണ്ട്. അവരുടെ നേതൃത്വത്തിൽ ഇത്തരം കുടിൽ വ്യവസായങ്ങൾ നടപ്പിലാക്കി വനിതകളുടെ വരുമാനം വർദ്ധിപ്പിക്കാം. അവയ്ക്കുവേണ്ട നടപടി സ്വീകരിക്കണം.

സ്ത്രീകളുടെ ക്ഷേമത്തിന് അത്യന്താപേക്ഷിതമാണ് മദ്യനിരോധനം- മദ്യം സാമൂഹ്യ വിപത്താണ്. മദ്യത്തിന് അടിമകളായ പുരുഷന്മാരുടെ നേതൃത്വത്തിൽ കഴിയുന്ന സ്ത്രീകളുടെ കുടുംബ ജീവിതം പരിതാപകരമാണ്. മദ്യത്തിന് അടിമകളായ പുരുഷവർഗ്ഗത്തിൽ നിന്നാണ് ഏറിയ പങ്കും സ്ത്രീ പീഡനം അനുഭവപ്പെടുന്നത്.

ഇപ്രകാരം സ്ത്രീ പീഡനം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ബോധവൽക്കരണം കൊടുത്ത് കുടുംബജീവിതം സുഖകരമാകുവാൻ പഞ്ചായത്തു തലത്തിൽ ഒരു ലീഗൽ സെൽ ഉണ്ടാകേണ്ടതാണ്. കൂടാതെ സ്വയം വരുമാനമുണ്ടാക്കാൻ ഉതകുന്ന തൊഴിൽ പരിശീലനവും കൊടുക്കേണ്ടതാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥശാലകളിൽ സ്ത്രീ പങ്കാളിത്വം കുറവാണ്. സ്ത്രീ രജിസ്ട്രേഷൻ ഉണ്ടെങ്കിലും അവ പ്രയോജനകരമല്ല. വീടുപണികളിലും കൂലിവേലകളിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ഉപകാരപ്രദം

സഞ്ചരിക്കുന്ന വായനശാലയാണ്. ആയതിനാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുകളിൽ സഞ്ചരിക്കുന്ന വായനശാല നടപ്പിലാക്കേണ്ടതാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് പ്രധാന പങ്കുവഹിക്കാനുണ്ട്. ഹെൽത്തു സെന്ററുകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും മതിയായ പരിഗണനയോ ചികിത്സാ സൗകര്യമോ ഹെൽത്ത് സെന്ററുകളിൽ സ്ത്രീരോഗ വിദഗ്ധർ ഉണ്ടാകേണ്ടതാണ്. ആരോഗ്യസംരക്ഷണത്തിനായി സ്കൂളുകളിൽ ആരോഗ്യ പ്രവർത്തകർ പങ്കെടുത്തു കൊണ്ടുള്ള ആരോഗ്യ ക്ലാസ്സുകൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുക.

പുരുഷന്മാർക്ക് ആധിപത്യമുള്ള ചെറുകിട വ്യസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്വം IRDP, DWCRA, വനിതാ വികസന കോർപ്പറേഷൻ , വനിതാ സഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം എന്നിങ്ങനെയുള്ള ഏജൻസികൾ വഴിയാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ഇവ ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല. മെഴുകുതിരി, റെഡിമെയ്ഡ് ഗാർമൻസ്, അച്ചാർ, കുറ്റിമുല്ല കൃഷി, ആടുവളർത്തൽ , കോഴിവളർത്തൽ എന്നീ ചില മേഖലകളിൽ ഒതുങ്ങി നിൽക്കുന്നു. ഇവയിൽ ഭൂരിഭാഗത്തിനും ലാഭമുണ്ടാക്കാൻ കഴിയാതെ ലോണുകൾ തിരിച്ചടയ്ക്കാൻ പറ്റാത്ത അവസ്ഥയാണ്. ആയതിനാൽ വൈവിധ്യമുള്ളതും നൂതനവുമായ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം പഞ്ചായത്തു തലത്തിലോ ബ്ലോക്കു തലത്തിലോ കൊടുക്കണം. ഭക്ഷ്യസംസ്ക്കരണം, കാർഷിക ഉൽപന്ന സംസ്ക്കരണം തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ഓരോ കോളനിയിലും നടപ്പിലാക്കണം. DIRDA, IRDP വില്ലേജ് ഇൻഡസ്ട്രീസ് തുടങ്ങിയ ഏജൻസികളുടെ സഹായത്തോടൊപ്പം ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് തദ്ദേശീയമായ ഒരു മാർക്കറ്റിംഗ് ഗ്രൂപ്പ് സംഘടിപ്പിക്കണം. ഇതിൽ പട്ടിക ജാതിക്കാരായ സ്ത്രീകൾക്ക് പ്രത്യേക പരിശീലനം നൽകുന്ന പദ്ധതികൾ നടത്തിക്കാനും പരിപാടികൾ ഉണ്ടാവണം.

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷക പെൻഷൻ എന്നിവ യഥാസമയം ലഭിക്കേണ്ടതാണ്.

കടകം പള്ളി പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ മാത്രമേ നിലവിലുള്ളൂ. സ്ത്രീകളുടെ മേൽനോട്ടത്തിൽ ഒരു കൺസ്യൂമർ സ്റ്റോർ സഹകരണ അടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

അടുക്കളതോട്ടം നിർമ്മിക്കുന്നതിന് വനിതകളുടെ നേതൃത്വത്തിൽ പ്രത്യേക പരിപാടി ആവിഷ്കരിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

- ❑ പൊതുരംഗത്ത് വനിതകളുടെ എണ്ണം കുറവാണ്
- ❑ മിക്ക തൊഴിൽ രംഗങ്ങളിലും സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.
- ❑ ഏതു രംഗത്തും രാഷ്ട്രീയ പാർട്ടികൾ പോലും സ്ത്രീ പ്രാതിനിധ്യം ഒഴിവാക്കുന്നു.
- ❑ സ്ത്രീകളുടെ സംഘടനാശക്തിയും നേതൃത്വപരമായ പങ്കും വർദ്ധിപ്പിക്കാൻ അവസരം നൽകുന്നില്ല.
- ❑ ഇടത്തരം വീടുകളിൽ അടുക്കളപണിയിലും ആഫീസുകളിൽ ചോറുകൊണ്ടു കൊടുക്കലിലും നിന്നും ജീവിക്കുവാൻ ആവശ്യമായ വേതനം ഇല്ലയ്മ.
- ❑ വരുമാനം ലഭിക്കുന്ന തൊഴിൽ ഇല്ലാത്ത സ്ത്രീകൾക്ക് പുരുഷന്മാരിൽ നിന്നും പീഡനം ഉണ്ടകുന്നു.
- ❑ എല്ലാ വീടുകളിലും പണക്കാരുടേതായാലും പാവപ്പെട്ടവരുടെതായാലും സ്ത്രീധനപ്രശ്നം വരുമ്പോൾ അവർ ഒരു ഭാരമായി വരുന്നു.
- ❑ (a) സ്ത്രീധനം കൊടുക്കാൻ കഴിയാത്തവർ, കൊടുക്കുന്നതുകൊണ്ട് പോരാത്തതിന്റെ പേരിലുളള വഴക്ക്, പറഞ്ഞ തുക മുഴുവൻ കൊടുക്കാൻ കഴിയാത്തതിന്റെ പേരിലുള്ള മർദ്ദനം
- ❑ മദ്യപാനി ആയ ഭർത്താക്കന്മാർ പാവങ്ങൾക്ക് ജീവിക്കാൻ മതിയാവാത്ത വേതനം. ഭർത്താവു കുടിച്ചു തീർക്കുന്നതുകൊണ്ട് വീട്ടിൽ പട്ടിണി, മറ്റു ദുരിതങ്ങൾ.

❑ (a) കുടിച്ചു കൊണ്ടു വരുന്ന ഭർത്താവിനു കൊടുക്കാൻ ആഹാരമില്ലങ്കിൽ അതിനു മർദ്ദനം.

❑ ചില്ലറ മലക്കറി വ്യാപാരം മറ്റു കച്ചവടങ്ങൾ ഇവ ചെയ്തു ജീവിക്കാൻ മൂലധനം ഇല്ലായ്മ.

❑ ഒത്തു ചേരാനും ആശയവിനിമയം ചെയ്യാനും വേദികൾ ഇല്ലാത്തതും.

❑ വേദികൾ ഉള്ള സ്ഥലത്തു പോകാൻ പുരുഷന്റെ വിലക്ക്.

**സാദ്ധ്യതകൾ**

☆ പഞ്ചായത്തു തലത്തിലും വാർഡു തലത്തിലും ഉണ്ടാക്കുന്ന വികസന പ്രവർത്തനകമ്മിറ്റികളിൽ അവർക്ക് അർഹമായ സ്ഥാനം നൽകുക. പൊതുകാര്യങ്ങളിൽ, രാജ്യകാര്യങ്ങളിൽ, വികസന സേവന തുറകളിൽ ഒക്കെ അത്തരം കമ്മിറ്റി അംഗങ്ങൾക്ക് ആവശ്യ പരിശീലനം നൽകുകയും ബോധവൽക്കരണം നൽകുകയും വേണം. അവർക്കു ചുമതലകൾ നൽകുകയും ഏർപ്പെടുന്ന പ്രസ്നങ്ങളിൽ പാകപിഴ വന്നാൽ തിരുത്തികൊടുക്കുകയും വേണം.

☆ നമ്മുടെ സമൂഹത്തിൽ സ്ത്രീ ഒരു വില കുറഞ്ഞ വസ്തുവാണ്. അതുകൊണ്ട് സർക്കാർ മേഖലകളിൽ ഒഴികെ അവർക്കു കൂലി കുറവാണ്. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം അംഗീകരിക്കണം. സ്ത്രീക്ക് പല ജോലികളും നിഷിദ്ധമാണെന്ന ധാരണ സമൂഹത്തിനുണ്ട്. എല്ലാ ജോലികൾക്കും കഴിവും തന്റേടവും പ്രാഭവവും അവർക്കു ഉണ്ടെന്നു അറിയുകയും അങ്ങനെ അവർക്ക് അവസരം നൽകുകയും വേണം.

☆ എല്ലാ രംഗത്തും സ്ത്രീ പ്രാതിനിധ്യം നടപ്പാക്കണം.

☆ നമ്മുടെ നാട്ടിൽ (കടകംപള്ളിയിൽ) മഹിളാ സംഘങ്ങൾ ഇല്ലന്നു തന്നെ പറയാം. പഞ്ചായത്ത് വനിതാ മെമ്പർമാർ മുൻകൈ എടുത്ത് വാർഡു തോറും മഹിളാ സംഘങ്ങൾ ഉണ്ടാക്കണം.

☆ കുറഞ്ഞ കൂലിക്ക് കുറഞ്ഞ ജോലികൾ, സ്ത്രീകളെക്കൊണ്ട് ചെയ്യിക്കാതെ വരുമാനം കൂടുതൽ കിട്ടുന്ന പദ്ധതികൾ അവർക്കുവേണ്ടി ആസൂത്രണം ചെയ്തു നടപ്പാക്കണം. ഇത്തരം കാര്യങ്ങൾക്ക് മുന്നോട്ടു വരുന്ന സ്ത്രീകൾക്ക് എവിടെനിന്നെല്ലാം സഹായം കിട്ടും എവിടെ നിന്നെല്ലാം പരിശീലനം കിട്ടും എന്നെല്ലാം അറിഞ്ഞ് ഈ കൂട്ടരെ പഞ്ചായത്തുകൾ അറിയിക്കണം.

☆ സ്ത്രീധനം സമൂഹത്തിന്റെ ശാപമാണ് അത് വാങ്ങുന്നതും കൊടുക്കുന്നതും നിയമാനുസൃതമല്ലങ്കിലും ആ നിയമങ്ങൾ ആരും പാലിക്കാറില്ല. നിയമത്തിലെ പഴുതുകൾ അടയ്ക്കണം കുറ്റക്കാരെ ശിക്ഷിക്കണം. അത്തരക്കാരെ കണ്ടെത്തി കോടതി കയറ്റാൻ പഞ്ചായത്തു മെമ്പർമാർ മുൻകൈ എടുക്കണം. സന്നദ്ധ സംഘടനകളെ തയ്യാറെടുപ്പിക്കണം. അങ്ങനെ കുറ്റക്കാർക്കു നേരെ കണ്ണടയ്ക്കുന്ന രാഷ്ട്രീയ പ്രവർത്തകരെ ബഹിഷ്കരിക്കണം

☆ മദ്യപാനത്തിനെതിരെ സ്വയം സംഘടിക്കാൻ സ്ത്രീകൾക്കു പഞ്ചായത്തു മെമ്പർമാർ നേതൃത്വം കൊടുക്കണം. മദ്യ വ്യാപാരികൾക്ക് എതിരെ (കള്ള വാറ്റ്) സമൂഹത്തെ ജാഗരൂകരാക്കുകയും പോലീസിൽ വിവരം നൽകിയാൽ അങ്ങനെ വിവരം നൽകുന്നവർക്ക് സംരക്ഷണം നൽകുകയും വേണം.

☆ ചില്ലറ കച്ചവടക്കാർക്ക്(വനിതകൾക്ക്) സഹകരണ സംഘങ്ങളിൽ നിന്നും വായ്പ നൽകാൻ പരിപാടി ഉണ്ടാവണം. ഒരാഴ്ചയ്ക്ക് 500 രൂപ എന്ന നിലയെങ്കിലും വായ്പകൾ നൽകേണ്ടതാണ്.

☆ സ്ക്കൂളുകളിലും, അങ്കണവാടികളിലും മഹിളാ സംഘങ്ങൾ ചേരാൻ അനുവാദം (സൗജന്യമായി) നൽകണം

☆ അങ്കണ വാടികളിൽ , നെഴ്സറികളിൽ, സ്ക്കൂൾ മാതൃസംഗമങ്ങളിൽ ഒക്കെ സ്ത്രീകൾ ഒന്നിച്ചു ചേർന്ന് അവരുടെ പരിപാടികൾ ആസൂത്രണം ചെയ്യാനും, ചർച്ച ചെയ്യാനും, പഞ്ചായത്ത് നേതൃത്വം നൽകണം.



# സഹകരണം

ഇന്ത്യയിൽ ആദ്യമായി നിയമവ്യവസ്ഥയിലൂടെ സഹകരണപ്രസ്ഥാനം രൂപം പ്രാപിച്ചത് 1904 -ലാണ്. കേരളത്തിൽ പാലക്കാട്ടാണ് 1906 ൽ ആദ്യത്തെ സഹകരണ സംഘം സ്ഥാപിച്ചത്.

കടകംപള്ളി പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭം 1955 - ലാണ്. പഞ്ചായത്തിലെ പ്രധാന നെൽകൃഷി കേന്ദ്രമായിരുന്ന ആനയറ ഏലായുടെ വികസന പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടിയാണ് പ്രവർത്തന രഹിതമായിരുന്ന കടകംപള്ളി വിവിധോദ്ദേശ സഹകരണ സംഘം പുനരുദ്ധരിപ്പിച്ചത്. ആ സ്ഥാപനമാണ് പിൽക്കാലത്ത് കടകം പള്ളി സർവ്വീസ് സഹകരണ സംഘമായും ഇപ്പോൾ കടകംപള്ളി സർവീസ് സഹകരണ ബാങ്ക് എന്ന പേരിലും പ്രവർത്തിക്കുന്നത്. ഈ ബാങ്കിന്റെ പ്രവർത്തനം നാടിന്റെ നാഡീഞരമ്പുകളിലേക്ക് വ്യാപിക്കാൻ തുടങ്ങിയത് 1970 വർഷത്തോടുകൂടി മാത്രമാണ്. ഇതിനുശേഷം നാലു സഹകരണസംഘങ്ങൾകൂടി രൂപീകൃതമാകുകയും അതിലൊന്ന് ഇപ്പോൾ ആർബിട്രേറ്റർ ഭരണത്തിലാകുകയും ചെയ്തിട്ടുണ്ട്. ഹരിജൻ സഹകരണ സംഘമാണ് ആർബിട്രേറ്റർ ഭരണത്തിലായത്.

പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങളിൽ ഇപ്പോൾ ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുന്നത് സർവീസ് സഹകരണ ബാങ്കാണ്. ഇതിന്റെ പ്രവർത്തന മേഖല കടകംപള്ളി പഞ്ചായത്ത്, തിരുവനന്തപുരം നഗര സഭയിലെ മെഡിക്കൽകോളേജ് , കണ്ണമ്മൂല, പേട്ട , ചാക്ക എന്നീ വാർഡുകൾ ഇവയാണ്. പൊതുജനങ്ങളിൽ നിന്നും 14225683 രൂപ സ്ഥിരനിക്ഷേപമായും 2143857 രൂപ ഹ്രസ്വകാല നിക്ഷേപമായും ബാങ്കിനു ലഭിച്ചിട്ടുണ്ട്. വിവിധ ഇനം വായ്പകളിലായി 115 ലക്ഷത്തോളം രൂപ വിതരണം നടത്തിയിട്ടുണ്ട്. ഇതിൽ 20 ലക്ഷത്തോളം രൂപ കാലാവധി കഴിഞ്ഞ കുടിശ്ശികയായിട്ടുണ്ട്. പ്രധാന പ്രവർത്തന മേഖലയിൽ ഒന്നാണ് ബാങ്ക് മുൻപനായി നിന്ന് നടത്തുന്ന ചിട്ടികൾ. കൂടാതെ കേരഫെഡ് ഏജന്റ് എന്ന നിലയിൽ കൊപ്ര സംഭര

**സഹകരണ സംഘങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 1-ൽ കൊടുക്കുന്നു.**

പട്ടിക 1 (അവലംബം : ദ്വിതീയ വിവരശേഖരണ റിപ്പോർട്ട്)

| സംഘത്തിന്റെ പേര് | സ്ഥാപിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം (അംഗങ്ങൾ) | ഓഹരി മൂലധനം (സർക്കാർ) | പ്രവർത്തനം ലാഭം/ നഷ്ടം |
|---|---|---|---|---|---|
| 1. കടകം പള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3515 | 1955 | 13,466 | 176,2912 | 19,000 | ലാഭം |
| 2. കടകംപള്ളി ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം ന: T 34D | 1976 | 331 | 3600 | -- | നഷ്ടം |
| 3. കടകംപള്ളി കയർ വ്യവസായസഹകരണ സംഘം ക്ലിപ്തം നമ്പർ T 706 | 1980 | 406 | 265742 | 319050 | ലാഭം |
| 4. കടകംപള്ളി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ T 891 | 1989 | 80 | 40950 | 49950 | പ്രവർത്തനം തുടങ്ങിയിട്ട് ഒരു വർഷമായില്ല |
| 5. കടകംപള്ളി ഹരിജൻ സഹകരണ സംഘം ക്ലിപ്തം റിക്കാർഡുകൾ ലഭ്യമല്ല. | | | | | |

ണവും കൃഷി ഡിപ്പാർട്ടുമെന്റിനുവേണ്ടി വളം വിതരണവും നടത്തുന്നുണ്ട്. ബാങ്ക് നടത്തിയിരുന്ന കൺസ്യൂമർ സ്റ്റോറിന്റെ പ്രവർത്തനം ഇപ്പോൾ ഇല്ല. ആനയറ ജംഗ്ഷനിൽ 33 സെന്റ് സ്ഥലം ബാങ്കിന് സ്വന്തമായിട്ടുണ്ട്. അവിടെ പുതിയ ഓഫീസ് മന്ദിരത്തിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഓഫീസ് മന്ദിരത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞാൽ ബാങ്കിന്റെ പ്രവർത്തനത്തിൽ നിന്നും ഉണ്ടാകുന്ന ലാഭം പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങൾക്കും അംഗങ്ങളുടെ ക്ഷേമകാര്യങ്ങൾക്കുമായി വിനിയോഗിക്കുവാൻ സാധിക്കുമെന്നാണ് ഭരണസമിതിയുടെ പ്രതീക്ഷ. നേരത്തേ ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ കൊടുത്ത് അംഗങ്ങൾക്കു വിതരണം നടത്തിയിരുന്നെങ്കിൽ ഇപ്പോൾ ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും അംഗങ്ങൾക്ക് ആവശ്യമായ വായ്പ അനുവദിക്കുവാൻ ബാങ്കിന് കഴിയുന്നുണ്ട്. ബാങ്ക് ഇപ്പോൾ നടതതുന്ന ചിട്ടികളുടെ നില ഉയർത്തണമെന്നും അംഗങ്ങൾക്കു നൽകുന്ന വായ്പത്തുകയുടെ പരിധി ഉയർത്തണമെന്നും ഗ്രാമസഭകളിൽ നിന്നും അഭിപ്രായം ഉണ്ടായിട്ടുണ്ട്.

1976 ൽ പ്രവർത്തനം ആരംഭിച്ച കടകംപള്ളി ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല പഞ്ചായത്ത് പ്രദേശ മുഴുവനുമാണ്. പാൽശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സ്ഥാപിച്ച ഈ സംഘത്തിന്റെ പ്രവർത്തനം കൊണ്ട് കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ജന വിഭാഗങ്ങൾക്ക് വളരെ അധികം പ്രയോജനം ലഭിക്കേണ്ടിയിരിക്കുന്നതാണ്. എന്നാൽ 60 ലിറ്റർ പാലിന്റെ ശേഖരണവും വിപണനവും മാത്രമാണ് ഇപ്പോൾ സംഘം നടത്തുന്നത്. ഇപ്പോഴത്തെ പ്രവർത്തനം കൊണ്ട് സംഘം സ്ഥാപിച്ചതിന്റെ ഉദ്ദേശഫലം ലഭിക്കുന്നില്ല എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നത്. കാലിവളർത്തലിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളും സംഘത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു. വളരെ സംഘടിതവും ഊർജ്ജസ്വലവുമായ ഒരു പ്രവർത്തനം കൊണ്ടു മാത്രമേ പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം പുരോഗമിക്കുകയുള്ളൂ.

ഒരു വാതിൽകോട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തന മേഖല കടകംപള്ളി പഞ്ചായത്തു പ്രദേശങ്ങളും, ആറ്റിപ്ര പഞ്ചായത്തിലെ കുഴിവിള വാർഡും തിരുവനന്തപുരം നഗരത്തിലെ ചാക്ക, വേളി എന്നീ വാർഡുകളും ഉൾപ്പെട്ടതാണ്. മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 2 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ട്. കയർ ഉല്പാദന രംഗത്ത് യന്ത്രവൽക്കരണത്തിന് സംസ്ഥാനത്ത് തുടക്കം കുറിച്ച ഫാക്ടറി ഉള്ള സ്ഥാപനം എന്ന ബഹുമതി കൂടി ഈ സംഘത്തിനു ലഭിച്ചിട്ടുണ്ട്. യന്ത്രവൽകരണം മൂലം സംഘത്തിന്റെ ലാഭം വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

സർക്കാരിൽ നിന്നും സഹായം കിട്ടിയിട്ടുണ്ടെങ്കിലും അവിടെ പ്രവർത്തിയെടുക്കുന്ന ജീവനക്കാരിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനം കൊണ്ടു പ്രവർത്തിക്കുന്ന ഒന്നാണ് 1989 ൽ സ്ഥാപിച്ച കയർമാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണസംഘം ഒരു വാതിൽ കോട്ടയിൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘവും വളരെ അധികം പ്രശ്നങ്ങളെ നേരിട്ടു കൊണ്ടിരിക്കയാണ്. പ്രവർത്തന മേഖല വിപുലീകരിക്കാവുന്ന ഈ സംഘത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങൾ ആലപ്പുഴ, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമാണ് ഇപ്പോൾ ലഭിക്കുന്നത്. വളരെ മത്സരമുള്ള രംഗമാണ് കയറുല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും.

പഞ്ചായത്തിലെ ഹരിജനങ്ങളുടെ സർവ്വതോമുഖമായ ഉന്നമനത്തെ മാത്രം ലക്ഷ്യമാക്കി രൂപീകരിച്ച ഹരിജൻ സഹകരണ സംഘം പ്രവർത്തന വൈകല്യം കൊണ്ട് ഇപ്പോൾ പ്രവർത്തന രഹിതമായിരിക്കയാണ്. ഹരിജന വിഭാഗങ്ങൾക്ക് ഏറെ പ്രയോജനം ലഭിക്കേണ്ടിയിരുന്ന ഈ സംഘം ഭരിക്കുന്നത് ഇപ്പോൾ സർക്കാർ ആർബിട്രേറ്ററാണ്. എത്രയും വേഗം പുനരുദ്ധാരണ നടപടികൾ ഉണ്ടാകണമെന്നും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടാകണമെന്നും അഭിപ്രായം

പൊന്തി വന്നിട്ടുണ്ട്.

സഹകരണ മേഖലയിലെ പൊതുവായ പ്രശ്ന ങ്ങൾ താഴെ പറയുന്നവയാണ്.

1. സർവീസ് സഹകരണ ബാങ്ക് അംഗങ്ങളുടെ ആവശ്യാനുസരണം സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

2. കൺസ്യൂമർ സ്റ്റോറുകൾ ഒന്നും തന്നെ സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഇല്ല.

3. ക്ഷീര വ്യവസായ രംഗത്തുള്ള സാധ്യതകൾ ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

4. കയർ മാറ്റ്സ് ആന്റ് മാറ്റിംഗ് സംഘത്തിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള ബുദ്ധിമുട്ടുകൾ

5. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

6. സഹകരണ സംഘങ്ങളിൽ കൂടി സ്വയം തൊഴിൽ പദ്ധതികൾ നടപ്പിാക്കാൻ സാധിച്ചിട്ടില്ല.

7. സാങ്കേതിക നവീകരണത്തിന്റെ അഭാവം

8. പുതിയ പ്രവർത്തനമേഖലകളിലേക്ക് കടന്നു കയറാനുള്ള ആത്മധൈര്യമില്ലായ്മ.

9. പഞ്ചായത്തിന്റെ പൊതു വികസന പദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായകമായ പങ്കു വഹിക്കാൻ സാധിക്കുന്നില്ല.

10. സംഘം പൊതുയോഗങ്ങൾ വിളിച്ചു ചേർക്കാനും പൊതുജനാഭിപ്രായം തേടാനുള്ള താല്പര്യമില്ലായ്മ.

**പരിഹാര നിർദ്ദേശങ്ങൾ**

1. കടകംപള്ളി സർവീസ് സഹകരണ ബാങ്കിന് കുമാരപുരം ഭാഗത്തും. കരിക്കകം ഭാഗത്തും ഓരോ ബ്രാഞ്ചുകൾ കൂടി തുറന്ന് പ്രവർത്തനം വിപുലീകരിക്കുക.

2. സാധാരണ വായ്പാത്തുക ഒരംഗത്തിന് നൽകാവുന്നത് 25000/- രൂപയെങ്കിലും ആക്കി വർദ്ധിപ്പിക്കുക.

3. ബാങ്കിൽ നിന്നും നടത്തുന്ന ചിട്ടിയുടെ നില വർദ്ധിപ്പിക്കുക.

4. സർവീസ് സഹകരണബാങ്കിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.

5. കയർ സഹകരണ സംഘത്തിന്റെ സുഗമമായ പ്രവർത്തനം ലക്ഷ്യമാക്കി പച്ചത്തൊണ്ട് സംസ്കരിക്കുവാനുള്ള ആധുനിക സൗകര്യങ്ങൾ ലഭ്യമാക്കുക.

6. വിപണന സാദ്ധ്യതകൾ കൂടുതലുള്ള കയർ മാറ്റ്സ് സംഘത്തിന് സ്വന്തമായ സ്ഥലവും കെട്ടിടവും ആധുനിക യന്ത്രസാമഗ്രികളും ഉണ്ടാക്കുക.

7. സർവീസ് സഹകരണ ബാങ്കിന്റെ ഭാഗമായോ , പ്രത്യേകമായോ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൺസ്യൂമർ സ്റ്റോറുകൾ സ്ഥാപിക്കുക.

8. വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും കൈത്തൊഴിൽ പരിശീലനവും ചെറുകിട വ്യവസായ സ്ഥാപനങ്ങളും സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്യുക.

9. സഹകരണ മാനേജ്മെന്റിൽ വനിതകൾക്ക് ആനുപാതിക പ്രാതിനിധ്യം നൽകുക. സഹകരണ സംഘങ്ങൾ വാർഷിക പൊതുയോഗങ്ങൾ വിളിച്ചു ചേർക്കുകയും പൊതു ജനാഭിലാഷം മാനിച്ചു കൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക. പൊതുയോഗങ്ങൾ വെറും ചടങ്ങാകാതെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.

10. ലേബർ കോൺട്രാക്റ്റ് സംഘങ്ങൾ സ്ഥാപിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

11. ക്ഷീര വ്യവസായ രംഗത്തുള്ള മാന്ദ്യത ഇല്ലാതാക്കാനും, പ്രവർത്തനം വൈവിധ്യ വൽക്കരിക്കാനും പ്രൊഫഷണൽ മാനേജ്മെന്റിന്റെ സേവനം ലഭ്യമാക്കുക.

12. ഇലക്ട്രോണിക്സ് വ്യവസായവും വിപണനവും സഹകരണമേഖലയുടെ സഹകരണത്തോടെ നടത്താൻ സാധിക്കുമോ എന്നു പരിശോധിക്കുക.

13. പ്രധാന കാർഷിക വിള തേങ്ങയായതിനാൽ, കൊപ്രയുടെ സംഭരണവും സംസ്ക്കരണവും സഹകരണാടിസ്ഥാനത്തിൽ നടത്താനുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുക.

14. നിലവിലുള്ള ഉല്പാദന സഹകരണ സംഘങ്ങളുടെ ഉല്പാദനക്ഷമത ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുക.

15. ഹരിജൻ സഹകരണ സംഘം പുനരുദ്ധരിക്കാനുള്ള നടപടികൾ ഉണ്ടാക്കുക.



# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

1991 ലെ സെൻസസ്സ് പ്രകാരം കടകംപള്ളി പഞ്ചായത്തിലെ ജനസംഖ്യ 24,541 ആണ്. ഇതിൽ പട്ടികജാതിക്കാർ 4853. ഇത് മൊത്തം ജനസംഖ്യയുടെ 20% വരും. AD 2000-ാമാണ്ടോടെ പട്ടികജാതി ജനസംഖ്യ 6000 ആകും എന്നു കണക്കാക്കാം. അതിനാൽ 9-ാം പദ്ധതി, കടകംപള്ളി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 6000 പട്ടികജാതിക്കാർക്കു പ്രയോജനപ്പെടുന്നതാകണം.

1991 ലെ സെൻസസ്സ് റിപ്പോർട്ടിൽ ഈ പഞ്ചായത്തിൽ പട്ടിക വർഗക്കാർ ഉള്ളതായി പറയുന്നില്ല. അതിനാൽ ഗ്രാമപഞ്ചായത്തിന് 9-ാം പദ്ധതിയിൽ ലഭിക്കുന്ന വിഹിതത്തിന്റെ 20% പട്ടികജാതി ക്ഷേമത്തിന് വിനിയോഗിക്കേണ്ടതാണ് കാരണം ജനസംഖ്യയുടെ 20% അവരാണ്.

സ്വയം തൊഴിൽ നേടുന്നതിന് അവസരം നൽകുന്നതിലൂടെ പട്ടികജാതി - പട്ടികവർഗത്തിന്റെ ജീവിതനിലവാരം ഉയർത്താമെന്നു പ്രതീക്ഷ. IRDP ഇതിന് ഉപകരിക്കുമെന്നു കരുതപ്പെടുന്നു. എന്നാൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിൽ കാര്യമായ അഴിച്ചുപണി നടത്തിയില്ലെങ്കിൽ പദ്ധതികൊണ്ട് ഒരു പ്രയോജനവും ഈ വിഭാഗത്തിന് ഉണ്ടാവുകയില്ല. കടകംപള്ളി പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതികാലത്ത് ഏകദേശ 160 പട്ടികജാതി കുടുംബങ്ങൾക്കാണ് IRDP വായ്പ ലഭിച്ചത്. അർഹമായ വിഭാഗത്തിന്റെ 10% ത്തിൽ താഴെയാണിത്. IRDP വായ്പ ലഭിച്ചവർ തന്നെ ദാരിദ്ര്യരേഖയ്ക്കു താഴെയാണിപ്പോഴും എന്നു കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനർത്ഥം, IRDP ഫോലുള്ള സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതികൾ ഇന്നു നടത്തുന്നതുപോലെ നടത്തിയാൽ പട്ടികജാതി-പട്ടികവർഗ്ഗ ഉന്നമനത്തിന് അത് ഉതകുകയില്ല എന്നാണ്. അതിന്റെ കാരണങ്ങൾ വിശദമായി പഠിക്കേണ്ടതുണ്ട്. എങ്കിലും ഇതു സംബന്ധിച്ച് രണ്ടു മൂന്നു കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനാവും.

IRDP മുഖേന പട്ടികജാതി വിഭാഗത്തിനുള്ള വായ്പകളും മറ്റും യഥാവിധി ലഭ്യമാകുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നില്ല. പട്ടികജാതി വിഭാഗക്കാരുടെ അജ്ഞതയും പരാധീനതയുമാണ് ഇതിന് കാരണം. വായ്പാ സംബന്ധമായ സാങ്കേതികത്വവും നൂലാമാലകളും ഈ ജനസമൂഹത്തെ പരാശ്രയരാക്കുന്നു.

കൃഷിവകുപ്പു മുഖാന്തിരം കിണർ കുഴിക്കുന്നതിനും, വീടു വയ്ക്കുന്നതിനും, കുറ്റിമുല്ല കൃഷിക്കും, പച്ചക്കറി കൃഷിക്കും വാഴക്കൃഷിക്കും, കേര വികസനത്തിനും മറ്റുമായി എട്ടാം പദ്ധതിക്കാലത്ത് കടകംപള്ളി പഞ്ചായത്തിൽ, പട്ടികജാതിക്കാർക്ക് 2,63,750 രൂപ ചെലവഴിക്കപ്പെട്ടതായാണ് കണക്ക്.

പട്ടികജാതി-പട്ടികവർഗ്ഗവികസനത്തിനു നീക്കിവയ്ക്കുകയും നൽകപ്പെടുകയും ചെയ്യുന്ന തുക ശരിയായ കൈകളിൽ എത്തുന്നുണ്ടോയെന്നും, ശരിയായ രീതിയിൽ വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നും, ശ്രദ്ധിക്കുന്നതിനും വിലയിരുത്തുന്നതിനും മാർഗ്ഗ നിർദേശം നൽകുന്നതിനുമായി പഞ്ചായത്തുതലത്തിലും കോളനി തലത്തിലും ജനകീയ കമ്മറ്റികൾ ഉണ്ടാകണം. പഞ്ചായത്തു തലത്തിലുള്ള പട്ടികജാതി- പട്ടികവർഗ്ഗ വികസന കമ്മറ്റിയുടെ അധ്യക്ഷൻ പഞ്ചായത്തു പ്രസിഡന്റും കോളനി വികസന കമ്മറ്റിയുടെ അധ്യക്ഷൻ പഞ്ചായത്തു മെമ്പറുമായിരിക്കണം.

9-ാം പദ്ധതിക്കാലത്തു നടത്തുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വികസന പ്രവർത്തനങ്ങളുടെ വിജയത്തിന് ഇത്തരം കമ്മറ്റികളുടെ സജീവമായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

കടകംപള്ളി പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ പകുതിയെങ്കിലും എട്ടോളം കോളനികളിലായാണു വസിക്കുന്നത്. (തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസ് 1994 മേയിൽ പ്രസിദ്ധികരിച്ച അംഗീകൃത പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ എന്ന രേഖയുടെ 30-ാം പുറം കാണുക.

| | |
|---|---|
| 1. നെല്ലിക്കുഴി | 2. നെല്ലിക്കുഴി |
| 3. ഈറോഡ് | 4. ചെന്നിലോട് ചുള്ളിക്കര |
| 5. ചാരുമൂട് | 6. ഗുഡ്സ്യാർഡ് |
| 7. തോപ്പിനകം | 8. അറപ്പുരലെയിൻ |

എന്നിവയാണിവ. പഞ്ചായത്തിലെ പട്ടികജാതി വികസന പരിപാടികൾ പ്രധാനമായും ഈ കോളനികൾ കേന്ദ്രീകരിച്ചാണ് നടത്തേണ്ടത്.. പ്രസ്തുത സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനങ്ങൾ കൂടുതലുള്ളത് ഈ സങ്കേതങ്ങളിലാണ് എന്നതാണിതിനു കാരണം.

ഗ്രാമസഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കോളനി കേന്ദ്രീകരിച്ച് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ താഴെ കുറിക്കുന്നു. നേരത്തെ സൂചിപ്പിച്ച പ്രകാരം എല്ലാ വികസന പ്രവർത്തനങ്ങളുടെ നടപ്പാക്കേണ്ടത് അതാതു പ്രദേശത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന കമ്മറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം.

**1. പാർപ്പിടം**

കോളനികളിലായാലും പുറത്തായാലും ഭൂരിപക്ഷം പട്ടികജാതിക്കാരുടെ വീട്ടുകൾ ഓലമേഞ്ഞതും വാസയോഗ്യമല്ലാത്തതുമാണ്. 9-ാം പദ്ധതിക്കാലത്ത് പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും സുരക്ഷിതവും വൃത്തിയുള്ളതുമായ ഓടുമേഞ്ഞ വീടുകളെങ്കിലും നൽകണ ഭവന രഹിതർക്ക് ഭൂമിയും വീടും നൽകണം.

**2. കക്കൂസ്**

ഓരോ വീടിനും പ്രത്യേകം കക്കൂസ് നിർബന്ധമായും നിർമ്മിച്ചു നൽകണം.

**3. കുടിവെള്ളം**

കോളനികളിൽ മൂന്നോ നാലോ പൊതുടാപ്പുകൾ സ്ഥാപിച്ചുകൊണ്ട് ശുദ്ധജലക്ഷാമം പരിഹരിക്കണം.

(പത്താം വാർഡിലെ പൈങ്ങാച്ചിറക്കുളം ശുദ്ധീകരിച്ച് ചെന്നിലോടു കുന്നുംപുറത്തെ കുടിനീർക്ഷാമം പരിഹരിക്കാനും ജലസേചനം നടത്താനും കഴിയുമോ എന്ന് പരിസോധിക്കാവുന്നതാണ്)

**4. വൈദ്യുതി**

വൈദ്യുതീകരിക്കാത്ത പട്ടികജാതി ഭവനങ്ങൾ പദ്ധതി വർഷത്തിന്റെ തുടക്കത്തിൽ ത്തന്നെ വൈദ്യുതീകരിക്കണം. വർഷങ്ങൾക്കു മുമ്പുതന്നെ സൗജന്യ കണക്ഷനുവേണ്ടി വയറിംങ് നടത്തിയിട്ടുള്ളവർക്ക് കണക്ഷൻ നൽകണം.

**5. ഗതാഗതം**

കോളനികളെ പ്രധാന സ്ഥലങ്ങളോടു ബന്ധിപ്പിക്കുന്ന റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല. ാവ ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം

**6. ക്രെഷെകൾ**

പട്ടികജാതി പട്ടികവർഗത്തിന്റെ യഥാർത്ഥ ഉന്നമനം അടുത്ത നൂറ്റാണ്ടിലെങ്കിലും യാഥാർഥ്യമാകണമെങ്കിൽ അവരുടെ പുതിയ തലമുറക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ലഭിക്കണം. ശിശുപ്രായം മുതൽ അതാരംഭിക്കണം. അതായത് ക്രെഷെതലം മുതൽ. ഓരോ പട്ടികജാതി സങ്കേതത്തോടും ചേർന്ന് ഓരോ മാതൃകാ ക്രെഷെ ആരംഭിക്കണം.

**7. അങ്കണവാടികൾ**

ഓരോ പഞ്ചായത്തു വാർഡിലും രണ്ട് അങ്കണവാടികൾ വീതമുണ്ട്. അവയൊന്നും

ഇന്നു കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ശിശു വിദ്യാഭ്യാസ വിദഗ്ദ്ധർ ശുപാർശ ചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതായിരിക്കണം നമ്മുടെ അങ്കണ വാടികൾ. (അവലംബം : ആലകൈരളി - വിദ്യാരംഭം ശ്രീ. സി.ജി. ശാന്തകുമാർ). രണ്ട് അങ്കണ വാടികളിലൊന്ന് പട്ടികജാതി കോളനിക്കു സമീപമായിരിക്കണം .

**8. വായനശാല, ആർട്സ്, സ്പോർട്സ് ക്ലബ്- കോളനിയുടെ സാംസ്കാരിക സ്ഥാപനം-**

എല്ലാ പട്ടികജാതി സങ്കേതങ്ങളോടും ചേർന്ന് ഒരു വായനശാല (കഴിയുമെങ്കിൽ ഗ്രന്ഥശാല തന്നെ)യും കലാ-കായിക വികസനകേന്ദ്രവും പ്രവർത്തിപ്പിക്കണം. പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഈ സാംസ്കാരിക കേന്ദ്രം കോളനിയിലെ വിദ്യാർത്ഥികൾക്കു സൗജന്യമായി ട്യൂഷൻ നൽകാനുള്ള ചുമതല കൂടി ഏറ്റെടുക്കണം. അധ്യാപനത്തിന് അർപ്പണബോധമുള്ള വിദ്യാസമ്പന്നരെ കോളനിയുടെ പരിസരത്തു നിന്നുതന്നെ കണ്ടെത്താനാകും. തൊഴിൽ രഹിതരായ വിദ്യാസമ്പന്നരുടെ സേവനം പ്രയോജനപ്പെടുത്തുമ്പോൾ അവർക്ക് അലവൻസ് നൽകേണ്ടതാണ്. കലകളിലും കായിക വിനോദങ്ങളിലും അഭിരുചിയുള്ളവരാണ് ദളിതർ. അവസരങ്ങളുണ്ടായാൽ അവർ അതതു രംഗങ്ങളിൽ മികവു കാട്ടും. സാംസ്കാരിക കേന്ദ്രത്തിന്റെ കോ ഓർഡിനേറ്ററും ലൈബ്രേറിയനുമൊക്കെയായി ഒരു പെയ്ഡ് സെക്രട്ടറിയെ നിയമിക്കണം. അയാൾക്കുള്ള അലവൻസ് 75% പഞ്ചായത്തു നൽകണം. 25% കേളനിനിവാസികൾ കണ്ടെത്തണം. സാംസ്കാരിക കേന്ദ്രത്തിന് ഒരു ഫണ്ട് സ്വരൂപിച്ചുകൊണ്ടായിരിക്കണം പ്രവർത്തനം നടത്തേണ്ടത്.

**9. തൊഴിൽ പരിശീലനകേന്ദ്രം**

പഠനം മുഴുമിപ്പിക്കാതെ, തൊഴിൽ രഹിതരായി നിൽക്കുന്ന ആരോഗ്യമുള്ള ചെറുപ്പക്കാർ ഓരോ കോളനിയിലും ധാരാളം ഉണ്ടാകും. കുറച്ചെങ്കിലും പഠിച്ച ചെറുപ്പക്കാർക്ക് കൂലിപ്പണി മാന്യമല്ല എന്ന തോന്നലും ഉണ്ടായിട്ടുണ്ട്. ഇതു മാറ്റണം. ആധുനിക സമൂഹത്തിന് ആവശ്യമായ ചില വിദഗ്ദ്ധ തൊഴിലുകളിൽ പരിശീലനം നൽകേണ്ടതുണ്ട്. അതിലൂടെ അവർക്ക് മെച്ചപ്പെട്ട വരുമാനം നേടാനാകും. മേസൻ, മരപ്പണി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് , ഇലക്ട്രോണിക്സ് തുടങ്ങിയ തൊഴിലുകളിൽ പരിശീലനം നൽകുന്ന ഒരു കേന്ദ്രമാണാവശ്യം. ഇതോടനുബന്ധിച്ച് ഒരു സർവീസ് സെല്ലും ആരംഭിക്കാം. വിദഗ്ദ്ധരായ തൊഴിൽപരിശീലകരെ പഞ്ചായത്തു നിയമിക്കണം. വിദഗ്ദ്ധതൊഴിൽ പരിശീലനം ലഭിച്ച ചെറുപ്പക്കാർക്ക് സ്വന്തം യൂണിറ്റ് സ്ഥാപിക്കാനുള്ള വായ്പ നൽകണം. വായ്പാവ്യവസ്ഥകൾ ലഘൂകരിക്കണം.

**10. വനിതാ തയ്യൽകേന്ദ്രങ്ങൾ**

സ്വന്തം കാലിൽ നിക്കാനുള്ള ശേഷിയാണ് സ്ത്രീ വിമോചനത്തിന്റെ മുന്നുപാധി. സ്ക്കൂൾ വിദ്യാഭ്യാസമോ കോളേജ് വിദ്യാഭ്യാസമോ ഇടയ്ക്കു വച്ചു നിന്നുനോയി തയ്യൽ പരിശീലനത്തിൽ അഭയം തേടിയ അനവധി പെൺകുട്ടികൾ പട്ടികജാതിക്കാരിൽത്തന്നെയുണ്ട്.കോളനികൾക്കകത്തും പുറത്തും. അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഗാർമെന്റ് മേക്കിങ് യൂണിറ്റുകൾ സ്ഥാപിക്കണം. ഡിസൈനിങ്ങിലും മാർക്കറ്റിംങ്ങിലും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകണം. പ്രൊഡക്ഷനിൽ ഏർപ്പെടുന്നതു വരെ ട്രയിനികൾക്ക് സ്റ്റൈപ്പെന്റ് നൽകണം.

**11. കോഴി വളർത്തൽ.**

കൃഷി, കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നിവയിലൂടെ പട്ടികജാതിക്കാരുടെ ജീവിതം കുറേക്കൂടി മെച്ചപ്പെടുത്താനാകും. മിക്ക ദളിത് ഭവനങ്ങളിലും ഒന്നോ രണ്ടോ കോഴിയെങ്കിലും കാണും. തുറന്നിട്ടുവളർത്തുന്നവയായിരിക്കുമെന്നുമാത്രം. പ്രതിമാസം 1500 രൂപയിൽ താഴെ വരുമാനമുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും 25 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോഴിക്കൂടും 10 കോഴിക്കുഞ്ഞുങ്ങളെയും സൗജന്യമായി നൽകണം. വീട്ടിലെ ഭക്ഷണാവ

ശിഷ്ടങ്ങളും ബാക്കി കോഴിത്തീറ്റയും കൊണ്ടു പുലരുന്ന ഇനം കോഴികളെ കുടപ്പനക്കുന്നു ഫാമിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. തുറന്നിട്ടു വളർത്തി പരിസരം മലിനമാക്കുകയും വിളകൾ നശിപ്പിക്കുകയും ചെയ്യുന്ന വളർത്തൽ രീതി ഒഴിവാക്കണം. ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച കൂടായിരിക്കണം ഉണ്ടാക്കേണ്ടത്. കോഴിക്കാരം വളമായി ഉപയോഗിക്കാം. അടുക്കളത്തോട്ടം പരിപോഷിപ്പിക്കാനും ഇത് ഉതകും.

**12. പശുവളർത്തൽ**

കോളനികളിൽ പശുവളർത്തൽ എളുപ്പമാണെന്നു പറഞ്ഞുകൂടാ. പ്രധാന പ്രശ്നം സ്ഥസൗകര്യമില്ലെന്നുതന്നെ. ഈ പ്രതിസന്ധി മറികടക്കാൻ കോളനിയോടു ചേർന്ന് ഒരു പൊതു പശുത്തൊഴുത്ത് സ്ഥാപിക്കാവുന്നതാണ്. അതിനായി ആവശ്യമായ സ്ഥലം പഞ്ചായത്ത് പൊന്നും വിലയ്ക്കെടുത്തു നൽകണം. ഒരു കടുംബത്തിന് ഒരു പശു. സ്വന്തം പശുവിനെ സ്വയം സംരക്ഷിക്കണം. ചാണകം , മൂത്രം മുതലായവ ഒന്നിച്ച് ഒരിടത്തു ശേഖരിക്കാം. വിറ്റ് പണം തുല്യമായി വീതിച്ചാൽ മതി. കാലിവളർത്തലിലെ ഈ കൂട്ടായ്മ ഒരു ക്ഷീരവികസന സഹകരണയൂണിറ്റിനും സാധ്യത സൃഷ്ടിക്കും. ചാണകം ഉപയോഗിച്ച് കോളനിയിലേക്ക് അവശ്യമായ ഗോബർഗ്യാസ് ഉല്പാദിപ്പിക്കാനും കഴിയും. 13. പച്ചക്കറി കൃഷിയും, ഉദ്യാനകൃഷിയും പട്ടികജാതിക്കാർക്കിടയിൽ പ്രരിപ്പിക്കണം. പരിമിതമായ സ്ഥമേ ഉള്ളൂവെങ്കിലും അത് ശാസ്ത്രീയമായി വിനിയോഗിക്കാൻ പരിശീലനം ലഭിക്കണം. കോളനികളിലെ രണ്ടോ മൂന്നോ വീടുകളിൽ കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ മാതൃകാ പച്ചക്കറിത്തോട്ടം ഉണ്ടാക്കണം. ഈ മാതൃകാ വികസന കമ്മറ്റിയുടെ നേതൃത്വത്തിൽ കോളനിക്കുള്ളിലും പുറത്തും വ്യാപിപ്പിക്കാവുന്നതാണ്. ഇത് പട്ടികജാതിക്കാരുടെ ജീവിതത്തിന്റെ ഗുണനിലവാരം ഉയർത്തും.

പ്രശ്നങ്ങൾ

❑ പാർപ്പിടം

1) ഭവനരഹിതരുണ്ട്

2) പണിപൂർത്തിയാകാത്ത വീടുകൾ

3) വാസയോഗ്യമല്ലാത്ത വീടുകൾ

❑ കക്കൂസില്ലായ്മ

❑ കുടിനീർ ലഭ്യമല്ല

❑ വൈദ്യുതി പ്രശ്നം

അനേകം പട്ടികജാതി ഭവനങ്ങൾക്ക് കണക്ഷൻ ലഭിച്ചിട്ടില്ല

❑ ഗതാഗതം

സഞ്ചാരയോഗ്യമായ വഴികളില്ല

❑ ആരോഗ്യം ശിശുക്ഷേമം

1) ക്രെഷ്കൾ ഇല്ല

2) അംഗനവാടികൾ മാത്രകാപരമല്ല

❑ വിദ്യാഭ്യാസ - സാംസ്കാരിക രംഗങ്ങളിലെ പിന്നോക്കാവസ്ഥ

❑ തൊഴിലില്ലായ്മ

**സാധ്യതകൾ**

☆ പഞ്ചായത്ത് ഭൂമിയും വീടും നൽകണം

☆ അഡീഷണൽ ഗ്രാന്റ് നൽകണം

☆ വടു നവീകരിക്കണം

☆ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താനുള്ള സംവിധാനം ഉണ്ടാകണം

എല്ലാ വീടിനും കക്കൂസ് നിർമ്മിച്ചു നൽകണം

1) സാധ്യമായ സ്ഥലത്ത് കുഴൽക്കിണർ സ്ഥാപിക്കണം

2) കോളനികളിൽ പൊതുടാപ്പുകൾ

3) പൈപ്പുലൈൻ ഉള്ളിടങ്ങളിൽ പട്ടികജാതി ഭവനങ്ങളിലേക്ക് സൗജന്യനിരക്കിൽ ലൈൻ നീട്ടണം

4) പൈങ്ങാച്ചിറകുളം (10-ാം വാർഡ്) ശുദ്ധീകരിച്ച് ചെന്നിലോട് കുന്നുംപുറത്തെ ജലക്ഷാമം പരിഹരിക്കാം. ഇതുപോലെ പഞ്ചായ

ത്തിലെ മറ്റു പൊതുകുളങ്ങളും ഇപ്രകാരം ഉപയോഗയോഗ്യമാക്കാം.

1) വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ നൽകണം.

2) സൗജന്യ വൈദ്യുതി കണക്ഷന് അർഹരായവർക്ക് വയറിംഗ് കഴിഞ്ഞെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല. അടിയന്തിരമായി കണക്ഷൻ നൽകണം

3) തെരുവു വിളക്കുകൾ സ്ഥാപിക്കണം.

1) ഇപ്പോഴുള്ള ചെറിയ വഴികൾ വികസിപ്പിച്ച് പൊതുവഴിയുമായി ബന്ധിപ്പിക്കണം.

2) ഇപ്പോൾ വഴിയില്ലാത്ത പ്രദേശത്തു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ആവശ്യമായ പൊതുവഴി നൽകണം.

കോളനികളിൽ മാതൃകാ ക്രെഷ്കൾ ഉണ്ടാക്കണം

മാതൃകാ അംഗനവാടികൾ സ്ഥാപിക്കണം

കോളനികൾക്കുവേണ്ടി സമീപമായി അംഗനവാടികൾ സ്ഥാപിക്കണം.

1) സൗജന്യ ട്യൂഷൻ സംവിധാനം

2) കായിക പരിശീലനം

3) വായനശാല , ഗ്രന്ഥശാലാപ്രവർത്തനം

4) പരിശീലകരെ അതാതു സ്ഥലത്തുനിന്നും കണ്ടെത്താം

5) ഫണ്ടു സ്വരൂപിക്കണം

1) തൊഴിൽ പരിശീലനകേന്ദ്രം

2) ഡൊമസ്റ്റിക് സർവീസ് സെൽ

3) വിദഗ്ദ്ധപരിശീലനം ലഭിച്ചിട്ടുള്ളവർക്ക് സ്വതന്ത്ര യൂണിറ്റുകൾ സ്ഥാപിക്കാൻ വായ്പാ സഹായം നൽകുക

4) വായ്പാ വ്യവസ്ഥകൾ ലഘൂകരിക്കുക.

5) നിലവിലുള്ള ITC കളിൽ കൂടുതൽ ട്രേഡുകൾ തുടങ്ങുക. പരിശീലനാർഥികളുടെ എണ്ണം വർദ്ധിപ്പിക്കുക.

6) തയ്യൽ പരിശീലനം ലഭിച്ച വനിതകൾക്ക് തയ്യൽ /ഗാർമെന്റ് മേക്കിങ് യൂണിറ്റ് തുടങ്ങുക.

7) അവർക്ക് ഡിസൈനിംഗിലും മാർക്കറ്റിംഗിലും പരിശീലനം നൽകുക.

8) കോഴിവളർത്തൽ, പശുവളർത്തൽ , ആട് വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക.

9) പച്ചക്കറികൃഷി പരിപോഷിപ്പിക്കുക



# വിഭവസമാഹരണം

തലസ്ഥാന നഗരത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന ഒരു പഞ്ചായത്താണ് കടകംപള്ളി പഞ്ചായത്ത്. അതിന്റേതായ അനേകം ഗുണഫലങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും വിഭവ സമാഹരണ പ്രക്രിയയിൽ സാരമായ പരിമിതികളും പഞ്ചായത്ത് നേരിടുന്നുണ്ട്. ഒരു ഗ്രാമ പഞ്ചായത്തിന്റെ സാധാരണ വരുമാന സ്രോതസ്സുകളാക്കേണ്ടവ പലതും നഗരസാമീപ്യം കാരണം പഞ്ചായത്തിനന്യമാക്കപ്പെട്ടിരിക്കുന്നു. നഗരത്തിൽ ജീവിക്കുന്ന ഇടത്തരക്കാരുടെ ഒരു വാസസ്ഥലം എന്നതാണ് പഞ്ചായത്തിന്റെ പൊതു സ്വഭാവം.

ധാരാളം സർക്കാരുദ്യോഗസ്ഥരും തൊഴിലാളികളും പാർക്കുന്നുണ്ടെങ്കിലും സർക്കാരാഫീസുകളോ, വ്യവസായ സ്ഥാപനങ്ങളോ പഞ്ചായത്തതിർത്തിക്കുള്ളിൽ കാര്യമായില്ല. കൂലിപ്പണിക്കാരും ചെറുകിട ദരിദ്രരായ കർഷകരുമാണ് ഇതര ജനവിഭാഗങ്ങളിൽ ഭൂരിപക്ഷവും. കൃഷിയും കൂലിപ്പണിയുമാണ് ജനങ്ങളുടെ പൊതുവായ വരുമാനമാർഗ്ഗം. ഒന്നോ രണ്ടോ വാർഡുകളിൽ മാത്രമാണ് ഉയർന്ന വരുമാനക്കാരായവർ പരിമിതമായെങ്കിലും ഉള്ളത്.

വേളിയോടു ചേർന്നുള്ള ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്റ്ററിയും ഒരു വാതിൽകോട്ടയിൽ പ്രവർത്തിക്കുന്ന കയർ ഫാക്ടറിയുമാണ് തൊഴിൽ ലഭ്യമാക്കിയിട്ടുള്ള പ്രധാന സംഘടിത വ്യവസായങ്ങൾ.

വിനോദ നികുതി, തൊഴിൽ നികുതി, തുടങ്ങി ആയാസരഹിതമായി ലഭിക്കുന്ന വരുമാന മാർഗ്ഗങ്ങൾ തുലോം പരിമിതമാണ്. കെട്ടിട നികുതിയും വസ്തു കൈമാറ്റ നികുതിയുമാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. കൂടാതെ സർക്കാരിൽ നിന്നുള്ള ഗ്രാന്റുകളും.

നികുതിയേതര വരുമാനത്തിന്റെ തോത് താരതമ്യേന ചെറുതായതിനാൽ വ്യവസ്ഥാപിത മാർഗ്ഗത്തിലൂടെ അധിക വരുമാനം കണ്ടെത്താനുള്ള സാധ്യത ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുറവാണ്.

പട്ടിക 1

വരവ്

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| തൊഴിൽ നികുതി | 65,978 | 82,365 | 96,755 | 1,13155 | 135,219 |
| കെട്ടിടനികുതി | 2,06,678.50 | 22407015 | 323936.73 | 342952.75 | 369933.55 |
| വിനോദ നികുതി | -- | -- | -- | -- | -- |
| അടിസ്ഥാന നികുതി | -- | -- | -- | -- | -- |
| ഗ്രാന്റുകൾ | 80928 | 10965 | 950 | 47081 | 14322 |
| വസ്തുകൈമാറ്റ നികുതി | 197677 | 267831 | 375049 | 200000 | 204814 |
| അൺടൈഡ് | 180,00 | 57650 | 197060 | 275500 | 299788 |
| ജെ.ആർ.വൈ | 569600 | 575300 | 369250 | 167700 | |
| എസ്റ്റാബ്ലിഷ്മെന്റ് വരവ് | 65378 | 71324 | | 24960 | 39179 |

**പട്ടിക 2**

ചിലവ്

| ഇനം | തുക |
|---|---|
| ഭരണം | 6,83,784.60 |
| പൊതുമരാമത്ത് | 4,47,933.00 |
| വിദ്യാഭ്യാസം | 21028.20 |
| ജലവിതരണം, ഓടകൾ, | |
| പൊതുജനാരോഗ്യം | 10,686.00 |
| തെരുവു വിളക്കുകൾ | |
| കത്തിക്കുന്നതിന് | 99,167 |
| മറ്റുള്ളവ | 1,52,252.50 |
| ആകെ | 14,14851.30 |

### കെട്ടിടനികുതി

പ്രധാന നികുതിയിനമായ കെട്ടിട നികുതിയിലാണ് വർദ്ധന പ്രതീക്ഷിക്കാവുന്നത്. തലസ്ഥാന നഗരിയോടുള്ള സാമീപ്യം ജനസാന്ദ്രത ഇനിയും വർദ്ധിക്കാനിടയാക്കുകയും അതുവഴി കെട്ടിടനികുതിയിൽ വർദ്ധനവുണ്ടാകുകയും ചെയ്യും. കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഫീസാണ് വരുമാന വർദ്ധനയ്ക്ക് സാധ്യതയുള്ള മറ്റൊരിനം.

### വിനോദ നികുതി

പഞ്ചായത്തിൽ ഇന്ന് ലഭ്യമല്ലാത്ത വിനോദ നികുതിയ്ക്കുള്ള പുതിയ സംരംഭങ്ങൾ കണ്ടെത്തേണ്ടതാണ്. പഞ്ചായത്തിലൂടെ ഒഴുകുന്ന രണ്ട് തോടുകൾ- ആമയിഴഞ്ചാൻ തോടും, ചാക്കതോടും- വൃത്തിയാക്കി വള്ളത്തിലോ , ചങ്ങാടത്തിലോ സവാരി നടത്താനുള്ള സംവിധാനമുണ്ടാക്കി ചെറുകിട വിനോദമെന്ന നിലയിൽ വരുമാന മാർഗ്ഗം കണ്ടെത്താൻ ശ്രമിക്കാവുന്നതാണ്.

### മനുഷ്യാധ്വാനം

മനുഷ്യാധ്വാനമാണ് പഞ്ചായത്തിൽ നിന്നും സ്വരൂപിക്കാവുന്ന ഏറ്റവും വലിയ വിഭവം. ബഹുജന സാംസ്കാരിക പ്രസ്ഥാനങ്ങൾ സജീവമായിട്ടുള്ള പ്രദേശമെന്ന നിലയിൽ അവയുടെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചാൽ ഓരോ വാർഡിലും വിദഗ്ദ്ധരുൾപ്പെടെയുള്ള സന്നദ്ധ സമിതികൾ രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിന്റെ നിലവിലുള്ള സാമൂഹ്യ- രാഷ്ട്രീയ സാഹചര്യത്തിൽ ഇതിന് ഏറെ ബുദ്ധിമുട്ടുണ്ടാവില്ല.

പഞ്ചായത്ത് കാലാകാലങ്ങളിൽ ആസൂത്രണം ചെയ്ത് ഏറ്റെടുക്കുന്ന പദ്ധതികൾക്ക് പ്രത്യേകം പ്രത്യേകമായി പൊതുജനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം അഭ്യർത്ഥിക്കാവുന്നതാണ്. പദ്ധതി നടപ്പിൽ സാമ്പത്തിക സുതാര്യത ഉറപ്പാക്കാൻ കഴിഞ്ഞാൽ ഇത്തരത്തിലുള്ള വരുമാനത്തിനും പ്രയാസമുണ്ടാവുകയില്ല.

### ബാങ്കുകൾ

പഞ്ചായത്തിനുള്ളിൽ ഒരു വാണിജ്യ ബാങ്കും ഒരു പ്രൈമറി സഹകരണബാങ്കുമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തതിർത്തിക്കു പുറത്തുള്ള രണ്ടു മൂന്ന് വാണിജ്യ ബാങ്കുകൾ കൂടി പഞ്ചായത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നുണ്ട്. എങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ സമഗ്രമായ സാമ്പത്തിക സഹായത്തിന് ഇവയുടെ ഇടപെടൽ കൂടുതൽ കാര്യക്ഷമമാകേണ്ടിയിരിക്കുന്നു.

| പ്രവർത്തന പരിധി | വാണിജ്യ ബാങ്ക് | സഹകരണ ബാങ്ക് |
|---|---|---|
| പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നവ | സൗത്ത് ഇന്ത്യൻ ബാങ്ക് , | കടകംപള്ളി സർവീസ് സഹകരണ ബാങ്ക് |
| പഞ്ചായത്തിനു സമീപമുള്ളവ | കടകംപള്ളി<br>SBT പേട്ട,<br>SBT മെഡിക്കൽകോളേജ്,<br>SBT കണ്ണമ്മൂല<br>സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ കുമാരപുരം,<br>കാത്തലിക് സിറിയൻ ബാങ്ക്, കുമാരപുരം | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് , പേട്ട |

കൃഷി, മൃഗസംരക്ഷണം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ ജനകീയ സമിതികളുടെ മേൽനോട്ടത്തിൽ പുതിയ യൂണിറ്റുകളാരംഭിക്കുകയും അവയ്ക്ക് ബാങ്ക് വായ്പ ലഭ്യമാക്കുകയും വേണം. വ്യക്തികൾക്കുള്ളതുൾപ്പെടെയുള്ള വായ്പ തുകയുടെ കൃത്യമായ ഉപയോഗത്തിലും ഉല്പാദന വരുമാനം ഉറപ്പാക്കുന്നതിലും ഉദ്യോഗസ്ഥരുൾപ്പെട്ട ജനകീയ സമിതികൾ കാര്യക്ഷമമായി ഇടപെടുകയാണെങ്കിൽ ബാങ്കുകൾ ഇന്നനുവർത്തിക്കുന്ന നിഷേധ സമീപനത്തിലും ഗുണപരമായ മാറ്റം പ്രതീക്ഷിക്കാവുന്നതാണ്.

**സഹകരണ ബാങ്ക്**

പഞ്ചായത്തതിർത്തി പ്രവർത്തന മേഖലയായുള്ള കടകംപള്ളി സർവീസ് സഹകരണബാങ്കാണ് സാധാരണക്കാരുടെ സാമ്പത്തികാവശ്യങ്ങൾക്കുള്ള പ്രധാന ആശ്രയം. ബാങ്കിന്റെ ഇപ്പോഴത്തെ നിക്ഷേപം 1,63,69540 രൂപയും വായ്പ 1,13,97621 രൂപയുമാണ്. മൊത്തം അംഗസംഖ്യ 13,466 ആണ്. ജനസംഖ്യ തോതനുസരിച്ച് ഇനിയുമേറെ സാധ്യതകൾ ഈ ബാങ്കിനുണ്ട്. അതുപയോഗപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന്റെ ജാമ്യത്തിൽ വായ്പയെടുക്കാവുന്നതാണ്.

**സമ്പാദ്യ വരുമാനം**

സഹകരണ ബാങ്കിലെ നിക്ഷേപ വർദ്ധന അതുവഴിയുള്ള വായ്പാ ലഭ്യതയിലും വർദ്ധനവുണ്ടാക്കും. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ സേവിംഗ്സ് സ്കീമിൽ നിക്ഷേപിക്കപ്പെടുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിനവകാശപ്പെട്ടതാണ്. പഞ്ചായത്തിന്റെ മുൻകയ്യിൽ ഇത്തരം സമ്പാദ്യ പദ്ധതികൾ വ്യാപകമായി പ്രചരിപ്പിക്കാവുന്നതാണ്. മഹിളാ പ്രധാൻ ഏജന്റുമാർ വഴി വീടുകളിലെ സ്ത്രീകളിൽ നിന്നുപോലും ധാരാളം നിക്ഷേപം സമാഹരിക്കാവുന്നതാണ്.

**വിദേശ മൂലധന നിക്ഷേപം**

വ്യാപകമായല്ലെങ്കിലും പഞ്ചായത്തിനുള്ളിൽ നിന്നും വിദേശത്തുപോയി ജോലി ചെയ്യുന്നവരുടെ നാട്ടിലെ സമ്പാദ്യം ഉല്പാദനക്ഷമമായി കൃഷിയിലോ, അനുബന്ധവ്യവസായത്തിലോ , ചെറുകിട വ്യവസായ യൂണിറ്റികളിലോ നിക്ഷേപിക്കാൻ പ്രേരിപ്പിച്ചാൽ പഞ്ചായത്തിന്റെ പൊതുവരുമാനത്തിൽ വർദ്ധനയുണ്ടാക്കാൻ കഴിയും. വിദേശ മലയാളികളുടെ എണ്ണം താരതമ്യേന കുറവാണെങ്കിലും ഇത് പരീക്ഷിക്കാവുന്ന ഒരു ശ്രമമാണ്.

പരിമിതമായ വരുമാന മാർഗ്ഗങ്ങളാണ് മുന്നിലുള്ളതെങ്കിലും പഞ്ചായത്തിന്റെ ചിലവുകളിൽ കുറവൊന്നും പ്രതീക്ഷിക്കാനില്ല. ജനസാന്ദ്രതയിലുണ്ടാകുമെന്ന് കരുതുന്ന് വൻവർദ്ധന അടിസ്ഥാന സൗകര്യങ്ങൾ (റോഡ്, സ്ട്രീറ്റ് ലൈറ്റ്, വെള്ളം ----) ലഭ്യമാക്കുന്നതിനുള്ള ചിലവിൽ പ്രതിഫലിക്കുമെന്നതിൽ തർക്കമില്ല.

**പ്രശ്നങ്ങൾ**

- ❑ പഞ്ചായത്തിന്റെ തനതു വരുമാനം വളരെ പരിമിതമാണ്. പ്രധാന വരുമാനം കെട്ടിടനികുതിയും ലൈസൻസ് ഫീസും ആണ്. ഈ ഇനങ്ങളിൽ പഞ്ചായത്തിന്റെ വരുമാന സാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തുന്നില്ല.
- ❑ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കാറില്ല.
- ❑ ധനകാര്യസസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുവാനുള്ള തടസ്സങ്ങൾ
- ❑ സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ്.
- ❑ പ്രാദേശിക ആവശ്യങ്ങൾ അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അപാകതകൾ.

**സാധ്യതകൾ**

- ☆ കെട്ടിടനികുതി, ലൈസൻസ് ഫീസ്, തുടങ്ങിയ നികുതികൾ കാര്യക്ഷമമായി പിരിച്ചെടുക്കുക.
- ☆ കെട്ടിടനികുതിയുടെ മിനിമം നിരക്ക് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

- ☆ സന്നദ്ധ പ്രവർത്തനങ്ങളുടേയും സന്നദ്ധപ്രവർത്തകരുടേയും സേവനം വികസനപ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുക.
- ☆ പഞ്ചായത്തിന്റെ ജാമ്യത്തിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്കും വായ്പ എടുക്കുവാൻ സംവിധാനം ഉണ്ടാക്കുക.
- ☆ പഞ്ചായത്ത് രാജ് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
- ☆ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിന്റെ ഒരു ഭാഗം സംഭാവനയായി സ്വീകരിക്കൽ.

# ഉപസംഹാരം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം എഴുതിച്ചേർക്കുന്ന ജനകീയാസൂത്രണ പരിപാടിയുടെ രണ്ടാംഘട്ടം ഈ വികസന സെമിനാറോടെ പൂർത്തിയാവുകയാണ്. ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും ലഭ്യമായ സ്ഥിതി വിവരങ്ങളും നിലവിലുള്ള പദ്ധതിയുടെ അവലോകന റിപ്പോർട്ടും സമാഹരിച്ചാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിവിധ സേവന മേഖലകളെ അവലോകനം ചെയ്തപ്പോൾ കണ്ടെത്തിയ പ്രശ്ന-പരിഹാര സാധ്യതകൾ പരിശോധിച്ച് അവയുടെ പ്രാധാന്യമനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയാണ് വികസന സെമിനാറിൽ ചെയ്യേണ്ടത്.

ജനങ്ങളുടെ എല്ലാ ആവശ്യങ്ങളും ഒറ്റയടിക്ക് ഒരു പദ്ധതിയിൽ നിറവേറ്റാൻ കഴിയുമെന്ന വ്യാമോഹം നമുക്ക് ഉണ്ടാകേണ്ടതില്ല. അങ്ങനെ സാധിക്കുമെങ്കിൽ ആസൂത്രണത്തിന്റെ ആവശ്യമില്ല. വിഭവങ്ങളുടെയും സമയത്തിന്റെയും പരിമിതി യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കി നടപ്പാക്കേണ്ട പ്രോജക്ടുകൾ തെരഞ്ഞെടുക്കുമ്പോൾ ആവശ്യങ്ങളിൽ നിന്നും അത്യാവശ്യങ്ങൾ തെരഞ്ഞെടുക്കേണ്ടി വരും. അതിൽ ഉല്പാദന മേഖലയെ ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സേവന തുറകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധ നൽകും.

പുതിയൊരു വികസ്ന സംസ്കാരത്തിന് തുടക്കം കുറിക്കുന്ന ഈ പ്രക്രിയയിൽ പ്രതിഫലേച്ഛ കൂടാതെ പ്രവർത്തിക്കുന്ന എല്ലാ 'കീ ' റിസോഴ്സ് പേഴ്സൺ, ജില്ലാ-ലോക്കൽ റിസോഴ്സ് പേഴ്സൺമാർക്കും മറ്റു സന്നദ്ധ പ്രവർത്തകർക്കും ഗ്രാമസഭയിൽ പങ്കെടുത്ത എല്ലാ ജനങ്ങൾക്കും വിവരശേഖരണത്തിലും റിപ്പോർട്ടൊരുക്കലിലും സഹകരിച്ച ഉദ്യോഗസ്ഥർക്കും പഞ്ചായത്തിലെ എല്ലാ ജീവനക്കാർക്കും നന്ദി.

ഒൻപതാം പദ്ധതി ജനകീയ പദ്ധതിയായി നടപ്പാക്കുന്നതിന് കടകംപള്ളി ഗ്രാമപഞ്ചായത്തിന്റെ ശ്രമങ്ങൾക്ക് ശക്തി പകരുവാൻ ആഹ്വാനം ചെയ്തു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

**പി.എൽ. ജീവൻ**

പ്രസിഡന്റ്, കടകംപള്ളി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

## (അനുബന്ധം)



## സാമൂഹ്യ-സാമ്പത്തിക മേഖലകൾ

വികസന സെമിനാറിലെ
നിർദ്ദേശങ്ങൾ
മുൻഗണനാക്രമത്തിൽ

9-ാം പദ്ധതിക്കാലത്തു നടത്തുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വികസന പ്രവർത്തനങ്ങളുടെ വിജയത്തിന് ഇത്തരം കമ്മറ്റികളുടെ സജീവമായ പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

കടകംപള്ളി പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ പകുതിയെങ്കിലും എട്ടോളം കോളനികളിലായാണു വസിക്കുന്നത്. (തിരുവനന്തപുരം ജില്ലാപ്ലാനിംഗ് ഓഫീസ് 1994 മേയിൽ പ്രസിദ്ധീകരിച്ച അംഗീകൃത പട്ടികജാതി-പട്ടികവർഗ്ഗ സങ്കേതങ്ങൾ എന്ന രേഖയുടെ 30-ാം പുറം കാണുക.

| | |
|---|---|
| 1. നെല്ലിക്കുഴി | 2. നെല്ലിക്കുഴി |
| 3. ഈറോഡ് | 4. ചെന്നിലോട് ചുള്ളിക്കര |
| 5. ചാരുമൂട് | 6. ഗുഡ്സ്യാർഡ് |
| 7. തോപ്പിനകം | 8. അറപ്പുരലെയിൻ |

എന്നിവയാണിവ. പഞ്ചായത്തിലെ പട്ടികജാതി വികസന പരിപാടികൾ പ്രധാനമായും ഈ കോളനികൾ കേന്ദ്രീകരിച്ചാണ് നടത്തേണ്ടത്.. പ്രസ്തുത സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനങ്ങൾ കൂടുതലുള്ളത് ഈ സങ്കേതങ്ങളിലാണ് എന്നതാണിതിനു കാരണം.

ഗ്രാമസഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കോളനി കേന്ദ്രീകരിച്ച് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ താഴെ കുറിക്കുന്നു. നേരത്തെ സൂചിപ്പിച്ച പ്രകാരം എല്ലാ വികസന പ്രവർത്തനങ്ങളുടെ നടപ്പാക്കേണ്ടത് അതാതു പ്രദേശത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന കമ്മറ്റിയുടെ മേൽനോട്ടത്തിലായിരിക്കണം.

### 1. പാർപ്പിടം

കോളനികളിലായാലും പുറത്തായാലും ഭൂരിപക്ഷം പട്ടികജാതിക്കാരുടെ വീട്ടുകൾ ഓല മേഞ്ഞതും വാസയോഗ്യമല്ലാത്തതുമാണ്. 9-ാം പദ്ധതിക്കാലത്ത് പഞ്ചായത്തിലെ മുഴുവൻ പട്ടികജാതിക്കാർക്കും സുരക്ഷിതവും വൃത്തിയുള്ളതുമായ ഓടുമേഞ്ഞ വീടുകളെങ്കിലും നൽകണ ഭവന രഹിതർക്ക് ഭൂമിയും വീടും നൽകണം.

### 2. കക്കൂസ്

ഓരോ വീടിനും പ്രത്യേകം കക്കൂസ് നിർബന്ധമായും നിർമ്മിച്ചു നൽകണം.

### 3. കുടിവെള്ളം

കോളനികളിൽ മൂന്നോ നാലോ പൊതുടാപ്പുകൾ സ്ഥാപിച്ചുകൊണ്ട് ശുദ്ധജലക്ഷാമം പരിഹരിക്കണം.

(പത്താം വാർഡിലെ പൈങ്ങാച്ചിറക്കുളം ശുദ്ധീകരിച്ച് ചെന്നിലോടു കുന്നുംപുറത്തെ കുടിനീർക്ഷാമം പരിഹരിക്കാനും ജലസേചനം നടത്താനും കഴിയുമോ എന്ന് പരിസോധിക്കാവുന്നതാണ്)

### 4. വൈദ്യുതി

വൈദ്യുതീകരിക്കാത്ത പട്ടികജാതി ഭവനങ്ങൾ പദ്ധതി വർഷത്തിന്റെ തുടക്കത്തിൽ ത്തന്നെ വൈദ്യുതീകരിക്കണം. വർഷങ്ങൾക്കു മുമ്പുതന്നെ സൗജന്യ കണക്ഷനുവേണ്ടി വയറിംങ് നടത്തിയിട്ടുള്ളവർക്ക് കണക്ഷൻ നൽകണം.

### 5. ഗതാഗതം

കോളനികളെ പ്രധാന സ്ഥലങ്ങളോടു ബന്ധിപ്പിക്കുന്ന റോഡുകൾ പലതും സഞ്ചാരയോഗ്യമല്ല. ാവ ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം

### 6. ക്രെഷെകൾ

പട്ടികജാതി പട്ടികവർഗത്തിന്റെ യഥാർത്ഥ ഉന്നമനം അടുത്ത നൂറ്റാണ്ടിലെങ്കിലും യാഥാർത്ഥ്യമാകണമെങ്കിൽ അവരുടെ പുതിയ തലമുറക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ലഭിക്കണം. ശിശുപ്രായം മുതൽ അതാരംഭിക്കണം. അതായത് ക്രെഷെതലം മുതൽ. ഓരോ പട്ടികജാതി സങ്കേതത്തോടും ചേർന്ന് ഓരോ മാതൃകാ ക്രെഷെ ആരംഭിക്കണം.

### 7. അങ്കണവാടികൾ

ഓരോ പഞ്ചായത്തു വാർഡിലും രണ്ട് അങ്കണവാടികൾ വീതമുണ്ട്. അവയൊന്നും

ഇന്നു കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ശിശു വിദ്യാഭ്യാസ വിദഗ്ദ്ധർ ശുപാർശ ചെയ്തിട്ടുള്ള തരത്തിൽപ്പെട്ടതായിരിക്കണം നമ്മുടെ അങ്കണ വാടികൾ. (അവലംബം : അാലകൈരളി - വിദ്യാരംഭം ശ്രീ. സി.ജി. ശാന്തകുമാർ). രണ്ട് അങ്കണ വാടികളിലൊന്ന് പട്ടികജാതി കോളനിക്കു സമീപമായിരിക്കണം .

**8. വായനശാല, ആർട്സ്, സ്പോർട്സ് ക്ലബ്- കോളനിയുടെ സാംസ്കാരിക സ്ഥാപനം-**

എല്ലാ പട്ടികജാതി സങ്കേതങ്ങളോടും ചേർന്ന് ഒരു വായനശാല (കഴിയുമെങ്കിൽ ഗ്രന്ഥശാല തന്നെ)യും കലാ-കായിക വികസനകേന്ദ്രവും പ്രവർത്തിപ്പിക്കണം. പ്രദേശത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന ഈ സാംസ്കാരിക കേന്ദ്രം കോളനിയിലെ വിദ്യാർത്ഥികൾക്കു സൗജന്യമായി ട്യൂഷൻ നൽകാനുള്ള ചുമതല കൂടി ഏറ്റെടുക്കണം. അധ്യാപനത്തിന് അർപ്പണബോധമുള്ള വിദ്യാസമ്പന്നരെ കോളനിയുടെ പരിസരത്തു നിന്നുതന്നെ കണ്ടെത്താനാകും. തൊഴിൽ രഹിതരായ വിദ്യാസമ്പന്നരുടെ സേവനം പ്രയോജനപ്പെടുത്തുമ്പോൾ അവർക്ക് അലവൻസ് നൽകേണ്ടതാണ്. കലകളിലും കായിക വിനോദങ്ങളിലും അഭിരുചിയുള്ളവരാണ് ദളിതർ. അവസരങ്ങളുണ്ടായാൽ അവർ അതതു രംഗങ്ങളിൽ മികവു കാട്ടും. സാംസ്കാരിക കേന്ദ്രത്തിന്റെ കോ ഓർഡിനേറ്ററും ലൈബ്രേറിയനുമൊക്കെയായി ഒരു പെയ്ഡ് സെക്രട്ടറിയെ നിയമിക്കണം. അയാൾക്കുള്ള അലവൻസ് 75% പഞ്ചായത്തു നൽകണം. 25% കേളനിനിവാസികൾ കണ്ടെത്തണം. സാംസ്കാരിക കേന്ദ്രത്തിന് ഒരു ഫണ്ട് സ്വരൂപിച്ചുകൊണ്ടായിരിക്കണം പ്രവർത്തനം നടത്തേണ്ടത്.

**9. തൊഴിൽ പരിശീലനകേന്ദ്രം**

പഠനം മുഴുമിപ്പിക്കാതെ, തൊഴിൽ രഹിതരായി നിൽക്കുന്ന ആരോഗ്യമുള്ള ചെറുപ്പക്കാർ ഓരോ കോളനിയിലും ധാരാളം ഉണ്ടാകും. കുറച്ചെങ്കിലും പഠിച്ച ചെറുപ്പക്കാർക്ക് കൂലിപ്പണി മാന്യമല്ല എന്ന തോന്നലും ഉണ്ടായിട്ടുണ്ട്. ഇതു മാറ്റണം. ആധുനിക സമൂഹത്തിന് ആവശ്യമായ ചില വിദഗ്ദ്ധ തൊഴിലുകളിൽ പരിശീലനം നൽകേണ്ടതുണ്ട്. അതിലൂടെ അവർക്ക് മെച്ചപ്പെട്ട വരുമാനം നേടാനാകും. മേസൻ, മരപ്പണി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ് , ഇലക്ട്രോണിക്സ് തുടങ്ങിയ തൊഴിലുകളിൽ പരിശീലനം നൽകുന്ന ഒരു കേന്ദ്രമാണാവശ്യം. ഇതോടനുബന്ധിച്ച് ഒരു സർവീസ് സെല്ലും ആരംഭിക്കാം. വിദഗ്ദ്ധരായ തൊഴിൽപരിശീലകരെ പഞ്ചായത്തു നിയമിക്കണം. വിദഗ്ദ്ധതൊഴിൽ പരിശീലനം ലഭിച്ച ചെറുപ്പക്കാർക്ക് സ്വന്തം യൂണിറ്റ് സ്ഥാപിക്കാനുള്ള വായ്പ നൽകണം. വായ്പാവ്യവസ്ഥകൾ ലഘൂകരിക്കണം.

**10. വനിതാ തയ്യൽകേന്ദ്രങ്ങൾ**

സ്വന്തം കാലിൽ നിക്കാനുള്ള ശേഷിയാണ് സ്ത്രീ വിമോചനത്തിന്റെ മുന്നുപാധി. സ്ക്കൂൾ വിദ്യാഭ്യാസമോ കോളേജ് വിദ്യാഭ്യാസമോ ഇടയ്ക്കു വച്ചു നിന്നുനോയി തയ്യൽ പരിശീലനത്തിൽ അഭയം തേടിയ അനവധി പെൺകുട്ടികൾ പട്ടികജാതിക്കാരിൽത്തന്നെയുണ്ട്.കോളനികൾക്കകത്തും പുറത്തും. അവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ഗാർമെന്റ് മേക്കിങ് യൂണിറ്റുകൾ സ്ഥാപിക്കണം. ഡിസൈനിങിലും മാർക്കറ്റിംങിലും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകണം. പ്രൊഡക്ഷനിൽ ഏർപ്പെടുന്നതു വരെ ട്രയിനികൾക്ക് സ്റ്റൈപ്പെന്റ് നൽകണം.

**11. കോഴി വളർത്തൽ.**

കൃഷി, കന്നുകാലി വളർത്തൽ, കോഴിവളർത്തൽ എന്നിവയിലൂടെ പട്ടികജാതിക്കാരുടെ ജീവിതം കുറേക്കൂടി മെച്ചപ്പെടുത്താനാകും. മിക്ക ദളിത് ഭവനങ്ങളിലും ഒന്നോ രണ്ടോ കോഴിയെങ്കിലും കാണും. തുറന്നിട്ടുവളർത്തുന്നവയായിരിക്കുമെന്നുമാത്രം. പ്രതിമാസം 1500 രൂപയിൽ താഴെ വരുമാനമുള്ള മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും 25 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോഴിക്കൂടും 10 കോഴിക്കുഞ്ഞുങ്ങളെയും സൗജന്യമായി നൽകണം. വീട്ടിലെ ഭക്ഷണാവ

# കൃഷിയും ജലസേചനവും

1. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ

ചെട്ടിക്കുന്നിൽ ഒരു ഓവർഹെഡ് ടാങ്ക് കെട്ടി മഴ സമയത്ത് വെള്ളം സംഭരിച്ച്, വേനൽ കാലത്ത് ജലസേചനത്തിന് ഉപയോഗപ്പെടുത്തുക.

ആമയിഴഞ്ചാൽ തോടിന്റേയും പാർവ്വതീ പുത്തനാറിന്റേയും ഇരുകരകൾ കെട്ടി പൊക്കി ഗതാഗതയോഗ്യമാക്കുന്നതിനോടൊപ്പം അതിന്റെ ആഴം കൂട്ടുകയും, അതിൽ നിന്നും ജലം സംഭരിച്ച് ടാങ്കുകളിൽ കയറ്റി വേനൻ കാലത്തു ജലസേചനത്തിന് ഉപയോഗപ്പെടുത്തുകയും ചെയ്യുണം.

മേൽപ്പറഞ്ഞ പദ്ധതിപ്രകാരം ജലസേചനം ലഭ്യമാക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി രണ്ടു ഹെക്റ്ററായി സ്ഥലപരിമിതി ഭേദഗതിപ്പെടുത്തി നടപ്പിലാക്കുക.

വ്യക്തികൾക്കായി സബ്സിഡി നിരക്കിൽ കിണർ, പമ്പ്സെറ്റ് സ്ഥാപിക്കാൻ സ്ഥലപരിമിതി 30 സെന്റിൽ നിന്നും 15 സെന്റായി കുറയ്ക്കൽ എന്നിവ ലഭ്യമാക്കുക.

2. കീടരോഗനിവാരണം. പൂങ്കുലചാഴിക്ക് വാർഡ് അടിസ്ഥാനത്തിൽ Comprehensive Spray ചെയ്യണം. ഇതിലേക്കാവശ്യമായ പരിശീലനം നൽകണം.

3. ജൈവവളപ്രയോഗം (ജീവാണുവളം, മണ്ണിര കമ്പോസ്റ്റ്); ഇതിന്റെ ഉൽപ്പാദനത്തിനും പ്രയോഗത്തിനും പരിശീലനം നൽകണം. പഞ്ചായത്തിൽ ഒരു വളം, കീടനാശിനി ഡിപ്പോ തുടങ്ങണം.

4. പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

5. വാർഡ് അടിസ്ഥാനത്തിൽ മണ്ണ് പരിശോധിച്ച്, രാസവളം സബ്സിഡി നിരക്കിൽ നൽകണം.

6. കൊപ്രയും, പച്ചത്തേങ്ങയും – സംഭരണം, സംസ്കരണം, വിപണനം സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കണം.

7. പ്രാഥമിക വിദ്യാഭ്യാസം മുതൽ കൃഷിക്ക് പ്രാധാന്യം നൽകി കരിക്കുലം പരിഷ്കരിക്കണം.

8. ഇടവിള കൃഷിയായി വാഴ, ചേന, ചേമ്പ് എന്നീ കൃഷികൾ തെങ്ങിൻ തോട്ടങ്ങളിൽ പ്രോൽസാഹിപ്പിക്കുക.

9. പുഷ്പകൃഷി, ഔഷധച്ചെടികൃഷി എന്നിവ വ്യാപകമാക്കുക.

10. കൂൺകൃഷി ചെയ്യുന്നതിന്, അതിന്റെ വിത്ത്, കൂൺകൃഷിപരിശീലനം എന്നിവ കൃഷിക്കാർക്ക് നൽകണം.

11. പുൽകൃഷി ചതുപ്പു സ്ഥലങ്ങളിൽ നടത്തണം.

12. കൃഷിഭവന് പഞ്ചായത്ത് വകയിൽ സ്വന്തമായി ഒരു കെട്ടിടം സ്ഥാപിച്ച്, അവിടെ ഒരു മാതൃകാ കൃഷിത്തോട്ടം സ്ഥാപിക്കണം. കൃഷിഭവനിൽ ഒരു ടെലിഫോൺ ലഭ്യമാക്കണം.

13. വിഭവ ഭൂപട നിർമ്മാണം, നീരൊഴുക്കു സർവ്വെ ഒരു വർഷംകൊണ്ട് പൂർത്തിയാക്കുക.

14. മുറിച്ചുമാറ്റപ്പെടുന്ന തെങ്ങുകൾക്ക് പകരം തൈകൾ നടുമ്പോഴും പുതുതായി തെങ്ങ് കൃഷി ആരംഭിക്കുമ്പോഴും ഇടയകലം ശാസ്ത്രീയമായി ക്രമീകരിക്കണം.

15. മണ്ണിന്റെ അമ്ലത്വം ഇല്ലാതാക്കാൻ കുമ്മായ പ്രയോഗവും ജൈവ വള പ്രയോഗവും നടപ്പാക്കണം.

16. കേന്ദ്രീകൃത കമ്പോസ്റ്റുൽപ്പാദനം, സബ്സിഡി

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (മൃഗസംരക്ഷണവകുപ്പ്, ക്ഷീരവികസന വകുപ്പ്, ഫിഷറീസ് വകുപ്പ്)

1. മൃഗസംരക്ഷണ മേഖലയിൽ ഡയറിഫാം കേന്ദ്രങ്ങൾ തുടങ്ങുന്നതിന് സാമ്പത്തിക - സാങ്കേതിക സഹായം നൽകുക.

   എ) ബാങ്ക്, ഇൻഷ്വറൻസ് മേഖലകൾ- പഞ്ചായത്തു തലത്തിൽ സജീവമായി പ്രവർത്തിപ്പിക്കുക

   ബ) കന്നുകുട്ടിപരിപാലന പരിപാടി എല്ലാ കർഷകർക്കും ലഭ്യമാക്കുക.

2. ശാസ്ത്രീയമായ ക്ഷീരോൽപ്പാദനരീതിയും ഉല്പാദനക്ഷമതയും കർഷകന് മനസ്സിലാക്കിക്കൊടുക്കുക.

   ഏ) കാലിത്തീറ്റ കുറഞ്ഞവിലയ്ക്കു ലഭ്യമാക്കുക, ഭക്ഷ്യപൊതുവിതരണ മേഖല പോലെ, കാലിത്തീറ്റ വിതരണവും നടത്താനുള്ള സംവിധാനം ഉണ്ടാക്കുക;

   ബ) തീറ്റപ്പുൽകൃഷി ചെയ്ത് കന്നുകാലികൾക്ക് പുല്ല് ലഭ്യമാക്കുവാൻ സംവിധാനം ഏർപ്പെടുത്തുക.

◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆◆

**കൃഷിയും ജലസേചനവും**

വർദ്ധിപ്പിച്ചുകൊണ്ട് വീടുകൾ തോറും കമ്പോസ്റ്റ് കുഴി എന്നിവയിലൂടെ ജൈവവളസിദ്ധി കൈവരിക്കാം.

17. ചതുപ്പുഭാഗങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം വാർന്നുപോകാൻ തോടുകളിലേക്ക് നിർഗ്ഗമനക്കുഴലുകൾ നിർമ്മിക്കുന്നതിന് സംവിധാനം വേണം.
18. കേന്ദ്രീകൃതാടിസ്ഥാനത്തിൽ പഞ്ചായത്തിൽ വിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുക.
19. കൃഷിപരിശീലനത്തിന് വാർഡടിസ്ഥാനത്തിൽ തുടർപരിപാടി ഏർപ്പെടുത്തുക.
20. കൃഷി ഉൽപ്പന്നങ്ങളുടെ അടിസ്ഥാനത്തിലുള്ള വ്യവസായ സംരംഭങ്ങൾ
21. ബാക്ക്യാർഡ് സിസ്റ്റത്തിലുള്ള കോഴികൃഷിക്കു പകരം ഡീപ്‌ലിറ്റർ സിസ്റ്റത്തിലുള്ള ചെറുയൂണിറ്റുകൾ സ്ഥാപിച്ച് കോഴികൃഷി ചെയ്യുന്നതിലൂടെ കൃഷിനാശം ഒഴിവാക്കാം.
22. മഴവെള്ളം സംരക്ഷിക്കാൻ തവാരണകൾ ഉണ്ടാക്കുക. തവാരണകളിൽ പുൽകൃഷി നടത്തുക.
23. ഗ്രൂപ്പ്ഗാരണ്ടി സിസ്റ്റത്തിലും കൃഷിഭൂമി പണയപ്പെടുത്തിയും സഹകരണമേഖലാ ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാൻ ആവശ്യമായ ഉദാര വ്യവസ്ഥകൾ ഉണ്ടാക്കുക.
24. കർഷകന്റെ വിവിധ കാർഷിക ആവശ്യങ്ങൾ ഒരു കുടക്കീഴിൽ പരിഹാരം കാണുന്നതിന് സംവിധാനം വേണം.
25. തരിശു കൃഷിയിടങ്ങൾ ഏറ്റെടുത്തു കൃഷിചെയ്യാൻ സംവിധാനമുണ്ടാകണം
26. മണ്ണു പരിവർത്തന നടപടികൾ നടപ്പിലാക്കണം.
27. പട്ടിക ജാതി വിഭാഗങ്ങൾക്ക് സ്പെഷ്യൽ കാംപൊണന്റ് പദ്ധതി പ്രകാരം കൃഷിക്ക് പ്രത്യേക സൗജന്യങ്ങൾ ലഭ്യമാക്കണം.

സി) ബ്ലോക്ക് പഞ്ചായത്തു തലത്തിൽ കാലിത്തീറ്റ നിർമ്മാണയൂണിറ്റ് സ്ഥാപിക്കുക.

3. ഈ പഞ്ചായത്തിലെ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിന്റെ ഭരണസംവിധാനം മെച്ചപ്പെടുത്തി കർഷകർക്ക് അതിലുള്ള വിശ്വാസം വീണ്ടെടുക്കുക.

എ) കറവ രംഗത്ത് വിദഗ്ദ്ധ തൊഴിലാളികളെ പരിശീലിപ്പിക്കുകയും, മറ്റുതൊഴിൽ മേഖലയിൽ തൊഴിലാളികൾക്കുള്ള ആനുകൂല്യം ഇവർക്കു് ലഭ്യമാക്കുകയും ചെയ്യുക.

ബ) ക്ഷീരോൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് വനിതകൾക്ക് പരിശീലനം നൽകുക; വില്ലേജ് ഇൻഡസ്റ്റ്രീസിന്റെ മാതൃകയിൽ ഇവയുടെ പ്രവർത്തനം രൂപവൽക്കരിക്കുക.

സി) വലിയതുറ സീവേജ് ഫാമിലെ പുല്ല് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ ലഭ്യമാക്കുക.

ഡി) മേന്മയേറിയ തീറ്റപ്പുൽ ഇനങ്ങൾ ഉല്പാദിപ്പിക്കുമ്പോൾ കൃഷിഭവനുമായി യോജിച്ച് പുൽകൃഷി നടപ്പിലാക്കുക.

4. തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പ്രതിശീർഷവരുമാനം മെച്ചപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ.

എ) വീട്ടുമുറ്റത്ത് കോഴിവളർത്തൽ.

ബി) താറാവു വളർത്തൽ

സി) ഇറച്ചിക്കോഴി വളർത്തൽ

ഡി) കാളക്കുട്ടി, പോത്തുകുട്ടി വളർത്തൽ

ഇ) പന്നിവളർത്തൽ

എഫ്) ജൈവ വളനിർമ്മാണം.

ജി) മാംസോൽപ്പാദന സംസ്കരണ സഹകരണ സംഘം രൂപീരിക്കുക.

5. സേവന മേഖല

എ) എല്ലാ ആധുനിക സൗകര്യങ്ങളും ഉള്ള മൃഗാശുപത്രി സ്ഥാപിക്കുക.

ബി) പേവിഷനിയന്ത്രണ കുത്തിവെപ്പ് നിർബ്ബന്ധമാക്കുക. ഇതിലേക്കുള്ള വാക്സിൻ സൗജന്യമായി നൽകുക.

സി) ഗുണമേന്മയുള്ള പശു, കോഴി, താറാവ്, പന്നി എന്നിവയെയും അവയുടെ കുട്ടികളെയും ലഭ്യമാക്കാൻ ജില്ലാ തലത്തിൽ നഴ്സറിയും ഫാമുകളും സ്ഥാപിക്കുക.

## മത്സ്യബന്ധനം

1. ഈ പഞ്ചായത്തിലെ മത്സ്യകൃഷിക്ക് ഉപയുക്തമായ കുളങ്ങൾ താല്പര്യമുള്ള കർഷകർക്ക് 5 വർഷ കാലയളവിൽ മത്സ്യ കൃഷി നടത്തുവാൻ പാട്ടത്തിന് നൽകുക.

2. മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗം ആയുള്ള തൊഴിലാളികളെ അടുത്തുള്ള ഫിഷറീസ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യിപ്പിക്കുക (എല്ലാവർഷവും സെപ്റ്റംബർ 30 ന് മുമ്പ്) ഇവർക്ക് എല്ലാ ആനുകൂല്യവും ലഭ്യമാക്കുക.

3. സ്വകാര്യ കുളങ്ങളിൽ വീട്ടാവശ്യത്തിന് മത്സ്യ കൃഷി നടത്തുവാൻ സ്ത്രീകൾക്ക് പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കുക.



# വിദ്യാഭ്യാസം



1. കരിക്കകം ഹൈസ്കൂളിന് ജില്ലാകളക്ടർ അനുവദിച്ച ഒന്നേകാൽ ഏക്കർ സ്ഥലം എത്രയും വേഗം ഏറ്റെടുത്ത് സ്കൂളിന് കൈമാറുകയും 120 അടിനീളവും 20 അടി വീതിയുമുള്ള ഒരു മൂന്നുനിലകെട്ടിടം നിർമ്മിക്കുകയും ചെയ്യുക.

2. കരിക്കകം ഹൈസ്കൂളിനെ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തുകയും സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

3. പഞ്ചായത്തിന്റെ മൂന്നാം വാർഡിൽ പ്രീപ്രൈമറി സൗകര്യങ്ങളോടു കൂടിയ ഒരു എൽ. പി. സ്കൂൾ അനുവദിക്കുക.

4. ഒരു വാതിൽകോട്ട എൽ. പി. എസ്, വലിയ ഉദേശ്വരം എൽ. പി. എസ് എന്നിവയുടെ ചുറ്റുമതിൽ കെട്ടുകയും അവിടങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.

5. ഒരു വാതിൽകോട്ട സ്കൂളിലും കരിക്കകം സ്കൂളിലും സ്കൂളിനോട് ചേർന്ന് പ്രീപ്രൈമറി വിഭാഗം ആരംഭിക്കുകയും എല്ലാ സ്കൂളിലേയും പ്രീപ്രൈമറി വിഭാഗം കൂടി ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിലും, നിയന്ത്രണത്തിലും, മേൽനോട്ടത്തിലും ആക്കുകയും ചെയ്യുക.

6. എല്ലാ സ്കൂളുകളിലും കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുവാനുള്ള സൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാക്കുക.

7. എല്ലാ സ്കൂളുകളിലും കലാ, കായിക, പ്രവർത്തിപരിചയ അദ്ധ്യാപകരെ നിയമിക്കുക.

8. സ്കൂളുകളിലെ ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ പഞ്ചായത്തിൽ ഇപ്പോൾ വീട്ടുകരത്തോടൊപ്പം പിരിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറി സെസ്സിൽ നിന്നും ഒരു നിശ്ചിത ശതമാനം നൽകുക.

9. സ്കൂളുകളിലുണ്ടാകുന്ന താല്ക്കാലിക ഒഴിവുകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുവാൻ പഞ്ചായത്തു സമിതിയും, പി. റ്റി. എ. യും ചേർന്ന് സംവിധാനമുണ്ടാക്കുക.

10. വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അതത് സ്കൂളിന്റെ സമീപ പ്രദേശങ്ങളിലെ സാമൂഹ്യ പ്രവർത്തകരേയും ജനപ്രതിനിധികളേയും വിദ്യാഭ്യാസ പ്രവർത്തകരേയും, ഉൾപ്പെടുത്തി സ്കൂൾ വികസന സമിതികൾ രൂപീകരിക്കുക.

11. പ്രീപ്രൈമറി അദ്ധ്യാപകർക്ക് 'ഇൻസർവീസ്' കോഴ്സുകൾ നിർബ്ബന്ധമാക്കുകയും ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ നടപ്പിലാക്കുകയും ചെയ്യുക.

12. പട്ടികജാതി വിഭാഗങ്ങൾ കൂടുതലുള്ള ഈറോഡ്, ചെന്നിലോട് എന്നിവിടങ്ങളിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ നഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.

13. ഇപ്പോൾ സർക്കാർ നേരിട്ട് നടത്തുന്ന വിദ്യാജ്യോതി, DPEP എന്നീ പരിപാടികൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക.

14. സ്കൂളും പരിസരവും ആകർഷകമാക്കാൻ എല്ലാ സ്കൂളിലും കുട്ടികളുടെ ചുമതലയിൽ പൂന്തോട്ടങ്ങൾ ഉണ്ടാക്കുക.

15. കരിക്കകം സ്കൂളിലേക്ക് ഒരുവാതിൽ കോട്ടയിൽ നിന്നും യാത്രാ സൗകര്യം വർദ്ധിപ്പിക്കുക.

16. കരിക്കകം ഹൈസ്കൂളിലെ എൽ.പി. വിഭാഗം പ്രത്യേകം സ്കൂളാക്കിമാറ്റുക.

17. ഹൈസ്കൂളിൽ ഒരു കമ്പ്യൂട്ടർ സ്ഥാപിക്കുകയും ഒരു വിദഗ്ദ്ധന്റെ പാർട്ട്-ടൈം സേവനം ലഭ്യമാക്കുകയും ചെയ്യുക. ടെലിവിഷൻ സെറ്റും സ്ഥാപിക്കുക.

18. സ്കൂളിൽ സംസ്കൃത ഭാഷകൂടി പഠിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

19. അഞ്ചാം ക്ലാസു മുതൽ ഓരോഡിവിഷൻ ഇംഗ്ലീഷ് മീഡിയം ആക്കുക.

20. വലിയഉദേശ്വരം എൽ.പി.സ്കൂളിനെ യു.പി. സ്കൂളാക്കി ഉയർത്തുവാൻ നടപടികൾ സ്വീകരിക്കുക.

21. എല്ലാ സ്കൂളുകളിലും ബഞ്ച്, ഡസ്ക്, മേശ, കസേര, അലമാര എന്നിവ ആവശ്യത്തിന് ലഭ്യമാക്കുക.

22. ശ്രവ്യ-ദൃശ്യമാദ്ധ്യമോപകരണങ്ങൾ എല്ലാ സ്കൂളിലും ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകണം.

23. സ്കൂളിലെ വാർഷിക അറ്റകുറ്റപണികൾ യഥാസമയം നടത്തുവാൻ വേണ്ട സംവിധാനങ്ങൾ ഉണ്ടാകണം. അതിനുള്ള അധികാരം പി.ടി.എ. ക്ക് നൽകുന്നത് നന്നായിരിക്കും.

24. അക്ഷരബോധം, അക്കബോധം എന്നിവയില്ലാത്ത കുട്ടികളെകണ്ടെത്തി സമയ ബന്ധിതമായി പരിഹാരബോധനം നടത്തണം. ഇതിനായി പഞ്ചായത്തു പ്രദേശത്തു പ്രവർത്തിക്കുന്ന സാമൂഹ്യസന്നദ്ധ സംഘടനകൾ, ശാസ്ത്രസാഹിത്യ പരിഷത്ത് മുതലായവയുടെ സഹായം തേടാവുന്നതാണ്. കൂടാതെ പഞ്ചായത്തിൽ താമസിക്കുന്ന പെൻഷനായ അദ്ധ്യാപകരുടെ സേവനവും പ്രയോജനപ്പെടുത്താം.

25. എസ്.എസ്.എൽ.സി പരീക്ഷാഫലം മെച്ചപ്പെടുത്താനുള്ള പ്രത്യേക പ്രവർത്തനങ്ങൾ ഉണ്ടാകണം.

26. സ്കൂളുകളിൽ പ്രതിവാര സാഹിത്യസമാജം, സയൻസ് ക്ലബ്ബ്, പരിസര ശുചീകരണം എന്നിവ ഉൾപ്പെടുത്തണം.

27. സ്കൂൾ തലത്തിൽ പഠനയാത്രകൾ നടത്തുക, കൈയ്യെഴുത്തു മാസികകൾ തയ്യാറാക്കുക, വായനാ കോർണറുകൾ ആരംഭിക്കുക എന്നിവയ്ക്കു പഞ്ചായത്ത് തലത്തിൽ പരിശീലനവും സഹായങ്ങളും നൽകണം.

28. എല്ലാ അങ്കണവാടികൾക്കും സ്ഥിരമായ കെട്ടിടങ്ങൾ ഉണ്ടാകണം. അവിടെയുള്ള കുട്ടികൾക്ക് ഇടയ്ക്കിടെ ആരോഗ്യപരിശോധന നടത്തണം. പഞ്ചായത്തു സമിതിയിലെ വനിതാ അംഗങ്ങൾകൂടി ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മറ്റികൾ ഒരോ അങ്കണവാടിയോടും അനുബന്ധിച്ച് ഉണ്ടാകണം.

29. പഞ്ചായത്തിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകണം. പഞ്ചായത്ത് അംഗങ്ങൾകൂടി ഉൾപ്പെട്ട ഉപദേശക സമിതികൾ രൂപീകരിക്കണം. ഗ്രന്ഥശാലകളെ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളുടെ കലാസാഹിത്യവാസനകളെ പ്രോത്സാഹിപ്പിക്കുന്ന വിധത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കണം. സമ്മാനങ്ങളും നൽകണം.

30. പഞ്ചായത്ത് പ്രദേശത്തെ സ്ക്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും കൂടുതൽ സ്ക്കോളർഷിപ്പുകൾ ഏർപ്പെടുത്താവുന്നതാണ്.

31. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പാഠപുസ്തങ്ങൾ, യൂണിഫോം മുതലായവ സൗജന്യമായി നൽകാനുള്ള നടപടികൾ ഉണ്ടാകണം.

32. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാമുഖ്യം നൽകുക.

33. സാക്ഷരതാ പ്രസ്ഥാനം ജനകീയ പ്രസ്ഥാനമാക്കി പുനരുജ്ജീവിപ്പിക്കണം.

34. സമഗ്രമായ സ്ക്കൂൾ കോംപ്ലക്സ് വികസന പരിപാടി എല്ലാ സ്ക്കൂളുകളേയും ബന്ധിപ്പിച്ച് നടപ്പിലാക്കുക.

35. സ്പെഷ്യൽ കാംപൊണൻറ് പ്ലാനിൽ ഉൾപ്പെടുത്തി പഞ്ചായത്തിലെ ഹരിജൻ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ സമ്പ്രദായം ഏർപ്പെടുത്താവുന്നതാണ്. ജോലിക്കായുള്ള മത്സരപരീക്ഷകൾക്ക് അപേക്ഷിച്ചവർക്ക് പരിശീലനക്ലാസ്സുകൾ ഈ പദ്ധതിയിൽ ആരംഭിക്കാവുന്നതാണ്.

# ആരോഗ്യം, പരിസരശുചിത്വം, കുടിവെള്ളം

1. എല്ലാ വീടുകൾക്കും കക്കൂസുകൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്.

2. കടകംപള്ളി പഞ്ചായത്തിലേക്ക് ഡ്രെയിനേജ് പദ്ധതി നീട്ടുകയും അത് പഞ്ചായത്തിലാകമാനം വ്യാപിപ്പിക്കുകയും വേണം.

3. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെന്ററിനെ കുറഞ്ഞത് 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം.

4. പഞ്ചായത്താശുപത്രിയോട് ചേർന്ന് കയർ ഫെഡിന്റെ സഹായത്തോടുകൂടി 6 രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള കെട്ടിടവും കിടക്കകളും ഉണ്ട്. വേണ്ടത്ര ജീവനക്കാരെ നിയമിച്ച് ഇത് പ്രാവർത്തികമാക്കണം.

5. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഒരു് അത്യാഹിത വിഭാഗം ഉണ്ടാക്കണം.

6. പ്രൈമറി ഹെൽത്ത് സെന്റർ മുഴുവൻ സമയവും പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം,

7. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി കുടുംബക്ഷേമ കേന്ദ്രങ്ങൾ തുറന്ന് ജീവനക്കാരെ വികേന്ദ്രീകരിച്ച് പ്രവർത്തിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. സൗകര്യമുള്ള അംഗണവാടികളോട് ചേർന്ന് കുടുംബക്ഷേമ കേന്ദ്രങ്ങൾ ആരംഭിക്കാം.

8. ഏഴ് കുടുംബക്ഷേമ കേന്ദ്രങ്ങളാണ് ഇത്തരത്തിൽ പ്രാവർത്തികമാക്കേണ്ടത്.

എ) അഞ്ചുസെന്റ് സ്ഥലം പഞ്ചായത്തു നൽകുന്ന പക്ഷം സർക്കാർ ചെലവിൽ കെട്ടിടം നിർമ്മിച്ച് കുടുംബക്ഷേമ കേന്ദ്രം ആരംഭിക്കുവാനുള്ള സർക്കാരിന്റെ നിലവിലുള്ള പദ്ധതി പ്രയോജനപ്പെടുത്തണം.

9. പാർവ്വതീപുത്തനാറിന്റെ മലിനീകരണം ഗുരുതരമാണ്. അത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

10. പഞ്ചായത്തിന്റെ പങ്കാളിത്തത്തോടുകൂടി പാർവ്വതീപുത്തനാറിന്റെ ശുചീകരണം കുറ്റമറ്റതാക്കണം.

11. ആനയറയിലും ഒരുവാതിൽകോട്ടയിലുമുള്ള പമ്പ് ഹൗസുകൾ നന്നാക്കുക. എല്ലാ പമ്പുകളിലും മൂന്ന് ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുക.

12. ചെട്ടിക്കുന്ന് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടുക.

13. പേട്ട - ആനയറ - ഒരു വാതിൽ കോട്ട പൈപ്പ് ലൈനിന് സമാന്തരമായി ഒരു പൈപ്പ് ലൈൻ പുതുതായി സ്ഥാപിക്കുക.

14. സിറ്റിയോട് ചേർന്നുകിടക്കുന്ന പ്രദേശമാകയാൽ ഒരു പൊതുശ്മശാനം ഈ പഞ്ചായത്തിൽ അടിയന്തിരമായി ഉണ്ടാക്കേണ്ടതാണ്.

15. അനധികൃത അറവുശാലകൾക്കെതിരെ കർശന നടപടി സ്വീകരിക്കുക.

16. ആക്കുളം കായലിന്റെ കിഴക്കുഭാഗത്തായി ക്ലേഫാക്ടറിക്കു വേണ്ടി മൈൻ ചെയ്ത ഭാഗത്ത് (ആറ്റിപ്ര പഞ്ചായത്ത്) ഈ പഞ്ചായത്തിന് മുഴുവൻ നൽകാനുള്ള ജലം ലഭ്യമാണ്. അത് ബ്ലോക്ക് പഞ്ചായത്ത് പരിപാടിയിലോ ജില്ലാ പഞ്ചായത്തു പരിപാടിയിലോ ചേർത്ത് ജലവിതരണസംവിധാനം ഏർപ്പെടുത്താവുന്നതാണ്.

17. ഇപ്പോൾ പുലയനാർകോട്ട ടാങ്കിൽ നിറച്ച് ആ ഭാഗത്ത് നൽകുന്ന ജലം കടകംപള്ളി പഞ്ചായത്തിനു കൂടി നൽകാൻ കഴിയത്തക്കവണ്ണം ആസൂത്രണം ചെയ്താൽ ഇന്ന് ആനയറ

റോഡിന്റെ കിഴക്കുഭാഗത്ത് അനുഭവിക്കുന്ന ജല ദൗർലഭ്യം പരിഹരിക്കാനാകും. ഇക്കാര്യത്തെക്കുറിച്ച് നടത്തിയ ഒരു പഠനറിപ്പോർട്ട് വാട്ടർ അതോറിട്ടി എക്സി: എഞ്ചിനീയറുടെ ഓഫീസിലുണ്ട്.

18. സൂര്യൻകുളത്തിൽ വേണ്ടവണ്ണം ജലസംഭരണം നടത്തിയാൽ അവിടെ നിന്ന് ആനയറ പമ്പ് ഹൗസിലേക്ക് വെള്ളം പമ്പ് ചെയ്യാം. രണ്ടു മൂന്നു വാർഡുകളിലെങ്കിലും ഈ ജലം നൽകാം. എന്നും നമുക്ക് വാട്ടർ അതോറിട്ടി ഒരു അത്താണി ആവില്ലെന്ന് ഓർക്കണം.

19. ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു വേണ്ടി വികസന സമിതികൾ ഉണ്ടാക്കണം. ആശുപത്രി വികസന സമിതികളുടെ സഹായത്തോടുകൂടി വേണ്ടത്ര മരുന്നുകളും ഉപകരണങ്ങളും ഈ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കാം.

20. ആശുപത്രി വികസന സമിതിയിൽ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ച് പ്രവർത്തനം കാര്യ ക്ഷമമാക്കണം.

21. പഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജനം നമ്മുടെ ആരോഗ്യത്തെ സംബന്ധിച്ച് പ്രധാനമാണ്. ഓരോ വീട്ടിലും അവശിഷ്ടങ്ങൾ സൂക്ഷിക്കുന്ന രണ്ടു തരം ബക്കറ്റുകൾ നൽകണം. ഒന്നിൽ ഖരവസ്തുക്കളും മറ്റേതിൽ ജൈവ വസ്തുക്കളും ഇടണമെന്ന് നിഷ്ക്കർഷിക്കണം. ഇപ്രകാരം സൂക്ഷിക്കുന്ന അഴുക്കുകൾ മാറ്റാൻ പഞ്ചായത്തുതലത്തിൽ ഏർപ്പാടുകൾ ഉണ്ടാകണം ഇപ്രകാരം എടുത്തുമാറ്റുന്നതിന് ഒരു നിശ്ചിത തുക വീട്ടുകാരിൽ നിന്നു് ഈടാക്കണം.

22. ആശുപത്രിയോടനുബന്ധിച്ച് ക്ലിനിക്കൽ ലാബ് ആരംഭിക്കണം

23. ഇതിലേക്കായി ഹെൽത്തു് ഇൻസ്പെക്ടറെ കൂടി ഉൾപ്പെടുത്തി ഒരു ഹെൽത്ത് സ്ക്വാഡ് രൂപീകരിക്കണം.

24. റോഡുകളിൽ അവശിഷ്ടങ്ങൾ വലിച്ചെറിഞ്ഞ് പരിസരമലിനീകരണം നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

25. റോഡുകളിൽ ചപ്പുചവറുകൾ വലിച്ചെറിയാതിരിക്കാൻ ബോധവൽക്കരണം നടത്തണം.

26. വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണവും വില്പനയ്ക്കെതിരെ നിയമനടപടിയും സ്വീകരിക്കണം.

27. കത്തിച്ചു കളയാൻ കഴിയുന്ന ചപ്പുചവറുകൾ ഓരോവീട്ടിലും സൗകര്യമായ സ്ഥലത്തു വച്ചു കത്തിച്ചു കളയാൻ പ്രത്യേകം നിഷ്ക്കർഷിക്കണം.

28. ഓരോ വീട്ടിലും അഴുക്കുകൾ ശേഖരിച്ച് കമ്പോസ്റ്റ് കുഴികളിൽ ഇട്ട് വളം ഉണ്ടാക്കാനുള്ള പ്രേരണചെലുത്താൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

29. കൊച്ചു കുട്ടികളിലാണ് ശുചിത്വബോധം ആദ്യം വളർത്തേണ്ടത്. നെഴ്സറി മുതൽ ഇത് തുടങ്ങാം. ക്ലാസ്സ് മുറി വൃത്തിയാക്കുക, സ്ക്കൂളും പരിസരവും വൃത്തിയാക്കുക, എന്നിവ കുട്ടികളെകൊണ്ട് ചെയ്യിക്കണം. ഓരോ കുട്ടിയും കുളിച്ചിട്ടാണോ ക്ലാസ്സിൽ വരുന്നത് അവർ ചപ്പുചവറുകൾ റോഡിലും വലിച്ചെറിയാറുണ്ടോ നഖം വെട്ടാറുണ്ടോ എന്നെല്ലാം ക്ലാസ്സ് റീച്ചർ ശ്രദ്ധിക്കണം.

30. ഓരോ റോഡുകളും (ലെയിൻ റോഡുകൾ) വൃത്തിയായി സൂക്ഷിക്കാൻ റെസിഡൻസ് അസോസിയേഷൻ ഭാരവാഹികളെ പഞ്ചായത്ത് തലത്തിൽ വിളിച്ച് സംസാരിച്ച് ഏർപ്പാടുകൾ ഉണ്ടാക്കണം.

31. മാസത്തിൽ ഒരു ദിവസം **"റോഡ് ക്ലീൻ ഡേ"** ആയി പ്രഖ്യാപിക്കുകയും പൊതുജനങ്ങളും പഞ്ചായത്ത് അധികൃതരും, സന്നദ്ധ സംഘടനകളും ചേർന്ന് ഒരു കിലോമീറ്റർ ദൂരം വീതം വൃത്തിയാക്കുകയും വേണം.



# വ്യവസായം



1. അണമുഖം പാലത്തിന് സമീപമുള്ള സ്ഥലമോ സൗകര്യപ്രദമായ മറ്റേതെങ്കിലും സ്ഥലമോ അക്വയർ ചെയ്ത് ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ച് അതിനകത്ത് താഴെ പറയുന്ന വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്.

1) ഇലക്ട്രോണിക്ക് സ്പെയർ പാർട്ട് നിർമ്മാണയൂണിറ്റ്

2) പി.സി. കാർഡ് വയറിംഗ് യൂണിറ്റ്

3) തേങ്ങാപ്പീര, കറിവേപ്പില, മല്ലിയില, എന്നിവ സംസ്ക്കരിച്ച് വിദേശത്ത് അയക്കാനുള്ള യൂണിറ്റ്

4) പിക്കിൾ, ജാം, സ്ക്വാഷ് തുടങ്ങയവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റ്

5) ചിരട്ട, പേപ്പർ പൾപ്പ്, തെർമോകോൾ ഇവ സമാഹരിച്ച് കരകൗശല വസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുന്ന ഒരു യൂണിറ്റ്.

6) റെഡിമെയിഡ് ഗാർമന്റ് യൂണിറ്റ്.

7) നിർമ്മാണ സാമഗ്രികൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന യൂണിറ്റ്.

8) നിത്യോപയോഗ സാധനങ്ങൾ മൊത്തമായി സംഭരിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യാനുള്ള യൂണിറ്റ്.

9) പച്ചക്കറി - പഴവർഗ്ഗങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്ന യൂണിറ്റ്.

10) ഇലക്ട്രോണിക്ക്, ഇലക്ട്രിക്ക് വീട്ടുപകരണങ്ങൾ സർവ്വീസ് ചെയ്യുന്ന യൂണിറ്റ്.

11) Mason, Plumber, Electrician തുടങ്ങിയവരുടെ സേവനം ഉറപ്പുവരുത്തുന്ന ഒരു ബ്യൂറോ

12) കരിക്കിൻ വെള്ളം സംസ്ക്കരിച്ച് വിൽക്കുന്നതിനും വിദേശത്ത് കയറ്റി അയക്കുന്നതിനും ഒരു യൂണിറ്റ്.

13) കളിമൺ - ടെറാകോട്ട വ്യവസായ യൂണിറ്റ്.

മേൽപ്പറഞ്ഞ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിലും നടത്താവുന്നതാണ്.

2. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി മലിനീകരണ-നിയന്ത്രണ ബോർഡിന്റെ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച് അന്തരീക്ഷ മലിനീകരണം തടയണം.

3. ക്ലേ ഫാക്ടറിയിലെ അവിദഗ്ദ്ധ തൊഴിലുകളിൽ പഞ്ചായത്തിൽ നിന്നുള്ളവരെ മാത്രം നിയമിക്കാൻ കർശന നടപടിയെടുക്കേണ്ടതാണ്.

4. കടകംപള്ളി കയർ വ്യവസായ സഹകരണ സംഘത്തിൽ 108 യന്ത്രവൽകൃത റാട്ടുകളും, 9,64,201 രൂപ വാർഷിക ടേൺ ഓവറും, ഉണ്ടെന്നും സംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും തിരുത്തേണ്ടതാണ്

5. ജല മലിനീകരണവും തൊഴിലാളികളുടെ ദൗർലഭ്യവും മൂലം കയർ വ്യവസായ സഹകരണസംഘത്തിൽ ആവശ്യത്തിനു് ചകിരി

# ഗതാഗതവും ഊർജ്ജവും





## റോഡുകൾ

1. ഈ പഞ്ചായത്തിലെ പ്രധാന റോഡായ പേട്ട - ഒരുവാതിൽകോട്ട റോഡിന്റെ വീതി കുറഞ്ഞ ഭാഗങ്ങൾ വീതി കൂട്ടി കൂടുതൽ വാഹന സഞ്ചാരയോഗ്യമാക്കണം.

2. കരിക്കകം വാർഡുകളെ പടിഞ്ഞാറ് പാക്ക കോർപ്പറേഷൻ വാർഡുമായി ബന്ധിക്കുന്ന (കരിക്കകം ഹൈസ്ക്കൂളിന് ഉപകരിക്കുന്ന മതിൽമുക്കിലേക്ക്) റോഡ് വാഹന സഞ്ചാരത്തിനു യോഗ്യമായ ഒരു ലവൽ ക്രോസ് സ്ഥാപിക്കുക.

❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋❋

**വ്യവസായം**

ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. അതിന് പരിഹാരമായി പഞ്ചായത്തിലെ പച്ചത്തൊണ്ട് മുഴുവൻ സംഭരിച്ച് ചകിരിയാക്കുന്നതിനുള്ള ഒരു defibring unit സ്ഥാപിച്ചാൽ പ്രസ്തുതയൂണിറ്റിലും അതിന്റെ വേസ്റ്റും മറ്റും ഉപയോഗിച്ച് കൂടുതൽ വ്യവസായങ്ങൾ തുടങ്ങി അവയിലും കൂടുതലാളുകൾക്കു് തൊഴിൽ സൗകര്യം ലഭ്യമാക്കാവുന്നതാണ്.

6. പഞ്ചായത്തിലെ എല്ലാ ക്ഷീരകർഷകരേയും ഉൾപ്പെടുത്തി, കടകംപള്ളി ക്ഷീര വ്യവസായ സംഘം വിപുലപ്പെടുത്തി പഞ്ചായത്തു തലത്തിൽ പാൽ സംഭരണ വിതരണ കേന്ദ്രങ്ങൾ തുറന്ന് ഗുണനിലവാരം ഉറപ്പുവരുത്തി പാൽ വിതരണം ഊർജ്ജിതപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

7. വുഡ് ടേണിംഗ് രംഗത്ത് വിദഗ്ദരായ കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്തി നിലവിലുള്ള യൂണിറ്റ് വിപുലപ്പെടുത്തി ആ യൂണിറ്റിനും മറ്റു പുതിയ യൂണിറ്റുകൾ സ്ഥാപിച്ചും കൂടുതൽ ധനസഹായങ്ങൾ നൽകേണ്ടതാണ്. കെട്ടിട നിർമ്മാണത്തിനാവശ്യമായ turned wood material നിർമ്മാണം ഇതോടൊപ്പം നടത്താവുന്നതാണ്.

8. പാരഗൺ പാക്സിന്റെ ഉൽപ്പന്നങ്ങളുടെ ഒരു മാർക്കറ്റ് സർവ്വെ നടത്താൻ ഒരു കമ്മറ്റിയെ നിയമിച്ച്, കമ്മറ്റിയുടെ നിർദ്ദേശം പ്രാവർത്തികമാക്കണം.

9. പത്താം വാർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചൂരൽ വ്യവസായ സഹകരണ സംഘം പ്രാവർത്തികമാക്കണം.

10. പഞ്ചായത്തു പ്രദേശത്തുള്ള ചപ്പുചവറുകൾ, കുളവാഴ, ചകിരിച്ചോറ് തുടങ്ങിയവ ഉപയോഗിച്ച് കമ്പോസ്റ്റ് വളം നിർമ്മിച്ച് വിതരണം നടത്തുന്ന ഒരു യൂണിറ്റ് സ്ഥാപിക്കണം. (പഞ്ചായത്തിൽ ശുചിത്വം ഉറപ്പുവരുത്താനും ഇത് ഉതകും).

11. മൂന്നാം വാർഡിലെ വാടയിൽ എന്ന സ്ഥലത്ത് പ്രവർത്തനരഹിതമായി കിടക്കുന്ന ഖാദി ബോർഡിന്റെ കീഴിലുള്ള സ്പിന്നിംഗ് യൂണിറ്റിന് ആവശ്യമായ ധനസഹായം നൽകി പുനരുജ്ജീവിപ്പിക്കണം.

12. കടകംപള്ളി പഞ്ചായത്തിൽ തുടങ്ങാൻ പോകുന്ന മാർക്കറ്റിംഗ് കോംപ്ലക്സിലെ തൊഴിലാളിയൂണിയനിലും മറ്റു നിയമങ്ങളിലും എല്ലാ വാർഡുകാർക്കും പ്രാതിനിധ്യം ഉറപ്പാക്കണം.

3. ചെന്നിലോട് – കാക്കോട് പാലം വാഹന ഗതാഗത സൗകര്യത്തോടുകൂടി പണിയുക (S.C.P. യിൽ ഉൾപ്പെടുത്താനാവുമോ എന്നു കൂടി പരിശോധിക്കേണ്ടതാണ്.)

4. പാർവ്വതീപുത്തനാറിന് കുറുകെയുള്ള കൊല്ല പ്പെരുവഴി – ഊളൻകുഴി റോഡും പാലവും പണിത്, കരിക്കകം ക്ഷേത്രവുമായി ബന്ധി പ്പിക്കത്തക്കരീതിയിൽ, വാഹന സഞ്ചാര യോഗ്യമാക്കുക.

5. ഏഴാം വാർഡിൽ ആമയിഴഞ്ചാൻ തോടിന് കുറുകെയുള്ള ഇടത്തറ പാലവും കണാക്റിംഗ് റോഡും പണിത് വാഹനസഞ്ചാരയോഗ്യമാക്കുക.

6. ഒമ്പതും പതിനൊന്നും വാർഡുകൾ ഉൾപ്പെടുന്ന പുലിക്കുഴി – കല്ലറ ലയിൻ റോഡ് ബണ്ട്റോഡുമായി ബന്ധിപ്പിച്ച് വാഹന സഞ്ചാരയോഗ്യമാക്കുക. അതോടൊപ്പം അയ്യൻകാളിറോഡിന്റെ മൂലയിൽമുക്കിൽ നിന്നും ഉള്ള ഇടറോഡ് കല്ലറ ലയിനുമായി ബന്ധിപ്പിച്ച് വാഹന ഗതാഗതയോഗ്യമാക്കുക

7. പത്താം വാർഡിൽ പടിഞ്ഞാറ്റിൽ അറപ്പുര ലയിൻ ടാർ ചെയ്യാത്ത ബാക്കി ഭാഗം ടാർ ചെയ്ത് വീതി കൂട്ടുന്നതിന് തടസ്സം നീക്കി അയ്യൻകാളിറോഡുമായി ബന്ധിപ്പിച്ച് വാഹന സഞ്ചാരയോഗ്യമാക്കുക.

8. കടകംപള്ളി പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കരിക്കകം ഹൈസ്ക്കൂളിലെക്കുള്ള റോഡ് വായനശാല മുതൽ സ്ക്കൂൾവരെ വീതി കൂട്ടി ബസ്സർവ്വീസ്യോഗ്യമാക്കുക.

9. കൊല്ലപ്പെരുവഴിയിൽ നിന്നും വിരുത്തില യിൻ – ലക്ഷം വീട് കോളനി വഴി ഹൈസ്ക്കൂളിലേക്ക് പോകുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം.

10. ചാക്ക വട്ടത്തോപ്പ് റോഡിന് ആരംഭ ദശയിൽ അക്വയർ ചെയ്തിരുന്ന 10 മീറ്റർ വീതി സ്ഥലം ഏറ്റെടുത്ത് വീതി കൂട്ടുക.

11. അയ്യൻകാളിറോഡിൽ മൂലയിൽമുക്കു തുടങ്ങി കാവുവിള – പരക്കുടി റോഡ് നിർമ്മിച്ച് കണ്ണമ്മൂല ബണ്ട് റോഡുമായി ബന്ധിപ്പിക്കുക, കൂടാതെ അറപ്പുര ലയിനിൽ നിന്നും വേളാമൂട്ടിൽ ലയിൻ മുകളിലോട്ട് നീട്ടി അയ്യൻകാളി റോഡുമായി ബന്ധിപ്പിക്കുക.

12. അഞ്ചാം വാർഡിൽ പഞ്ചായത്ത് പൊന്നും വില കൊടുത്തു വാങ്ങിയ വെൺപാലവട്ടം – എറുമല തോപ്പിൽ ലയിൻ വാഹനം പോകത്തക്ക രീതിയിൽ നാഷണൽ ഹൈവേ വരെ റോഡ് നിർമ്മിച്ച് പൂർത്തിയാക്കുക.

13. അനന്തൻ വൈദ്യൻ ലയിൻ ഇടവഴി വീതി കൂട്ടി N.H. വരെ ഗതാഗതയോഗ്യമാക്കുക. (മുകളിൽ പറഞ്ഞ രണ്ടു റോഡുകളും യോജിപ്പിച്ച് ബംഗ്ലാവിൽ പുരയിടത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി റോഡ് പണിയുക.)

14. ഒരു വാതിൽ കോട്ടയിൽ നിന്നും ആനയറ റോഡിന് സമാന്തരമായി ആനയറ റോഡിന് കിഴക്കുള്ള വയലുകൾക്കും പുരയിടങ്ങൾക്കും അതിരിലൂടെ ഒരു റോഡ് പണിത് കാക്കോട് വേളാർ ലയിനുമായി ബന്ധിപ്പിക്കുക.

15. ആനയറ റോഡിന്റെ സമാന്തരമായി പടിഞ്ഞാറ് വശത്തായി കല്ലുമ്മൂട് ഇടവഴിക്ക് താഴെ നിന്നും വടക്കോട്ടു വരുന്ന റോഡ് ഊളൻകുഴി – കരിക്കകം റോഡുമായി ബന്ധിപ്പിക്കുക.

16. ആനയറ റോഡിനും N.H. നും ഇടയ്ക്കുള്ള എല്ലാറോഡുകളും വീതി കൂട്ടിവാഹന സഞ്ചാര യോഗ്യമാക്കുക.

17. വയൽ നികത്തിയുള്ള എല്ലാ പഞ്ചായത്തു റോഡുകളുടേയും ഇരുവശവും പാറകെട്ടി ബലപ്പെടുത്തുക.

18. ടാർ ചെയ്ത റോഡുകൾക്ക് ഇരുവശത്തും ഓടകൾ പണിത് വെള്ളക്കെട്ട് ഒഴിവാക്കുക.

19. റോഡുകളുടെ ഇരുഭാഗത്തും കയ്യേറിയിട്ടുള്ള ഭാഗം ഒഴിപ്പിച്ച് യഥാർത്ഥ വീതി വീണ്ടെടുക്കുക.

20 പ്രധാന റോഡുകളുടെ ഇരുവശത്തും ഓടകൾ പണിയുക.

21. പഞ്ചായത്തു റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണി ചെയ്യുന്നതിനും അവസംബന്ധിച്ച ചെലവ് പഞ്ചായത്തും ഗുണഭോക്താക്കളും പങ്കിടാവുന്നതാണ്. ഗുണഭോക്താക്കളുടെ പങ്ക് മനുഷ്യാദ്ധ്വാനമായി നൽകാവുന്നതാണ്.

## ബസ് സർവീസ്

1. പൊതുജനം - ചെന്നിലോട്, കണ്ണമ്മൂല ബസ് സർവീസ് തുടങ്ങുക.
2. കരിക്കകം - വെൺപാലവട്ടം - അണമുഖം വഴി മെഡിക്കൽ കോളേജിലേക്ക് ബസ് സർവീസ് ആരംഭിക്കക.
3. വെട്ടുകാട്, വേളി, വെൺപാലവട്ടം, അണമു ഖം വഴി മെഡിക്കൽ കോളേജിലേക്ക് സർവീസ് ആരംഭിക്കക.
4. ഒരുവാതിൽകോട്ട, അണമുഖം, മെഡിക്കൽ കോളേജ് ബസ് സർവീസ് തുടങ്ങുക.
5. നിശ്ചിത ഷെഡ്യൂളുകൾ അനുസരിച്ച് ബസ്സ് സർവ്വീസ് കൃത്യമായിനടത്തുക നിലവിലുള്ള ഷെഡ്യൂളുകൾ യുക്തിസഹമായി ക്രമപ്പെടുത്തുക.

## ഊർജ്ജം

1. കരിക്കകം രണ്ടാം വാർഡിൽ ഒരു ട്രാൻസ്ഫോർമർ വയ്ക്കുക.
2. കടകംപള്ളി പഞ്ചായത്തിൽ ഒരു KSEB ആഫീസ് വെൺപാലവട്ടം കേന്ദ്രീകരിച്ച് സ്ഥാപിക്കുക.
3. സിറ്റിയോട് ചേർന്നുകിടക്കുന്ന ഇരവത്തുകോണം ഭാഗത്ത് വൈദ്യുതി ലയിൻ നീട്ടി തെരുവ് വിളക്ക് സ്ഥാപിക്കുക.
4. മണ്ണെണ്ണ ദൗർലഭ്യം പരിഹരിക്കുക.
5. എല്ലാവാർഡുകളിലും സഹകരണാടിസ്ഥാനത്തിൽ ഓരോ ഡയറിയും ബയോഗ്യാസ് പ്ലാന്റും സ്ഥാപിച്ച ജനങ്ങളെ ബോധവാൻമാരാക്കി ബയോഗ്യാസ് ഉപയോഗിക്കാൻ സഹായിക്കുക.
6. പാചകവാതക വിതരണ സംവിധാനം കടകംപള്ളി പഞ്ചായത്ത് പ്രദേശത്ത് ഏർപ്പെടുത്തുക.
7. അനർട്ടിന്റെ സേവനം കൂടുതൽ ഉപയോഗപ്പെടുത്തി പഞ്ചായത്തു പ്രദേശത്ത് കൂടുതൽ പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുക.
8. കുറച്ച് വൈദ്യുതി ഉപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക.
9. സാമൂഹ്യവനവൽക്കരണം വഴി വിറകുൽപ്പാദനം വർദ്ധിപ്പിക്കാം.
10. തെരുവ് വിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവസ്ഥാപിക്കുക. കത്താത്ത ബൾബുകൾ മാറ്റി പുതിയവ ഇടാൻ നടപടി സ്വീകരിക്കുക. കത്താാത്ത ബൾബിന് പഞ്ചായത്തിൽ നിന്ന് പണം നൽകേണ്ടതില്ല.
11. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.
12. സൗരോർജ്ജം ഉപയോഗിച്ച് കത്തിക്കുന്ന വിളക്കുകൾ പ്രചരിപ്പിച്ച് ഉപയോഗത്തിൽ കൊണ്ടുവരുക.
13. അടുത്ത അഞ്ചുവർഷം കൊണ്ട് പഞ്ചായത്തു പ്രദേശത്തെ എല്ലാവിറകടുപ്പുകളും മാറ്റി പകരം അനർട്ടിന്റെ പുകയില്ലാത്തതും ദക്ഷതകൂടിയതുമായ അടുപ്പുകൾ സ്ഥാപിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുക.
14. കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
15. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുക.
16. വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികളിൽ വീടുകൾക്ക് സൗജന്യ കണക്ഷൻ നൽകുക.
17. ഊർജ്ജ സർവ്വെ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക.
18. ബൾബുകൾക്ക് പകരം രണ്ടടിനീളമുള്ള ട്യൂബുകൾ ഓരോവർഷം 1000 വീടുകളിൽ സ്ഥാപിപ്പിച്ചും പ്രതിവർഷം 500 വീടുകളിൽ ഇലക്ട്രോണിക്ക് ചോക്കുകൾ അനർട്ടിന്റെ 50 % സബ്സിഡിയോടെ സ്ഥാപിച്ചും 33% സബ്സിഡിയോടെ അനർട്ടിന്റെ തന്നെ പ്രഷർകുക്കർ പ്രയോഗത്തിൽ വരുത്തിച്ചും ഊർജ്ജ ഉപഭോഗം കുറയ്ക്കാനുള്ള നടപടികൾ പഞ്ചായത്തടിസ്ഥാനത്തിൽ ഊർജ്ജ സമിതിയുണ്ടാക്കി അതിന്റെ സഹായത്തോടെ ഫലപ്രദമായി നടപ്പാക്കുക.
19. തെരുവുവിളക്കുകളുടെ ബൾബുകൾക്ക് പകരം രണ്ടടി നീളമുള്ള ട്യൂബുകൾ സ്ഥാപിക്കുക. ജംഗ്ഷനുകളിൽ ഫ്ലൂറസന്റ് വിളക്കുകളും സ്ഥാപിക്കാവുന്നതാണ്.



# പാർപ്പിടം, സാമൂഹ്യക്ഷേമം

## പാർപ്പിടം

[ വികസനറിപ്പോർട്ടിന്റെ 63, 64 പേജുകളിലായി രേഖപ്പെടുത്തിയിട്ടുള്ള 'പ്രശ്നങ്ങൾ', 'നിർദ്ദേശങ്ങൾ' എന്നിവയും അവയ്ക്കു നൽകിയിട്ടുള്ള മുൻഗണനാക്രമത്തോടും യോജിക്കുന്നു. അതിൽ പിന്നീടായി താഴെ കൊടുത്തിട്ടുള്ള 'പ്രശ്നങ്ങളും', 'നിർദ്ദേശങ്ങളും' കൂട്ടിച്ചേർക്കണം]

## പ്രശ്നങ്ങൾ

18 സാനിട്ടറി കക്കൂസുകൾ പണിയുന്നതിനുള്ള സാമ്പത്തിക പരാധീനതയും കാലതാമസവും.

19. പദ്ധതികളെക്കുറിച്ചുള്ള പ്രചരണക്കുറവും തെരഞ്ഞെടുക്കലും

20. പദ്ധതിവീടുകൾക്ക് സൗജന്യ വൈദ്യുതി നൽകാത്തത്.

21. അങ്കണവാടികൾക്കുള്ള കെട്ടിട മെയിന്റനൻസ് തുകയുടെ അപര്യാപ്തത.

22. അങ്കണവാടി ജീവനക്കാർക്കുള്ള ഓണറേറിയം തുകയും ജോലിസ്ഥിരതയും മറ്റും.

23. അങ്കണവാടികൾക്ക് ശുദ്ധജലം, വൈദ്യുതി എന്നിവയുടെ ലഭ്യമില്ലായ്മ, കെട്ടിടമില്ലായ്മ.

24. ഗ്രാമപഞ്ചായത്തിൽ ട്രിഡയും പഞ്ചായത്തും അനുമതി നൽകിയ വീടുകളുടെ നമ്പരിടൽ.

## നിർദ്ദേശങ്ങൾ

18. പഞ്ചായത്തു തലത്തിൽ വാർഡു മെമ്പറുടെ നേതൃത്വത്തിൽ സന്നദ്ധ സംഘടനകളുടെ പ്രതിനിധികളെകൂടി ഉൾപ്പെടുത്തി സാനട്ടറി കക്കൂസുകൾ പണിയിച്ചു കൊടുക്കാൻ വേണ്ടുന്ന കർമ്മസമിതി രൂപീകരിക്കുക.

19. പാർപ്പിടം, സാനിട്ടറി കക്കൂസുകൾ എന്നിവയെക്കുറിച്ച് കൂടുതൽ പ്രചരണം, മഹിളാസമാജങ്ങൾ, അങ്കണവാടികൾ, വായനശാലകൾ, ക്ലബ്ബുകൾ തുടങ്ങിയവ വഴി നടത്തുകയും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ വാർഡ് തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ആ കമ്മറ്റിയിൽ മേൽപ്പറഞ്ഞവരെകൂടി ഉൾപ്പെടുത്തണം.

20. പദ്ധതിവീടുകൾക്ക് സൗജന്യ വൈദ്യുതി അനുവദിച്ചു നൽകുക.

21. കെട്ടിടമെയിന്റനൻസ് തുക പ്രതിവർഷം 300 രൂപയെന്നത് 1000 രൂപയായി വർദ്ധിപ്പിക്കുക.

22. അങ്കണവാടി ജീവനക്കാർക്ക് ലഭിക്കുന്ന ഓണറേറിയം തുക 500 രൂപയിൽ നിന്ന് ശമ്പള സ്കെയിലിലാക്കി മാറ്റുകയും, ജോലി സ്ഥിരപ്പെടുത്തുകയും, സ്കൂളുകളോട് ചേർന്ന് നടത്തുന്ന പ്രീ- പ്രൈമറി ക്ലാസുകളിൽ അങ്കണവാടി ജീവനക്കാരെ കൂടി പരിഗണിക്കുകയും കെട്ടിടവാടക 25 രൂപയിൽനിന്ന് 100 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യുക.

23. ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുകയും, ഇപ്പോൾ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് അടിയന്തിരമായി JRY/ IAY/

MWS എന്നീ പദ്ധതികളിൽ ഏതെങ്കിലുമൊന്നിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിച്ചു കൊടുക്കുക. ഒപ്പം സാനിട്ടറി കക്കൂസുകളും നിർമ്മിച്ചു കൊടുക്കുക.

24. ഗ്രാമപഞ്ചായത്തിന്റേയും ട്രിഡയുടേയും അനുമതി ലഭിച്ച വീടുകൾ പണിപൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ നിലവിലുള്ള നിയമത്തിന് വിധേയമായി നമ്പരിട്ട് നൽകണം. അതുവഴി കെട്ടിട നികുതിയുടെ നല്ലൊരു ശതമാനം പിരിഞ്ഞുകിട്ടുകയും ചെയ്യും.

## സാമൂഹ്യക്ഷേമം

11 ഗ്രാമീണവനിതാ, ശിശുവികസന പരിപാടി (DWCRA)

[വികസനറിപ്പോർട്ടിന്റെ 65-ാം പേജിലെ 'പ്രശ്ന'ത്തിനും 'നിർദ്ദേശ'ത്തിനും പുറമെ താഴെക്കാണുന്ന പ്രശ്നവും നിർദേശവും കൂട്ടിച്ചേർക്കണം]

### പ്രശ്നം

ഒരുവാതിൽകോട്ട കേന്ദ്രമായി പ്രവർത്തിക്കുന്ന ശ്രീ ദുർഗ്ഗാ കയർ മേക്കിംഗ് യൂണിറ്റ് എന്ന സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ല.

### നിർദ്ദേശം

പഞ്ചായത്തിൽ നിന്നും സൗജന്യമായി 2 സെന്റ് ഭൂമി, സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ടി യൂണിറ്റിന് നൽകിയാൽ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ സൗജന്യമായി കെട്ടിടം നിർമ്മിച്ചുകൊടുക്കുന്നതും അതുവഴി സാമ്പത്തിക വരുമാനം കൂട്ടാവുന്നതുമാണ്.

IX വാർദ്ധക്യകാല പെൻഷൻ.

[വികസനറിപ്പോർട്ടിന്റെ 67-ാം പേജിലുള്ള രണ്ടു നിർദ്ദേശങ്ങൾക്കു പുറമെ മൂന്നാമതായ നിർദ്ദേശം താഴെകൊടുക്കുന്നു.]

X വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായധനം

[വികസന റിപ്പോർട്ടിന്റെ 64 മുതൽ 67 വരെ പേജ്ജുകളിലായുള്ള 1 മുതൽ IX വരെ ഇനങ്ങൾക്ക് പുറമെയാണ് X, XI, XII എന്നീ ഇനങ്ങൾ കൂട്ടിച്ചേർക്കുന്നത്]

പ്രശ്നങ്ങൾ

1. സഹായധനം അപര്യാപ്തം
2. സമയത്തിന് കിട്ടുന്നില്ല.

നിർദ്ദേശങ്ങൾ

1. സഹായ ധനം 1000 രൂപയിൽ നിന്ന് 4000 രൂപയായി വർദ്ധിപ്പിക്കുക.
2. വിവാഹത്തിന് മുമ്പ് സഹായം ലഭ്യമാക്കാനുള്ള നിബന്ധന കർശനമായി പാലിക്കുക.

XI വിധവാ പെൻഷൻ.

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള വിധവകൾക്കെല്ലാം മറ്റു പരിഗണന കൂടാതെ സഹായം ലഭ്യമാക്കുകയും സഹായം 250 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യുക.

XII. കർഷക തൊഴിലാളി പെൻഷൻ

കർഷിക ജോലി ചെയ്തിരുന്ന എല്ലാ കർഷക തൊഴിലാളികൾക്കും 60 വയസ്സു കഴിഞ്ഞാൽ 250 രൂപാ ക്രമത്തിൽ പെൻഷൻ നൽകുക. കൂടാതെ ഇവയെല്ലാം കാലോചിതവും പ്രായോഗികവുമായി ചിന്തിച്ചും നിയമ ഭേദഗതിചെയ്ത് നടപ്പിലാക്കുക.

# സംസ്കാരം

1. പഞ്ചായത്ത് കേന്ദ്ര ഗ്രന്ഥശാലയുടെ പ്രവർത്തന സമയം പ്രവൃത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് രണ്ടുമണി മുതൽ വൈകുന്നേരം ഏഴ് മണിവരേയും പൊതു ഒഴിവു ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകിട്ട് 5 വരെയുമായി മാറ്റി നിജപ്പെടുത്തുക.

2. കേന്ദ്രഗ്രന്ഥശാലയോടൊപ്പം പ്രവർത്തിക്കുന്ന വായനശാല താഴത്തെ നിലയിലേക്ക് കൊണ്ടുവരിക.

3. ഇപ്പോൾ 'ബി' ഗ്രേഡിലുള്ള ഈ ഗ്രന്ഥശാലയെ 'എ' ഗ്രേഡിലേക്ക് ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കുക.

4. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സഞ്ചരിക്കുന്ന വായനശാല രൂപീകരിക്കുക.

5. എല്ലാവാർഡുകളിലും വായനശാലകൾ ആരംഭിക്കുക.

6. യുവക് വായനശാലയെ ഗ്രന്ഥശാലയായി ഉയർത്തുക. അതോടെ പഞ്ചായത്തിന്റെ മൂന്നു ഭാഗങ്ങളിലായി മൂന്ന് ഗ്രന്ഥശാലകൾ നിലവിൽ വരും.

7. വായനശാലകളിൽ ഇപ്പോൾ നിലവിലുള്ള അംഗത്വ ഫീസും മാസവരിയും ഫൈനും ഉയർത്തുക.

8. പഞ്ചായത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരുകേന്ദ്രം ആവശ്യമാണ്. പഞ്ചായത്തിലെ വിവിധ സമിതികളെ ഒന്നിപ്പിക്കാനും കലാ സാംസ്കാരിക പ്രവർത്തനങ്ങൾ കോർത്തിണക്കുന്നതിനും പഞ്ചായത്തിന്റെ കേന്ദ്രഭാഗത്ത് ഒരു സാംസ്കാരിക ഭവൻ ആരംഭിക്കുക. പ്രസ്തുത കേന്ദ്രത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾ പരിശീലിപ്പിക്കാൻ വിദഗ്ദ്ധരെ കണ്ടെത്തുക.

9. പഞ്ചായത്തുവക കളിസ്ഥലം കളിയ്ക്കുവാൻ പറ്റിയ നിലയിലല്ല. സ്റ്റേഡിയം വിപുലീകരിക്കാനാവില്ലെങ്കിൽ നിലവിലുള്ള പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കളിസ്ഥലം ഒരു ഇൻഡോർ സ്റ്റേഡിയമാക്കാവുന്നതാണ്.

10. കായിക പ്രതിഭകളെ കണ്ടെത്താൻ വിവിധ പ്രായപരിധിയിൽ ഉള്ളവർക്കായി കായിക മത്സരങ്ങൾ സംഘടിപ്പിക്കുക.

11. ഗുഡ്സ്യാർഡ്, ഈറോഡ്, ചെന്നിലോട് എന്നീ സ്ഥലങ്ങളിൽ T.V. പാർക്കുകൾ സ്ഥാപിക്കുക. വീഡിയോകാസറ്റ് പ്രദർശനത്തിനാവശ്യമായ ഉപകരണങ്ങളും നൽകുക.

12. സ്വന്തമായി സ്ഥലമില്ലാത്ത ക്ലബ്ബുകൾക്ക് പഞ്ചായത്ത് സ്ഥലം നൽകുകയും വാടക ഈടാക്കുകയും ചെയ്യുക.

13. സംസ്ഥാന കരകൗശല കോർപ്പറേഷനുമായി സഹകരിച്ച് പഞ്ചായത്തു പ്രദേശത്ത് അധികമായുള്ള കരകൗശല വിദഗ്ദ്ധരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഒരു യൂണിറ്റ് ആരംഭിക്കുക.

14. പരമ്പരാഗത കലകളുടെ പ്രചരണത്തിന് വേണ്ടി ഒരുക്കിക്കൊടുക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

15. പഞ്ചായത്തിലെ എല്ലാ കലാ- സാംസ്കാരിക പരിപാടികൾക്കും നേതൃത്വം നൽകാൻ ഒരു പഞ്ചായത്ത് സാംസ്കാരിക സമിതി രൂപീകരിക്കുക. എല്ലാ വാർഡുകളിലേയും കലാ സാംസ്കാരിക അംഗങ്ങളെ ഉൾപ്പെടുത്തണം.

16. പഞ്ചായത്തിൽ നടക്കുന്ന എല്ലാ കലാ- കായിക- സാംസ്കാരിക പരിപാടികളും ജനങ്ങളിൽ എത്തിക്കാൻ പഞ്ചായത്തു തലത്തിൽ നടപടികൾ ഉണ്ടാകണം.

# വനിത

1. പഞ്ചായത്ത് ആശുപത്രിയോട് ചേർന്ന് ഒരു ബേബിക്രഷ് ആവശ്യമാണ്.

   പഞ്ചായത്തടിസ്ഥാനത്തിൽ മൂന്നുവാർഡുകൾ ചേരുന്ന സ്ഥലത്ത് തൊഴിലാളി സ്ത്രീകളുടെ മക്കൾക്കായി ഓരോ ബേബി ക്രഷ് അത്യാവശ്യമാണ്.

2. പഞ്ചായത്തിൽ ഒരു പോലീസ് സ്റ്റേഷൻ വേണം. അവിടെ വനിതാപോലീസുദ്യോഗസ്ഥരും ഉണ്ടാകണം.

3. പഞ്ചായത്തിന്റെ കീഴിൽ ഒരു അഗതിമന്ദിരം സ്ഥാപിക്കണം.

4. സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

5. വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തണം.

6. വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവൽക്കരണവും വില്പനയ്ക്കെതിരെ നിയമനടപടിയും സ്വീകരിക്കുക.

7. ഇലക്ട്രോണിക്ക് ഉപകരണങ്ങൾ ഉണ്ടാക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കുക.

8. അപേക്ഷിക്കുന്ന എല്ലാപേർക്കും വീടുകൾ ലഭ്യമാക്കുക.

9. സ്വന്തമായി വീടുവയ്ക്കാൻ താല്പര്യം ഉള്ളവർക്ക് (ഭൂമി ഇല്ലാത്തവർക്ക്) സ്ഥലവും വീടും നൽകണം. അർഹതയുള്ള അപേക്ഷകരെ തെരഞ്ഞെടുക്കുമ്പോൾ അതുവരെ ലഭിച്ചിട്ടുള്ള മുഴുവൻ അപേക്ഷകരേയും പരിഗണിക്കുക.

10. വില്ലേജ് ആഫീസിൽ വരുമാനം, ജാതി സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുക. തൊഴിലില്ലായ്മവേതനം ലഭ്യമാക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുക. കാലാകാലങ്ങളിൽ കുറഞ്ഞ വരുമാനത്തിന്റെ പരിധി ഉയർത്തുക.

11. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ കാർഡ് രജിസ്റ്റർ ചെയ്തു 18-ഉം 20-ഉം വർഷമായവർക്ക് ഇതുവരെയും ജോലിക്ക് ഒരു കാർഡുപോലും ലഭിക്കുന്നില്ല. ഇതിന് പരിഹാരം ഉണ്ടാകണം.

12. ജനസംഖ്യാടിസ്ഥാനത്തിൽ ആനുപാതികമായി സ്ത്രീകൾക്ക് തൊഴിൽ സംവരണം ഏർപ്പെടുത്തുക.

13. വനിതാ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും കൈത്തൊഴിൽ പരിശീലനവും ചെറുകിട വ്യവസായസ്ഥാപനങ്ങൾ ആരംഭിക്കലും സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്യുക.

14. സഹകരണ മാനേജ്മെന്റിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകുക.

15. തയ്യൽ പരിശീലനം ലഭിച്ച വനിതകൾക്ക് ഗാർമെന്റ്മേക്കിംഗ് യൂണിറ്റ് തുടങ്ങുവാനുള്ള ധനസഹായം നൽകുക.

16. പട്ടികജാതിക്കാർക്ക് വാസയോഗ്യമല്ലാത്തതും പണിപൂർത്തിയാക്കാത്തതുമായ വീടുകൾ താമസയോഗ്യമാകത്തക്കരീതിയിൽ ധനസഹായം നൽകുക.

17. സർക്കാരിൽ നിന്നും നിർദ്ധനരായവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുവാൻ സംവിധാനമുണ്ടാക്കണം.

18. റേഷൻ കടകളിലൂടെയും മാവേലിസ്റ്റോറുകളിലൂടെയും കൊടുക്കുന്ന സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ആണോ നൽകുന്നത് എന്ന് പരിശോധിക്കുന്ന ഒരു ഉപഭോക്തൃ സംഘടന പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക.

19. കടകംപള്ളി പഞ്ചായത്തിൽ വനിതകൾ പ്രവർത്തിപ്പിക്കുന്ന തരത്തിൽ പബ്ലിക്ക് ടെലിഫോൺ ബൂത്ത് സ്ഥാപിക്കുക.

20. ചെന്നിലോട് അയ്യൻകാളി റോഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുക.



# സഹകരണം

1. സ്വന്തം ഫണ്ടുപയോഗിച്ച് മാത്രം വായ്പകൾ നൽകുന്നതിന് പകരം സർക്കാർ നൽകുന്ന കൺസെഷണൽ ഫൈനാൻസ് ഉപയോഗിച്ച് സീസണൽ കാർഷിക വായ്പകൾ സഹകരണ ബാങ്കതിർത്തിയിൽ പരമാവധി വിതരണം ചെയ്യേണ്ടതാണ്.

2. കടകംപള്ളി സർവീസ് സഹകരണ സംഘത്തിൽ നിന്നും ഇപ്പോൾ നൽകുന്ന വായ്പയുടെ പരിധി നിലവിലുള്ള 5000/– രൂപയിൽ നിന്നും കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

3. പട്ടണത്തോട് ചേർന്നു കിടക്കുന്ന പഞ്ചായത്തെന്നരീതിയിൽ കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമാണിതെന്നതിനാൽ ആൾക്കാരുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിസ്തൃതി തീരെ കുറവാണ്. അതുകൊണ്ട് സർവീസ് ബാങ്കിൽ നിന്നും വായ്പ നൽകുവാൻ ഈ വസ്തുക്കൾ ജാമ്യമായി സ്വീകരിക്കാൻ ഭൂനിയമം അനുവദിക്കുന്നില്ല. അതിനാൽ വായ്പാ വിതരണ പദ്ധതി ജനങ്ങൾക്ക് കൂടുതൽ വ്യാപകമാക്കാൻ വേണ്ടി കുറഞ്ഞ വ്യാപ്തിയുള്ള ഭൂമിയും ജാമ്യമായി സ്വീകരിക്കാനും അതിന്മേൽ അവകാശം സ്ഥാപിക്കാനും ഉപയുക്തമായ രീതിയിൽ നിലവിലുള്ള ഭൂനിയമങ്ങളിൽ ഭേദഗതി വരുത്തേണ്ടതാണ്.

4. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ചെറുകിട വ്യാപാരത്തിനുള്ള വായ്പാ പദ്ധതികൾ തയ്യാറാക്കി വായ്പ നൽകാവുന്നതാണ്.

5. ബാങ്കതിർത്തിയിലുള്ള നിർദ്ധനരായ കുടുംബങ്ങളെ ദത്തെടുത്ത് (Family adoption) അവർക്ക് ജീവനോപാധികൾ നൽകുകയും അതിൽ നിന്നുണ്ടാകുന്ന ഉൽപ്പന്നങ്ങൾ ബാങ്കിന്റെ ആഭിമുഖ്യത്തിൽ വിപണനം നടത്തുകയും ചെയ്യുക.

6. ആവശ്യമായ നിയമഭേദഗതികളോടുകൂടി നെയ്ത്ത് സഹകരണ സംഘങ്ങൾ സ്ഥാപിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

7. കടകംപള്ളി ബാങ്കിന്റെ ആഭിമുഖ്യത്തിൽ കൺസ്യൂമർസ്റ്റോർ പ്രവർത്തിപ്പിച്ച് അവശ്യ സാധനങ്ങൾ ന്യായവിലയ്ക്കും ശരിയായ അളവിലും ഉപഭോക്താക്കൾക്ക് നൽകുകയും അതിന്മേലുണ്ടാകുന്ന പ്രവർത്തന ച്ചെലവിന് സർക്കാർ ഗ്രാന്റ് ലഭ്യമാക്കുകയും ചെയ്യുക.

8. പഞ്ചായത്തതിർത്തിയിൽ വനിതാ സഹകരണ സംഘം രൂപീകരിക്കുകയും അതിന്റെ ആഭിമുഖ്യത്തിൽ ഫുഡ്പ്രോസസ്സിംഗ്, വായ്പാവിതരണം, കെൽട്രോൺ തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ നിർമ്മിക്കുക, തയ്യൽ, പാചകം, ലളിതകലകൾ എന്നിവയ്ക്ക് ക്ലാസ്സുകൾ നൽകൽ തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

9. ആക്കുളം പ്രദേശത്തെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസ്റ്റ് ഗൈഡുകളെ പരിശീലിപ്പിക്കുവാൻ കഴിയും.

10. കടകംപള്ളി ബാങ്കിന്റെ ആഭിമുഖ്യത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള സാധന സാമഗ്രികൾ മൊത്തമായിവാങ്ങി ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം എത്തിക്കാവുന്നതാണ്.

11. ഭവനനിർമ്മാണ വായ്പകൾ നൽകുക.

# പട്ടികജാതി

# പട്ടിക വർഗ്ഗക്ഷേമം

### പാർപ്പിടം

1. പഞ്ചായത്തു ഭൂമിയും വീടും നൽകണം.
2. അഡീഷണൽ ഗ്രാന്റ് നൽകണം.
3. വീട് നവീകരിക്കണം.
4. കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്താനുള്ള സംവിധാനം ഉണ്ടാകണം.
5. എല്ലാ വീടിനും കക്കൂസ് നിർമ്മിച്ച് നൽകണം.
6. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ഭൂരഹിതരായ പട്ടിക ജാതിക്കാർക്ക് പട്ടയം നൽകണം.

### കുടിവെള്ളം

1. സാധ്യമായ സ്ഥലത്ത് കുഴൽകിണർ സ്ഥാപിക്കണം
2. കോളനികളിൽ പൊതുടാപ്പുകൾ.
3. പൈപ്പുലൈൻ ഉള്ളിടങ്ങളിൽ പട്ടികജാതി ഭവനങ്ങളിലേക്ക് സൗജന്യനിരക്കിൽ ലൈൻ നീട്ടണം.
4. പൈങ്ങാച്ചിറകുളം (10-ാം വാർഡ്) ശുദ്ധീകരിച്ച് ചെന്നിലോട് കുന്നുംപുറത്തെ ജലക്ഷാമം പരിഹരിക്കാം. ഇതുപോലെ മറ്റ് പൊതുകുളങ്ങളും ഉപയോഗയോഗ്യമാക്കാം.
5. എറുമലതോപ്പിനകത്തെ പഞ്ചായത്തുകുളം ശുദ്ധീകരിച്ചാൽ തോപ്പിനകം കോളനി പരിസരത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

---

12. വായ്പാ വിതരണവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ജനങ്ങളിലേക്കെത്തിക്കാൻ കടകംപള്ളി ബാങ്കിന്റെ എക്സ്റ്റൻഷൻ കൗണ്ടറുകൾ തുറക്കാവുന്നതാണ്.
13. പഞ്ചായത്തതിർത്തിയിലുള്ള വിവിധയിനം തൊഴിലാളികളെ ഏകോപിപ്പിച്ച് ലേബർ സഹകരണ സംഘം രൂപീകരിക്കുകയും ആവശ്യാനുസരണം ഉപഭോക്താക്കൾക്ക് ലേബർ ഫോർസ് നൽകുകയും ചെയ്യുക.
14. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നതിനുവേണ്ടി അത്തരം വായ്പകൾക്ക് സർക്കാർ ഗാരണ്ടി നൽകുക.
15. പഞ്ചായത്തിലെ പ്രധാന ഉൽപ്പന്നമായ നാളികേരം ശേഖരിക്കുന്നതിനും സംസ്കരിച്ച് കൊപ്രയാക്കുന്നതിനുമുള്ള പദ്ധതി ആരംഭിക്കുക.
16. പഞ്ചായത്തിലെ പ്രവർത്തനരഹിതമായി കിടക്കുന്ന ഹരിജൻ സഹകരണ സംഘം പുനരുദ്ധരിക്കുകയും, സർക്കാരിന്റെ വിവിധയിനം ധനസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
17. തൊഴിലില്ലായ്മാ വേതന വിതരണം അതാത് പഞ്ചായത്താഫീസ് മുഖേനയോ സഹകരണ ബാങ്ക് വഴിയോ നടത്തുക.
18. പഞ്ചായത്തതിർത്തിയിൽ നാമമാത്രമായി പ്രവർത്തിക്കുന്ന കടകംപള്ളി ക്ഷീരവ്യവസായ സഹകരണ സംഘം മുഖേന, പാൽ ശേഖരിച്ച് ഉപഭോക്തക്കൾക്ക് ആവശ്യാനുസരണം എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കാം.
19. കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘത്തിനാവശ്യമായ അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കുന്നതിന് കടകംപള്ളി കയർ വ്യവസായ സഹകരണ സംഘത്തെ പര്യാപ്തമാക്കേണ്ടതാണ്.

## വൈദ്യുതി

1. വൈദ്യുതീകരിക്കാത്ത വീടുകൾക്ക് അടിയന്തിരമായി കണക്ഷൻ നൽകണം.
2. സൗജന്യ വൈദ്യുതി കണക്ഷന് അർഹരായവർക്ക് വയറിംഗ് കഴിഞ്ഞെങ്കിലും വൈദ്യുതി ലഭിച്ചിട്ടില്ല. അടിയന്തിരമായി കണക്ഷൻ നൽകണം.
3. തെരുവ് വിളക്കുകൾ സ്ഥാപിക്കണം.
4. സ്ഥലം ഉടമകളുടെ അനുമതി ലഭിക്കാത്തതിനാൽ വൈദ്യുതിലൈനും പൈപ്പുലയിനും ഇടുന്നതിന് കഴിയാത്ത നിരവധി പട്ടികജാതി കുടുംബങ്ങളുണ്ട്. പഞ്ചായത്ത് ഇടപെട്ട് ഇവർക്ക് കൺസെന്റ് നേടിക്കൊടുക്കണം.

## ഗതാഗതം

1. ഇപ്പോഴുള്ള ചെറിയ വഴികൾ വികസിപ്പിച്ച് പൊതുവഴിയുമായി ബന്ധിപ്പിക്കണം.
2. ഇപ്പോൾ വഴിയില്ലാത്ത പ്രദേശത്തു താമസിക്കുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ആവശ്യമായ പൊതുവഴി നൽകണം.
3. നടവഴിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് നടവഴി ലഭ്യമാക്കണം.

## ക്രെഷെകൾ

1. കോളനികളിൽ മാതൃകാ ക്രെഷെകൾ ഉണ്ടാക്കണം.
2. ക്രെഷെകൾ സ്ഥാപിക്കുമ്പോൾ വിഭാഗീയമായിരിക്കരുത്

## അങ്കണവാടികൾ

1. മാതൃകാ അങ്കണവാടികൾ സ്ഥാപിക്കണം.
2. കോളനികൾക്കുവേണ്ടി, സമീപമായി അങ്കണ വാടികൾ സ്ഥാപിക്കണം.
3. അങ്കണവാടികളിലെ നിയമനങ്ങളിൽ സംവരണം നിർബന്ധിതമാക്കണം.

## മറ്റുള്ളവ

1. സൗജന്യ ട്യൂഷൻ സംവിധാനം
2. കായിക പരിശീലനം
3. വായനശാല, ഗ്രന്ഥശാലാ പ്രവർത്തനം
4. പരിശീലകരെ അതാതു സ്ഥലത്തുനിന്ന് കണ്ടെത്താം
5. ഫണ്ട് സ്വരൂപിക്കണം.

1. തൊഴിൽ പരിശീലനകേന്ദ്രം
2. ഡോമസ്റ്റിക് സർവീസ് സെൽ
3. വിദഗ്ദ്ധപരിശീലനം ലഭിച്ചിട്ടുള്ളവർക്ക് സ്വതന്ത്ര യൂണിറ്റുകൾ സ്ഥാപിക്കാൻ വായ്പാസഹായം നൽകുക.
4. വായ്പാവ്യവസ്ഥകൾ ലഘൂകരിക്കുക.
5. നിലവിലുള്ള I.T.C കളിൽ കൂടുതൽ ട്രേഡുകൾ തുടങ്ങുക. പരിശീലനാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുക.
6. തയ്യൽ പരിശീലനം ലഭിച്ച വനിതകൾക്ക് തയ്യൽ ഗാർമെന്റ് മേക്കിംഗ് യൂണിറ്റ് തുടങ്ങുക.
7. അവർക്ക് ഡിസൈനിംഗിലും മാർക്കറ്റിംഗിലും പരിശീലനം നൽകുക.
8. കോഴിവളർത്തൽ, പശുവളർത്തൽ, ആട് വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക.
9. പച്ചക്കറി കൃഷി പരിപോഷിപ്പിക്കുക.
10. ട്യൂഷൻ, തൊഴിൽപരിശീലനം, മൃഗപരിപാലനം തുടങ്ങിയ പദ്ധതികൾക്ക് സ്പെഷ്യൽ കാംപൊണന്റ് പ്ലാൻഫണ്ട് ഉപയോഗിക്കാവുന്നതാണ്.
11. ഓരോ പട്ടികജാതി കോളനിയോടും ചേർന്ന് ഓരോ വിവിധോദ്ദേശ സഹകരണ സംഘം ഉണ്ടാകണം.



# വിഭവ സമാഹരണം

1. കെട്ടിട നികുതി, ലൈസൻസ് ഫീസ് തുടങ്ങിയ നികുതി പിരിവ് കർശനവും കാര്യക്ഷമവുമാക്കുക.

2. വാടക അസസ്സ്മെന്റ് കൃത്യവും കാര്യക്ഷമവുമാക്കി നിലവിലുള്ള 4% നിരക്കിൽ നികുതി ചുമത്തിയാൽ തന്നെ സാരമായ വരുമാന വർദ്ധനവുണ്ടാകും. യഥാർത്ഥത്തിൽ വാടകയ്ക്കു കൊടുത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വർദ്ധിച്ചനിരക്കിൽ 6% നികുതി ചുമത്തുന്നതിന് വേണ്ട നിയമ ഭേദഗതിവരുത്തണം. ആവശ്യക്കാർക്ക് പരമാവധി മൂന്നുഗഡുക്കളായി അടയ്ക്കുന്നനതിനുള്ള അവസരം നൽകണം.

3. നിലവിൽ നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള വീടുകൾക്ക് (ഗവൺമെന്റ് ധനസഹായം കിട്ടിയവ) മിനിമം നികുതി ഏർപ്പെടുത്തണം.

4. അനധികൃത കെട്ടിട നിർമ്മാണവും വിപുലീകരണവും കർശനമായി തടഞ്ഞ് നികുതി ചോർച്ച തടയണം.

5. ഒരേക്കറിനുമുകളിൽ കൃഷിഭൂമിയുള്ളവരിൽ നിന്ന് കാർഷികനികുതി ഈടാക്കാവുന്നതാണ്.

6. എല്ലാത്തരം കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് ഏർപ്പെടുത്തണം.

7. എല്ലാസമുദായങ്ങൾക്കും വിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും ഒരു നിശ്ചിത ഫീസ് ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതിനുവേണ്ട നിയമഭേദഗതി വരുത്തണം.

8. സിനിമാതിയേറ്റർ, കല്ല്യാണമണ്ഡപം എന്നിവ നിർമ്മിച്ച് നികുതിവരുമാനം സ്വരൂപിക്കാവുന്നതാണ്.

9. പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമമായ സഹായത്തിനായി ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖ പഞ്ചായത്തതിർത്തിയ്ക്കുള്ളിൽ സ്ഥാപിക്കേണ്ടതാണ്. അഗ്രികൾച്ചറൽ വേൾഡ്മാർക്കറ്റ് സ്ഥാപിതമാകുന്ന പശ്ചാത്തലത്തിൽ ഇതിന് കൂടുതൽ പ്രാധാന്യമുണ്ട്.

10. പഞ്ചായത്ത് അംഗീകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രവർത്തനച്ചിലവിന്റെ 50% കേന്ദ്രഗവണ്മെന്റും 25% സംസ്ഥാനഗവണ്മെന്റും സഹായധനമായി ലഭ്യമാക്കണം.

11. അധിക വരുമാനമുള്ള പഞ്ചായത്തുകളിൽ നിന്ന് ഇതര പഞ്ചായത്തുകൾക്ക് വായ്പ ലഭിക്കാൻ നിയമം ഉണ്ടാക്കുക.

12. സന്നദ്ധപ്രവർത്തനങ്ങളുടേയും സന്നദ്ധ പ്രവർത്തകരുടേയും സേവനം വികസന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്തുക.

13. പഞ്ചായത്തിന്റെ ജാമ്യത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും പ്രത്യുൽപ്പാദനപരമായ പ്രവർത്തനങ്ങൾക്കും വായ്പ എടുക്കുവാൻ സംവിധാനം ഉണ്ടാക്കുക.

14. പഞ്ചായത്ത്രാജ് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ

15. വികസന പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിന്റെ ഒരു ഭാഗം സംഭാവനയായി സ്വീകരിക്കൽ.

*************************************************

ശാസ്ത്രം ജനങ്ങളിലേക്ക്

2104

